# മൂർക്കോത്തിന്റെ ചെറുകഥകൾ

മൂർക്കോത്തു കുമാരൻ



മൂർക്കോത്തിന്റെ ചെറുകഥകൾ
മൂർക്കോത്തു കുമാരൻ
(മലയാളം: ചെറുകഥ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XƎTEX from TEXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Portrait of Charlotte Cram, a painting by John Singer Sargent (1856–1925). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


| | | |
|---|---|---|
| 1 | എന്റെ കോഴിക്കോടുയാത്ര . | 6 |
| 2 | എന്റെ തീവണ്ടിയാത്ര . . . . . | 7 |
| 3 | കാസ്മിയുടെ ചെരിപ്പ്. . . . . | 8 |
| 4 | “എന്നിട്ടും” . . . . . . . . . . . . . . | 9 |
| 5 | ഒരൊറ്റ നോക്ക് . . . . . . . . . | 10 |
| 6 | പാറുക്കുട്ടി . . . . . . . . . . . . . . | 11 |
| 7 | ഒരു ചെറിയ കുട്ടി . . . . . . . . | 12 |
| 8 | ഒരു വനകുസുമം . . . . . . . . . | 13 |
| 9 | കൊലയോ ആത്മഗതിയോ? | 14 |
| 10 | രതിഭായി . . . . . . . . . . . . . . | 15 |
| 11 | ഒരു തീവണ്ടിയപകടം. . . . . | 16 |
| 12 | ഡോക്ടർ രക്ഷപ്പെട്ടത്. . . . . | 17 |
| 13 | ഒരു നരിയെ കൊന്ന വെടി | 18 |
| 14 | കൃഷ്ണാകുമാരി. . . . . . . . . . . . | 19 |
| 15 | അവീരാലയം . . . . . . . . . . . | 20 |

# മൂർക്കോത്തിന്റെ ചെറുകഥകൾ

# പ്രസ്താവന

ഭാഷാസാഹിത്യചരിത്രകാരന്മാർ ശ്രീ. മൂർക്കോത്തു കുമാരൻ, മലയാളത്തിൽ ആദ്യം ചെറുകഥ എഴുതിയവരിൽ ഒരു മാന്യസ്ഥാനം ഉള്ള ആളായിരുന്നു; അദ്ദേഹം പത്തുനാല്പതു് വർഷങ്ങളോളം നിരവധി ചെറുകഥകൾ എഴുതിയിരുന്നു; അവ ബഹുരസമുള്ള കഥകളായിരുന്നു; എന്നൊക്കെ പറയുന്നുണ്ടു്; പക്ഷേ, ഭാഷയിലെ ചെറുകഥാകൃത്തുക്കൾ എന്ന വിഷയം പരാമർശിക്കുന്ന അവസരങ്ങളിൽ അദ്ദേഹത്തെപ്പറ്റി ഒന്നും പറഞ്ഞുകാണുന്നില്ല.

അങ്ങനെ പറയാതിരിക്കുവാനുള്ള ഒരു പ്രധാനമായ കാരണം മൂർക്കോത്തിന്റെ കഥകൾ പലേ പത്രമാസികകളിലുമായി അങ്ങിങ്ങ് ചിതറിക്കിടക്കുന്നതല്ലാതെ, അവയെ സമാഹരിച്ച് ഒരു ഗ്രന്ഥമോ, ഗ്രന്ഥങ്ങളോ, ഇല്ലാത്തതായിരിക്കണം. ആയൊരു കുറവ് നികത്തുവാനായിട്ടുംകൂടിയാണ് ശ്രീ. മൂർക്കോത്തു് കുമാരന്റെ ചെറുകഥകൾ ശേഖരിച്ച് ഒരു കഥാതരംഗിണി മലയാളസാഹിത്യഭൂമിയിൽ ഇറക്കുവാൻ ഉദ്യമിച്ചതു്.

കഥകൾ വായിച്ചപ്പോൾ എനിക്കുപോലും, ഞാൻ പ്രതീക്ഷിച്ചതിലും അധികം രസം തോന്നുകയുണ്ടായി. അവയുടെ വൈവിധ്യം എന്നെ അത്ഭുതപ്പെടുത്തി. വെറും സംഭവങ്ങൾ, നേരംപോക്കു്, കുറ്റാന്വേഷണം, സാമുദായികാചാരചിത്രീകരണം, ഭാര്യാഭർത്തൃസ്നേഹം (പ്രത്യേകിച്ച് ഭാര്യമാർക്കുള്ള സ്നേഹം)—പ്രണയം—(നാട്ടുമ്പുറംതൊട്ടു് മദിരാശിവരെയുള്ള രംഗങ്ങളിലെ പ്രണയം)—വെറും വെടി, മാനസികവികാരങ്ങളുടെ ചിത്രീകരണങ്ങൾ, ക്ലെപ്റ്റോമാനിയ, സോമ്നാബുലിസം, ഹിസ്റ്റീരിയാ തുടങ്ങിയ മാനസികരോഗങ്ങളെ ആസ്പദമാക്കി എഴുതിയവ—ഇങ്ങനെ ചെറുകഥാമണ്ഡലത്തിലെ നാനാവശങ്ങളെയും അദ്ദേഹത്തിന്റെ ചെറുകഥകൾ സ്പർശിച്ചിട്ടുണ്ടു്.

രണ്ടോ മൂന്നോ പേജുമാത്രം ഉള്ളവ തുടങ്ങി, അമ്പതോ അറുപതോ പേജുകളുള്ള കഥകൾവരെ അദ്ദേഹം എഴുതിയവയായുണ്ടു്. എല്ലാ കഥയിലും എന്നുതന്നെ പറയാം, ചെറുകഥകളെ ഒരു പ്രത്യേകമായ സാഹിത്യ വിഭാഗമാക്കി നിർത്തുന്ന, “Singleness of effect” ഉണ്ടു്. അതാണ് മലയാളത്തിലെ ആദികാലകാഥികരിൽ കാണാത്തതു് എന്ന് ഭാഷാഗദ്യസാഹിത്യചരിത്രത്തിൽ വിദ്വാൻ ചുമ്മാർ സമർത്ഥിച്ചിരിക്കുന്നു. അവരുടെ കഥാസമാഹാരങ്ങൾക്ക് അവതാരികകൾ എഴുതിയവരും അതു് സമ്മതിക്കുന്നു.

കാര്യം അങ്ങനെയിരിക്കുന്നതുകൊണ്ട് മലയാളഭാഷയിൽ ചെറുകഥകൾ ആരംഭിച്ച കാലത്തുതന്നെ ചെറുകഥയുടെ യഥാർത്ഥലക്ഷണങ്ങളുള്ള കൃതികൾ നിർമ്മിച്ച്, പത്തുനാല്പതുവർഷത്തോളം നിരവധി ബഹുരസികൻകഥകൾ എഴുതിയ ശ്രീ. മൂർക്കോത്തു് കുമാരനാണ് ഭാഷയിലെ ചെറുകഥാപ്രസ്ഥാനത്തിന്റെ ജനയിതാവും, ഒരു ഉൽകൃഷ്ട ചെറുകഥാകാരനും എന്ന് പറയാവുന്നതാണ്.

അദ്ദേഹത്തിന്റെ പുത്രനാണ് ഇങ്ങനെ അവകാശവാദം ഉന്നയിക്കുന്നതു് എന്നുള്ള വസ്തുത മറന്ന് പണ്ഡിതന്മാർ ഈ വാദത്തിന്റെ സാധുത്വംമാത്രം പരിഗണിച്ച് നിഷ്പക്ഷമായ അഭിപ്രായം പറയും എന്നെനിക്കറിയാം. അതുകൊണ്ടാണ് അക്കാര്യം ശങ്കിക്കാതെ പറയുവാൻ ധൈര്യപ്പെട്ടതു്.

1894—ൽ ശ്രീ. മൂർക്കോത്തുകുമാരൻ എഴുതി, മലയാള മനോരമയിൽ പ്രസിദ്ധംചെയ്ത, “അന്യഥാ ചിന്തിതം കാര്യം” എന്ന കഥയെപ്പറ്റി അച്ഛൻതന്നെയും മറ്റുള്ളവരും പലതവണയായി പറഞ്ഞിട്ടുള്ള സ്ഥിതിക്ക് അതിനെപ്പറ്റി മലയാളവായനക്കാർ ധാരാളം കേട്ടിരിക്കും. നിർഭാഗ്യവശാൽ ആ കഥ കിട്ടീട്ടില്ല. കണ്ടുകിട്ടുവാനുള്ള ശ്രമം തുടരുന്നു. അതിന്നശേഷം എഴുതിയ രണ്ടാമത്തേതോ മൂന്നാമത്തേതോ ആയ കഥയായിരിക്കണം ഇതിലെ “കോഴിക്കോട്ടെ യാത്ര” എന്ന കഥ.

ഓരോ കഥയും പ്രസിദ്ധീകരിച്ച തീയതിയും മാസികയും ചുവടെ കൊടുത്തതിൽനിന്ന് വായനക്കാർക്ക് അദ്ദേഹത്തിന്റെ കഥാരചനയുടെയും ഗദ്യത്തിന്റെയും വളർച്ചയെ ഗ്രഹിക്കുവാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.

ചില കഥകളുടെ പിന്നിൽ ചരിത്രമുണ്ടു്. “ഒരൊറ്റ നോക്ക്”, സാമുദായികപരിഷ്കാരത്തെ സംബന്ധിച്ചുള്ള ഏറ്റവും നല്ല കഥാമത്സരത്തിന്നുവേണ്ടി, വിവേകോദയത്തിലേക്ക് അയച്ചുകൊടുത്തതായിരുന്നു. ആ കഥ പരസ്യംചെയ്തുവെങ്കിലും, ഒന്നാംസമ്മാനം കിട്ടിയ കഥ പരസ്യംചെയ്തിരുന്നില്ല. അതിനെപ്പറ്റി പത്രാധിപരായിരുന്ന കുമാരൻ ആശാനോട്ട് ചോദിച്ചപ്പോൾ, മറ്റേ കഥ നല്ലതാണെന്ന് “ജഡ്ജി” വിധിച്ചതുകൊണ്ട് സമ്മാനം കൊടുത്തു; പക്ഷേ, അതു് പരസ്യംചെയ്യാൻമാത്രം ഗുണമുണ്ടായിരുന്നില്ല എന്ന് അദ്ദേഹം അച്ഛനോട്ട് പറഞ്ഞു; പൊട്ടിച്ചിരിച്ചു.

“നരിയെ കൊന്ന വെടിയിലെ സുകുമാരൻ സുപ്രസിദ്ധ കഥാകൃത്തായ കെ. സുകുമാരനാണ്. സുകുവിന്റെ ചില പ്രത്യേകതകൾ അതിൽ ഞാൻ വിവരിച്ചിട്ടുണ്ടു്” എന്ന് അച്ഛൻ എന്നോട്ട് പറഞ്ഞതു് മലയാളവായനക്കാർക്ക് അറിയുവാൻ രസമുണ്ടായിരിക്കും എന്ന് വിശ്വസിക്കുന്നു.

മാപ്പിളബറ്റാലിയൻ പിരിച്ചുവിടാനുള്ള യഥാർത്ഥകാരണം, താലികെട്ടുകല്യാണംകൊണ്ടുണ്ടായിരുന്ന അനർത്ഥങ്ങൾ, അതു് നിർത്തുവൻ ശ്രമിച്ചപ്പോൾ ഉണ്ടായിരുന്ന സംഘട്ടനങ്ങൾ, മരുമക്കത്തറവാട്ടുകളുടെ ക്ഷയം, വ്യക്തികളുടെ അധഃപതനം, വെറും നാട്ടുംപുറക്കാരത്തിക്ക് അക്കാലത്തുണ്ടാവുന്ന പ്രണയവും അതു് പ്രദർശിപ്പിക്കാനുള്ള പ്രയാസവും അതിന്റെ പരിണതഫലവും, ഇങ്ങനെ നമ്മുടെ ഒരു തലമുറയ്ക്കുമുമ്പുണ്ടായിരുന്ന ജീവിതത്തിന്റെ ചിത്രം ഈ കഥകളിൽ കാണാനുണ്ടു്. അഞ്ചാറ് അംഗങ്ങളുള്ള കുടുംബം മാസത്തിൽ 20 രൂപാ ശമ്പളംകൊണ്ട് ഒരുവിധം കഴിഞ്ഞുപോരുന്നതും, മദിരാശിയിൽ 500 രൂപാ മാസത്തിൽ കിട്ടുന്നതു് വലിയ പ്രാക്ടീസ്സായി കരുതുന്നതും, മറ്റുമായി ഈ കഥയിലെ ചില ഒറ്റവാചകങ്ങൾ കൂട്ടിച്ചേർത്താൽതന്നെ അന്നത്തെ ജീവിതത്തിന്റെ ഒരു ചിത്രം കാണാവുന്നതാണ്.

ഇതിലെ കഥകൾ സമ്പാദിച്ചുതന്ന ശ്രീമാന്മാർ കെ. ജി. മാധവൻ, കെ. ആർ. അച്യുതൻ, പി. കെ. ദിവാകരൻ, ചിത്തിരതിരുനാൾ വായനശാല (തിരുവനന്തപുരം) പ്രവർത്തകർ, ഒണ്ടേൻ, മൂർക്കോത്തു് അജിതകുമാർ, കെ. ഐ. ഗംഗാധരൻ എന്നിവരോട്ട് എനിക്കുള്ള നന്ദി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

വേറെയും പലരും എന്നെ ഇതിൽ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. അവരുടെ പേരുകൾ യഥാവസരം പ്രസ്താവിച്ചുകൊള്ളാം.

ഈ പുസ്തകം ഇത്രവേഗം ഇത്ര ഭംഗിയായി അച്ചടിച്ച് പ്രസിദ്ധംചെയ്ത എം. എസ്സ്. ബുക്കുഡിപ്പോക്കാരോടും ഞാൻ കൃതജ്ഞനാണ്. ഇതിന്റെ കവർ ഭംഗിയായി വരച്ചുതന്ന മി: സോമനും എന്റെ നന്ദി.

അടുത്ത പ്രസിദ്ധീകരണം, ശ്രീ. മൂർക്കോത്തു് കുമാരന്റെ കുറ്റാന്വേഷണകഥകൾ ആയിരിക്കും. അതിനും ഈ പുസ്തകത്തിന് ലഭിച്ചതുപോലെതന്നെ പ്രോത്സാഹനം ലഭിക്കുമെന്ന് പ്രതീക്ഷിക്കട്ടെയോ?

മൂർക്കോത്തു് കുഞ്ഞപ്പ.
കോഴിക്കോട്ട്,
10-1-67.

1

# എന്റെ കോഴിക്കോട്ടുയാത്ര

ഇന്ന് അഞ്ചായല്ലോ തീയതി. പതിനാറാംതീയതിയാണ് വിവാഹം. അമ്മാമൻ ബോമ്പായിൽനിന്ന് പണമയയ്ക്കുന്നതിന് മുമ്പായി എനിക്ക് ഇവിടെനിന്ന് പുറപ്പെടാൻ സാധിക്കയില്ല. ഒന്നാംതീയതിക്ക് 300 ക. അയയ്ക്കുമെന്നാണ് കത്തിൽ എഴുതിയിരുന്നത്—അതെ, ഒന്നാം തീയതി നിന്റെ മേൽവിലാസത്തിൽ 300 ക. മദിരാശിക്ക് അയയ്ക്കുന്നുണ്ട്. നീ വേഗത്തിൽ പുറപ്പെട്ടുകൊൾക, ഞാൻ അധികം താമസിക്കേണ്ടിവന്നെങ്കിൽതന്നെ 14-ാം തീയതി മലയാളത്തിൽ വന്നുചേരാൻ ശ്രമിക്കാം—ഒന്നും പോയി; രണ്ടും പോയി. ഇന്ന് തീയതി അഞ്ചായല്ലോ. വഴിച്ചെലവ് എങ്ങനെയെങ്കിലും സാധിക്കുമെന്ന് വെയ്ക്കുക. പക്ഷേ, ഒരു ബുദ്ധിമുട്ടുണ്ടല്ലോ. ഞാൻ പുറപ്പെട്ടുകഴിഞ്ഞതിൽപിന്നെ ഇവിടെ പണമെത്തിയെങ്കിലോ? അമ്മാമന് ഒരു കമ്പി അയച്ചാലെന്താ? എനിക്കിപ്പോൾ പി. ഓറിന്റെ കമ്പനിയിൽനിന്ന് കടുക്കൻ വാങ്ങേണ്ടയോ? എന്തൊരു സങ്കടമാണിത്! എനിക്ക് രാജ്യത്തെത്താനുള്ള ഉൽകണ്ഠയും വർദ്ധിക്കുന്നു. ഞാൻ ഇങ്ങനെ ഓരോന്ന് വിചാരിച്ചും കൂടെക്കൂടെ അമ്മാമന്റെ എഴുത്തെടുത്ത് വായിച്ചുംകൊണ്ട് ഒരു സിഗററ്റും വലിച്ച് ഒരു ചാരുകസേലമേൽ കിടന്നുകൊണ്ടിരിക്കുമ്പോൾ ആരോ വാതിലിന്ന് മുട്ടുന്ന ഒച്ചകേട്ടു. ആരത് എന്ന് ഞാൻ ചോദിച്ചപ്പോൾ, പോസ്റ്റ്മാൻ സാർ, എന്ന് കേട്ടു; ഉടനെ ഞാൻ തുള്ളി എഴുന്നേറ്റ് വാതിൽ തുറന്നു. സംശയിക്കാനില്ല മണിയോർഡർതന്നെ. പണമെണ്ണിവാങ്ങുന്ന തിരക്കിൽ, തപ്പാൽശിപ്പായിയുടെ ഒന്നിച്ച് പണി പഠിക്കാൻ വന്ന ഒരുവൻ, ഞാൻ എപ്പോഴാണ് പുറപ്പെടുന്നതെന്നും മറ്റും ചോദിച്ചതിന്, ഞാൻ എന്തൊക്കെയോ ഉത്തരം പറഞ്ഞു. മണിയാർഡറിൽ എഴുതിയത് വായിക്കാനറിയാമെന്ന് അവന് എന്നെ അറിയിക്കണം എന്ന് തോന്നി. ഓരോരുത്തരുടെ അന്തസ്സ്. നടക്കട്ടെ നടക്കട്ടെ, എന്ന് ഞാൻ കരുതി.

മദിരാശിയിൽനിന്ന് മലയാളത്തിലേക്കുള്ള മെയിൽ തീവണ്ടി വൈകുന്നേരം ആറേകാൽ മണിക്കേ പുറപ്പെടുകയുള്ളൂ. അതുകൊണ്ട് ബദ്ധപ്പെടാനൊന്നും ഇല്ല. ഒരുക്കങ്ങളൊക്കെ സാവധാനത്തിൽ ചെയ്ത് അഞ്ചരമണിക്ക് ശരിയായി സ്റ്റേഷനിലെത്തി. കോഴിക്കോട്ടേയ്ക്ക് ഒരു രണ്ടാംക്ലാസ്സ് ടിക്കറ്റ് വാങ്ങി വണ്ടിയിൽ കയറി ഇരുന്നു. ഒരു ചെറിയ ടിൻപെട്ടിയല്ലാതെ വേറെ സാമാനങ്ങൾ ഒന്നും എന്റെ കൈയിൽ ഇല്ലായിരുന്നു. രാവിലെ കിട്ടിയ 300 രൂപാകൊണ്ട് കടുക്കനും മറ്റ് ചില സാധനങ്ങളും വാങ്ങി. ബാക്കി 200-ൽ ചില്വാനം ഉറുപ്പികയും ആ പെട്ടിയിലാണ് ഉള്ളത്. വണ്ടി ഇളകാൻ ഇനി അഞ്ചുമിനിട്ടുമാത്രമേ ഉള്ളൂ. ഞാൻ കയറിയിരുന്ന മുറിയിൽ അതുവരേയ്ക്കും ആരും കയറാതിരുന്നതുകൊണ്ട്, മലബാർവരെ ഇങ്ങനെയാണെങ്കിൽ വളരെ സുഖകരമായിരുന്നുവെന്ന് ഞാൻ വിചാരിച്ചു. ഇല്ല. എന്നെ ഉപദ്രവിക്കാനായി ഒരാൾ ഒരു ചെറിയ കെട്ടും എടുപ്പിച്ചുകൊണ്ട് എന്റെ മുറിയുടെ നേരെ വരുന്നുണ്ട്; അയാൾ വന്ന് വാതിൽ തുറന്ന് സാമാനം മുറിയിലിടാൻ കൂലിക്കാരനോട്ട് കല്പിച്ച സ്വരവും, വണ്ടിയിൽ കയറി ഇരുന്ന ഗമയും ഒക്കെ കണ്ടപ്പോൾ ഒരു ബഹദൂർ ആയിരിക്കുമെന്നുതന്നെ തോന്നി. ആരായാലെന്ത്, വണ്ടിയിൽ എല്ലാവരും സമന്മാരല്ലെ? ഞാനും ഗമയിൽ ഇരുന്നു. ഈ പുതിയ മനുഷ്യൻ ഒരു തമിഴനാണെന്ന് തോന്നി. കറുത്തു നീണ്ട് അഗ്രം ചുരുണ്ട മീശയുണ്ട്. നിറം കറുപ്പിനും വെളുപ്പിനും മദ്ധ്യത്തിലാണ്. ആറുഫീറ്റിൽ കുറയാതെ ഉണ്ട് ഉയരം. ആകപ്പാടെ ഒരു ഗംഭീരനാണ്. ഉടുപ്പ് ഒരു പാളസാറും ഒരു കറുത്ത കോട്ടുമാണ്. ഈ ശല്യം വന്നുകയറിയതുകൊണ്ട് എനിക്ക് വെറുപ്പാണ് ഉണ്ടായത്. ഏതെങ്കിലും ആകട്ടെ. ഇദ്ദേഹം എവിടംവരെ ഉണ്ടെന്ന് നോക്കാമെന്നുവച്ച്; എങ്കപ്പോറെ ഇയ്യ, എന്ന് ചോദിച്ചു. അതുകേട്ടപ്പോൾ അദ്ദേഹം അല്പം ഒന്ന് ചിരിച്ചിട്ട് തെറ്റുതീർന്ന ഇംഗ്ലീഷിൽ, നല്ല സ്വരത്തിൽ, ഞാൻ മലയാളത്തിലേക്ക് പോകുന്നു, കോഴിക്കോട്ടേക്കാണ് ടിക്കറ്റ് വാങ്ങിയത്; നിങ്ങൾ ഒരു മലയാളിയാണെന്ന് തോന്നുന്നുവല്ലോ; കോഴിക്കോട്ടുവരെ നിങ്ങളും ഉണ്ടായിരിക്കാം എന്ന് പറഞ്ഞു. ഞാൻ ഒന്ന് വല്ലാതെ ലജ്ജിച്ചു. ഈ ദുർഘടം കോഴിക്കോട്ടുവരെ ഉണ്ടായിരിക്കുമല്ലോ എന്ന് അറിഞ്ഞപ്പോൾ കുറെ വെറുത്തു. ഇംഗ്ലീഷ് നല്ലവണ്ണം അറിയാമല്ലോ, വല്ല ഉദ്യോഗസ്ഥനുമായിരിക്കാമെന്നുവെച്ച് സന്തോഷിച്ചു.

വണ്ടി ഇളകി. ഞങ്ങൾ ഓരോന്ന് സംസാരിപ്പാൻ തുടങ്ങി. അദ്ദേഹത്തിന്റെ പേര് അരുണാചലം ആണെന്ന് പറഞ്ഞു. ബി. ഏ. ജയിച്ചിട്ടുണ്ട്. പോലീസ്സ് ഇൻസ്പെക്ടരാണ്. അച്ഛൻ വലിയ ദ്രവ്യസ്ഥനാണ്. ഏതായാലും ഞാൻ ശങ്കിച്ചത്ര വ്യസനിക്കേണ്ടിവന്നിട്ടില്ല; എന്നല്ല അദ്ദേഹത്തിന്റെ സംസാരം കേട്ടതിൽ പരമരസികനാണെന്ന് മനസ്സിലായി. വഴിയാത്ര ബഹുരസകരമാകാനാണ് സംഗതി എന്ന് പ്രതീക്ഷിച്ച് ഞങ്ങൾ പല രസങ്ങളും പറഞ്ഞുകൊണ്ടിരിക്കുമ്പോൾ എന്റെ കാലുകൊണ്ട് അദ്ദേഹത്തിന്റെ ഭാണ്ഡത്തിന്ന് തട്ടിപ്പോയി. ഉടനെ അതിൽ എന്തോ ലോഹം ഉള്ളതുപോലെ ഒരു ഒച്ച പുറപ്പെട്ടു. അതിലെന്താണ്? എന്ന് ഞാൻ ചോദിച്ചു. അപ്പോൾ അദ്ദേഹം, അതിലുള്ള സാധനം എന്താണെന്ന് പറവാൻ പാടില്ലെന്ന് പറഞ്ഞു. എനിക്കത് അറിവാനുള്ള ആഗ്രഹം സ്വാഭാവികമായി വർദ്ധിച്ചു.

**ഞാൻ:** എന്താ ഉറുപ്പികയാണോ?

**അ: പി:** ഉറുപ്പികയെന്താ നിങ്ങൾക്ക് കണ്ടുകൂടയോ?

**ഞാൻ:** എന്നാൽ പോകട്ടെ. കാണാൻ പാടില്ലാത്തത് കാണ്മാൻ ആഗ്രഹിക്കരുത്.

**അ: പി:** ഇല്ല. ഞാൻ നേരംപോക്ക് പറഞ്ഞതാണ്. എനിക്ക് ഉറക്കം തൂങ്ങുന്നു. അതിന്റെ പേരിപ്പോൾ പറഞ്ഞാൽ അത് നിങ്ങൾക്ക് കാണണമെന്നാകും. അപ്പോൾ അത് അഴിച്ച് കാണിക്കേണ്ടിവരും. അതൊക്കെ ബുദ്ധിമുട്ടാണെന്ന് വെച്ചിട്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്. നിങ്ങൾക്ക് മുഷിച്ചിലായോ?

**ഞാൻ:** ഛെ! എന്ത് മുഷിച്ചിൽ! ഞാൻ, അതിൽ നിങ്ങളുടെ ഉടുപ്പോ മറ്റോ ആയിരിക്കുമെന്നായിരുന്നു ആദ്യം വിചാരിച്ചത്. അതിൽ എന്തോ മണിഞ്ഞു കണ്ടതുകൊണ്ട് ചോദിച്ചതാണ്.

**അ: പി:** ഓഹോ, അതൊ? അതൊരു പുതിയമാതിരി ആമമാണ്. ഞാൻ പറഞ്ഞില്ലേ നിങ്ങളോട്ട് ഞാൻ ഒരു പോലീസ് ഇൻസ്പെക്ടരാണെന്ന്. ഞാൻ, മലയാളത്തിൽ ഒളിച്ചുതാമസിക്കുന്നുണ്ടെന്ന് അറിഞ്ഞ ചില കള്ളന്മാരെ പിടിക്കുവാൻ പോവുകയാണ്. ചില കാൺസ്റ്റബിൾമാർ മൂന്നാം ക്ലാസ്സുമുറിയിലുണ്ട്.

ഇങ്ങനെ പറഞ്ഞു ഭാണ്ഡം വലിച്ച് അടുക്കെ വെച്ച് അതിന്റെ കെട്ടഴിച്ച്, രണ്ടുകൂട്ടം ആമം പുറത്തെടുത്ത് എന്നെ കാണിച്ചു.

ഇതെന്താണ്? ഒരു പുതിയമാതിരി ആമം! കള്ളന്മാരുടെ കൈക്കിടേണ്ടതിനല്ലേ? അതിനുപിന്നെ എന്തിനാണ് ഇത്ര മനോഹരമായ കൊത്തുപണികളൊക്കെ? എന്ന് ഞാൻ ചോദിച്ചു.

അതെന്തിനാണെന്നുള്ള കാര്യം എനിക്കും മനസ്സിലായിട്ടില്ല, എന്ന് അദ്ദേഹം ഉത്തരംപറഞ്ഞു.

നമ്മുടെ രാജ്യത്ത് കാണാറുള്ളവയിൽനിന്ന് വളരെ ഭേദിച്ചിട്ടുള്ള ഈ തരം ആമം ഉപയോഗിക്കുന്ന മാതിരിയും വളരെ ഭേദിച്ചിട്ടായിരിക്കണം, എന്ന് തോന്നി. അത് അങ്ങിതന്നെയായിരുന്നു.

ഇതെങ്ങിനെയാണ് കൈക്കിടുന്നതെന്ന് ഞാൻ ചോദിച്ചപ്പോൾ, മി. പിള്ള അതിന്മേൽതന്നെയുണ്ടായിരുന്ന താക്കോൽകൊണ്ട് അത് തുറന്ന് എന്റെ കൈയ്യിട്ടു പൂട്ടി. മറ്റൊന്നെടുത്ത് ഇത് കാലിനുള്ളതാണ്, ഇത് ഉപയോഗിക്കേണ്ടത് ഇങ്ങനെയാണെന്നും പറഞ്ഞു അതെന്റെ കാലിന്നും ഇട്ടു പൂട്ടി. കുറച്ചുനേരം ഞാൻ അത് തിരിച്ചും മറിച്ചും നോക്കി. ലോകത്തിലെ പെരുംകള്ളന്മാരുടെ കയ്യിടേണ്ടുന്നത് എന്റെ ശരീരത്തോടുചേർന്ന് കണ്ടപ്പോൾ എനിക്ക് ഒരു വല്ലായ്മ തോന്നി. ഇത് എടുത്തുകളയിൻ, എന്ന് ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. വേണ്ടഹെ—അതവിടെ ഇരിക്കട്ടെ. ഇപ്പോൾ നിങ്ങളെ കാണാൻ ബഹുരസമുണ്ട്, എന്ന് അദ്ദേഹം മറുപടി പറഞ്ഞു. ഇതിന് ഞാൻ:- നല്ല രസമാണിത്! തടവുകാരന്റെ ആമം ധരിച്ച് കാണുന്നത് പോലീസുകാർക്ക് ബഹുരസമായിരിക്കും എന്ന് പറഞ്ഞപ്പോൾ അയാൾ പൊട്ടിച്ചിരിച്ചു. കീശയിൽനിന്ന് ഒരു കടലാസ്സെടുത്ത് ഗൗരവമായി എന്തോ വായിച്ചുതുടങ്ങി. കുറെ കഴിഞ്ഞപ്പോൾ ഞാൻ വീണ്ടും അത് എടുത്തുകളവാൻ പറഞ്ഞു. അപ്പോൾ അദ്ദേഹം എന്താ, ഞാൻ നിങ്ങളെ തടവുകാരൻ ആക്കിക്കളയുമെന്ന് പേടിയാവുന്നുവോ? എന്നുചോദിച്ചു.

**ഞാൻ:** അല്ലെ, വെറുപ്പായിത്തുടങ്ങി.

**അ: പി:** വെറുപ്പ് കുറെ നേരത്തേയ്ക്കേ ഉണ്ടാവുകയുള്ളൂ.

**ഞാൻ:** അപ്പോൾ ഞാൻ ഇത് കുറേ നേരത്തേയ്ക്ക് ധരിച്ചുകൊണ്ടിരിക്കുകയോ?

**അ: പി:** (ചിരിച്ചുംകൊണ്ട്) എത്രനേരത്തേയ്ക്കാണെന്ന് ഞാൻ ഇപ്പോൾ എങ്ങിനെ അറിയും?

**ഞാൻ:** നിങ്ങളുടെ കളി പോകട്ടെ—എനിക്ക് വല്ലാതെ വെറുപ്പാകുന്നു. ഇത് ദയവിചാരിച്ച് എടുത്തുകളയിൻ.

**അ: പി:** അത് ഞാൻ എടുത്തില്ലെങ്കിൽ നിങ്ങൾ എന്നെ എന്ത് ചെയ്യും?

**ഞാൻ:** എന്ത് ചെയ്യാൻ? നിങ്ങൾക്ക് മനുഷ്യരുടെ വേദന അറിഞ്ഞുകൂടെന്ന് വിചാരിക്കും.

**അ: പി:** എങ്ങിനെ വിചാരിച്ചുകൊൾവിൻ—

എന്നുംപറഞ്ഞ് ഒരു ചുരുട്ടെടുത്ത് തീപിടിപ്പിച്ച് വലിച്ചുതുടങ്ങി.

ഇദ്ദേഹത്തിന്റെ നേരംപോക്ക് അളവിൽ കവിയുന്നുണ്ടെന്നുകണ്ടിട്ട് എനിക്ക് ദ്വേഷ്യം പിടിച്ചുതുടങ്ങി. കൈയ്ക്കും കാലിനും ആമം ഇട്ടതുകൊണ്ട് വല്ലാത്ത വെറുപ്പും കലശലായി ഉണ്ടായി. ഒടുക്കം ഇങ്ങനെ പറഞ്ഞു:- നിങ്ങൾ അഴിക്കുന്നെങ്കിൽ അഴിക്കിൻ. ഞാൻ ഇപ്പോൾ ഗാർഡിനെ വിളിക്കും. അല്ലെങ്കിൽ വണ്ടി നിറുത്താൻ ഈ ബട്ടൺ അമർത്തും. അതിന് അദ്ദേഹം വളരെ പരിഹാസനിലയിൽ, വണ്ടി ഓടുമ്പോൾ ഗാർഡിനെ എങ്ങനെ വിളിച്ചുവരുത്തും? ബട്ടൺ അമർത്താൻ, ഇവിടെ ഞാൻ ഉള്ളപ്പോൾ ഈ ആമം ഇട്ട കൈകൊണ്ട് സാധിക്കുമോ? പരമാർത്ഥമല്ലെ പറയേണ്ടത്. എനിക്ക് കുറെ ഭയമായിത്തുടങ്ങി. ഇത് കാര്യത്തിൽത്തന്നെയാണോ? ഛേ! ഇത്ര യോഗ്യനാണെന്ന് തോന്നുന്ന ഇയ്യാളെപ്പറ്റി സംശയിക്കുന്നതുതന്നെ കഷ്ടമാണ്. കുറെനേരം അയാളുടെ മുഖത്തേയ്ക്കുതന്നെ ഞാൻ ഉറ്റുനോക്കിക്കൊണ്ടിരുന്നു. അദ്ദേഹത്തിന് ഞാൻ അവിടെ ഉണ്ടെന്നുള്ള കാര്യംതന്നെ ഓർമ്മയില്ലെന്ന് തോന്നി. കാലിന്മേൽ കാലുമെടുത്തുവച്ചിരുന്ന് ഒരു ചുരുട്ടും വലിച്ച് കടലാസ്സ് വായിക്കുന്ന തെരക്കാണ്.

അല്പനേരം കഴിഞ്ഞപ്പോൾ എനിക്ക് അദ്ദേഹത്തിന്റെ മുഖച്ഛായ, രാവിലെ തപ്പാൽശിപായിയുടെകൂടെവന്നവന്റേതുപോലെയല്ലേ എന്ന് തോന്നി. ഉടനെ അവൻ എന്നോട്ട് ചോദിച്ച ചോദ്യങ്ങൾ ഓർമ്മവന്നു. ഈശ്വരാ! പറ്റി! ഇവൻ എന്നെ കൊന്നുകളയുമോ? എന്താണ് നിവൃത്തി? ഇങ്ങനെ പലതും ആലോചിച്ച് ഭയപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം ചിരിച്ചുകൊണ്ട്; അല്ലാ നിങ്ങളെ ഈ നിലയിൽ ഇട്ട് നിങ്ങളുടെ പെട്ടിയുമെടുത്ത് ഞാൻ പോയിക്കളഞ്ഞാൽ നിങ്ങൾ എന്തുചെയ്യും എന്ന് ചോദിച്ചു.

**ഞാൻ:** ഹെ! അങ്ങിനെ ഭയപ്പെട്ടിട്ടാണ് ഇത് എടുത്തുകളവാൻ നിർബന്ധിക്കുന്നതെന്ന് വിചാരിക്കേണ്ട നിങ്ങളെ എനിക്ക് ഭയമില്ല. പക്ഷേ, നിങ്ങളുടെ നേരമ്പോക്ക് കുറെ അധികമായിപോകുന്നു.

**അ: പി:** അയ്യോ നിങ്ങൾ വളരെ ചെറുപ്പക്കാരനല്ലെ? നിങ്ങൾ നാട്ടിലെ കള്ളന്മാരുടെയും മറ്റും പ്രവൃത്തികൾ എന്തറിഞ്ഞു! എന്റെ തലക്കെട്ടും വസ്ത്രവും മറ്റും കണ്ടില്ലെ നിങ്ങൾക്ക് എന്നെ ശങ്കയില്ലാത്തത്? ഇങ്ങനെ ഇവിടങ്ങളിലൊക്കെ എത്ര പേരുണ്ട്!... ഇത്രയും പറഞ്ഞുംകൊണ്ട് എന്റെ അടുക്കൽ വന്ന് കുപ്പായക്കീശയിൽ കയ്യിട്ടുകൊണ്ട്, നിങ്ങൾ ഈ ഇരിക്കുന്ന ഇരിപ്പിൽ നിങ്ങളുടെ താക്കോൽ എടുത്ത് (താക്കോൽ എടുക്കുന്നു) പെട്ടി തുറന്ന് (പെട്ടി തുറക്കുന്നു) അതിലുള്ള പണമെടുത്ത് (പണമെടുക്കുന്നു) അതും പോരെങ്കിൽ നിങ്ങളുടെ മോതിരവും പറ്റി (മോതിരം ഊരുന്നു) വണ്ടി തുറന്ന് ഓടിക്കളവാൻ വല്ല വിഷമവും ഉണ്ടോ?

ഇതൊക്കെ ചെയ്യുമ്പോൾ ഞാൻ ഒന്നും ചെയ്യാൻ നിവൃത്തിയില്ലാതെ നിർജ്ജീവനായി നിന്നുപോയി. അപ്പോൾ വണ്ടിയുടെ ഗതി സ്റ്റേഷൻ അടുക്കാറായതുകൊണ്ട് മെല്ലെ മെല്ലെ ആയിത്തുടങ്ങി. നമ്മുടെ പോലീസ് ഇൻസ്പെക്ടർ തന്റെ സഞ്ചി എടുത്ത് ഒരു റെയിൽവേതാക്കോൽ അതിൽനിന്നും എടുത്ത് വണ്ടിയുടെ വാതിൽ തുറന്നു, നിങ്ങളുടെ ആമത്തിന്റെ താക്കോലിതാ ഇടുന്നു. അടുത്ത സ്റ്റേഷനിൽ എത്തിയാൽ ഗാർഡിനെക്കൊണ്ട് തുറപ്പിച്ചുകൊൾവിൻ, എന്നുപറഞ്ഞ്, താക്കോൽ അവിടെ ഇട്ട് വണ്ടിയിൽനിന്ന് തുള്ളിപ്പോയി. അവൻ ഒരു വയലിൽക്കൂടി ഓടിപ്പോകുന്നത് എനിക്ക് നല്ലവണ്ണം കാണാമായിരുന്നു. കുറേ കഴിഞ്ഞ് വണ്ടി നിന്നു. ഉടനെ ഞാൻ ബുദ്ധിമുട്ടി എഴുന്നേറ്റ് ചാടിച്ചാടി ജനലിനടുത്ത് ചെന്ന് സ്റ്റേഷൻമാസ്റ്ററെയും മറ്റും വിളിച്ച് വിവരം പറഞ്ഞു. എന്റെ ആമം തുറന്ന്, എന്നെ സ്വസ്ഥനാക്കി. ഉടനെ വിവരം പോലീസ്സിൽ അറിയിച്ചു. അന്വേഷണം നടത്താൻ രണ്ട് കാൺസ്റ്റബിൾമാരെ വിട്ടു.

ഞാൻ ഒരുവിധം നാട്ടിലെത്തി. ഇന്നേവരെയ്ക്കും അരുണാചലംപിള്ള പോലീസ് ഇൻസ്പെക്ടരുടെ വിവരമേ ഇല്ല.

ഭാഷാപോഷിണി,
1072 മിഥുനം.

## 2

# എന്റെ തീവണ്ടിയാത്ര

എന്റെ ഒന്നാമത്തെ യാത്ര കഴിഞ്ഞ് രണ്ടാമത്തേത് തുടങ്ങുന്നതുവരെ സ്വസ്ഥനായിരിക്കുന്ന അവസരങ്ങളിലൊക്കെ ആ പോലീസുദ്യോഗസ്ഥനേയും അവൻ എന്നോട്ട് ചെയ്ത ദുഷ്ടതയേയും കുറിച്ചല്ലാതെ ഞാൻ വേറെ യാതൊന്നും വിചാരിക്കാറേ ഇല്ലായിരുന്നു. സാധാരണയായി സജ്ജനങ്ങളിൽനിന്ന് ഭേദിക്കാതെയുള്ള, അഥവാ ഭേദിക്കുന്നെങ്കിൽത്തന്നെ കാഴ്ചയിൽ അവരെക്കാൾ ഭംഗിയുള്ള വിധത്തിൽ ഭേദിക്കുന്ന, ആകാരവിശേഷത്തോടുകൂടിയുള്ള ഈവിധം എത്ര ദുഷ്ടജനങ്ങളെ നാം ദിവസേന കണ്ടും കേട്ടും, ചിലപ്പോൾ അവരോട്ട് ഇടപെട്ടും ഇരിക്കുന്നുണ്ട്. ദൈവസൃഷ്ടിയിൽ സർവ്വവിധത്തിലും അത്യാശ്ചര്യകരമായ സൃഷ്ടി ഈ ദുഷ്ടജനങ്ങൾ തന്നെയാണ്. “ഹേ മനുഷ്യരേ, നിങ്ങളുടെ അത്യാഗ്രഹത്തിന്റെ വലിപ്പം നിങ്ങളുടെ ക്രൂരതയുടെ ശ്രുക്ഷതയാൽ അല്ലാതെ മറ്റെന്തിനാൽ ജയിക്കപ്പെടുന്നു.” ഇങ്ങനെ പറഞ്ഞ ആ വ്യുല്പന്നനായ ദേഹം പക്ഷേ, വല്ല തീവണ്ടികളിലുംവച്ച് എന്നെപ്പോലെ ഒരു ചതിയിൽ അകപ്പെട്ടിരുന്നോ എന്നുകൂടി ഞാൻ പലപ്പോഴും സംശയിച്ചുപോയിട്ടുണ്ട്. എനിക്കുണ്ടായ അനുഭവവും ഈ വാക്കിന്റെ തത്വവും അന്യോന്യം അത്ര പൊരുത്തം കാണുന്നു. ഹ! ദുഷ്ടൻ! ഇതെന്തൊരു ജീവിയാണ്? ജഗദീശ്വരൻ ദുഷ്ടമനുഷ്യരെ സൃഷ്ടിക്കുമ്പോൾ അവർക്ക് ദുഷ്ടമൃഗങ്ങളെ വേർതിരിച്ചറിയിക്കുന്ന മാതിരിയിലുള്ള ദംഷ്ട്രങ്ങളോ കൊമ്പുകളോ നഖങ്ങളോ മറ്റ് വല്ല അടയാളമോ കൊടുത്തിരുന്നുവെങ്കിൽ ഈ ലോകത്തിൽ മനുഷ്യരിൽനിന്ന് മനുഷ്യർക്ക് ഇത്ര ആപത്തുകൾ നേരിടുന്നതല്ലായിരുന്നു. ഒരു സർപ്പം ഫണം ഉയർത്തി കടിക്കാൻ വരുന്നത് കാണുമ്പോൾ നമുക്ക് ഒന്നുകിൽ അതിനെ അടിച്ചുകൊന്നുകളയാം; അല്ലെങ്കിൽ അത് സമീപിക്കുന്നതിനുമുമ്പിൽ ഓടിക്കളയാം. ഒരു ദുഷ്ടമനുഷ്യൻ ഭംഗിവാക്കും പറഞ്ഞ് സമീപത്തിൽ വന്ന് മന്ദഹസിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഒരു കത്തിയെടുത്ത് നമ്മുടെ കഴുത്തിൽ കുത്തിക്കൊല്ലുവാനുറച്ചാലോ, അനുഭവിക്കയല്ലാതെ എന്ത് നിവൃത്തി? ഇതര ജന്തുക്കളെപ്പോലെതന്നെ മനുഷ്യരും ഈവക ഓരോ ക്രൂരകർമ്മങ്ങൾ ചെയ്യുന്നതിനുള്ള മുഖ്യഹേതു സ്വാർത്ഥംതന്നെയാണ്. എന്നാൽ ഒരു മൃഗത്തിന്റെ സ്വാർത്ഥവികാരങ്ങൾക്ക് അളവുണ്ട്. മനുഷ്യന്റെ സ്വാർത്ഥവികാരങ്ങൾക്ക് യാതൊരു അളവും ഇല്ല. മൃഗത്തിന് വിശേഷബുദ്ധി ഇല്ലാത്തതിനാൽ അതിന്റെ സ്വാർത്ഥവികാരനിവൃത്തിക്കുവേണ്ടി ചെയ്യുന്ന ദുഷ്ടകർമ്മങ്ങൾക്ക് അളവുണ്ട്— എന്നിങ്ങനെയാണ് ശാരദയുടെ കർത്താവ് വിചാരിക്കുന്നത്. ഇതുതന്നെയാണ് സജ്ജനങ്ങളും വിചാരിക്കുന്നത്. വിശേഷവിധിയായിട്ടുള്ള ലോകജ്ഞാനമുള്ള മഹായോഗ്യന്മാർ എഴുതിവച്ചിട്ടുള്ള ചില സാരങ്ങളായ വാക്യങ്ങളുടെ തത്വം എല്ലാവർക്കും എപ്പോഴും പരമാർത്ഥമാണെന്നോ വിലയുള്ളതാണെന്നോ തോന്നിയെന്ന് വരികയില്ല. ആവക സംഗതികൾ അനുഭവമായിവരുമ്പോളാണ് ആ വാക്യങ്ങളുടെ തത്വം മനസ്സിൽ പ്രകാശിച്ച് വെളിപ്പെടുന്നത്. മേലെഴുതിയ ഉദ്ധൃതവാക്യങ്ങളുടെ പരമാർത്ഥജ്ഞാനം എനിക്ക് എന്റെ തീവണ്ടിയാത്ര കഴിഞ്ഞശേഷം ഉണ്ടായതുപോലെ അതിന്നുമുമ്പൊരിക്കലും ഉണ്ടായിട്ടില്ല.

മടങ്ങി മദിരാശിക്ക് പോകേണ്ട കാലമായി. ഞാൻ വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തുതുടങ്ങി. വീട്ടുകാര് യാത്രയ്ക്ക് നല്ലമുഹൂർത്തം അന്വേഷിച്ചുതുടങ്ങി. മദിരാശിക്ക്, ചിലവിനും മറ്റുമായി, കൊണ്ടുപോകേണ്ടിയിരുന്ന കുറെ ഉറുപ്പിക എന്റെ ഒരു സ്നേഹിതന്റെ മേൽവിലാസത്തിൽ മദിരാശിക്ക് മണിയോർഡറായി അയച്ചുകൊടുത്തു. ഇത്തവണ മദിരാശിയിൽ വല്ല ഉദ്യോഗത്തിനും ശ്രമിക്കേണമെന്ന് വിചാരിച്ച് അതിലേക്ക് യോഗ്യന്മാരായ ഒന്നുരണ്ടുപേരുടെ സർട്ടിഫിക്കറ്റുകൾ സമ്പാദിച്ചിരുന്നു. അതും കുറേ പുസ്തകവും വഴിച്ചിലവിലേക്കുള്ള അല്പം പണവും മാത്രമേ കൈവശമുള്ളൂ. സ്റ്റേഷനിലെത്തി മദിരാശിവരെ രണ്ടാം ക്ലാസ്സിൽ യാത്രചെയ്യുന്ന വല്ല സ്നേഹിതന്മാരുമുണ്ടോ എന്ന് അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ എന്റെ അടുത്ത് വരുന്നത് കണ്ടു. ഇദ്ദേഹത്തിനെ ഞാൻ മുമ്പ് കണ്ടറിവില്ലെങ്കിലും ഭാവംകൊണ്ട് എന്നോട്ട് വല്ലതും സംസാരിപ്പാൻ ആഗ്രഹിക്കുന്നുണ്ടെന്ന് സംശയിച്ചിട്ട് ഞാനും അദ്ദേഹത്തിന്നുനേരെ ചെന്നു. ഉടനേ ഞങ്ങൾ രണ്ടുപേരും തമ്മിൽ താഴെപ്പറയുന്ന സംഭാഷണം നടന്നു.

**ഞാൻ:** എന്താ ഹെ, എന്നോട്ട് വല്ലതും പറയുവാനുണ്ടോ?

**അദ്ദേഹം:** നിങ്ങൾ എവിടാണ് പോകുന്നുണ്ട്?

ഇത് കേട്ടപ്പോൾ എനിക്ക് കഠിനമായ ചിരിയാണ് വന്നത്. പഴയ പോലീസ്സുദ്യോഗസ്ഥനെ ഓർത്തിട്ടാണ് എനിക്ക് ചിരിവന്നതെങ്കിലും മലയാളഭാഷ തനിക്ക് ശരിയായി സംസാരിക്കാൻ വയ്യാത്തതുകൊണ്ടായിരിക്കാം, ചിരി എന്നിൽ ഉണ്ടായതെന്ന് അദ്ദേഹത്തിന്ന് സംശയമുണ്ടായെങ്കിൽ അതൊരു പോരായ്മയാണെന്ന് ഉടനെ എനിക്ക് തോന്നി. ഈ തോന്നൽതന്നെ എന്റെ ചിരിയെ നിർത്താൻ ശക്തിയുള്ള ഒന്നായിരുന്നു.

**ഞാൻ:** ഞാൻ മദിരാശിവരെ പോകുന്നു.

**അദ്ദേഹം:** മദിരാശിന്റവിടത്തോളം ഉണ്ടെങ്കിൽ നമുക്ക് വളരെ സന്തോഷമുണ്ട്. നമുക്കൊരുപകാരംശെയ്യോ?

**ഞാൻ:** ഓ, എന്നാൽ കഴിയുന്നത് ചെയ്യാം.

**അദ്ദേഹം:** അതാ നിങ്ങൾ കാണണം. എന്റെ ഭാര്യയാണ് അവിടെ കിടക്കുന്നുണ്ട്. കയ്യും കാലിക്കും അനക്കാനായിട്ട് പ്രയാശം. മദിരാശി ബൈദ്യത്തിന്ന് കൊണ്ടുപോകുന്നുണ്ട്. സഹായം ആരും ഇല്ല. നമ്മൾ ഒരു കമ്പാർട്ടുമെന്റിൽതന്നെ കയറുവാൻ സമ്മതിക്കണം. എനിക്കൊരു തുണയായല്ലൊ...

ഈ സാധുമനുഷ്യന്റെ വാക്ക് കേട്ടാൽതന്നെ ആർക്കും കരുണതോന്നും. ആംഗ്യങ്ങളും മുഖസ്വഭാവവും മറ്റും കാണുന്തോറും, വിശേഷിച്ചും സഹായത്തിനായി അപേക്ഷിക്കുന്ന സ്വഭാവത്തിൽ ഉറ്റുനോക്കിക്കൊണ്ട്, കാലും കയ്യും അനക്കാൻ പാടില്ലാതെ മലർന്നുകിടക്കുന്ന സാമാന്യം സുന്ദരിയായ ആ സ്ത്രീയെ കണ്ടാൽ, എന്ത് സഹായം വേണമെങ്കിലും ചെയ്യാമെന്ന് വാഗ്ദാനംചെയ്തുപോകാത്ത വല്ല കഠിനഹൃദയനും ജനിച്ചിട്ടുണ്ടെന്ന് തോന്നുന്നില്ല. അവരാരാണെന്നോ എവിടുന്നാണെന്നോ ഒന്നും ഞാൻ അന്വേഷിപ്പാൻ താമസിച്ചില്ല. ഉടനെ ഒന്നായിട്ട് യാത്രചെയ്യാമെന്ന് സമ്മതിച്ച്, ടിക്കറ്റൊക്കെ വാങ്ങി ഒരു രണ്ടാംക്ലാസ്സുമുറിയിൽ പോയി കയറി സ്ത്രീയേയും കയറ്റി. വണ്ടി ഇളകി. ഞങ്ങൾ ഓരോന്ന് സംസാരിച്ചുതുടങ്ങി. നമ്മുടെ സ്നേഹിതനെപ്പറ്റി പറയുമ്പോൾ “അദ്ദേഹം, അദ്ദേഹം” എന്ന് പറയേണ്ടതില്ല. ജോസെഫ് രത്നവേലുപ്പിള്ള എന്നാണ് പേര്. ആദ്യം രത്നവേലുപ്പിള്ളയായിരുന്നു. ജോസെഫ് എന്ന പേര് ക്രിസ്തുമതത്തിൽ ചേർന്നതിനുശേഷം കിട്ടിയതാണത്രെ. കമ്പിയാപ്പീസിലാണ് പ്രവൃത്തി. കോഴിക്കോട്ട് വന്നിട്ട് രണ്ടുകൊല്ലമേ ആയിട്ടുള്ളൂ. അതിനിടയ്ക്കാണത്രെ മലയാളഭാഷ എഴുതാനും വായിക്കാനും ശീലിച്ചത്. ഇതിനിടയാണ് കല്പനവാങ്ങി രാജ്യത്ത് പോയിട്ട് വിവാഹം ചെയ്തത്. വിവാഹം ചെയ്ത രണ്ടുമൂന്ന് മാസമായപ്പോൾതന്നെ ഭാര്യക്ക് ഈ കഠിനരോഗം തുടങ്ങിയിരിക്കുന്നു. അതിന് ചികിത്സയ്ക്കായിട്ടാണ് മദിരാശിവരെ പോകുന്നത്. നമ്മുടെ ജോസെഫിനെപ്പറ്റി ഇത്രമാത്രമെ പറയേണ്ടതുള്ളൂ. ഇദ്ദേഹത്തിനെ കണ്ടയുടനെ എനിക്ക് ദയയാണ് തോന്നിയതെന്ന് പറഞ്ഞുവല്ലോ. എന്നെക്കൊണ്ട് ഒരു ചെറുതായ ഉപകാരമെങ്കിലും ഉണ്ടാകുമെന്ന് അദ്ദേഹം ആഗ്രഹിച്ചിട്ടാണ് എന്റെ സേവയ്ക്ക് വന്നതെന്ന് അറിഞ്ഞതുകൊണ്ട് കഴിയുന്നത്ര വല്ല സഹായവും ചെയ്യണമെന്ന് എനിക്ക് വിചാരമായി. സാധു! ആ സ്ത്രീ സീറ്റിന്മേൽ മലർന്നുകിടക്കുന്നു. ഞങ്ങൾ രണ്ടുപേരും ഒരു സീറ്റിന്മേൽ ഇരിക്കുന്നു. കണ്ണുമറിക്കാതെ അവൾ എന്നെത്തന്നെ നോക്കിക്കൊണ്ടിരിക്കുന്നുണ്ട്. അവളുടെ നേരെ എനിക്കുള്ള അനുകമ്പ ക്രമേണ വർദ്ധിച്ചുവന്നുവെങ്കിലും അവളുടെ മുഖത്തേക്ക് കൂടെക്കൂടെ നോക്കാൻ ഞാൻ ധൈര്യപ്പെട്ടില്ല. ജോസെഫും ഞാനും അവളുടെ രോഗത്തെപ്പറ്റിയും മദിരാശിയിലെ വൈദ്യന്മാരെപ്പറ്റിയും മറ്റും ഓരോന്ന് സംസാരിച്ചുകൊണ്ട് കുറേനേരം കഴിച്ച ശേഷം കഴിഞ്ഞപ്രാവശ്യം വണ്ടിയിൽവച്ച് എനിക്ക് നേരിട്ട കിണ്ടത്തെപ്പറ്റി ഞാൻ പറഞ്ഞു. ഇത് കേട്ടപ്പോൾ അവരുടെ രണ്ടുപേരുടെയും ആശ്ചര്യം പറവാനില്ല. കഥയുടെ രസവും ആശ്ചര്യവും മറ്റും കഴിഞ്ഞശേഷം ജോസെഫ് എന്നോട്: “സഞ്ചരിക്കുമ്പോൾ നിങ്ങൾക്കൂടെ പണം വളരെ എടുത്തുവരുന്നുണ്ട്?”

**ഞാൻ:** സാധാരണയായി ഞാൻ കൊണ്ടുപോകാറില്ലയെങ്കിലും ഞാൻ പറഞ്ഞില്ലെ ആ സമയം കുറെ പണം വേണ്ടിവന്നുവെന്ന്.

ഇതുകേട്ടപ്പോൾ ആ സ്ത്രീ എന്നോട്ട് തമിഴിൽ, ഇപ്പോൾ പണമില്ലെ, എന്ന് ചോദിച്ചു. ഇത് കേട്ടപ്പോൾ ഇവർക്ക് വല്ല അവശ്യത്തിലേക്കും പണസഹായം വേണ്ടിവരും, അതിന്നായി എന്റെവശം ഉണ്ടോ എന്ന് ചോദിച്ചറികയാണ് ചെയ്തതെന്ന് എനിക്ക് തോന്നി. പരമാർത്ഥത്തിൽ എന്റെവശം പണം ഉണ്ടായിരുന്നില്ലെങ്കിലും അവരുടെ ആശാഭംഗം വരുത്തേണ്ട എന്നുവെച്ച് അല്പമൊക്കെ കാണണം എന്ന് പറഞ്ഞു. പിന്നെ അതിനെപ്പറ്റി യാതൊന്നും സംസാരിച്ചില്ല. നേരം വൈകുന്നേരമായിത്തുടങ്ങി. ഭാര്യാഭർത്താക്കന്മാർ എന്തൊക്കെയോ തെലുങ്കുഭാഷയിൽ സംസാരിച്ചുതുടങ്ങി. ഇതിനിടയ്ക്ക് ആ സ്ത്രീയെ പലപ്രകാരത്തിലും ശുശ്രൂഷിക്കേണ്ടതായി വരികയും അത് ഞങ്ങൾ രണ്ടുപേരും നിവർത്തിക്കയും ചെയ്തിരുന്നുവെന്ന് വായനക്കാർ അറിഞ്ഞിരിക്കണം. ഇങ്ങനെ ഞാൻ ആ ചെറിയ കുടുംബത്തിന് ഒരു അടുത്ത ബന്ധുവായിത്തീർന്നു. വണ്ടി ഒരു സ്റ്റേഷനിലെത്തിയപ്പോൾ ഇത് ഏത് സ്റ്റേഷനാണെന്ന് ആ സ്ത്രീ ചോദിച്ചു. മൊറാപ്പൂർ ആണെന്ന് ഞാൻ പറഞ്ഞു. ഉടനേ ആ സ്ത്രീ:- “എനിക്ക് ദാഹിച്ചിട്ട് സഹിച്ചുകൂടാ. അല്പം ചായ കുടിക്കണം” എന്ന് പറഞ്ഞത് കേൾപ്പാൻ ഇടയില്ലാതെ ജോസെഫ് വണ്ടിതുറന്ന് ഓടാൻ ഭാവിച്ചു. “ഇവിടെ രണ്ടുമൂന്ന് മിനിട്ടുമാത്രമേ വണ്ടി നില്ക്കയുള്ളൂ. സേലത്ത് എത്തിയാൽ ചായകുടിക്കാം” എന്ന് ഞാൻ പറഞ്ഞു. സ്ത്രീക്ക് അതുവരെ സഹിക്കാൻ നിവൃത്തിയില്ല. ജോസെഫ് മടങ്ങിവന്നില്ല. രണ്ടുമിനിട്ടായി; ഇല്ല. മൂന്നുമിനിട്ട് കഴിഞ്ഞു. ഹെ! കാണാനില്ല. അതാ വിസിൽ വിളിച്ചു. വണ്ടി ഇളകി. ഞാൻ വാതിലിന്നുള്ളിൽകൂടി തലയിട്ടുനോക്കി. ജോസെഫിനെ കാണാനില്ല. ഞാൻ വല്ലാതെ പരിഭ്രമിച്ചു. പോർട്ടറെ വിളിച്ചു. ഗാർഡിനെ വിളിച്ചു. ആരും കേൾക്കുന്നില്ല. വണ്ടിയുടെ ഗതി മുറുകി. സ്റ്റേഷൻ വിട്ടു.

ഓടിത്തുടങ്ങി. ഈശ്വരാ എനിക്ക് വന്ന വ്യസനവും അന്ധാളിപ്പും പരിഭ്രമവും മറ്റും ഊഹിക്കയാണ് എളുപ്പം. ആ സ്ത്രീയെ ഞാൻ എന്തുചെയ്യും? എനിക്ക് യാതൊന്നും തോന്നുന്നില്ല. സ്ത്രീ എന്റെ പരിഭ്രമം കണ്ടിട്ട് എന്നോട്ട് ഭയപ്പെടേണ്ട എന്നും ഭർത്താവിന്റെ കൈവശം പണമുണ്ട്, അയാൾ അങ്ങോട്ട് എത്തിക്കൊള്ളും. നമ്മൾ ഒന്നും ചെയ്യേണ്ടതില്ല. എങ്ങനെയെങ്കിലും മദിരാശിയിൽ എത്തിയാൽ മതി. അവിടെ സ്റ്റേഷനിൽ എന്റെ കുടുംബങ്ങൾ ഉണ്ടാകും, എന്നൊക്കെ പറഞ്ഞു. ഇവളുടെ ധൈര്യം കണ്ടപ്പോൾ എനിക്ക് ആശ്ചര്യവും ലജ്ജയും ഒരുപോലെ ഉണ്ടായി. രാത്രി ഇവളെ എങ്ങനെ പൊറുപ്പിക്കും, എന്നായി. കൂടെക്കൂടെ പല ശുശ്രൂഷകൾ ചെയ്യേണ്ടിവരും. അത് എന്നാൽ നിവൃത്തിയാകുമോ? ആകപ്പാടെ കുഴങ്ങി. ആ സാധു ജോസെഫ് എത്ര വ്യസനിക്കുന്നുണ്ടായിരിക്കും! തന്റെ പ്രിയഭാര്യയെ അന്യന്റെ കൈവശം ഏല്പിക്കുന്നതിൽ അവന്ന് വല്ല മനസ്സമാധാനവും ഉണ്ടാകുമോ? ഏതായാലും വേണ്ടതില്ല, സേലത്തിറങ്ങിനില്ക്കാം. അവിടെനിന്ന് മൊറാപ്പൂരിലേക്ക് കമ്പി അയയ്ക്കാം. പിന്നെ ഉള്ള വണ്ടി വരുന്നതുവരെ അവിടെ താമസിക്കാം. ഇങ്ങനെ വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റൊരു സ്റ്റേഷനിൽ വണ്ടി നിന്നു. ആ സ്ത്രീ പിന്നെയും തനിക്ക് ദാഹിക്കുന്ന വിവരം പറയുകയും വല്ലതും എന്നോട്ട് കൊണ്ടുവരാൻ അപേക്ഷിയ്ക്കുകയും ചെയ്തു. സേലത്ത് എത്തുന്നതുവരെ ക്ഷമിക്കുവാൻ പറയുവാൻ എനിക്ക് ധൈര്യമുണ്ടായില്ല. ഭർത്താവില്ലാത്ത നിലയിൽ ഞാൻ വല്ല നിർദ്ദയത്വവും കാണിക്കുന്നത് കഷ്ടമല്ലെ എന്ന് വിചാരിച്ച്, ഞാൻ ഉടനെ ചായ വാങ്ങാൻ ഇറങ്ങിപ്പോയി. ആ സ്റ്റേഷനിലും അല്പസമയത്തേക്ക് മാത്രമേ വണ്ടി നില്ക്കയുള്ളൂ. അതുകൊണ്ട് കഴിയുന്ന വേഗത്തിൽ മടങ്ങിവരുവാൻ ഞാൻ ബദ്ധപ്പെട്ടു. ഒരു പിഞ്ഞാണത്തിൽ ചായ വാങ്ങി അവൾക്ക് കൊടുത്തിട്ട് പിഞ്ഞാണം മടക്കിക്കൊണ്ട് കൊടുക്കാൻ സമയമില്ല. ഭാഗ്യവശാൽ ഒരു മലയാളക്കാരൻ ബൊട്ട്ളേരെ അവിടെ കണ്ടു. അദ്ദേഹം പിഞ്ഞാണം വണ്ടിയിലേക്ക് എടുത്തുകൊള്ളുവാനും അത് സേലത്തുള്ള ബൊട്ട്ളേരുടെ കൈവശം കൊടുത്താൽ തനിക്ക് കിട്ടുമെന്നും അനുവദിച്ച് പറഞ്ഞതിനാൽ ഞാൻ വളരെ സന്തോഷിച്ച്, ചായ വാങ്ങി വേഗത്തിൽ വണ്ടിയിൽ കയറാൻ പോയി. ഞാൻ വണ്ടിയുടെ അടുക്കൽ എത്തുമ്പോൾതന്നെ വണ്ടി ഇളകിത്തുടങ്ങിയിരിക്കുന്നു. ബദ്ധപ്പെട്ട് മുറിയിൽ ചെന്നുകയറി. കഷ്ടം മുറി മാറിപ്പോയി. വേറെ മുറിയിലാണ് ചെന്നുകയറിയത്. സ്ത്രീ അവിടെ ഇല്ല. സമീപമുള്ള വണ്ടിയിലേക്ക് നോക്കാൻ ശ്രമിച്ചു. അതിലൊന്നും ആരെയും കാണുന്നില്ല. എന്റെ പരിഭ്രമം കലശലായി. ഞാൻ വളരെ വ്യസനിച്ച് സൂക്ഷിച്ചുനോക്കിയപ്പോൾ വണ്ടിയിൽ ഒരു കടലാസ് കണ്ടു. അത് ഞാൻ വായിച്ചുവച്ച വർത്തമാനക്കടലാസ്സാണ്. ഇതെങ്ങനെ ഇവിടെ എത്തി. പിന്നെയും സൂക്ഷിച്ചുനോക്കിയപ്പോൾ, ഞങ്ങൾ ആദ്യം കയറിയ മുറിതന്നെ, ബോദ്ധ്യമായി. ആ സ്ത്രീ എവിടെപ്പോയി? ദാഹം സഹിയാഞ്ഞിട്ട് ഇറങ്ങിനടക്കാൻ ശ്രമിച്ച് വണ്ടിയുടെ ഇടയിൽ പെട്ടുപോയോ? ഞാൻ പലതും സംശയിച്ചു. മുറി രണ്ടാമതും പരിശോധിച്ചു. എന്റെ പെട്ടി കാണ്മാനില്ല. മുറി തെറ്റിപ്പോയിരിക്കാം. ഇങ്ങനെ പലതും ആലോചിച്ചും വ്യസനിച്ചും സംശയിച്ചും ഇരിക്കുമ്പോൾ സേലത്ത് എത്തി. വണ്ടി നിന്ന ഉടനെ ഇറങ്ങി വണ്ടികളിലൊക്കെ നോക്കി. ഏത് സ്ത്രീ? എന്ത് സ്ത്രീ? സ്റ്റേഷൻമാസ്റ്ററോട്ട് വിവരം പറഞ്ഞു: ഓ നിങ്ങളെ പറ്റിച്ചു. സ്ത്രീയ്ക്ക് പക്ഷവാതവും ഇല്ല, പക്ഷഭേദവും ഇല്ല, എന്നാണ് അദ്ദേഹം എന്റെ കഥയൊക്കെ കേട്ടപ്പോൾ, മറുപടി പറഞ്ഞത്. പിന്നെ എന്ത് പറവാൻ! ഇത് വല്ലവരും വിശ്വസിക്കുമോ? എനിക്ക് എന്നിട്ടും സംശയം തീർന്നില്ല. ഒരുവിധം മദിരാശി എത്തി. സ്നേഹിതന്മാരോടൊക്കെ വിവരം പറഞ്ഞു. രണ്ടുദിവസം കഴിഞ്ഞപ്പോൾ എനിക്കൊരു കത്ത് കിട്ടി. അതിൽ എന്റെ രണ്ട് സർട്ടിഫിക്കറ്റുകളും അടക്കം ചെയ്തിട്ടുണ്ടായിരുന്നു. അതിനുപുറമേ “ഞങ്ങൾ നിങ്ങളെ തോല്പിക്കാൻ വിചാരിച്ചു. നിങ്ങൾ ഞങ്ങളെയാണ് തോല്പിച്ചത്. പെട്ടിയിൽ രണ്ടുറുപ്പികയും കുറെ പുസ്തകവുമല്ലാതെ മറ്റൊന്നുമില്ല. ഈ സർട്ടിഫിക്കറ്റുകൾ നിങ്ങൾക്ക് അത്യാവശ്യമായിരിക്കുമെന്നുവെച്ച് മടക്കി അയയ്ക്കുന്നു”... ആട്ടെ അതെങ്കിലും ആയല്ലൊ. ഞാൻ കുറെ സന്തോഷിച്ചു. ജോസെഫിന് ഞാൻ ആദ്യം തന്നെ എന്റെ മേൽവിലാസം പറഞ്ഞു കൊടുത്തത് നന്നായി എന്ന് വിചാരിച്ചു. കത്തിന്റെ മുകളിൽ തപാലാപ്പീസിന്റെ പേര് നോക്കിയപ്പോൾ സേലം എന്നാണ് കണ്ടത്. എന്നിട്ടെന്താ! ആരെപ്പിടിക്കാൻ? എങ്ങനെ പിടിക്കാൻ?

ഇങ്ങനെയാണ് ഒരു പോലീസുദ്യോഗസ്ഥനും ഒരു ടെലിഗ്രാഫ് സിഗ്നലരും എന്നെ തോല്പിച്ച കഥകൾ. ഇനി വളരെ സൂക്ഷിച്ചുകൊള്ളാം.

ഭാഷാപോഷിണി,
1073, ചിങ്ങം.

## 3

# കാസ്മിയുടെ ചെരിപ്പ്

പണ്ട് അനവധി ദ്രവ്യസ്ഥന്മാരായ വ്യാപാരികളും, അത്രതന്നെ അധികം സൗന്ദര്യമുള്ള യുവതികളും ഉള്ളതാണെന്ന് പ്രസിദ്ധി സമ്പാദിച്ച ബാഗ്ദാദ് എന്ന് പേരായ അതിഭംഗിയുള്ള നഗരിയിൽ കാസ്മിയെന്ന് പേരായി ഒരു കച്ചവടക്കാരൻ താമസിച്ചിരുന്നു. കാസ്മിക്ക് വേറെയും പല പേരുകളും ഉണ്ടായിരുന്നുവെങ്കിലും, അവയൊക്കെ എന്തായിരുന്നുവന്നറിയാതെ ഈ കഥ മനസ്സിലാക്കാൻ വായനക്കാർക്ക് സാദ്ധ്യമാകയാൽ, ആ നാമാവലികളെക്കൊണ്ട് ഈ കഥയുടെ വിസ്താരം വർദ്ധിപ്പിക്കേണ്ട ആവശ്യമില്ല. കാസ്മി ബാഗ്ദാദിലെ ശ്രുതിപ്പെട്ട ആളുകളിൽ ഒരുവനായിരുന്നു. വലിയ പണക്കാരനോ, വലിയ കച്ചവടക്കാരനോ ആയിരുന്നതുകൊണ്ടല്ലായിരുന്നു കാസ്മിക്ക് കേൾവിയുണ്ടായത്. ആ പട്ടണത്തിൽവച്ച് അധികം മുഷിഞ്ഞുനാറിയ തലപ്പാവും കീറിപ്പഴകിയ ചെരിപ്പും ധരിച്ചതായിരുന്നു കാസ്മിയുടെ ഖ്യാതിക്ക് സംഗതി. കാസ്മിയെ കാണുമ്പോൾ അങ്ങാടിപ്പിള്ളരുംകൂടി പരിഹസിക്ക പതിവായിരുന്നു. ഇങ്ങനെ ചെയ്യുന്നതിൽ ഈ തെമ്മാടിക്കുട്ടികൾ ഭയപ്പെട്ടില്ല, ഭയപ്പെടേണ്ടുന്ന ആവശ്യവും ഉണ്ടായിരുന്നില്ല. കാസ്മി വലിയ പിശുക്കനാണെന്ന് അവർക്കെല്ലാം അറിയാം. വക്കീൽമാർക്കും ജഡ്ജിമാർക്കും വല്ലതും കൈമടക്കാൻ പണക്കെട്ടഴിക്കാത്തവരെ എന്തുചെയ്താലും, ആരും ചോദിക്കാനുണ്ടാകയില്ലെന്ന് ആർക്കും അറിയാം; ആ പിള്ളർക്കും അറിയാം. കാസ്മിയുടെ മുഖപരിചയം ഇല്ലാത്തവർക്കുകൂടി അദ്ദേഹത്തിന്റെ ചെരിപ്പ് കണ്ടയുടനേ അതിന്റെ ഉടമസ്ഥനെ അറിവാൻ എളുപ്പമായിരുന്നു. കാസ്മിയുടെ ചെരിപ്പ് ഒരിക്കലും വല്ല കഷണം വെച്ച് പിടിപ്പിച്ചോ തുന്നിക്കെട്ടിയോ നന്നാക്കാത്ത ചക്കിളിയൻ (ചെരിപ്പുകുത്തി) ബാഗ്ദാദുനഗരത്തിൽ ഉണ്ടായിരുന്നില്ല. അതിന്റെ അടിത്തോൽ ഇളകിപ്പോകാതിരിക്കാൻ തറച്ചേല്പിച്ച നീളമുള്ള ആണികളുടെ ഘനംതന്നെ ഒരാൾക്ക് വഹിക്കത്തക്കവണ്ണമുണ്ട്. കാസ്മി വല്ല ഷാപ്പുകളിലോ വീടുകളിലോ കയറിപ്പോകുമ്പോൾ ചെരിപ്പ് പുറത്തഴിച്ചുവച്ചിരുന്നെങ്കിൽ അത് കാണുന്നവരൊക്കെ "ഓ കാസ്മിയുണ്ട് ഈ ഷാപ്പിൽ; കാസ്മിയുണ്ട് ഈ വീട്ടിൽ പോയിട്ട്" എന്ന് പറക പതിവായി. കാസ്മിയുടെ ചെരിപ്പ് ഇങ്ങനെ ലോകവിശ്രുതമായി; ക്രമേണ അത് അഭംഗിക്കും പഴക്കത്തിനും ഒരു പഴമൊഴിയായിത്തീർന്നു: "ഇതിന് കാസ്മിയുടെ ചെരിപ്പിന്റെ വയസ്സുണ്ട്." "എന്താണ് ദുർഗ്ഗന്ധം? കാസ്മിയുടെ ചെരിപ്പുണ്ടോ ഇവിടെയെങ്ങാൻ" എന്നിങ്ങനെ പരിഹാസമായി സകലരും പറഞ്ഞുതുടങ്ങി.

ഒരു ദിവസം കാസ്മിതന്നെ, ചെരിപ്പിന്റെ ഭാരം നിമിത്തം അദ്ധ്വാനിച്ച് വലിച്ചിഴച്ച് നടന്നുകൊണ്ട് അങ്ങാടിത്തെരുവിൽകൂടി പോകുമ്പോൾ, അവിടെ ഒരു പള്ളിക്ക് സമീപമുള്ള ഒരു അപ്പോത്തിക്കിരിക്ക് കടംപിടിക്കയാൽ അവന്റെ സാമാനങ്ങളൊക്കെ ലേലംചെയ്ത് വില്ക്കുന്നുണ്ടെന്ന് കേട്ട്, ബദ്ധപ്പെട്ട് അവിടേയ്ക്ക് ചെന്നു. അവിടെ വളരെ സുഗന്ധമുള്ള പനിനീർ ഉണ്ടെന്നും അത് സാധു അപ്പോത്തിക്കിരി പകുതിവിലയ്ക്ക് വിൽക്കാൻ തയ്യാറുണ്ടെന്നും അവൻ അറിഞ്ഞു അത് വാങ്ങാൻ തീർച്ചപ്പെടുത്തി. തന്റെ ശരീരത്തിന്റെ ദുർഗ്ഗന്ധം മാറ്റേണ്ടുന്ന ഉദ്ദേശ്യത്തോടുകൂടിയായിരുന്നു കാസ്മി പനിനീർ വാങ്ങാൻ തീർച്ചയാക്കിയതെന്ന് വായനക്കാർ ലേശമെങ്കിലും ശങ്കിച്ചുപോകരുത്. നല്ല ലാഭത്തിന് വിൽക്കാമെന്ന് കരുതീട്ട് മാത്രമായിരുന്നു കാസ്മി പനിനീർ വാങ്ങാൻ ഒരുങ്ങിയത്. ഏതായാലും പനിനീർക്കച്ചവടത്തിലുണ്ടായ അതിലാഭം വിചാരിച്ച് സന്തുഷ്ടനായിത്തീർന്ന കാസ്മി, അന്ന് ഒരു കുളി കഴിച്ച് ദേഹശുദ്ധി വരുത്തിക്കളയാം എന്ന് വിചാരിച്ച്, ബാഗ്ദാദുനഗരത്തിലെ ഒരു പ്രത്യേകതരം സ്നാനത്തിനുള്ള ആലയത്തിലേക്ക് കടന്നു. അതിൽ വസ്ത്രം മാറ്റാനുള്ള മുറിയിൽ തന്റെ ചെരിപ്പ് അഴിച്ചുവെക്കുന്നത് കണ്ടുംകൊണ്ട് ഒരു സ്നേഹിതൻ കടന്നുചെന്നു. ആ സ്നേഹിതൻ കാസ്മിയെ കണ്ട ഉടനെ: "അല്ല ഹെ, ആ ദുർഘടംപിടിച്ച ചെരിപ്പ് എവിടെയെങ്കിലും എറിഞ്ഞുകളയരുതോ. അത് ഈ നഗരത്തിൽ സർവ്വരുടേയും പരിഹാസത്തിന് വിഷയമായിരിക്കുന്നുവെന്ന് നിങ്ങൾതന്നെ അറിയുന്നില്ലേ?"

ഇതിന് കാസ്മി: "ശരിതന്നെ അത് കുറെ പഴക്കമായിക്കൊണ്ട് വരുന്നുണ്ട്. പക്ഷേ, എന്നെ ഇങ്ങനെ പരിഹസിക്കുന്നവരൊക്കെ സ്വന്തം ചെരിപ്പ് വില കൊടുത്ത് വാങ്ങിയവരാണെന്നാണോ നിങ്ങൾ വിചാരിക്കുന്നത്?" എന്ന് മറുപടി പറഞ്ഞു. ഇതുകേട്ട് ആ ചങ്ങാതി തലയും താഴ്ത്തി നടന്നുപോയി.

കാസ്മി കുളിമുറിയിലേക്ക് കടന്നുപോയപ്പോൾ ആ നഗരത്തിലെ ഒരു "ഖാസിയും" കുളിക്കാൻ ചെന്നു. അദ്ദേഹത്തിന്റെ വിശേഷമായ ചുകന്ന ചെരിപ്പും കാസ്മി ചെരിപ്പ് അഴിച്ചുവെച്ച മുറിയിൽതന്നെ വെച്ചിട്ടായിരുന്നു അയാൾ കുളിക്കാൻപോയത്. ഒരു വികൃതി, ഈ ചെരിപ്പുകൾ രണ്ടും കണ്ട ഉടനെ, അവ എടുത്ത് വേഗത്തിൽ അന്യോന്യം സ്ഥലംമാറ്റിവെച്ചു. കാസ്മി ഒന്നാമത് പുറത്തുവന്നു. പുതിയ ചെരിപ്പ്കണ്ട് അത്യന്തം സന്തോഷിച്ചു. "സ്വർണ്ണകസവുകളെക്കൊണ്ട് ചിത്രപ്പണികൾ ഉണ്ടാക്കി വിചിത്രമായ ഈ ചെരിപ്പ് എന്റെ പഴയ ചെരുപ്പിനെപ്പറ്റി കുറ്റംപറഞ്ഞ ആ സ്നേഹിതൻ കൊണ്ടുവച്ചതുതന്നെ; സംശയമില്ല. നല്ല വസ്തുങ്ങൾ തരാൻ കഴിയാത്തവൻ നമ്മുടെ പഴയ വസ്തുങ്ങളെപ്പറ്റി ദൂഷ്യംപറഞ്ഞിട്ട് കാര്യമുണ്ടോ?" എന്നിങ്ങനെ വിചാരിച്ച്, കാസ്മി ഖാസിയുടെ ചെരിപ്പും ചവുട്ടി ഞെളിഞ്ഞ് നടന്നുപോയി.

ഖാസി പുറത്തുവന്നപ്പോൾ അദ്ദേഹത്തിന്റെ ചെരിപ്പ് കാണാഞ്ഞതിനാൽ ദാസന്മാരുടെ ഇടയിൽ പരിഭ്രമമായി. ഒടുക്കം ഉടമസ്ഥനില്ലാതെകണ്ട് ഒരു കൂട്ടം ചെരിപ്പ് ആരോ കണ്ടെത്തി. ഉടനെ അത് കാസ്മിയുടെ ചെരിപ്പാണെന്ന് സർവ്വരും അറിഞ്ഞു. കള്ളനെ പിടിക്കാൻ ഒരുകൂട്ടം ആളുകൾ ഓടി. കാസ്മിയെ പിടിച്ച് വിസ്താരം തുടങ്ങി. ആ സാധു എന്തുതന്നെ പറഞ്ഞിട്ടും ആരും വിശ്വസിച്ചില്ല. ഖാസിയുടെ ചെരിപ്പ് അവന്റെ കാലിന്മേൽ ഉണ്ടായിരുന്നു എന്നുള്ളതുതന്നെ അവനെതിരായ വലിയ തെളിവായിരുന്നു. എന്തിന് പറയുന്നു! ഒരുചാക്ക് പണം തന്റെ മുമ്പിൽ കൊണ്ടുവച്ചശേഷമല്ലാതെ ഖാസിയാർ കാസ്മിയുടെ ഭാഗമുള്ള ന്യായം കണ്ടില്ല. കാസ്മി, താൻ കൊടുക്കേണ്ടിവന്നദ്രവ്യത്തിന്റെ സംഖ്യ ആലോചിച്ച് അവന്റെ നെഞ്ച് പിളർന്നു; തന്റെ വീട്ടിന്റെ അരികെ ഒഴുകിപ്പോകുന്ന ടിഗ്രീസ്സനദിയിൽ ആ ചെരിപ്പ് വലിച്ചറിഞ്ഞു. ആ സ്ഥലം മീൻപിടിക്കാൻ വളരെ സൗകര്യമുള്ള ദിക്കായിരുന്നു. പിറ്റേദിവസം കുറേപ്പേർ മീൻപിടിക്കാൻ വലവീതപ്പോൾ, എന്തോ ഘനമുള്ള ഒരു സാധനം വലയിൽ കുടുങ്ങിയിരിക്കുന്നുവെന്ന് തോന്നി. വലിയൊരു മത്സ്യമായിരിക്കുമെന്നുവെച്ച് സന്തോഷത്തോടുകൂടി വലിച്ച് കരയ്ക്കിട്ടു. നോക്കുമ്പോഴെന്താണ്? ഒരുകൂട്ടം ചെരിപ്പ്. ചെരിപ്പിന്റെ ആണികൾ വലയ്ക്ക് കുടുങ്ങി വലയൊക്കെകീറിയിരിക്കുന്നു. സൂക്ഷിച്ചുനോക്കിയപ്പോൾ അത് കാസ്മിയുടെ ചെരിപ്പാണെന്ന് കൂട്ടർക്ക് മനസ്സിലായി. ചെറുപ്പക്കാരനായ ഒരു മീൻപിടിത്തക്കാരന് കഠിനമായ ദേഷ്യം വന്നു. ആ ചെരിപ്പെടുത്ത് കാസ്മിയുടെ വീട്ടിൽ തുറന്നുവെച്ചിരുന്ന ഒരു ജാലകത്തിൽകൂടി അകത്തേയ്ക്ക് ഒരേറുകൊടുത്തു. അന്നുച്ചയ്ക്ക് കാസ്മി വീട്ടിലേക്ക് മടങ്ങിവരുമ്പോൾ, വീട്ടിന്റെ സമീപത്തെത്തുമ്പോഴേക്കുതന്നെ നല്ല ഒരു സുഗന്ധം ഉള്ളതായി തോന്നി. താൻ കുപ്പിയിലാക്കി അടച്ചുവെച്ചിട്ടുപോലും പനിനീരിന്ന് ഇത്ര വലിയ വാസനയുണ്ടായിരിക്കണമെങ്കിൽ, അത് എത്ര നല്ലതായിരിക്കണം, എന്ന് ആലോചിച്ച് കാസ്മി അത്യന്തം സന്തോഷിച്ചു. വീട്ടിലെത്തി മുറിയുടെ വാതിൽ തുറന്നുനോക്കിയപ്പോൾ എന്താണ് താൻ കണ്ടത്? താൻ വച്ചിരുന്ന പനിനീർകുപ്പി മറിഞ്ഞുവീണ് മുറി മുഴുവനും പനിനീർ വ്യാപിച്ചുകിടക്കുന്നു. കാസ്മി വളരെ വ്യസനിച്ച് നിലവിളിക്കാൻ തുടങ്ങി. നിലവിളികേട്ട് സമീപസ്ഥന്മാരൊക്കെ ഓടിയെത്തിയെങ്കിലും ആരും കാസ്മിയോട് അല്പമെങ്കിലും സഹതപിച്ചില്ല.

ഇനി ചെരിപ്പ് ചുട്ടുകളയുകയാണ് നല്ലതെന്ന് അവൻ നിശ്ചയിച്ചു. എന്നാൽ പുഴയിൽനിന്നും എടുത്തതുകൊണ്ട് വളരെ നനഞ്ഞിരുന്നതിനാൽ അതിന് കുറെയധികം വിറക് ചിലവാക്കേണ്ടിവരുമല്ലോ എന്ന് വിചാരിച്ച്, അത് ദഹിപ്പിക്കുന്നതിനുമുമ്പ് വെയിലത്തിട്ടുണക്കാമെന്ന് നിശ്ചയിച്ച് കോലായുടെ മേല്പുരയിൽ ഉണങ്ങാൻവെച്ചു. ചെരിപ്പ് അവിടെവച്ച്, കാസ്മി എവിടെയോ വെളിക്കിറങ്ങിപ്പോയതരത്തിന് ഭക്ഷണംകിട്ടാതെ വിശന്ന് പരവശനായി മെലിഞ്ഞു കുഴങ്ങിയിരുന്ന തന്റെ നായ് മാളികയുടെ ജാലകത്തിൽകൂടി ചാടി, ചെരിപ്പ് കടിച്ചുകാരാൻതുടങ്ങി. അങ്ങനെ കടിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ചെരിപ്പ് താഴെ തെരുവിൽ വീണു. വീഴാൻകാലത്ത് അത് ഒരു കഷണ്ടിക്കാരന്റെ തലയിലാണ് വീണത്. ചെരിപ്പിന്റെ ആണി തലയിൽതറച്ച് തല പൊട്ടി, മുഖത്തുകൂടി രക്തം ഒലിച്ചുതുടങ്ങി.

കാസ്മി വൈകുന്നേരം മടങ്ങി വീട്ടിലേക്ക് വരുമ്പോൾ പോലീസുകാരനും കഷണ്ടിക്കാരനും ഉണ്ടായിരുന്നു തന്നെയും കാത്ത് നിൽക്കുന്നു. തലമുറിഞ്ഞു വന്ന് മുറിയെണ്ണി ആയിരം ഉറുപ്പികയും, പോലീസുകാർക്ക് യഥോചിതം സമ്മാനവും കൊടുക്കാതെ സാധു കാസ്മിയെ അവർ വിട്ടില്ല.

അവരൊക്കെ പോയതിന്നുശേഷം, അവൻ വീട്ടിന്റെ മുറിയിൽ ഒരു ഭ്രാന്തനെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും ഓടി നടന്നു. നടന്നുനടന്ന് തന്റെ നായെ ചവുട്ടിപ്പോയി. ദേഷ്യംപിടിച്ച് ഒരു ചെരിപ്പെടുത്ത് നായെ വളരെനേരം അടിച്ചു. അപ്പോൾ ദേഷ്യത്തിന് തെല്ല് പൊറുതിയുണ്ടായി.

"അഗ്നിക്കും വെള്ളത്തിനും എന്റെ ചെരിപ്പിനെ നശിപ്പിക്കാൻ കഴിയുന്നില്ല. ആട്ടെ അതിനെ ഞാൻ കുഴിച്ചിടുന്നുണ്ട്" എന്ന് കാസ്മി നിശ്ചയിച്ചു. പിറ്റേദിവസം ഉഷസ്സിന്ന് തന്റെ തോട്ടത്തിൽ കടന്നുചെന്ന് ആറടി ആഴത്തിൽ ഒരു കുഴി കുഴിച്ചു. കാസ്മി ഒരു കച്ചവടത്തിൽ തോല്പിച്ചിരുന്ന തന്റെ അയൽവക്കക്കാരൻ ഇത് കണ്ടു. ഒരു മഫ്തിയോട് (വക്കീൽ) കാസ്മി തന്റെ തോട്ടത്തിൽ ഒരു നിക്ഷേപം ഒളിച്ചുവച്ചിരിക്കുന്നുവെന്ന് പറഞ്ഞു. ആ രാജ്യത്തെ നിയമപ്രകാരം മൂന്നടിയിൽ അധികം ആഴത്തിൽ ഉള്ള നിക്ഷേപങ്ങൾ ബാഗ്ദാദ് നഗരക്കാർക്കുള്ളതായിരുന്നതിനാൽ ഈ വിവരം കേട്ട ഉടനെ മഫ്തി ഓടിച്ചെന്ന് തോട്ടം കുഴിപ്പിച്ചു. കിട്ടിയതെന്താ? കാസ്മിയുടെ ചെരിപ്പ്! എന്നാൽ അത് തന്നെ തോല്പിക്കാൻ ചെയ്തതാണെന്ന് വക്കീൽ വാദിക്കയും നമ്മുടെ കാസ്മി പിന്നെയും കുറെ പണം കൊടുക്കേണ്ടിവരികയും ചെയ്തു.

കാസ്മിയ്ക്ക് ആകപ്പാടെ ഭ്രാന്തുപിടിച്ചു. ആ "മാലാകാരം" ചെരിപ്പും എടുത്ത് അവൻ മലമേൽ കയറി ചെരിപ്പ് ഒരു തോട്ടിൽ എറിഞ്ഞുകളഞ്ഞു. ആ തോട്ടിൽനിന്ന് കുഴൽമാർഗ്ഗമായിട്ടായിരുന്നു ബാഗ്ദാദ് പട്ടണത്തിൽ മുഴുവനും വെള്ളം അയച്ചിരുന്നത്. കുറെ ദിവസം കഴിഞ്ഞപ്പോൾ കുഴൽമാർഗ്ഗമായി വെള്ളത്തിന്റെ വരവ് കുറഞ്ഞിരിക്കുന്നതായി കാണപ്പെട്ടു. ഉടനെ പരിശോധന തുടങ്ങി. നോക്കുമ്പോൾ ഒരു കുഴലിൽ ഒരു ചെരിപ്പ് കുടുങ്ങിയതായി കണ്ടു. എടുത്തപ്പോൾ അത് കാസ്മിയുടെ ചെരിപ്പുതന്നെ. സാധുവിന് പിന്നെയും കുടുങ്ങി ഒരു വലിയ പിഴ. എന്നല്ല ജനങ്ങളെ വഞ്ചിക്കാൻ ശ്രമിച്ചുവെന്ന് സർവ്വരും ശങ്കിക്കയും ചെയ്തു.

ഇനി ഇതൊന്നുമല്ല വിദ്യ. പിഴയായി മുൻകൂട്ടിത്തന്നെ കുറെ പണം കൊടുത്തുകഴിഞ്ഞാൽ കൂടെക്കൂടെ ഇങ്ങനെ ബുദ്ധിമുട്ടേണ്ടിവരികയില്ലെന്ന് വിചാരിച്ച് കാസ്മി കുറെ പണം എടുത്ത് ഖാസിയാരുടെ അടുക്കൽ ചെന്നു. പണം കണ്ടാൽ പിന്നെ ഖാസിയാർക്ക് ന്യായങ്ങളൊക്കെ തനിയെ തോന്നിക്കോളും, എന്ന് കാസ്മിക്കറിയാം. അങ്ങനെതന്നെ പണം കിട്ടിയ ഉടനെ ഖാസി ഒരു വിളംബരം പരസ്യംചെയ്തു. മേലാൽ കാസ്മിയുടെ ചെരിപ്പുകൊണ്ട് വല്ലവർക്കും വല്ല ആപത്തും വന്നുപോയെങ്കിൽ അതിന് കാസ്മി ഉത്തരവാദിയായിരിക്കയില്ലെന്നായിരുന്നു വിളംബരത്തിലെ താല്പര്യം.

ഇതോടുകൂടി കാസ്മിയുടെ കഷ്ടകാലവും തീർന്നു. അപ്പോഴാണ് ധനവാനായ ഒരു ഇംഗ്ലീഷ്കാരൻ രാജ്യസഞ്ചാരം ചെയ്തുകൊണ്ട് ബാഗ്ദാദിൽ എത്തിയത്. അദ്ദേഹം ഈ ചെരിപ്പിന്റെ വിവരം കേട്ട്, അത് കൈവശപ്പെടുത്തണമെന്ന് ആഗ്രഹിച്ച്, കാസ്മിയുടെ അടുക്കൽ ചെന്നു. കാസ്മിക്ക് അനർത്ഥങ്ങൾ ഇത്രയൊക്കെ നേരിട്ടിരുന്നുവെങ്കിലും തന്റെ വ്യാപാരസാമർത്ഥ്യത്തിന് കുറവൊന്നും സംഭവിച്ചിരുന്നില്ല അതുകൊണ്ട് ഇംഗ്ലീഷുകാരൻ ചെരിപ്പിന് ആയിരം പവൻ കൊടുക്കാമെന്നും അത് താൻ ബിലാത്തിയിലേക്ക് കൊണ്ടുപോകുമെന്നും വാഗ്ദാനം ചെയ്തശേഷമല്ലാതെ കാസ്മി തന്റെ ചെരിപ്പ് വിറ്റില്ല. ഈ ചെരിപ്പ് ഇപ്പോഴും ലണ്ടൻനഗരിയിലെ കാഴ്ച ബംഗ്ലാവിൽ സൂക്ഷിച്ചിട്ടുണ്ട്. കഥയിൽ സംശയമുള്ളവർക്ക് പോയി കാണാം.

ഭാഷ പോഷിണി,
1077, മിഥുനം.

# 4

## “എന്നിട്ടും”

ഓണംപുലർന്നത് അതിമനോഹരമായ സുദിനമായിട്ടായിരുന്നു. തലേരാത്രി അല്പാല്പമായുണ്ടായിരുന്ന വർഷം കുട്ടികളെയൊക്കെ അത്യന്തം ഭയപ്പെടുത്തി. പുലർച്ച എഴുന്നേറ്റ് പൂപറിക്കാൻ പോകുന്നതിന് മഴയൊരു വിഘ്നമായിത്തീരുമെന്ന് അവർ വിചാരിച്ച് വ്യസനിച്ചിരുന്നു. പാതിരാവായപ്പോൾ മഴ കേവലം വിട്ടു. ആകാശത്തിൽ മേഘപടലങ്ങൾ കേവലം ഇല്ലാതെ ത്രയോദശിച്ചന്ദ്രൻ അനേകം നക്ഷത്രങ്ങളോടുകൂടി പ്രകാശിച്ചുതുടങ്ങി. ഉഷസ്സിന് മംഗലശ്ശേരിപ്രദേശത്തുള്ള കുട്ടികളൊക്കെ ആനന്ദഭരിതന്മാരായി എഴുന്നേറ്റ് അവരവരുടെ ‘കൊട്ട’കളും എടുത്ത് പുഷ്പങ്ങൾ ശേഖരിക്കാൻ തൊടികളിലും പാടങ്ങളിലും പ്രവേശിച്ച് ഓണപ്പാട്ടുകൾ പടി ഉല്ലസിച്ചുതുടങ്ങി. സൂര്യഭഗവാന്റെ വരവിനെ മുൻകൂട്ടി അറിയിക്കുന്നതിനെന്നതുപോലെ രശ്മികൾ ഭൂലോകത്ത് വ്യാപിക്കാൻ തുടങ്ങുകയും അത്യുന്നതങ്ങളായ വൃക്ഷങ്ങൾ തങ്ങടെ ശിഖരങ്ങളെക്കൊണ്ട് അവയെ ആദരിച്ച് സ്വീകരിക്കയും ചെയ്തു.

അധികതാമസംകൂടാതെതന്നെ ചുട്ടുപഴുപ്പിച്ച അയഃപിണ്ഡത്തിന്റെ ശോഭാതിരേകത്തോടുകൂടി “ഉദിച്ചു പൊങ്ങീ ഭഗവാനും.”

കേരളത്തിലൊട്ടുക്കും ഉള്ള ഹിന്ദുസമുദായം ഒരു മഹോത്സവമായി കൊണ്ടാടുന്ന തിരുവോണദിവസം ഇങ്ങനെ പ്രകൃതിയുടെ കാരുണ്യംകൊണ്ട്, അത്യന്തം മനോഹരമായിത്തീർന്നുവെങ്കിലും മംഗലശ്ശേരിപ്രദേശത്തുള്ള ആബാലവൃദ്ധം സ്ത്രീപുരുഷന്മാരെ പരിഭ്രമിപ്പിക്കുകയും വ്യസനിപ്പിക്കുകയുംചെയ്ത ഒരു കഠിനസംഭവവും അന്നുതന്നെ ഉണ്ടായി. മല്ലികക്കാട്ട് എന്ന വീട്ടിലെ ദാസി, പെണ്ണൂട്ടി അമംഗളദേവതയുടെ അവതാരമെന്നപോലെ തലമുടി പറിച്ചുകീറി, മാറത്തടിച്ചുനിലവിളിച്ചുകൊണ്ട് വൈദ്യൻ കുമരമംഗലത്ത് മൂസ്സതിന്റെ ഇല്ലത്തേക്ക് ഓടിപ്പോകുന്നത് കണ്ടവരൊക്കെ സംഗതിയെന്തെന്നറിയാതെ വളരെ പരിഭ്രമിച്ചു. അവളെ വഴിക്കുവച്ച് കണ്ടവരിൽ ചിലർ തടുത്തിട്ട് വിവരംചോദിച്ചതിൽ, “എന്റെ പൊന്നമ്മയെ കൊന്നപ്പാ” എന്ന് അവ്യക്തസ്വരത്തിൽ നിലവിളിച്ച് പറഞ്ഞതല്ലാതെ കാര്യമൊന്നും പറഞ്ഞില്ല.

വൈദ്യൻ മല്ലികക്കാട്ടിൽ എത്തിയപ്പോൾ അവിടെ പുരുഷാരം നിറഞ്ഞിരിക്കുന്നു. മല്ലികക്കാട്ട് എന്ന വീട് വളരെ പ്രാചീനമായതും, ആ പ്രദേശത്ത് സാമാന്യം ധനപുഷ്ടിയുള്ളതും ആയിരുന്നു. കുഞ്ഞിരാമൻ എന്ന് പേരായി ഒരു കാരണവർ വളരെ പണം സമ്പാദിച്ച് തറവാട് ധാരാളം പുഷ്ടിപ്പെടുത്തി. അദ്ദേഹത്തിനുശേഷം തറവാട്ടിന്റെ അഭ്യുദയത്തെ കാംക്ഷിക്കുകയോ അതിനായി യത്നിക്കാൻ പ്രാപ്തിയുണ്ടാകയോ ചെയ്ത കാരണവന്മാർ ഉണ്ടായില്ലെന്ന് മാത്രമല്ല, കുറേ മുടിയന്മാർ ജനിച്ചുവളർന്നു. സ്ത്രീജിതന്മാരും മദ്യപാനികളുമായ ചിലർക്ക് ചെറുപ്പത്തിൽ തന്നെ ആ തറവാട്ടിലെ കാരണവസ്ഥാനം ലഭിച്ചിരുന്നതിനാലും അവരിൽ ആരുംതന്നെ വിദ്യാസമ്പന്നരല്ലായിരുന്നതിനാലും തറവാട്ടുവസ്തുക്കളൊക്കെ ക്രമേണ മുടിഞ്ഞുകൊണ്ടുവന്നു. വീട്ടിൽ സന്തതികളായ സ്ത്രീകളൊക്കെ തറവാട്ടുമാഹാത്മ്യവും പുരാപുണ്യവുംനിമിത്തം വിവാഹം ചെയ്യപ്പെട്ടിരുന്നതിനാൽ അവരൊക്കെ അവരവരുടെ ഭർത്താക്കന്മാരുടെകൂടെയായിരുന്നു താമസം. ഇക്കാലം തറവാട്ടിൽകാരണവരായ നാരായണനും അയാളുടെ ഭാര്യ ദേവകിയമ്മയും കുറെ ഭൃത്യന്മാരും മാത്രമേ വീട്ടിൽ താമസമുള്ളു. ദേവകിയമ്മ വലിയ ദ്രവ്യസ്ഥനായ ഒരു കരാറുകാരന്റെ മകളാണ്. അവളുടെ അച്ഛൻ കണ്ണൻമേസ്തിരി കരാർകൊണ്ട് ധാരാളം പണം സമ്പാദിച്ചുവെന്നല്ലാതെ വലിയൊരു തറവാടിയായിരുന്നില്ല. തനിക്ക് വലിയ തറവാട്ടുകാരുമായി സംബന്ധം വേണമെന്നാഗ്രഹിച്ചിട്ടാണ് അതിസുന്ദരിയും സുശീലയുമായ തന്റെ പുത്രിയെ നാരായണന് വിവാഹംചെയ്തുകൊടുത്തത്. പ്രായം, ദേഹസ്ഥിതി, സൗഭാഗ്യം മുതലായവകൊണ്ട് നാരായണൻ ദേവകിക്ക് യോജിപ്പുള്ള ഒരു ഭർത്താവായിരുന്നു എന്നതിന് സംശയമില്ലെങ്കിലും, ദേവകിയുടെ സദ്ഗുണങ്ങളും സ്വഭാവവൈശിഷ്ട്യവും ബുദ്ധിപരിപാകവും മറ്റും ആലോചിച്ചാൽ അവൾ നാരായണന്റെ ഭർത്തവ്യയായിരിക്കാനല്ല സൃഷ്ടിക്കപ്പെട്ടതെന്ന് തോന്നും. എങ്കിലും ഭാര്യാഭർത്താക്കന്മാർ അത്യന്തം സ്നേഹത്തിലും വിശ്വാസത്തിലുംതന്നെ കാലക്ഷേപം കഴിച്ചുപോന്നു.

നാരായണൻ തല്ക്കാലം വീട്ടിലുണ്ടായിരുന്നില്ല. ഒരാഴ്ചയായി അയാൾ, എന്തോ ആവശ്യാർത്ഥം എവിടെയോ പോയിരിക്കയാണ്. ഓണത്തിന് നിശ്ചയമായും മടങ്ങിവരുമെന്ന് വിശ്വസിക്കപ്പെട്ടിരുന്നു.

മൂസ്സത് വീട്ടിന്റെ കോലായിലും മുറ്റത്തുമുള്ള ആളുകളോട് യാതൊന്നും സംസാരിക്കാതെ, ബദ്ധപ്പെട്ടുകൊണ്ട് നിശ്ശങ്കം വീട്ടിന്റെ അകത്തേക്ക് കടന്നു. “വാതിച്ചോർക്കും പ്രാണാപയെ ജാതിച്ചോദ്യംവേണ്ടാ തൊടുവാൻ” എന്നുള്ള പ്രമാണം വൈദ്യന് നല്ലവണ്ണമറിയാമായിരുന്നു. വൈദ്യൻ മുറിക്കകത്തു ചെന്ന് നോക്കുമ്പോൾ ദേവകിയമ്മ മാളികമേലുള്ള അവരുടെ മുറിയിൽ കട്ടിലിനടുക്കെ ബോധമില്ലാതെ വീണുകിടക്കുന്നു. വേഗം ചെന്ന്, അദ്ദേഹം പരിശോധിച്ചപ്പോൾ മരിച്ചിട്ടില്ലെന്നും പക്ഷേ, മരിക്കാൻ അധികമൊന്നും താമസം വേണ്ടിവരികയില്ലെന്നും കണ്ടു. ദേവകിയമ്മയുടെ ദേഹം പരിശോധിച്ചതിൽ അവരുടെ തലയുടെ പിൻഭാഗത്ത് കഠിനമായ ഒരു അടികൊണ്ടിരിക്കുന്നുവെന്ന് വെളിപ്പെട്ടു. മൂസ്സത് അതിപ്രസിദ്ധനായ വൈദ്യനും ധാരാളം ലോകപരിചയമുള്ള മാന്യനുമായിരുന്നു. അദ്ദേഹം മുറിയിൽ നാലുപാടും ഒന്ന് ക്ഷണത്തിൽ കണ്ണയച്ച് പരിശോധിച്ചതിൽ അടുക്കെയുള്ള ഒരു പെട്ടി തുറന്നിട്ടിട്ടുണ്ടെന്നും അതിന്നടുക്കെ ഒരു ചെറിയ ചന്ദനപ്പെട്ടി കിടപ്പുണ്ടെന്നും പെട്ടിയിലെ സാധനങ്ങളൊക്കെ താറുമാറായി കിടക്കുന്നുണ്ടെന്നും കണ്ടു. ഉടനെ അദ്ദേഹം തിരിഞ്ഞുനോക്കിയപ്പോൾ വാതിലിനടുക്കെ നില്ക്കുന്നതായി കണ്ട ഒരാളോട്, ‘ഓടിപ്പോയി പോലീസ്സുകാരെ കൂട്ടിക്കൊണ്ടുവരു, ഇത് കള്ളന്മാരുടെ പ്രവൃത്തിയാണ്’ എന്ന് പറഞ്ഞു. അത് കേട്ടയാൾ ശേഷം കേൾക്കാൻ താമസിക്കാതെ ഏണിപ്പടി ചാടിയിറങ്ങി, പോലീസ്സ്സ്റ്റേഷനിലേക്ക് കുതിച്ചോടി. അദ്ദേഹത്തിന്റെ പിന്നാലെ വേറെ ചിലരും ഓടി. ആരും വീട്ടിനകത്ത് കടന്നുപോകരുതെന്ന് ധൃതിയിൽ വൈദ്യൻ കല്പിച്ചുകൊണ്ട്, തന്റെ മടിയിൽ തിരുകിവെച്ചിരുന്ന ഒരു ചെപ്പുതുറന്ന് ഒരു മരുന്നെടുത്ത് ദേവകിയമ്മയുടെ മൂക്കിനുനേരെ വെച്ചു. അതുകൊണ്ട് യാതൊരു ഫലവും ഇല്ലെന്നുകണ്ട് ആ സ്ത്രീയെ സാവധാനത്തിൽ എടുത്ത് അടുത്തുള്ള കട്ടിലിൽകിടത്തി, എന്താണ് ചെയ്യേണ്ടതെന്നറിയാതെ വിഷണ്ണനായി തലയും ചൊറിഞ്ഞുകൊണ്ട് അവിടെ നില്പായി. അപ്പോഴേയ്ക്കും ദേവകിഅമ്മയുടെ ഭർത്താവ്, നാരായണൻ വരുന്നുണ്ടെന്ന് വെളിയിൽനിന്ന് ആരോ പറയുന്നത് കേട്ടു. മൂസ്സത് വലിയൊരു ആശ്വാസസൂചകമായി ഒരു ദീർഘശ്വാസം ചെയ്തു.

നാരായണൻ അത്യന്തം പരിഭ്രമിച്ച് കിതച്ചുവിളറി കണ്ണിൽനിന്ന് തുടുതുടെ വെള്ളം ചാടിയനിലയിൽ അകത്ത് പ്രവേശിച്ചു. തന്റെ പ്രാണേശ്വരിയുടെ നില കണ്ടപ്പോൾ “എന്താണങ്ങുന്നെ, ഇതെന്ത് കഥയാണ്? എന്റെ ഓണശ്ശകുനമോ ഈശ്വരാ ഇത്” എന്ന് പറഞ്ഞ ഉടനെ മൂസ്സത് അയാളെ ചെന്ന് പിടിച്ച് “നാരായണൻ വ്യസനിക്കേണ്ടാ, നാരായണന്റെ ഭാര്യയ്ക്ക് ഒന്നും വന്നിട്ടില്ല, ഒക്കെ ശരിയാകും” എന്ന് പറഞ്ഞു. ഇത് കേട്ടപ്പോൾ നാരായണന്റെ പ്രകൃതിയൊന്ന് മാറി; കണ്ണിലെ വെള്ളം നിന്നു. “എന്താ, ദേവകി മരിച്ചിട്ടില്ലെ?” എന്ന് പറഞ്ഞു ഉടനെതന്നെ, “അങ്ങുന്നെന്നെ ആശ്വസിപ്പിക്കാൻവേണ്ടി പറകയാണോ?” എന്ന് ചോദിച്ചു.

**മൂസ്സത്:** “ഇല്ല മരിച്ചിട്ടില്ല, നാരായണൻ വരു. ഉടനെ ഒരു ഇംഗ്ലീഷുവൈദ്യനെ വിളിക്കട്ടെ എന്നെക്കൊണ്ട് ഇവിടെയൊന്നും സാദ്ധ്യമാകുമെന്ന് തോന്നുന്നില്ല. സാധുസ്ത്രീയുടെ തലയ്ക്ക് കഠിനമായ ഒരടികൊണ്ടിട്ട് തലയോട് ചതഞ്ഞുപോയിട്ടുണ്ടെന്ന് തോന്നുന്നു. ഇംഗ്ലീഷുവൈദ്യൻ കണ്ടാൽ പക്ഷേ, വല്ല മാർഗ്ഗവും ഉണ്ടായേക്കാം.”

**നാരായണൻ:** “വേണ്ട അങ്ങുന്നെ. അങ്ങുന്നുതന്നെ വല്ലതും ചെയ്താൽമതി. എന്റെ അമ്മയുടെ സുഖക്കേടിന് അവിടുന്ന് ചികിത്സിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നില്ലേ, അച്ഛന്റെ വിഡ്ഢിത്തം നിമിത്തം ഡോക്ടരെ വിളിച്ച് ചികിത്സിപ്പിച്ചത്! കണ്ടില്ലേഫലം? ഞാൻ തീർച്ചയാക്കിയിരിക്കുന്നു, മേലാൽഇംഗ്ലീഷുവൈദ്യനെമാത്രം എന്റെ പടികയറ്റുകയില്ലെന്ന്.”

**മൂസ്സത്:** “രോഗം ഇതാവിധമല്ല. ഇത് ഇംഗ്ലീഷുവൈദ്യൻതന്നെ കാണേണ്ടതാണ്.”

ഇംഗ്ലീഷുവൈദ്യനെ വിളിക്കുന്നതിന് നാരായണൻ എന്തായിട്ടും സമ്മതിച്ചില്ല. മൂസ്സതുതന്നെ വല്ലതും പ്രവർത്തിക്കാൻ തീർച്ചയാക്കി. ഉടനെ പോലീസുകാരും എത്തി.

ദേവകിയമ്മയ്ക്ക് അവരുടെ അച്ഛൻ ധാരാളം ആഭരണങ്ങൾ കൊടുത്തിരിക്കുന്നു. അവയൊക്കെ ഒരു ചന്ദനപ്പെട്ടിയിലാക്കി വലിയൊരു പെട്ടിയിൽ വച്ചിരുന്നു. അവയൊന്നും കാണാനില്ല. മുറിയുടെ ജാലകത്തിൽക്കൂടി കള്ളന്മാർ പ്രവേശിച്ച്, ഉള്ള പണ്ടങ്ങളൊക്കെ കട്ടുകൊണ്ട് പോകയും, അപ്പോൾ ഉറക്കെ ഞെട്ടി നിലവിളിക്കുകയോ, കള്ളന്മാരെ തടുക്കാൻഭാവിക്കയോ ചെയ്ത ദേവകിയമ്മയെ അവർ അടിച്ച് മോഹാലസ്യപ്പെടുത്തുകയും ചെയ്തതാണെന്ന് പോലീസുകാർ തീർച്ചയാക്കി. മാളികയിലെ ജാലകത്തോളം എത്തുന്ന ഒരു വലിയ ഏണി പുറമേനിന്ന് ചുവരോട് ചാരിവെച്ചിട്ടുണ്ട്. അതിന്റെ അടിയിൽ നിലത്ത് ചവിട്ടടികളും ഉണ്ട്. ഇനി കള്ളനെ കണ്ടറിയേണ്ടുന്ന ഭാരമേ പോലീസിനുള്ളു. ദാസി പെണ്ണൂട്ടിയേയും വൈദ്യൻ മൂസ്സതിനേയും പോലീസുകാർ വിസ്തരിച്ചു.

പതിവുപ്രകാരം രാവിലെ ദേവകിയമ്മ താഴത്തിറങ്ങിച്ചെല്ലായ്കയാൽ, പെണ്ണൂട്ടി അവരെ അന്വേഷിച്ച് മുകളിലേയ്ക്ക് ചെന്നുവെന്നും, അപ്പോൾ അവർ നിലത്തുകിടക്കുന്നത് കണ്ടുവെന്നും, അവൾ പരിഭ്രമിച്ച് അടുത്തുചെന്നുനോക്കിയപ്പോൾ ദേവകിയമ്മ ചത്തുപോയിരിക്കുകയാണെന്ന് അവൾ വിചാരിച്ചെന്നും, ഉടനെ വൈദ്യന്റെ അടുക്കൽ ഓടിപ്പോയതാണെന്നും അവൾ പറഞ്ഞു. അവൾ താഴത്താണ് കിടക്കാറ്. തലേദിവസം രാത്രി അവൾ വാതിൽ തുറക്കുന്ന ഒച്ച കേട്ടിരുന്നു. യജമാനൻ വന്നിരിക്കയാണെന്ന് വിചാരിച്ചാണ്, അവൾ ഒന്നും അനങ്ങാതിരുന്നത്. വീട്ടിൽ അവളെക്കൂടാതെ ഒരു ദാസൻകൂടിയുണ്ട്. അവൻ ഓണത്തിന് സമ്മതംവാങ്ങി, തലേദിവസം വൈകുന്നേരം അവന്റെ വീട്ടിൽ പോയിരിക്കയാണ്.

പെണ്ണൂട്ടി വിവരംപറഞ്ഞ ഉടനെ താൻ ഓടിവന്നുവെന്നും, താൻ കാണുമ്പോൾ ദേവകിയമ്മ കവണ്ണു വീണിരിക്കയാണെന്നും പരിശോധിച്ചപ്പോൾ ചത്തിട്ടില്ലെന്ന് കണ്ടുവെന്നും മറ്റും വൈദ്യൻ പറഞ്ഞു.

ഓണത്തിന് സമ്മതംവാങ്ങി വീട്ടിൽപോയ ദാസനറിയാതെ ഈ കാര്യം നടക്കുന്നതല്ലെന്ന് സമർത്ഥനായ ഹെഡ്കാണ്സ്റ്റബിൾ ക്ഷണത്തിൽ നിശ്ചയിച്ചു. അവനെ പിടിക്കാൻ, നൂറ്റിരുപത്തൊന്നിനെ ഓടിച്ചയച്ചു.

അതിനിടയ്ക്ക് മൂസ്സത് രോഗിയുടെ മൂർദ്ധാവിലിടാൻ ചില മരുന്നുകളും മറ്റും തയ്യാറാക്കി, തന്നാൽ കഴിയുന്നതൊക്കെ പ്രവർത്തിച്ചുതുടങ്ങി. പല്ല് കടിയിട്ടുപോയിരുന്നതിനാൽ വയറ്റിലേയ്ക്ക് മരുന്ന് യാതൊന്നും കൊടുക്കാൻ സാധിച്ചില്ല. എങ്കിലും ഒരു നസ്യം ചെയ്തു. നസ്യംചെയ്ത് അല്പംകഴിഞ്ഞപ്പോൾ ദേവകിയമ്മ കണ്ണിന്റെ പുരികം അല്പമൊന്നിളക്കി. രണ്ടാമതും കണ്ണിന്റെ പുരികം അല്പമൊന്നിളക്കി. രണ്ടാമതും ഒരു നസ്യം വേണമെന്ന് വൈദ്യൻ അഭിപ്രായപ്പെട്ടപ്പോൾ “അയ്യോ വൈദ്യരെ, എന്തിന്, ഉപദ്രവിക്കേണ്ടാ, ഇതുകൊണ്ടുതന്നെ ബോധംവരുമെന്ന് തോന്നുന്നുണ്ടല്ലോ” എന്ന് നാരായണൻ പറഞ്ഞു. ഏതായാലും നാരായണന്റെ തടസ്സം ഗണ്യമാക്കാതെ വൈദ്യൻ രണ്ടാമതും നസ്യംചെയ്തു.

ദേവകിയമ്മയ്ക്ക് ഓർമ്മവന്നുകഴിഞ്ഞാൽ കള്ളന്റെ വിവരം അവർ പറയുമെന്നും, പിന്നെ കള്ളനെയോ കള്ളന്മാരെയോ പിടിക്കാൻ പ്രയാസമുണ്ടാകയില്ലെന്നും ഹെഡ്കാൺസ്റ്റബിൾ വിചാരിച്ച്, ആ സ്ത്രീയ്ക്ക് അല്പം ബോധംവരുന്ന അവസരവുംപാർത്ത് നിന്നു. രണ്ടാമത്തെ നസ്യം കഴിഞ്ഞ് അല്പം താമസിച്ചപ്പോൾ ദേവകിയമ്മ കണ്ണുതുറന്ന് നാലുപാടും ഒന്ന് നോക്കി. ഉടനെ നാരായണൻ വലിയൊരു ദീർഘശ്വാസം കഴിച്ച് അടുത്ത ഒരു കസേലയിൽ ഇരുന്ന് കൈകൊണ്ട് മുഖംപൊത്തി പരിഭ്രമിച്ചുതുടങ്ങി. ഉടനെ വൈദ്യൻ അദ്ദേഹത്തിന്റെ കൈപിടിച്ച് കട്ടിലിനടുക്കെ നിർത്തി ദേവകിയമ്മയോടായി:

“ഇതാ, ദേവകിയുടെ ഭർത്താവിതാ വന്നിട്ടു, കണ്ടുവോ?” എന്ന് ചോദിച്ചു.

ദേവകിയമ്മയുടെ മുഖത്ത് ഉടനെ ഒരു പ്രസന്നത ഉണ്ടായപോലെ കാണപ്പെട്ടു. ആ പ്രസന്നത അരനിമിഷമേ ഉണ്ടായുള്ളു. ഉടനെ ഒരു ഭയം അവളെ ബാധിച്ചപോലെ തോന്നി. സാധു നാരായണന്റെ മുഖത്ത് കഠാരകൊണ്ട് കുത്തിയാൽ ഒരുതുള്ളി ചോര കാണുല. ദേവകിയമ്മ, പക്ഷേ, ഇനിയും മൂർച്ഛിച്ചെങ്കിലോ എന്ന് വിചാരിച്ച് ഹെഡ്കാൺസ്റ്റബിൾ അടുത്തുചെന്ന് “ആരായിരുന്നു?” എന്ന് ചോദിച്ചു. ദേവകിയമ്മ സാവധാനത്തിൽ, “കറുത്ത് തടിച്ച ഒരു മാപ്പിള” എന്ന് പറഞ്ഞു പിന്നെയും കണ്ണടച്ചു. രണ്ടുമിനിട്ട് കഴിഞ്ഞപ്പോൾ അടുത്തമുറിയിൽനിന്ന് ഒരു വെടിയൊച്ച കേട്ടു. ഹെഡ്കാൺസ്റ്റബിളും മൂസ്സതും തിരിഞ്ഞുനോക്കുമ്പോൾ നാരായണനെകാണാനില്ല. അടുത്തമുറിയിൽ ചെന്ന് നോക്കുമ്പോൾ അവൻ രക്തത്തിൽ മുഴുകി, പ്രാണനിട്ട് പിടയ്ക്കുന്നു. അടുക്കെ ഒരു കൈത്തോക്കും ഉണ്ട്.

നാരായണൻ വലിയൊരു മദ്യപാനിയും ചൂതാടിയും ആയിരുന്നു. തറവാട്ടുമുതൽ അവൻ ധാരാളം മുടിച്ചു. ഓണത്തിനുമുമ്പ് ഒരാഴ്ച അവൻ ചൂതുകളിച്ച് വളരെ പണം തോറ്റു. തന്റെ ഭാര്യയുടെ പണ്ടങ്ങൾ, അവൾ അറിയാതെ, എടുത്തുകൊണ്ടുപോയി പണയംവയ്ക്കാമെന്ന് വച്ച് രാത്രി അവളുടെ മുറിയിൽ കയറി പണ്ടമെടുക്കുമ്പോൾ അവൾ അറിഞ്ഞുപോയി. പെട്ടെന്നുണ്ടായ ലജ്ജയും അപമാനവും ഓർത്ത് അവളെ തന്റെ കയ്യിലുണ്ടായിരുന്ന വലിയ ഗദകൊണ്ട് അടിച്ചു. അവൾ മോഹാലസ്യപ്പെട്ടുപോയപ്പോൾ, മരിച്ചിരിക്കുമെന്ന് വിചാരിച്ച്, ഓടിപ്പോയി, പിറ്റേദിവസം തന്റെ സഞ്ചാരത്തിൽനിന്നും മടങ്ങിവരുന്ന ഭാവത്തിൽ വന്നതായിരുന്നു. തന്റെ ഭർത്താവാണ് അങ്ങനെ ചെയ്തതെന്ന് ദേവകിയമ്മ നല്ലവണ്ണം അറിഞ്ഞു. “എന്നിട്ടും” അദ്ദേഹത്തെ രക്ഷിപ്പാൻവേണ്ടി, ആ മോഹാലസ്യത്തിൽനിന്ന് നിവൃത്തയായ ആ സമയത്തുപോലും മാപ്പിളയാണ് തന്നെ ആ വിധംചെയ്തതെന്ന് കളവുപറഞ്ഞു. പുരുഷന്റെ മദ്യപാനത്തിനും ചൂതുകളിക്കും മറ്റ് ദുരാചാരങ്ങൾക്കും കൊലപാതകത്തിനുതന്നെയും ആ സ്ത്രീയുടെ സ്നേഹത്തെയും പ്രണയത്തെയും ഇല്ലായ്മചെയ്‌വാൻ സാധിച്ചില്ല.

വിവേകോദയം,<br>1085, ചിങ്ങം.

## 5

# ഒരൊറ്റ നോക്ക്

"എന്റെ സമ്മതമില്ലാതെ നിങ്ങളെങ്ങനെയാണ് അവളെ അയച്ചത്? ഞാനല്ലെ അവളുടെ ഭർത്താവ്?"

"നിനക്ക് വിരോധമുണ്ടാകുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല."

"വിരോധമുണ്ടാകുമോ ഇല്ലയോ എന്ന്, നിങ്ങളെങ്ങനെ അറിഞ്ഞു?"

"ഇതിനുമുമ്പും മാധവി നിന്റെ സമ്മതംകൂടാതെ അടിയന്തിരങ്ങൾക്ക് പോയിട്ടുണ്ടല്ലൊ. അന്നൊന്നും നീ വിരോധം പറഞ്ഞിരുന്നില്ലല്ലൊ. അവളുടെ അച്ഛന് ഇഷ്ടമുള്ള ദിക്കിൽ അവൾ പോയിക്കൊള്ളട്ടെയെന്നല്ലേ പറയാറ്? ഇതും അങ്ങനെതന്നെ നിനക്ക് സമ്മതമായിരിക്കുമെന്ന് ഞാൻ വിചാരിച്ചു."

"ആ കാലമൊക്കെ മാറിയില്ലെ? എന്റെ അച്ഛൻ നിങ്ങളുടെ പരിഷ്കാരത്തിനൊക്കെ വിരോധിയാണ്. അത് നിങ്ങൾക്കറിയാമല്ലൊ. ഞങ്ങൾക്ക് പഴയ സമ്പ്രദായങ്ങളൊക്കെ മതി."

"അതെന്താ, പഴയ സമ്പ്രദായമെന്ന് നീ പറയുന്നത്? ഇപ്പഴ് നടക്കുന്നതൊക്കെ പഴയ സമ്പ്രദായമാണോ?"

"അതൊക്കെ ക്രമേണ വന്ന പരിഷ്കാരങ്ങളല്ലേ? സർവജനങ്ങൾക്കും ഒരുപോലെ വിരോധമുള്ളതല്ലേ താലികെട്ട് ഇല്ലാതാക്കുന്നത്? അതിന് നിങ്ങളൊക്കെ ഇങ്ങനെ പുറപ്പെട്ടാലോ?"

"എന്താണ് വാസുദേവനിങ്ങനെ കേവലം വിദ്യാഭ്യാസമില്ലാത്തവരെപ്പോലെ സംസാരിക്കുന്നത്? ഇപ്പോൾ നമ്മുടെയിടയിൽ നടക്കുംപോലെയുള്ള താലികെട്ടിന് എന്തൊരർത്ഥമാണുള്ളത്? നിങ്ങളൊക്കെ ബി. ഏ. മുതലായ പരീക്ഷയൊക്കെ ജയിച്ച്, വളരെ പുസ്തകങ്ങൾ വായിച്ച്, പല രാജ്യങ്ങളിലും സഞ്ചരിച്ച്, അനേകതരം ജനങ്ങളുമായി കണ്ട് പരിചയമായി ബുദ്ധിവികാസവും ലോകപരിചയവും സിദ്ധിച്ചവരല്ലേ? ഞങ്ങൾ പെണ്ണുങ്ങൾ! ഞങ്ങൾക്കെന്തറിയാം? എന്റെ ചെറിയബുദ്ധികൊണ്ട് ആലോചിച്ചതിൽ ഈ താലികെട്ടുകല്യാണം വെറും പണച്ചെലവ് മാത്രമല്ലാതെ മറ്റൊന്നുമല്ലെന്നാണ് തോന്നുന്നത്. എന്തൊരു ഗോഷ്ഠിയാണ് ചെറിയ പെൺകുട്ടികളെക്കൊണ്ട് ചെയ്യിക്കുന്നത്! വലിയൊരു വൈദികകർമ്മമാണ് താലികെട്ടെന്നല്ലേ വച്ചിരിക്കുന്നത്. ആരാണ് നമ്മുടെ വൈദികൻ? നമ്മുടെ ക്ഷുരകനോ? നിങ്ങൾക്ക് സർവ്വപരിഷ്കാരവും വേണം. പെണ്ണുങ്ങളെ സംബന്ധിക്കുന്ന കാര്യത്തിലൊക്കെ പഴയ ആചാരം മതി. നിങ്ങൾക്ക് യൂറോപ്യൻസമ്പ്രദായത്തിൽ ഉടുക്കണം, മുടിവെട്ടണം, ഒക്കെ വേണം. അതെ, സ്ത്രീകളുടെ ഉടുപ്പിലും ചില മാറ്റം വരുത്തീട്ടുണ്ട്; നേരുതന്നെ. എന്തിന് വരുത്തി? നിങ്ങളുടെ ഒന്നിച്ച് തീവണ്ടിയിൽ സഞ്ചരിക്കുമ്പോൾ, പുടവയും മുണ്ടും കത്തിഞാത്തിയ കാതും പരുക്കൻവളയും കണ്ടാൽ അന്യജാതിക്കാർ പുച്ഛിക്കുന്നതിനെ പേടിച്ചിട്ട് നിങ്ങൾ ചേല ഉടുപ്പിക്കുന്നു; കാത് ചെറുതാക്കുന്നു. നിന്റെ യൂറോപ്യൻസ്നേഹിതന്മാരിൽ വല്ലവരോടും നമ്മളുടെ താലികെട്ടടിയന്തിരത്തെ ഒന്നങ്ങ് വിവരിച്ചുകൊടുക്കൂ; എന്താണ് അവരുടെ അഭിപ്രായമെന്നൊന്നു ചോദിക്കൂ. ബ്രാഹ്മണരുടെ ഇടയിൽ പെൺകുട്ടികൾ ഋതുവാകുന്നതിനുമുമ്പ് താലികെട്ടണം എന്ന നടപ്പുണ്ട്; ശരിതന്നെ. താലികെട്ടുകയെന്നാൽ വിവാഹംകഴിക്കുകയെന്നാണ് അവിടെ അർത്ഥം. താലികെട്ട് അവരുടെ വിവാഹത്തിന്റെ മുഖ്യകർമ്മങ്ങളിൽ ഒന്നാണ്. ശൂദ്രരുടെ ഇടയിൽ 'പുടമുറി' എന്ന് പറഞ്ഞാൽ എങ്ങനെ വിവാഹമെന്നർത്ഥമാണോ അതുപോലെ ബ്രാഹ്മണരുടെയിടയിൽ 'താലികെട്ട്' എന്ന് പറഞ്ഞാൽ വിവാഹമെന്നാണർത്ഥം. ബ്രാഹ്മണരെ അനുകരിക്കുകയാണെന്നുവിചാരിച്ച് നാം ചെയ്യുന്ന ഈ കർമ്മത്തിൽ, യഥാർത്ഥവസ്തുവെ വിട്ട് വെറും നിഴലിനെയാണ് പിടിച്ചിരിക്കുന്നത്. നായന്മാരെയാണ് നാം ഈവിധം അനുകരിച്ചതെന്ന് വിചാരിക്കുക. അവരുടെയിടയിൽ ഋതുസ്നാനത്തിനുമുമ്പ് പുടമുറികഴിക്കണം എന്നൊരു ചട്ടമുണ്ടെന്നും വിചാരിക്കുക. നമ്മൾ ആ സമ്പ്രദായത്തിൽ നിഴൽമാത്രം പിടിച്ച് ഒരു പെൺകുട്ടി ഋതുവാകുന്നതിനുമുമ്പ് വളരെ പണം ചെലവാക്കി വാദ്യഘോഷത്തോടുകൂടി ഒരു സദ്യകഴിച്ച്, നമ്മുടെ ക്ഷുരകനെക്കൊണ്ട് പുടമുറിച്ച് കൊടുപ്പിക്കുന്ന ഒരു അടിയന്തിരം നടന്നുവെന്നിരിക്കട്ടെ. അതെത്ര ആഭാസമായി തോന്നും? അത്രതന്നെ ആഭാസമാണിത്. പക്ഷേ, പണ്ടുപണ്ടേ നടന്നുപോന്നതുകൊണ്ട് അതിന്റെ ആഭാസം നമുക്ക് പ്രത്യക്ഷമാകുന്നില്ല."

"നിങ്ങളെന്നോട് ഇത്ര വലിയ പ്രസംഗമൊന്നും കഴിക്കേണ്ടതില്ല. എന്റെ അച്ഛന് താലികെട്ട് നിറുത്തൽചെയ്യുന്നത് ഇഷ്ടമല്ല. താലികെട്ടി വിവാഹം കഴിക്കുന്നത് വലിയ തെറ്റാണെന്ന് ഞങ്ങൾ വിചാരിക്കുന്നു."

"നിങ്ങളുടെ മർക്കടമുഷ്ടി! മാധവിയുടെ അച്ഛൻ ഇതിൽ പ്രവേശിച്ചതുകൊണ്ട് അതിന് വിരോധമായി പ്രവർത്തിക്കണമെന്ന് നിന്റെ അച്ഛൻ വിചാരിക്കുന്നു. അല്ലാതെ അതിന് അർത്ഥമില്ല."

"നിങ്ങൾ പറയുന്നതിനും ചെയ്യുന്നതിനുംമാത്രമേ അർത്ഥമുള്ളു. ഞങ്ങളൊക്കെ വിഡ്ഢികൾ."

"എന്ന് ഞാൻ പറഞ്ഞിട്ടില്ല."

കല്യാണിയമ്മ ഒടുവിൽ പറഞ്ഞ ഈ വാക്ക് കേൾക്കാൻ വാസുദേവൻ നിന്നില്ല. അവൻ പടി ഇറങ്ങിപ്പോയി. തന്റെ മകളുടെ ഭർത്താവ് ഇങ്ങനെ കോപിച്ചിറങ്ങിപ്പോയതുകൊണ്ട് കല്യാണിയമ്മ കുറെ വിഷാദിച്ചു. താൻ അന്യായമായി വല്ലതും പറഞ്ഞുപോയോ എന്നാലോചിച്ച് പശ്ചാത്തപിച്ചു. കല്യാണിയമ്മയുടെ ഏകപുത്രിയാണ് മാധവി. അവളെ വാസുദേവൻ വിവാഹംചെയ്ത് അല്പദിവസം കഴിഞ്ഞശേഷംതന്നെ, അവളുടെ അച്ഛൻ ഗോവിന്ദനും, അവന്റെ അച്ഛൻ കൃഷ്ണനും തമ്മിൽ സംഗതിവശാൽ സ്വരച്ചേർച്ചയില്ലാതായിരുന്നു. ഗോവിന്ദൻ വളരെ ജനരഞ്ജനയും ജാത്യഭിമാനവും ഉള്ള ഒരു സുശീലനും സാധുപ്രകൃതക്കാരനുമാണ്. അദ്ദേഹം ധാരാളം കേസ്സും പണവുമുള്ള ഒരു വക്കീലാണ്. തന്റെ ജാതിയും തന്റെ രാജ്യക്കാരും നന്നാകണമെന്ന് നിർവ്യാജമായി വിചാരിച്ച്, പണവും സമയവും അതിലേക്കായി വ്യയംചെയ്യുന്ന യോഗ്യനാണ് അദ്ദേഹം. കൃഷ്ണൻ വലിയ പണക്കാരനാണ്. ഗവണ്മെന്റുദ്യോഗത്തിൽ പ്രവേശിച്ച്, തന്റെ സാമർത്ഥ്യംകൊണ്ടല്ലെങ്കിലും യൂറോപ്യന്മാരുടെ സേവകൊണ്ട് ക്രമേണ കയറി ഒരു മുൻസിപ്പുദ്യോഗം കിട്ടി; അതിൽ നിന്ന് പെൻഷൻ വാങ്ങിയിരിക്കയാണ്. മുൻസിപ്പായിരുന്ന കാലത്ത് വളരെ പണം കൈക്കൂലിവാങ്ങി ധാരാളം സ്വത്ത് സമ്പാദിച്ചിട്ടുണ്ട്. അത് താനും തന്റെ കുടുംബങ്ങളും അനുഭവിച്ച് സുഖിക്കയാണ്. ഗോവിന്ദന്റെ ജനസ്വാധീനവും മറ്റും കണ്ടിട്ട് കൃഷ്ണന്റെ മനസ്സിൽ അസൂയയുടെ ഒരു ചെറിയ തൈയ് ആദ്യംതന്നെ തന്റെ അറിവുകൂടാതെ മുളച്ചിരുന്നു. അത് ഇപ്പോൾ വളരെ വളർന്ന്, "സൈ്വരമതുപൂത്തു കുസുമങ്ങളുതിരുന്ന വേരഖിലഭൂതലവുമെങ്ങുമിടകൂടി" എന്ന നിലയിലായിരിക്കുന്നു. അങ്ങനെയിരിക്കുമ്പോഴാണ്, ഇക്കാലം ചില യോഗ്യന്മാർ ആരംഭിച്ച സമുദായപരിഷ്കാരകർമ്മത്തിൽ ഗോവിന്ദൻ ഒരു വലിയ ഉത്സാഹിയായിത്തീർന്നത്. അതിൽ ഗോവിന്ദൻ ഉത്സാഹിയാണെന്നുള്ള പരമാർത്ഥംതന്നെ, കൃഷ്ണൻ അതിന് വിരോധിയാകാൻ സംഗതിയായി. ജനങ്ങൾ വിചാരിച്ചാൽ സംഗതി കാണാൻ പ്രയാസമുള്ള കർമ്മങ്ങൾ ലോകത്തിൽ എന്തൊക്കെ സംഭവിക്കുന്നു! അതിലൊന്നാണ് കൃഷ്ണന്റെ മകനും ഗോവിന്ദന്റെ മകളും തമ്മിൽ ഉണ്ടായ വിവാഹബന്ധം. വാസുദേവൻ ബി. ഏ. പരീക്ഷ ജയിച്ച് പരിഷ്കാരം സിദ്ധിച്ച ഒരു യുവാവും ഇപ്പോൾ ഒരു ഗവണ്മെന്റ് ഉദ്യോഗസ്ഥനുമാണ്. അവനിൽ പറയത്തക്ക ദുർഗ്ഗുണങ്ങൾ ഒന്നും ഉള്ളതായി അറിയുന്നില്ല. മാധവി മഹാസുന്ദരിയും അത്യന്തസുശീലയും ആയ ഒരു പൊൻകുട്ടിയാണ്. അവൾക്ക് അവളുടെ അച്ഛൻ നല്ല വിദ്യാഭ്യാസം നൽകിയിരുന്നതിനാൽ അവളുടെ ബുദ്ധിക്ക് ധാരാളം പാകത സിദ്ധിച്ചിരിക്കുന്നു. ചെറുപ്പത്തിൽത്തന്നെ ഇത്ര ആലോചനയും അനുസരണയും ഉള്ളവർ അധികമില്ല.

ഭാര്യാഭർത്താക്കന്മാർ വിവാഹശേഷം ദൃഢാനുരാഗത്തിൽത്തന്നെ വളർന്നുപോന്നു. അവരുടെ ഗുണങ്ങളെപ്പറ്റി ആലോചിച്ചാൽ,

"ചേർത്തിഹ തൗ സമാനഗുണരായ വധൂവരരെ-
ക്കീർത്തിപിതാമഹന്നു ചിരകാലമബാധിതയായ്"

എന്നേ പറയേണ്ടതുള്ളു. വാസുദേവൻ അച്ഛന്റെ ആജ്ഞകളെ അക്ഷരംപ്രതി എന്നപോലെ അനുസരിക്കുന്നതിൽ അത്യന്തം ഉത്സുകനായിരുന്നു. വലിയ ഒരു ഗുണമായി വിചാരിക്കേണ്ടുന്ന ഈ സ്വഭാവം, വാസുദേവന്റെ അനർത്ഥത്തിനാണ് അവനിൽ ദൃഢമായി പതിഞ്ഞുകിടന്നതെന്നുവേണം പറവാൻ.

> "മര്യാദലംഘനം ചെയ്‌വവനാകിലാ
> ചാര്യനെന്നാകിലും ത്യാഗം ബുധമതം"

എന്നുള്ളതിൽ, വാസുദേവൻ ലവലേശം വിശ്വസിച്ചിരുന്നില്ല. കല്പിക്കുന്നവരുടെ ദുർഗ്ഗുണവും ദുഷ്ടവിചാരവുംകൊണ്ട്, കല്പനയനുസരിക്കുന്നവർ സങ്കടത്തിലാവുന്നത് സാധാരണയാണല്ലോ.

മാധവി ഇക്കാലത്ത് അല്പദിവസം തന്റെ അച്ഛന്റെ ഒന്നിച്ച് താമസിക്കാൻ വന്നിരിക്കയായിരുന്നു. അതിലിടയ്ക്ക് ഒരുദിവസം സമീപത്ത് ഒരു വീട്ടിൽ ഒരു വിവാഹാദിയന്തിരം ഉണ്ടായിരുന്നതിൽ മണവാളൻ മണവാട്ടിക്ക് താലികെട്ടണം എന്ന പുതിയ ഏർപ്പാടുണ്ടായിരുന്നു. കൃഷ്ണനും അവന്റെ ഭാഗക്കാരും അതിന് വിരോധികളായിരുന്നുവെങ്കിലും അതുവരെ പ്രത്യക്ഷത്തിൽ യാതൊന്നും കൃഷ്ണൻ പറഞ്ഞിരുന്നില്ല. ആ വിവാഹത്തിന് ഗോവിന്ദൻ പോകുമ്പോൾ തന്റെ മകളെയും ഒന്നിച്ചുകൂട്ടി.

ആ ദിവസം ഉച്ചയ്ക്ക് പത്മനാഭൻ എന്ന് പേരായി ഒരു ചെറുപ്പക്കാരൻ കൃഷ്ണന്റെ വീട്ടിൽചെന്നു. ഈ ചെറുപ്പക്കാരനെ എന്റെ വായനക്കാർ നല്ലവണ്ണം മനസ്സിലാക്കണം. ഈവിധം ആളുകൾ നമ്മുടെ രാജ്യത്ത് അത്ര അധികമില്ല. ആൾ കുറിയവനാണ്. എപ്പോഴും കണ്ണട ധരിച്ചിട്ടാണ്. ദുഷ്ടതയും അസൂയയും ഉരുണ്ടുകൂടിയ ആകൃതിയിൽ സ്ഥിതിചെയ്യുന്ന രണ്ട് ചെറുഗോളങ്ങൾ, കണ്ണടയുടെ ഉള്ളിൽനിന്ന് വെളിക്കുചാടി ലോകം മുഴുവൻ ഭസ്മീകരിക്കാൻ ശ്രമിക്കുന്നമാതിരി ചലിച്ചുകൊണ്ടിരിക്കുന്ന രണ്ട് കണ്ണുകളാണ് അവനുള്ളത്. ശരീരം വളരെ കറുത്തിട്ടാണ്; ഉള്ള് അതിലധികം കറുത്തിട്ടാണ്. നടക്കുമ്പോൾ വലത്തുകാൽ ഭൂമിയിൽ കുറെ ബലത്തിൽ ചവിട്ടുകയും അതുനിമിത്തം ആ ഭാഗത്തേയ്ക്ക് ഒരു ചെരുവുള്ളമാതിരി കാണപ്പെടുകയുംചെയ്യും. പത്മനാഭൻ ഗോവിന്ദന്റെ ഒരു ആശ്രിതനാണ്; എന്നുവച്ചാൽ, താനും തന്റെ കുടുംബവും അദ്ദേഹത്തെക്കൊണ്ടാണ് ജീവിക്കുന്നത്. തരംകിട്ടുമ്പോളൊക്കെ ഗോവിന്ദന് വിരോധമായി സ്വകാര്യം വല്ലതും പ്രവർത്തിക്കുന്നതിലാണ് പത്മനാഭൻ തന്റെ കൃതജ്ഞതയെ കാണിക്കാറ്. അവൻ കൃഷ്ണന്റെ വീട്ടിൽ ചെന്ന് നാട്ടുവർത്തമാനങ്ങൾ പലതും പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇങ്ങിനെ ഒരു സംഭാഷണമുണ്ടായി.

**പത്മനാഭൻ:** നിങ്ങളിന്നത്തെ "കല്യാണമംഗല"ത്തിന് പോകുന്നില്ലെ?

**കൃഷ്ണൻ:** ഞാനില്ല, ഒരുപ്രാവശ്യം താലികെട്ടിയ പെണ്ണിന് പിന്നെയുംപിന്നെയും താലികെട്ടുക. എന്ത് ഗോഷ്ഠിയാണ്! ഇവർക്കൊക്കെ ഭ്രാന്താണ്.

**പത്മനാഭൻ:** വാസുദേവൻ പോകുന്നുണ്ടായിരിക്കാം.

**കൃഷ്ണൻ:** ഞാൻ പോകാത്ത ദിക്കിൽ അവൻ പോകുമോ?

**പത്മനാഭൻ:** ഓഹോ അങ്ങിനെയാണോ? എന്നാൽ-

**കൃഷ്ണൻ:** എന്നാൽ എന്താണ്; പറയിൻ എന്താണ്?

**പത്മനാഭൻ:** എന്നാൽ—മറ്റൊന്നുമല്ല. എന്നാൽ ഭർത്താവ് പോകാത്ത ദിക്കിൽ ഭാര്യയും പോകാൻ പാടില്ലല്ലോ.

**കൃഷ്ണൻ:** ഒരിക്കലുമില്ല. എന്റെ ഭാര്യയും പോകയില്ല.

**പത്മനാഭൻ:** നിങ്ങളുടെ ഭാര്യയല്ല—ഞാൻ—അല്ലെങ്കിൽവേണ്ട—ഞാൻ നുണപറഞ്ഞെന്നവരും—അല്ലെങ്കിൽത്തന്നെ എന്നെ ആർക്കും കണ്ടുകൂടാ.

**കൃഷ്ണൻ:** പറയിൻ എന്താണ്, കേട്ടുകൂടെ?

**പത്മനാഭൻ:** മറ്റൊന്നുമല്ല, നിങ്ങളുടെ മകന്റെ ഭാര്യ ഇന്ന് അടിയന്തിരത്തിന് പോയിട്ടുണ്ട്.

ഇത് കേട്ടപ്പോൾ കൃഷ്ണൻ ഞെട്ടി എഴുന്നേറ്റ്, ഇങ്ങനെ ചോദിച്ചു:

"എന്ത് മാധവിയോ? നിങ്ങൾ കണ്ടുവോ അവൾ പോകുന്നത്?"

തന്റെ വിദ്യ ഫലിക്കുന്നുണ്ടെന്ന് കണ്ടപ്പോൾ പത്മനാഭൻ വളരെ സാവധാനത്തിൽ ഇങ്ങനെ പറഞ്ഞു:

"ഞാൻ മിസ്റ്റർ ഗോവിന്ദന്റെ വീട്ടിൽനിന്നാണ് വരുന്നത്. അദ്ദേഹവും മകളും അടിയന്തിരത്തിന് പുറപ്പെട്ട് പോയശേഷമാണ് ഞാൻ അവിടെനിന്ന് പുറപ്പെട്ടത്."

**കൃഷ്ണൻ:** "ഞങ്ങളുടെ സമ്മതം ചോദിക്കാതെ, എങ്ങിനെയാണ് മാധവിയെ അയാൾ കൂട്ടിക്കൊണ്ടുപോയത്. വാസുദേവൻ സമ്മതം കൊടുത്തിരിക്കുമോ?"

ഈ ഒടുവിൽ പറഞ്ഞ വാചകം പത്മനാഭനോടായിട്ടല്ല, തന്നോടുതന്നെയായിട്ടായിരുന്നു കൃഷ്ണൻ ചോദിച്ചത്. എങ്കിലും അതിന് മറുപടി പത്മനാഭൻ ഇങ്ങനെ പറഞ്ഞു:

"ഏ! ഞാനറിയും. വാസുദേവൻ സമ്മതംകൊടുത്തിട്ടില്ല. മിസ്റ്റർ ഗോവിന്ദൻ തന്റെ ഭാര്യയോട്, ഞാൻ മാധവിയേയും അടിയന്തിരത്തിന് കൂട്ടും, അവരെന്തു ചെയ്യുമെന്ന് കാണാമല്ലൊ. അവന്റെ ധിക്കാരമൊന്ന് മാറ്റണം എന്ന് പറയുന്നത് ഞാൻ കേട്ടു."

ഈ പറഞ്ഞത് കേവലം കളവായിരുന്നു. അങ്ങനെ യാതൊരു വാക്കും ഗോവിന്ദനാകട്ടെ, ഭാര്യയാകട്ടെ പറഞ്ഞിരുന്നില്ല. പത്മനാഭൻ ഇങ്ങനെ പറഞ്ഞത് കേട്ടപ്പോൾ കൃഷ്ണനുണ്ടായ കോപം ഇന്നവിധമായിരുന്നുവെന്ന് വിവരിക്കാൻ പ്രയാസം. അയാൾ പല്ലുംകടിച്ചുകൊണ്ട്, വാസുദേവന്റെ മുറിയിൽ ചെന്ന് അവിടെവച്ചുണ്ടായ സംഭാഷണത്തിന്റെ ഫലമായിട്ടായിരുന്നു വാസുദേവൻ അയാളുടെ ഭാര്യവീട്ടിൽ ചെന്നതും. അവിടെവച്ച് ഈ കഥയുടെ ആരംഭത്തിൽ വിവരിച്ചപ്രകാരം, താനും തന്റെ ഭാര്യയുടെ അമ്മയും തമ്മിൽ സംസാരമുണ്ടായതും.

അന്ന് വൈകുന്നേരം, ഗോവിന്ദനും മകളും അടിയന്തിരംകഴിഞ്ഞു വീട്ടിൽ മടങ്ങിയെത്തിയപ്പോൾ, തനിക്കായി ഒരു കത്തുള്ളതായി കണ്ടു. കത്ത് കൃഷ്ണന്റേതായിരുന്നു. തന്റെ മകന്റെ ഭാര്യയെ തന്റെയോ, തന്റെ മകന്റെയോ അനുമതികൂടാതെ തനിക്ക് വിരോധമുള്ള ഒരു അടിയന്തിരത്തിന് അയച്ചതുകൊണ്ടും, അവളുടെ അമ്മ തന്റെ മകനോട് വളരെയധികമായി സംസാരിച്ചതുകൊണ്ടും, അത്യന്തം കോപിച്ചുകൊണ്ട് എഴുതിയ കത്തായിരുന്നു അത്. കത്തിന്റെ ഒടുവിലത്തെ വാചകം ഇങ്ങനെയായിരുന്നു:

"ഞങ്ങളുടെ ധിക്കാരം ശമിപ്പിക്കാൻ നിങ്ങളുടെ മകളെ ഞങ്ങൾക്ക് വിരോധമുള്ള ദിക്കിൽ ഒരടിയന്തിരത്തിന് കൂട്ടിക്കൊണ്ടുപോയത്, എന്റെ മകന് വേറെ ഭാര്യയെ കിട്ടുകയില്ലെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടിയാണെങ്കിൽ ആ വിശ്വാസം തെറ്റാണെന്ന് തെളിയിക്കാൻ ഞാൻ ഒരുങ്ങിയ വിവരം നിങ്ങളെ അറിയിച്ചിരിക്കുന്നു."

ഈ എഴുത്ത് വായിച്ചപ്പോൾ, പ്രകൃത്യാ ശാന്തശീലനായിരുന്നുവെങ്കിലും, ഗോവിന്ദൻ അത്യന്തം കോപാതുരനായിത്തീർന്നു. കൃഷ്ണന്റെ എഴുത്തിൽ സൂചിപ്പിച്ചിരുന്ന ധിക്കാരങ്ങൾ പൊറുക്കത്തക്കവയായിരുന്നില്ല. എഴുത്ത് വായിച്ചയുടനെ ഗോവിന്ദൻ അതിനെപ്പറ്റി തന്റെ മകളോടോ ഭാര്യയോടോ യാതൊന്നും പറയാതെ അതിന് ഇങ്ങനെ ഒരു മറുപടി എഴുതി അയച്ചു:-

രാ. രാ. ശ്രീ.

നിങ്ങളുടെ ഏറ്റവും ധിക്കാരമായ എഴുത്തുകിട്ടി. ഞാൻ അത്യന്തം അത്ഭുതപ്പെട്ടു—എന്റെ മകളെ ഇന്ന് അടിയന്തിരത്തിന് കൂട്ടിക്കൊണ്ടുപോയത് നിങ്ങളുടെ ധിക്കാരം ശമിപ്പിക്കാനല്ല. ധിക്കാരത്തെ പ്രദർശിപ്പിക്കാൻ ഇടയാക്കാനാണ്. പക്ഷേ, സംഗതി വന്നതെന്നുകാണുന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. എന്റെ മകൾ ചെയ്ത ഈ തെറ്റ് നിങ്ങളുടെ ബന്ധം മുറിക്കത്തക്ക ഗൗരവമുള്ളതായി നിങ്ങൾ വിചാരിക്കുന്നുണ്ടെങ്കിൽ അത് അവളുടെ തലവിധിയായി വിചാരിച്ചുകൊള്ളുന്നതാണ്.

എന്ന് ഗോവിന്ദൻ.

ഈ എഴുത്തെഴുതി അയച്ചുകഴിഞ്ഞതിനുശേഷമാണ് തന്റെ മകളുടെ ഭവിഷ്യത്തിനെപ്പറ്റി ഗൗരവമായി വിചാരിക്കാനും അതുനിമിത്തം പശ്ചാത്തപിക്കാനും ഗോവിന്ദന് ഇടയായത്. അന്നുരാത്രി അദ്ദേഹം വിവരം തന്റെ ഭാര്യയോട് പറഞ്ഞു. കല്യാണിയമ്മ സംസ്കൃതവും മലയാളവും ധാരാളം പഠിച്ചറിഞ്ഞ ഒരു വലിയ വിദുഷിയായിരുന്നു. അവരുടെ അഭിപ്രായത്തിന് വളരെ വിലയുണ്ടായിരുന്നു. ആ സ്ത്രീ എല്ലാം കേട്ടശേഷം ഇങ്ങിനെ മറുപടി പറഞ്ഞു:

"വാസുദേവൻ അവളെ വളരെ സ്നേഹിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയത്. ആവിധം സ്നേഹം ഒരു ദിവസംകൊണ്ട് മറന്നുകളയത്തക്കതാണെങ്കിൽ അത് ഇല്ലാതിരിക്കയാണ് ഭംഗി."

സാധു കല്യാണിയമ്മ തന്റെ മകൾക്ക് വരാനിരിക്കുന്ന അത്യാപത്തിനെ യാതൊരുവിധത്തിലും പ്രതീക്ഷിക്കാതെയാണ് ഈവിധം പറഞ്ഞതെന്നതിന് സംശയമില്ല.

ഗോവിന്ദനാകട്ടെ അദ്ദേഹത്തിന്റെ ഭാര്യയാകട്ടെ, വിവരം മാധവിയോട് പറയാതെ കഴിച്ചു. തന്റെ ഭർത്തൃഗൃഹത്തിലുള്ളവരും അച്ഛനമ്മമാരും തമ്മിലെന്തോ ഒരു സ്വരച്ചേർച്ചയില്ലായ്മയുണ്ടെന്ന് ആ കുട്ടി മനസ്സിലാക്കിയെങ്കിലും അതിന്റെ ഗൗരവം അശേഷം അറിഞ്ഞിരുന്നില്ല. എങ്കിലും തന്റെ ഭർത്താവ് തന്നെ കാണ്മാൻ വരുന്നില്ല; തന്നെ അങ്ങോട്ട് കൂട്ടിക്കൊണ്ട് പോകുന്നില്ല; അങ്ങോട്ടയയ്ക്കുന്ന കാര്യത്തെപ്പറ്റി അച്ഛനമ്മമാർ യാതൊന്നും പറയുന്നില്ല. ആകപ്പാടെ ആ സ്ത്രീയ്ക്ക് വളരെ സംശയങ്ങൾ ഉണ്ടായിത്തുടങ്ങി. ഈവക കാര്യങ്ങൾ പറവാൻ അർഹതയുള്ളവർ പറയാതിരുന്നാലും, അറിവാൻ ഇഷ്ടപ്പെടുന്നവരെ അറിയിക്കാൻ ആളുകൾ ലോകത്തിൽ ധാരാളമുണ്ടല്ലോ. ഒരുദിവസം മാധവി, വീട്ടിന്റെ വരാന്തയിൽ ഒരു കസേരയിൽ ഇരുന്ന് ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോൾ പത്മനാഭൻ കയറിവന്നു. അവന്റെ കണ്ണ് കണ്ണടയുടെ ഉള്ളിൽകൂടി കണ്ടപ്പോൾത്തന്നെ, അവ പുറത്തുചാടി ലോകം ഭസ്മീകരിക്കാതിരിപ്പാൻ ദൈവംതന്നെ അവയെ ആ കണ്ണാടിക്കൂട്ടിലാക്കിയതാണെന്ന് മാധവിക്ക് തോന്നീട്ടുണ്ടായിരിക്കണം. മാധവിയെക്കണ്ടപ്പോൾ തന്നെ പത്മനാഭൻ ഏറ്റവും പുച്ഛസമ്മിശ്രമായ കരുണരസത്തിൽ ഇങ്ങനെ പറഞ്ഞു:

"അവരവർ അനുഭവിക്കേണ്ടത് അനുഭവിക്കാതെ കഴിയുമോ? നിങ്ങളെപ്പോലെതന്നെ ഞങ്ങൾക്കും വ്യസനമുണ്ട്."

ഇത് കേട്ടപ്പോൾ മാധവി സാരം മനസ്സിലാകാതെ അല്പം അന്ധാളിച്ചു. എന്നിട്ട്,

"നിങ്ങളെന്തിനെപ്പറ്റിയാണ് പറയുന്നത്?" എന്ന് ചോദിച്ചു.

**പത്മ:** "ഞാൻ വാസുദേവന്റെ വിവാഹകാര്യത്തെപ്പറ്റി പറഞ്ഞതാണ്. ഗോപാലൻവക്കീലിന്റെ മകൾ രുഗ്മിണിയെ വാസുദേവൻ കല്യാണം കഴിക്കാൻ തീർച്ചയാക്കിയിരിക്കുന്നുവെന്ന് കേട്ടു."

ഇത് കേട്ടപ്പോൾ മാധവിക്കുണ്ടായിരുന്ന ഭയങ്ങളൊക്കെ ഒരു സ്വരൂപം കൈക്കൊണ്ട്, അവളെ തൽക്ഷണം, വല്ല പഴുപ്പിച്ച ശരംകൊണ്ടെന്നപോലെ, പീഡിപ്പിച്ചു. പക്ഷേ, ഒരക്ഷരമെങ്കിലും മറുപടി പറയാതെ, അവൾ അതുവരെ താഴ്ത്തിപ്പിടിച്ചിരുന്ന പുസ്തകം രണ്ടാമതും മുഖത്തിനുനേരെ പൊക്കിപ്പിടിച്ചു. അതിൽ നോക്കിയതോ വായിച്ചതോ ഇല്ല. അതിലൊന്നും അവൾ കണ്ടതേയില്ല. അവളുടെ ഹൃദയം കഠിനമായി തുടിച്ചുതുടങ്ങിയതിന്റെ ഒച്ച അവൾക്കുതന്നെ കേൾക്കാമായിരുന്നു. അവൾ തന്റെ വാക്കിന് പ്രതിയായി യാതൊന്നും പറയുന്നില്ലെന്ന് കണ്ടപ്പോൾ പത്മനാഭൻ ഈ സന്തോഷവിവരം അവളുടെ അമ്മയോട് പറവാൻ അകത്തേക്ക് പോയി. എന്നാൽ ഈ വർത്തമാനം കേവലം കളവായിരുന്നുവെന്ന് ഇവിടെ പറയേണ്ടിയിരിക്കുന്നു. വാസുദേവൻ പുനർവിവാഹത്തെപ്പറ്റി യാതൊന്നും ആലോചിച്ചിരുന്നില്ല. അവന്റെ അച്ഛൻ അതിനെപ്പറ്റി കൂടെക്കൂടെ പറയാറുണ്ടെങ്കിലും യാതൊന്നും തീർച്ചയാക്കിയിരുന്നില്ല. വിവരം കല്യാണിയമ്മയോട് പറഞ്ഞപ്പോൾ അവരും അതിനെപ്പറ്റി മറുപടിയൊന്നും പറയാതിരിക്കയാണ് ചെയ്തിരുന്നത്. ഏതായാലും അന്നുമുതൽ മാധവിക്ക് കഠിനമായ ആധിയായി. താൻ ഹൃദയപൂർവം സ്നേഹിച്ചിരുന്ന തന്റെ ഭർത്താവ് ഈവിധം പ്രവർത്തിച്ചതിനെപ്പറ്റി അവൾ കഠിനമായി വ്യസനിച്ചു. അങ്ങനെ ചെയ്യാനുള്ള സംഗതിയെപ്പറ്റി അമ്മയിൽനിന്നറിഞ്ഞപ്പോൾ അവളുടെ ആശ്ചര്യം വർദ്ധിച്ചു. ദിവസേന വൈകുന്നേരം ഗോവിന്ദൻ തന്റെ മകളെ വണ്ടിയിൽ കയറ്റി കടലോരത്തും മറ്റും സവാരിചെയ്യിച്ചും പല വിനോദങ്ങളും പറഞ്ഞും അവളെ സന്തോഷിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും അവളുടെ മനസ്സും ശരീരവും ക്ഷീണിച്ചുതുടങ്ങി.

വാസുദേവൻ തന്റെ ഭാര്യയെ ഈവിധം ഉപേക്ഷിക്കേണ്ടിവന്നതിനെപ്പറ്റി വ്യസനിച്ചുതുടങ്ങി. അവൻ ഭാര്യയെ വളരെ സ്നേഹിച്ചിരുന്നു. "ഇഷ്ടം പാരമുദിക്കയാൽ ഹൃദയമൊന്നായുള്ള തൻപതിനിയെ" ഇങ്ങനെ അവളുടെ പക്കൽ യാതൊരു തെറ്റും ഇല്ലാത്ത നിലയിൽ കൈവിടേണ്ടിവന്നല്ലോ എന്നുവിചാരിച്ച്, അയാൾ രാവും പകലും സങ്കടപ്പെട്ടുകൊണ്ടിരുന്നു.

കൊല്ലം രണ്ടുകഴിഞ്ഞു. താലികെട്ടുകല്യാണത്തെപ്പറ്റിയുണ്ടായ വഴക്ക് അവസാനിച്ചു. കൃഷ്ണന്റെ ഭാഗക്കാർ പരാജിതരായി. ജനങ്ങൾക്കൊക്കെ കാര്യത്തിന്റെ സൂക്ഷ്മസ്ഥിതി മനസ്സിലായെങ്കിലും ഗോവിന്ദന്റെയും കൃഷ്ണന്റെയും കുടുംബങ്ങൾ തമ്മിലുള്ള വൈരം കേവലം തീർന്നില്ല. മാധവിയുടെ സുഖക്കേട് വർദ്ധിച്ചുതുടങ്ങി. അവൾക്ക് ക്ഷയമാണെന്ന് വൈദ്യന്മാർ അഭിപ്രായപ്പെട്ടു. ശ്വാസകോശങ്ങൾ രണ്ടും വ്രണപ്പെട്ടിരുന്നു. ദീനം ഭേദമാകുന്നത് കേവലം അസാദ്ധ്യമാണെന്നുതന്നെ വൈദ്യകുഞ്ജരന്മാരെല്ലാം ഒരുപോലെ ഉറപ്പിച്ചുപറഞ്ഞു. കല്യാണിയമ്മയ്ക്കും ഗോവിന്ദനും ഉണ്ടായ വ്യസനത്തിന് അതിരില്ലാതായി. എങ്ങനെയെങ്കിലും വാസുദേവനെ "ഒരൊറ്റനോക്ക്" ചാവുന്നതിനുമുമ്പ് കാണണമെന്ന് തനിക്ക് ആഗ്രഹമുണ്ടെന്ന് മാധവി അവളുടെ അമ്മയെ അറിയിച്ചു. ആ സ്ത്രീ വിവരം ഗോവിന്ദനോട് പറഞ്ഞു. അദ്ദേഹം തന്റെ മകളുടെ ഒടുവിലത്തെ ആഗ്രഹം സാധിക്കാൻ എന്തുചെയ്യാമെന്ന് വിചാരിച്ച് വാസുദേവന് ഇങ്ങനെ ഒരു കത്തെഴുതി:

ശ്രീ

മാധവിക്ക് സുഖക്കേട് കലശലാണ്; ഇനി അധികദിവസം ജീവിക്കുമെന്ന് തോന്നുന്നില്ല. നിന്നെ "ഒരൊറ്റ നോക്ക്" കാണണമെന്ന് ആഗ്രഹിക്കുന്നു. കഴിഞ്ഞതൊക്കെ മറക്കാമെങ്കിൽ നീ ഒരുദിവസം വന്ന് അവളെ കണ്ടുപോകാൻ താല്പര്യപ്പെടുന്നു.

എന്ന് ഗോവിന്ദൻ.

ഈ കത്ത് വായിച്ചപ്പോൾ വാസുദേവനുണ്ടായ വ്യസനം എങ്ങനെ വിവരിക്കാം! തന്റെ അച്ഛന്റെ ദുഷ്ടബുദ്ധിയേയും അദ്ദേഹം ചെയ്ത പല അന്യായങ്ങളേയും അവനിപ്പോൾ അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഗോവിന്ദന്റെ നിർദ്ദോഷത്തേയും അവൻ മനസ്സിലാക്കിയിരുന്നു. നിസ്സാരമായ ഒരു സംഗതിനിമിത്തം എന്നെന്നും തന്റെ ഭാഗ്യത്തിന് കാരണമായ, മനോഹരിയായ, തന്റെ ആത്മവല്ലഭയെ താൻ പരിത്യജിക്കേണ്ടിവന്നു എന്നല്ല, അവളുടെ ജീവനാശത്തിനും അത് കാരണമായി. കത്ത് വായിച്ചശേഷം വാസുദേവൻ തന്റെ മുറിയിൽ പോയി കിടക്കയിൽ കമിഴ്ന്നു വീണ് വളരെനേരം കരഞ്ഞു. കുറേക്കഴിഞ്ഞപ്പോൾ എഴുന്നേറ്റ് ഗോവിന്ദന്റെ വീട്ടിലേക്ക് ചെന്നു.

അതൊരു വൈകുന്നേരമായിരുന്നു. സൂര്യൻ അസ്തഗിരിപ്രാപിച്ചുതുടങ്ങിയിരിക്കുന്നു. മനുഷ്യലോകം തങ്ങളുടെ ദിനകൃത്യങ്ങൾ കഴിഞ്ഞ് അവരവരുടെ വീടുകളിലേയ്ക്ക് മടങ്ങി, ആശ്വസിച്ചുതുടങ്ങിയിരിക്കയാണ്. പക്ഷിമൃഗാദികളും പകലുള്ള വെയിലിന്റെ കാഠിന്യത്തിൽനിന്ന് വിമുക്തരായി സന്തോഷിക്കുന്നു. വാസുദേവൻ ഗോവിന്ദന്റെ വീട്ടിന്റെ പടികയറിച്ചെന്ന് പടിയുടെ അടുക്കലുള്ള ഒരു മരത്തിൽ ചാരിനിന്നു. രണ്ട് ചെറിയ പക്ഷികൾ അവനെ ആദരിക്കാനെന്നപോലെ മൃദുഗാനം ചെയ്യുന്നു. വാസുദേവൻ മെല്ലെ വരാന്തയിൽ കയറിച്ചെന്ന് അവിടെ ഒരുഭാഗത്ത് ഒരു ചാരുകസേരയിൽ പ്ലാനലും കമ്പിളിയും മറ്റും ഇട്ടുപുതച്ച്, ഏറ്റവും വിളറി, അത്യന്തം ക്ഷീണിച്ച ഒരു ശരീരം കിടക്കുന്നുണ്ട്. വാസുദേവൻ ആ സ്വരൂപത്തെ കണ്ടറിഞ്ഞില്ല. അത് മാധവിയായിരുന്നു. തന്റെ പ്രാണേശനെ കണ്ടയുടെനെ മാധവിയുടെ ഹൃദയം കഠിനമായി തുടിച്ചുതുടങ്ങി. അവൾ വലംകൈ ഹൃദയത്തിനടുത്ത് വെച്ച് അത് അമർത്തിക്കൊണ്ടിരുന്നു. വാസുദേവൻ മാധവിയെ കണ്ടറിഞ്ഞില്ലെന്ന് പറഞ്ഞുവല്ലോ. അവൻ അകത്ത് ചെന്നു. അവിടെ ഗോവിന്ദനെ കണ്ടു. അദ്ദേഹം വാസുദേവനെ കണ്ടയുടനെ എഴുന്നേറ്റ്, രണ്ടുകൈയും പിടിച്ചു. ഉടനെ അദ്ദേഹത്തിന്റെ കണ്ണിൽനിന്ന് രണ്ടുതുള്ളി വെള്ളം കവിൾത്തടത്തിൽ ഇറ്റുവീണു. അല്പനേരം രണ്ടുപേരും ഒന്നും മിണ്ടാതെ നിന്നശേഷം ഗോവിന്ദൻ, "അവൾ പുറത്തുണ്ടല്ലോ, നീ കണ്ടില്ലേ?" എന്ന് ചോദിച്ച് രണ്ടുപേരും പുറത്തുവന്ന് മാധവിയുടെ അടുക്കൽ ചെന്നു. അവൾ കണ്ണുയർത്തി വാസുദേവനെ ഒരൊറ്റനോക്കുനോക്കി പെട്ടെന്നൊരു ശ്വാസംകഴിച്ചു. കണ്ണടച്ചു. ലോകത്തിലെ സർവ്വദുഃഖങ്ങളിൽനിന്നും വിമുക്തനായി, സർവ്വജനങ്ങളും ഇന്നല്ലെങ്കിൽ നാളെ ചെന്നുചേരേണ്ടുന്നതും, ആരാലും അറിവാൻ സാധിക്കാത്തതുമായ ആ സ്ഥലത്തേക്ക് യാത്രയാവുകയുംചെയ്തു.

വാസുദേവൻ ഉറുമാൽകൊണ്ട് മുഖംപൊത്തി, ഗോവിന്ദനോട് ഒരു വാക്കെങ്കിലും പറയാനാവാതെ ഇറങ്ങിപ്പോയി. അവൻ പടിയിറങ്ങിയപ്പോൾ, ഒരാൾ പടികയറിവരുന്നത് കണ്ടു. അത് പത്മനാഭനായിരുന്നു.

വിവേകോദയം,
1085 വൃശ്ചികം–ധനു.

# 8

## ഒരു വനകുസുമം

ചിങ്ങമാസമായി വർഷമൊക്കെ ഒന്നു നിലച്ചു. മഴയ്ക്കു പൊടിച്ച് വേനലിന് ഉണങ്ങുന്ന ചെടികളൊക്കെ പുഷ്പിച്ചു. പാടങ്ങളിൽ നെൽകൃഷി വളർന്നു മുതിർന്നുനില്ക്കുന്നു. ആറുകളിലും തോടുകളിലും വെള്ളം നിറഞ്ഞിരിക്കുന്നു. അങ്ങിനെയുള്ള കാലത്ത് ഒരു ദിവസം പ്രഭാതത്തിൽ ഒരു ഉൾപ്രദേശത്തുള്ള പ്രകൃതി ശ്രീ, ദിവാകരന്റെ ബാലകിരണങ്ങൾകൊണ്ട് തേജോമയമായിത്തീർന്നിരിക്കുന്നു. അതിനെ കണ്ടാനന്ദിപ്പാനും ആ ആനന്ദത്തെ വാങ്മൂപേണ പ്രത്യക്ഷപ്പെടുത്താനും തക്ക ശേഷിയും വാസനയുമുള്ള മനുഷ്യജീവികളെ സമീപത്തെങ്ങും കാണുന്നില്ല. മനുഷ്യ ജീവികൾ ഇല്ലെങ്കിൽ എന്ത്? അന്നത്തെ അതിമനോഹരമായ കാഴ്ചയെ അതാ ചില പക്ഷികൾ സ്തുതിച്ചുപാടുന്നു. ഭക്ഷണംതെണ്ടി അങ്ങുമിങ്ങും പറന്നുപോകാനുള്ള ജോലിയെ വിസ്മരിച്ചുകൊണ്ട് പ്രകൃതലോകത്തിന്റെ സൗന്ദര്യം കണ്ട് ആനന്ദാകുലരായി ഓരോ വൃക്ഷശാഖകളിലിരുന്ന് ചിറകടിച്ചും വാലാട്ടിയും പലവിധ വിഹഗങ്ങൾ പല രീതിയിൽ പാടുന്നു. പുഷ്പങ്ങളുടെ വാസനയും പരന്നുതുടങ്ങി. ആ സുഗന്ധത്താൽ ആകർഷിക്കപ്പെട്ട ചിത്രശലഭങ്ങൾ വാസനയുള്ള ദിക്കിൽ ആഹാരവും ലഭിക്കുമെന്നു ധരിച്ചുകൊണ്ട് പുഷ്പങ്ങളിലേക്കു പറക്കുന്നു. ഒരു വാസനയും ഇല്ലെങ്കിലും വർണ്ണസാന്നിദ്ധ്യം മതി എന്ന തത്വമനുസരിച്ച് നല്ല മണമില്ലാത്ത പൂക്കൾ മനോഹരമായ നിറംകൊണ്ട് പാറകളെയും ഈച്ചകളെയും ആകർഷിക്കുന്നു. ഭംഗിയും കൗതുകവുമുള്ള സുമദലങ്ങളെപ്പോലുള്ള ചിറകുകൾകൊണ്ട്, ഒരു പുഷ്പത്തിൽനിന്നു പറന്ന് മറ്റൊന്നിന്മേൽ വീഴുന്ന ചിത്രപതംഗങ്ങളെ കാണുമ്പോൾ, പൂക്കളും ജംഗമങ്ങളായിത്തീർന്നിരിക്കുന്നുവോ എന്നു തോന്നും. പുൽക്കൊടികളിൽ തങ്ങിനിന്നിരുന്ന മഞ്ഞിൻതുള്ളികളിൽ അരുണകിരണങ്ങൾ പ്രതിഫലിക്കയാൽ അവ നല്ല മുത്തുപോലെ പ്രശോഭിക്കുന്നു.

അങ്ങനെയുള്ള ഒരു പ്രഭാതത്തിലാണ്—രണ്ടു പെൺകുട്ടികൾ അന്യോന്യം കൈപിടിച്ച് ഒരു വയലിന്റെ കരയിൽക്കൂടി നടന്നുപോകുന്നു. സഹോദരിമാരാണ് മൂത്തവൾക്ക് പതിനേഴ്–പതിനെട്ടു വയസ്സു പ്രായമുണ്ടായിരിക്കും. അവൾ അത്യന്തം വാത്സല്യത്തോടുകൂടി കൈപിടിച്ചുകൊണ്ടുപോകുന്ന സഹോദരിക്ക് പത്തുവയസ്സിൽ അധികമില്ല. സഹോദരിമാർ രണ്ടും ഓരോ ശുഭവസ്ത്രം കൊണ്ട് അര മറച്ചിട്ടുണ്ട്. ജ്യേഷ്ഠത്തി ഒരു ചെറിയ മുണ്ട് കഴുത്തിൽക്കൂടി ഇട്ടതിന്റെ രണ്ടുതലയും പുറത്തു ഞാന്നുകിടക്കുന്നു. അനുജത്തിക്ക് അതുമില്ല. ആഭരണങ്ങളൊ? അതെ, രണ്ടുപേരും കാതിൽ ഓരോ ചെറിയ "ഇയ്യത്തോല" ധരിച്ചിരിക്കുന്നു. കഴുത്തിൽ കറുത്ത ഓരോ ചരടിന്മേൽ ഓരോ താലിയുമുണ്ട്. ആഭരണങ്ങൾ തീർന്നു. ഇല്ല; തീർന്നെന്നു സത്യം ചെയ്യുപറവാൻ പാടില്ല അനുജത്തിയുടെ ഇടത്തേ കൈയുടെ ചെറുവിരലിന്മേൽ ഇരുമ്പു കൊണ്ടുള്ള ഒരു മോതിരവും കൂടെയുണ്ട്. ഈ പെൺകുട്ടികൾ രണ്ടും ഏകോദരസഹോദരിമാരാണെന്നു മനസ്സിലാക്കാൻ ആരുടെയും സാക്ഷ്യം വേണ്ടിയിരുന്നില്ല. മുഖത്തിന്റെ ആകൃതിക്ക് അത്ര സാമ്യമുണ്ട്. കനിഷ്ഠസഹോദരിയുടെ വർണ്ണം വെളുപ്പോടു കുറെ അധികം സാമീപ്യമുണ്ടെന്നൊരു വ്യത്യാസമേ ഉള്ളൂ "കല്യാണിക്ക് അമ്മയുടെ നിറം കിട്ടിപ്പോയി" എന്നു ജ്യേഷ്ഠത്തിയും മറ്റു പലരും പറയാറുണ്ട്. നിറംകൊണ്ട് ഇങ്ങനെ വ്യത്യാസമുണ്ടെങ്കിലും കുഞ്ഞിക്കോ, കല്യാണിക്കോ അധികം സൗന്ദര്യമെന്നു ഖണ്ഡിച്ചു പറവാൻ ആർക്കും സാധിക്കയില്ല.

കാട്ടിലും എത്ര നല്ല പൂക്കൾ മൊട്ടിട്ടു വികസിച്ചു നശിക്കുന്നു? വല്ല കാടൻമധുകരനും ചെന്ന് അതിന്റെ പൂന്തേൻ ആസ്വദിച്ചുപോകുന്നുവെന്നല്ലാതെ, നാഗരികർക്കു കാണ്മാനോ അനുഭവിക്കാനോ സരസന്മാരായ ചിത്രകാരന്മാർക്ക് മാതൃകയായി ഉപയോഗിക്കാനോ സംഗതിവരുന്നില്ല. പിന്നെയല്ലേ, വല്ല പ്രഭുക്കളോ രാജാക്കന്മാരോ ക്രീഡാപുഷ്പമായി ഒരു ദിവസമെങ്കിലും ഉപയോഗിച്ചെന്നുള്ള ഭാഗ്യമനുഭവിക്കുന്നത്!

നാഗരികസാധാരണമായ അലങ്കാരങ്ങളാൽ മോടിപിടിപ്പിച്ച സൗന്ദര്യം വേറേ; ആഡംബരരഹിതമായി നിസർഗ്ഗമായ നാടൻസൗന്ദര്യം വേറെ പ്രകൃതിദത്തമായതിനോടു മനുഷ്യന്റെ കരകൗശലപാടവംകൂടി ചേർന്നു പാൽക്കട്ടിപോലെയാണ് ഒന്ന്; മറ്റേതോ കട്ടെ, ഇപ്പോൾ കറന്നെടുത്തു ധാരോഷ്ണമായ ശുദ്ധദുഗ്ദ്ധം പോലെതന്നെ.

സ്വർണ്ണപ്പണ്ടങ്ങളാലും പട്ടുവസ്ത്രങ്ങളാലും കാണികളുടെ ദൃഷ്ടിയെ അന്യഥാ ആകർഷിക്കപ്പെടാതെ, കാണുന്നവരൊക്കെ ഈ സഹോദരിമാരുടെ യഥാർത്ഥസൗന്ദര്യം കാണ്മാൻ സംഗതിവന്നതിനാൽ അവരുടെ മുഖകാന്തിയെപ്പറ്റി. അഭിപ്രായഭേദം ഉണ്ടായിരുന്നില്ല. ചെറിയ കുട്ടികൾ കണ്ട ഉടനെ അടുത്തുചെല്ലുവാൻ മടിക്കയും അടുത്തു ചെന്നാൽപ്പിന്നെ വിട്ടുപിരിയാൻ സങ്കടപ്പെടുകയും തരുണന്മാർ ദൂരെനിന്ന് ആനന്ദിക്കുകയും വൃദ്ധന്മാർ പുത്രീനിർവ്വിശേഷമായ വാത്സല്യം കാണിക്കുകയും ചെയ്യാൻ മാത്രമുള്ള മാധുര്യസ്വഭാവവും ആകൃതിസൗഷ്ഠവവും വിനയാദി സൽഗുണങ്ങളും ഈ സഹോദരിമാർക്ക് സ്വതസ്സിദ്ധങ്ങളായ വിശിഷ്ടഗുണങ്ങളായിരുന്നു.

രണ്ടുപേരും വയലിന്റെ കരയിൽക്കൂടി നടന്ന് ഒരു തൊടിയിൽ കയറി, അനവധി വലിയ വൃക്ഷങ്ങളും വള്ളികളും നിബിഡമായി വളർന്നു ചെറിയൊരു കാട്ടുപോലുള്ള ഒരു പറമ്പിൽ കയറി, ദൃഷ്ടിയിൽനിന്നു മറഞ്ഞു. അവർ ഇരുവരും പിന്നെ അതിൽ നിന്നു വെളിക്കു പുറപ്പെട്ടത് ഏകദേശം രണ്ടുമണിക്കൂർ കഴിഞ്ഞശേഷമായിരുന്നു. അപ്പോൾ കുഞ്ഞിയുടെ തലയിൽ ഒരു ചെറിയ വിറക കെട്ടുണ്ട്. കല്യാണി ആദ്യം ചെയ്തിരുന്നപോലെതന്നെ ജ്യേഷ്ഠത്തിയുടെ കൈ പിടിച്ചുകൊണ്ട് അരികെ നടന്നു. സഹോദരിമാർ ആ കാട്ടുപറമ്പിലേക്കു പോയത് വിറകശേഖരിക്കാനായിരുന്നു എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

അമ്മയും അച്ഛനും അവരോടുകൂടിത്തന്നെ ലോകത്തുള്ള മറ്റു സഹായങ്ങളും നശിച്ച അനാഥകളെയാണ് നാം ഈ കണ്ടത്. അവർക്കു മൂന്നു സഹോദരന്മാരുണ്ടായിരുന്നു. അവരും അച്ഛനും നിത്യം കൂലിപ്പണിയെടുത്തു ദിവസേന വല്ലതും സമ്പാദിച്ചു കൊണ്ടു വന്നിരുന്നതുകൊണ്ട് ആ സാധു തീയ്യക്കുടുംബം ദാരിദ്ര്യമെന്നത് അറിയാതെ കാലം കഴിച്ചുപോരികയായിരുന്നു. കല്യാണിക്കു രണ്ടുവയസ്സു പ്രായമായ അവസരത്തിൽ ആ പ്രദേശത്തു ബാധിച്ചിരുന്ന വിഷൂചികകൊണ്ട്, ഈ രണ്ടു കുട്ടികളൊഴികെ ബാക്കിയുള്ളവരൊക്കെ ഇഹലോകവാസം വെടിഞ്ഞു. അന്ന് എട്ടൊമ്പതു വയസ്സുമാത്രം പ്രയമുണ്ടായിരുന്ന കുഞ്ഞി, തന്റെ സഹോദരിയെ അത്യന്തവാത്സല്യത്തോടുകൂടി പോറ്റിരക്ഷിച്ചുപോന്നു. സമീപവാസികളിൽ സൗജന്യശാലികളായ ചിലർ ഈ സാധുക്കുട്ടികൾക്കു പലവിധ സഹായങ്ങളും ചെയ്തുകൊണ്ടിരുന്നു. കുഞ്ഞിയുടെ സർവ്വപ്രവൃത്തികളും അനുജത്തിയുടെ സുഖത്തെയും സന്തോഷത്തെയും ഉദ്ദേശിച്ചു മാത്രമായിരുന്നു. സമീപത്തു കുറെ സമ്പത്തുള്ള ഒരു തീയ്യഗൃഹമുണ്ട്. അവിടെ പോയി വല്ല പണിയും ചെയ്തുകൊടുത്തു കിട്ടുന്ന അരിയോ നെല്ലോ കൊണ്ടുവന്നു പാകംചെയ്തു ഭക്ഷണമുണ്ടാക്കി താനും സഹോദരിയും കഴിക്കും. കാട്ടുപറമ്പിൽ പോയി വിറകപെറുക്കി കൊണ്ടുവന്നു മറ്റുള്ളവർക്കു വിൽക്കും പീടികക്കാർക്കു സാമാനങ്ങൾ പൊതിയുവാൻ ആവശ്യമുള്ള ചില ഇലകളും തെങ്ങിന്റെ ഈർക്കിൽ കൊണ്ടുണ്ടാക്കിയ ചൂലുകളും പറങ്കിമാങ്ങയുള്ള കാലത്ത് അവയുടെ അണ്ടി ശേഖരിച്ചുകൊണ്ടുവന്നു വറുത്ത് അതിന്റെ പരിപ്പെടുത്ത് അവയും ആവശ്യക്കാർക്കു വിറ്റു വല്ലതും സമ്പാദിക്കും ഇങ്ങനെ പലവിധത്തിലും അവരുടെ അഹോവൃത്തിക്കു വേണ്ടുന്നതു സമ്പാദിക്കയല്ലാതെ, ആ നിലയിലുള്ള മറ്റു ചിലർ ചെയ്യുംപോലെ യാചകവൃത്തിയോടു അവൾക്ക് അത്യന്തം വെറുപ്പായിരുന്നു. അച്ഛനമ്മമാർ ഉള്ള കാലത്ത് കുഞ്ഞിയെ സമീപമുള്ള ഒരു എഴുത്തുപള്ളിയിലയച്ച് എഴുതാനും വായിക്കാനും പഠിപ്പിച്ചിരുന്നു. കല്യാണിക്കു നാലുവയസ്സു കഴിഞ്ഞ ശേഷം അവളെ കുഞ്ഞിതന്നെ അക്ഷരാഭ്യാസം ചെയ്യിച്ചു. അഞ്ചാംവയസ്സിൽ അവളെയും എഴുത്തുപള്ളിയിലേക്കയച്ചു.

ഇങ്ങനെ പലവിധത്തിലും തന്റെ സഹോദരിയെ രക്ഷിച്ചുപോന്നിരുന്ന കുഞ്ഞിയുടെ പലവിധ ഗുണങ്ങൾ നാട്ടുകാരൊക്കെ കണ്ടറിഞ്ഞ് അവളെ സ്നേഹിച്ചുബഹുമാനിച്ചു. ഞാൻ ആദ്യം പറഞ്ഞ അടുത്ത വീട്ടുകാരുടെ ഒരു പുരയിലാണ് അവർ താമസിച്ചിരുന്നത്. സ്ത്രീകളുടെ പാതിവ്രത്യാദിസൽഗുണങ്ങളേ ബഹുമാനിക്കുകയും ഭയപ്പെടുകയും ചെയ്യാത്ത ദുഷ്ടമൃഗങ്ങൾകൂടി ഇല്ലെന്നു നാം പുരാണേതിഹാസങ്ങൾ വഴിയായി അറിഞ്ഞിട്ടുള്ളതാണല്ലോ. ഈ പെൺകിടാങ്ങൾ തനിയേ ആയിരുന്നു താമസമെങ്കിലും അവരെ ആരും ദ്രോഹിക്കയില്ലെന്ന് എല്ലാവർക്കും അവർക്കുതന്നെയും ബോദ്ധ്യവും വിശ്വാസവും ഉണ്ടായിരുന്നു. വീട്ടിന്റെ ഉടമസ്ഥന്മാർ അവരോടു കൂലിയായോ വേറെ വിധത്തിലോ യാതൊന്നും ആവശ്യപ്പെട്ടില്ലെങ്കിലും കൊല്ലത്തിൽ രണ്ടുപ്രാവശ്യം ഓണത്തിനും വിഷുവിനും മറ്റു കുടിയാന്മാർ ചെയ്യുംപോലെ ജന്മിയെ "വെച്ചുകാണ്മാൻ" കുഞ്ഞി മുടക്കം വരുത്താറില്ല.

ജന്മിയുടെ വീട്ടിൽ വയസ്സുമൂത്ത അമ്മയുടെ പേർ മാധവി എന്നായിരുന്നു. മാധവിയമ്മ വളരെ സുശീലയും ധർമ്മബുദ്ധിയും ആയിരുന്നു. അവർക്കു കുഞ്ഞിയോടും സഹോദരിയോടും തന്റെ സ്വന്തം പുത്രിമാരോടെന്നപോലെ അത്യന്തം വാത്സല്യമായിരുന്നു. വല്ലവിധത്തിലും കുഞ്ഞിയെ അനുരൂപനായ ഭർത്താവിനു കൊടുക്കണം എന്ന് ആ അമ്മ വളരെ ആഗ്രഹിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്തു. കുഞ്ഞിയെ സംബന്ധം ചെയ്യുവാൻ ഇഷ്ടമുള്ളവർ പലരും ഉണ്ടായിരുന്നു എങ്കിലും അവൾക്കു തൽക്കാലം വിവാഹത്തിനു തീരെ മനസ്സുണ്ടായിരുന്നില്ല.

അങ്ങനെ ഇരിക്കുമ്പോഴാണ് ഒരു ദിവസം അവളെ, സഹോദരിയോടുകൂടി കാട്ടുപറമ്പിൽ നിന്നു വിറക പെറുക്കി കൊണ്ടുവരുന്ന നിലയിൽ നാം കണ്ടത്. ആ വിറകുംകൊണ്ട് അവൾ വയലിൽ കൂടി ചെന്ന് ഇടവഴിയിൽ കയറിയപ്പോൾ കണ്ടത് തന്റെ ഭവിഷ്യത്തു തന്നെ മൂർത്തീകരിച്ചുണ്ടായ ഒരു മനുഷ്യനെയായിരുന്നു.

ഏകദേശം ഇരുപത്തഞ്ചു വയസ്സു പ്രായമായി, യൂറോപ്യൻ സമ്പ്രദായത്തിൽ തലമുടി വെട്ടിച്ചുരുക്കി അതിനെ മൂർദ്ധാവിൽ ചെറിയൊരു തൊപ്പികൊണ്ട് ആച്ഛാദനം ചെയ്ത് കറുത്ത ഒരു കോട്ടു ധരിച്ച് കഴുത്തിൽ ഒരു കോളറും ടൈയും കൊളുത്തി ഒരു കട്ടിമുണ്ടുടുത്ത്, കയ്യിൽ ഒരു കുടയുമായി കേവലം നാടന്മാരായ ജനങ്ങൾ നിവസിക്കുന്ന ആ പ്രദേശത്തു പുതിയ വല്ല വേഷമെങ്ങാൻ ഇറങ്ങിയ പോലെ കൗതുകം ജനിപ്പിക്കുന്ന ഒരു സ്വരൂപമാണ് ഇടവഴിയിൽ വച്ചു കുഞ്ഞി കണ്ടുമുട്ടിയത്. ഈ വേഷം കണ്ടയുടനെ പെൺകുട്ടികൾ രണ്ടുപേരും ഒരുഭാഗത്തു മാറിനിന്നു. ആ മനുഷ്യൻ അവരെ സൂക്ഷിച്ചുനോക്കിയിട്ട്. "അല്ല ഇതെന്തു കഥ! കുഞ്ഞിയല്ലേ ഇത്?" നിന്റെ അനുജത്തിയാണോ ഇതു? ഇവൾ വളരെ വലുതായിപ്പോയല്ലോ എന്നു വളരെ പരിചയഭാവത്തിൽ പറഞ്ഞു. ഇതു കേട്ടപ്പോൾ കുഞ്ഞിയ്ക്കു ആദ്യം കുറെ പരിഭ്രമമുണ്ടെയെങ്കിലും ആളെ മനസ്സിലായതുനെ പൊട്ടിച്ചിരിച്ചുകൊണ്ട്—

"എനിക്കു നിങ്ങളെ കേവലം മനസ്സിലായില്ല. ഈ വേഷം കണ്ടാൽ ആർക്കാണ് മനസ്സിലാവുക? നിങ്ങളും വേദത്തിൽ കൂടിക്കളഞ്ഞോ?" എന്നു ചോദിച്ചു. കല്യാണി ഇതൊക്കെ കേട്ടപ്പോൾ കുറെ അന്ധാളിച്ചു. അതാരാണെന്നു ജ്യേഷ്ഠത്തിയോട് കൈയാംഗ്യം കൊണ്ടു ചോദിച്ചു കുഞ്ഞി അതിനു മറുപടിയായി—

"അതെന്തു കല്യാണീ നിനക്കറിഞ്ഞുകൂടേ? നമ്മുടെ ശങ്കരനല്ലേ ഇത്? മാധവിയമ്മയുടെ വീട്ടിലുണ്ടായിരുന്ന ശങ്കരൻ."

തന്നെ കല്യാണിക്കു പരിചയപ്പെടുത്തിയ സമ്പ്രദായം ശങ്കരന് അത്ര ബോദ്ധ്യമായില്ല; എന്നല്ല. ഇഷ്ടമായില്ല. ശങ്കരൻ ചെറുപ്പം മുതൽ അഞ്ചുകൊല്ലം മുമ്പുവരെ താമരക്കാട്ടുവീട്ടിൽ ഒരു ഭൃത്യനായിരുന്നു. അവനു പെറ്റമ്മയും ഒരു സഹോദരിയുമല്ലാതെ വിശേഷിച്ചു കുടുംബങ്ങളൊന്നും ഉണ്ടായിരുന്നില്ല. മാധവിയമ്മ അവനെവെറും ഒരു ഭൃത്യന്റെ നിലയിലായിരുന്നില്ല കരുതിപ്പോന്നിരുന്നത്. എന്നിട്ടും അവന് ഇരുപതു വയസ്സായപ്പോൾ ആ പ്രായത്തിൽ സാധാരണ കാണാറുള്ള സ്വാതന്ത്ര്യബുദ്ധി ഉണ്ടായിത്തുടങ്ങി. സ്വാതന്ത്ര്യബുദ്ധി മനുഷ്യനു സ്വതസ്സിദ്ധമായ ഒരു ഗുണമാണ്. അതിനെ വിവേകം കൊണ്ടു ശരിയായ മാർഗ്ഗത്തിലേക്കു നടത്താൻ കഴിയാത്തപ്പോഴാണ് അത് ഒരു വക ചാപല്യമായി പരിണമിക്കുന്നത്. ശരീരത്തിൽ മേദസ്സ് വർദ്ധിച്ചാൽ അതിനെ വ്യായാമം കൊണ്ടു നിയന്ത്രണം ചെയ്യാതിരുന്നാൽ രോഗമായി പരിണമിക്കും പോലെതന്നെ. ശങ്കരൻ തന്റെ ചാപല്യം കൊണ്ട് അസ്വസ്ഥചിത്തനായി. സ്ഥലമാറ്റംകൊണ്ട് ആവക രോഗങ്ങൾക്കു സുഖമുണ്ടാകും. അങ്ങനെയാണു ശങ്കരൻ താമരക്കാട്ടുവീട്ടിൽ നിന്നു ചാടിപ്പോയത് അവൻ അടുത്ത പട്ടണത്തിൽ പ്രവേശിച്ചു. പട്ടണങ്ങളിൽ ആൾപിടിയന്മാർ ധാരാളമുണ്ടല്ലൊ. ഒരു ഉദ്യോഗസ്ഥനു ഒരു ഭൃത്യനെ അന്വേഷിച്ചു നടക്കുന്ന ഒരാൾ ശങ്കരനെ കണ്ടുമുട്ടി. അല്പസമയത്തെ സംഭാഷണം കൊണ്ടു ശങ്കരൻ ഒരു സബ് അസിസ്റ്റന്റ്സർജ്ജന്റെ കാര്യസ്ഥനായി പട്ടണത്തിലെ പരിഷ്ക്കാരങ്ങളൊക്കെ ഭാഷയിലും വേഷത്തിലും കാലതാമസം കൂടാതെ ഉണ്ടായിത്തുടങ്ങി. ദരസ്സന്മാർക്കുണ്ടോ വല്ല ദിക്കിലും സ്ഥിരം! ശങ്കരന്റെ യജമാനനുമൊന്നിച്ചു ശങ്കരനും സേലം, ഗോദാവരി, ബർമ്മ മുതലായ ദിക്കിൽ സഞ്ചാരം കഴിഞ്ഞു മടങ്ങി വരുന്ന വഴിയ്ക്കാണ് കുഞ്ഞിയേയും കല്യാണിയേയും ഇടവഴിയിൽ കണ്ടുമുട്ടിയത്.

**ശങ്കരൻ:** അതെന്താ, ഞാൻ മതം മാറിയെന്നു നീ ശങ്കിച്ചൂ?

**കുഞ്ഞി:** നിങ്ങളുടെ കോലം കണ്ടാൽ ഒരു ക്രിസ്ത്യാനിയെപ്പോലെ ഇരിക്കുന്നുവല്ലോ?

**ശങ്കരൻ:** അതു നീ രാജ്യങ്ങളൊന്നും നടന്നു കാണാഞ്ഞിട്ടല്ലെ? ഇപ്പോൾ തീയനും നായരും പട്ടരും എല്ലാം ഈ വേഷമാണ് കണ്ടാൽ അറികയില്ല.

**കുഞ്ഞി:** നിങ്ങൾ പല രാജ്യത്തും പോയോ?

**ശങ്കരൻ:** ഞാൻ ഇന്ത്യാരാജ്യം മുഴുവൻ സഞ്ചരിച്ചു. കപ്പൽ കയറി ബർമ്മയിലും പോയി.

**കുഞ്ഞി:** നിങ്ങൾ എന്തുകൊണ്ടായിരുന്നു ആർക്കും ഒരു കത്തയയ്ക്കാതിരുന്നത്?

**ശങ്കരൻ:** ഞാൻ കത്തയച്ചിട്ടില്ലേ? മാധവിയമ്മയ്ക്കു ഞാൻ സേലത്തുനിന്നൊരു കത്തയച്ചു. രംഗൂണിൽനിന്നും ഒന്നയച്ചു. അതിന് അവർ മറുപടി അയച്ചില്ല.

**കുഞ്ഞി:** നിങ്ങളുടെ അമ്മയ്ക്കു കത്തയച്ചോ?

**ശങ്കരൻ:** അമ്മയ്ക്കു എഴുത്തറിയോ, കത്തു വായിക്കാൻ? മാധവിയമ്മയുടെ എഴുത്തിൽ ഞാൻ അവരെ അന്വേഷിച്ചിട്ടുണ്ടല്ലോ.

ഇങ്ങനെ ഇവർ സംസാരിച്ചുകൊണ്ടിരിക്കെ, താമരക്കാട്ടിന്റെ പടിക്കൽ എത്തി. പിന്നെ കാണാമെന്നു പറഞ്ഞ്, ശങ്കരൻ പടി കയറിപ്പോയി. ശങ്കരനെ കുഞ്ഞി ചെറുപ്പത്തിലെ കണ്ടു പരിചയമാണ്. അവൻ ഒരു ശുദ്ധഹൃദയനാണെന്നും ദുർമ്മാർഗ്ഗിയല്ലെന്നും അവൾ ധരിച്ചിരുന്നു.

ശങ്കരൻ നാട്ടിൽ മടങ്ങിവന്ന വിവരം അറിഞ്ഞപ്പോൾ അവന്റെ അമ്മയും പെങ്ങളും നാട്ടുകാരിൽ പലരും അവനെ കാണാൻ ചെന്നു. താൻ കണ്ടിരുന്ന രാജ്യങ്ങളെക്കുറിച്ചും ജനങ്ങളെക്കുറിച്ചും മറ്റും ശങ്കരൻ ധാരാളം അതിശയോക്തിയോടുകൂടി സർവ്വജനങ്ങളോടും വിസ്തരിച്ചു പറഞ്ഞുതുടങ്ങി. ദുർല്ലഭം ചിലർക്കു ചില സമ്മാനങ്ങളും കുറെ പണവും കൊടുത്ത് ആകപ്പാടെ ശങ്കരൻ ഒരു വലിയ ആളായി അഞ്ചാറുദിവസം കഴിഞ്ഞു. മാധവിയമ്മയുടെ മേൽവിലാസത്തിൽ ശങ്കരപ്പിള്ളയ്ക്കു തപാൽ വഴിയായി ചില കത്തുകളും വന്നുതുടങ്ങി. ജനങ്ങളുടെ അത്ഭുതബഹുമാനങ്ങൾ വർദ്ധിച്ചു. ചെറുപ്പക്കാരിൽ പലർക്കും നാടുവിട്ടു പോവാൻ ഒരാഗ്രഹവും ഉണ്ടായി.

ഒരു ദിവസം വൈകുന്നേരം ശങ്കരൻ തന്റെ സഞ്ചാരവിവരത്തെപ്പറ്റി മാധവിയമ്മയോടു പല സൊള്ളും പൊട്ടിച്ചുകൊണ്ടിരിക്കെ, അവന്റെ അമ്മ വന്ന് അവരുടെ അരികത്തിരുന്ന് ഇനി വല്ലവിധത്തിലും ശങ്കരനേക്കൊണ്ട് ഒരു സംബന്ധം ചെയ്യിക്കണമെന്നും, അതിനു മാധവിയമ്മതന്നെ ഉത്സാഹിക്കണമെന്നും പറഞ്ഞു, ഇതു കേട്ടപ്പോൾ മാധവിയമ്മ ഇങ്ങനെ പറഞ്ഞു:-

"ഞാനും അത് ആലോചിച്ചുകൊണ്ടിരിക്കയാണ്. അങ്ങേലെ കുഞ്ഞിയേത്തന്നെ സംബന്ധമായിക്കൊള്ളട്ടെ. നല്ല വകതിരിവുള്ള പെണ്ണാണ് കാണാനും നന്ന്. ശീലഗുണവും ഉണ്ട്. എന്താ ശങ്കരാ, ശങ്കരനിഷ്ടമില്ലേ?"

**ശങ്കരൻ:** നിങ്ങൾ പറഞ്ഞാൽ ഞാൻ വിരോധം പറയുമോ? എനിക്ക് അച്ഛനും അമ്മയും എല്ലാം നിങ്ങൾ തന്നെ.

ഇതുകേട്ടപ്പോൾ അവന്റെ അമ്മയും അതിന് അനുകൂലിച്ചുതന്നെ പറഞ്ഞു. ഇതൊക്കെ കേട്ടുകൊണ്ട് അടുത്ത ഒരു മുറിയ്ക്കകത്തു കുഞ്ഞി, എന്തോ പണി ചെയ്തുകൊണ്ട് ഇരിക്കുന്നുണ്ടായിരുന്നു.

മനുഷ്യരുടെ ആയുഷ്കാലത്തു മനസ്സിനും പ്രകൃതിക്കും ചില മാറ്റങ്ങൾ സംഭവിക്കാറുണ്ടല്ലൊ ഒരു ദിവസം, ഒരു നിമിഷം സംഭവിക്കുന്ന ചില കാര്യങ്ങൾ ഈ മാറ്റത്തിനു കാരണമായിത്തീരാവുന്നതാണ്. പുറത്തുവെച്ചു മാധവിയമ്മയും ശങ്കരനും അവന്റെ അമ്മയും തമ്മിലുണ്ടായ സംഭാഷണം കുഞ്ഞിയിൽ എന്തോ ചില വികാരങ്ങൾ ഉണ്ടാക്കി. അതിന്റെ സ്വഭാവം അവൾക്കുതന്നെ അറിവാൻ കഴിഞ്ഞിരുന്നില്ല. അതിന്റെ അനുഭവം ഒരു ആനന്ദവുമല്ല. സങ്കടവുമല്ല ഭയവുമല്ല. പ്രത്യാശയുമല്ല; എന്നല്ലാതെ ഇന്നതാണെന്നു പറവാൻ പ്രയാസം. വേറെ രണ്ടവസരങ്ങളിൽ മാത്രമേ ഈവിധം വികാരങ്ങൾ മനുഷ്യർക്ക് ഉണ്ടാവാൻ പാട്ടുള്ളൂവെന്നാണ് എനിക്കു തോന്നുന്നത്. ജനിക്കുമ്പോഴും മരിക്കുമ്പോഴും. ആ രണ്ടവസരത്തിലും അതു പറഞ്ഞറിയിക്കാൻ നിവൃത്തിയില്ല. ഈ അവസരത്തിൽ പറവാൻ കഴികയുമില്ല. എന്തൊരാവശ്യത്തിനാണു തമ്മിൽ കലരുന്നതെന്നറിയാതെ, ഗന്ധകവും ഉപ്പും കരിയും ഒന്നിച്ചു ചേർന്നുകഴിഞ്ഞതിന്റെ ശേഷം ഒരു തീപ്പൊരി അതിന്മേൽ വീണാൽ ഉണ്ടാകുന്ന അനുഭവം പോലെ, കുഞ്ഞി അറിയാതെ പല സംഭവങ്ങളും സംഗതികളും അവളുടെ ഹൃദയത്തിൽ കടന്നു കൂടികൊണ്ടിരുന്നവയ്ക്ക്, ഇപ്പോൾ കേട്ട വാക്കുകൾ ഒരു പ്രത്യേകതരമായ അനുഭവം ഉണ്ടാക്കി. ശങ്കരനിൽ അവൾക്ക്, എന്തെന്നില്ലാത്ത ഭക്തിസ്നേഹബഹുമാനങ്ങൾ ഉണ്ടായി. അന്നുമുതൽ ശങ്കരനാണ് തന്റെ ഭർത്താവെന്ന് അവൾ നിശ്ചയിച്ചു. അകൈതവമായി കേവലം പരിശുദ്ധമായ ഹൃദയത്തിന് ഈ വക നിശ്ചയങ്ങൾക്കുണ്ടാവാൻ പാട്ടുള്ള ദൃഢതയും അവൾക്കുണ്ടായി.

അഞ്ചുപത്തു ദിവസംകഴിഞ്ഞു ശങ്കരൻ മടങ്ങിപ്പോകേണ്ടിവന്നു അവന്റെ യജമാനനു മംഗലാപുരത്തേക്കു മാറ്റമാകയാൽ അവനും ഒന്നിച്ചുപോയി മടങ്ങിവന്ന് ഉടനെ സംബന്ധം കഴിക്കാമെന്നു തീർച്ചയാക്കി. പിന്നെയും മൂന്നുനാലുകൊല്ലത്തോളം ശങ്കരൻ മടങ്ങിവന്നില്ല. കുഞ്ഞി അവനെത്തന്നെ ധ്യാനിച്ചും അവൻ തന്നെയാണ് ഭർത്താവെന്ന് ഉറപ്പിച്ചും പതിവ്രതയായി കാലം കഴിച്ചു.

ഒരു ദിവസം വൈകുന്നേരം പിന്നെയും ശങ്കരന്റെ ഉദയം ഉണ്ടായി. കുഞ്ഞിയുടെ മാനസകുമുദം ഒന്നുകൂടി വികസിച്ചു. അവൾ തന്റെ പുരയ്ക്കകത്തുവെച്ച് എന്തോ ചെയ്തുകൊണ്ടിരിക്കുമ്പോൾ കല്യാണി ഓടിച്ചെന്ന് ജ്യേഷ്ഠത്തി ശങ്കരനുണ്ട് അങ്ങേൽ വന്നിട്ട് എന്നു പറഞ്ഞു. ഉടനെ വെറും ശങ്കരൻ എന്നു പറഞ്ഞതുകൊണ്ടു കല്യാണിയെ ശകാരിക്കാനായിരുന്ന കുഞ്ഞിയുടെ മനസ്സിൽ തോന്നിയത് അതിനെ ക്ഷണം അടക്കീട്ട് "വരട്ടെ" എന്നുമാത്രം പറഞ്ഞു. അന്നും അടുത്ത ഒന്നുരണ്ടുദിവസവും അവൾ ശങ്കരനെ ദൂരത്തുനിന്നു കണ്ടതല്ലാതെ അടുത്തു കണ്ടിരുന്നില്ല. അവന്റെ വിവാഹകാര്യത്തെപ്പറ്റി കാര്യമായ ആലോചനയുണ്ടെന്ന് അവൾക്കു തോന്നി പക്ഷേ, അവളോടു ആരും ഒന്നും പറഞ്ഞില്ല. സംഗതിയില്ലാതെ അവളുടെ മനസ്സിൽ എന്തോ ഒരു ഉൽകണ്ഠയുണ്ടായി ഒടുവിൽ അവൾ അറിവാൻ ആഗ്രഹിച്ച കാര്യം, ആദ്യത്തെപ്പോലെതന്നെ, സ്വന്തം ചെവികൊണ്ടുകേൾപ്പാൻ സംഗതിയായി അവൾ താമരക്കാട്ടിൽ കിണറ്റുപുരയിലേക്കു കടന്നുചെന്നപ്പോൾ അടുക്കളയിൽനിന്നു മാധവിഅമ്മയും മറ്റും സംസാരിക്കുന്നതു കേട്ടു. കൂട്ടത്തിൽ ശങ്കരനും അവന്റെ അമ്മയും പെങ്ങളും ഉണ്ടായിരുന്നു. അവരുടെ സംഭാഷണം ഇങ്ങനെ തുടർന്നു.

**പെങ്ങൾ:** കുഞ്ഞിയെക്കൊണ്ട് എനിക്കു ദോഷമൊന്നും പറയാനില്ല. കല്യാണിയല്ലെ നല്ലത്? വയസ്സുകൊണ്ട് അവളാണ് യോജിപ്പ്.

കുഞ്ഞി ഇതു കേട്ടപ്പോൾ തന്റെ കാലിന്റെ അടിയിൽവെച്ചു ഭൂമി പിളരുന്നുണ്ടെന്നു തോന്നി. ഉടനെ ശങ്കരന്റെ മറുപടി കേട്ടു.

**ശങ്കരൻ:** അതെന്തൊ ഞാനറികയില്ല. ആദ്യം കുഞ്ഞിയെ കല്യാണം കഴിക്കണമെന്നല്ലെ നിങ്ങളൊക്കെ പറഞ്ഞത്?

**മാധവി:** കുഞ്ഞിയായാലും കല്യാണിയായാലും എനിക്കു രണ്ടും ഒന്നുതന്നെ. സംബന്ധം ഒരാഴ്ചയിലിടയ്ക്കു കഴിയണം.

**ശങ്കരന്റെ അമ്മ:** അതുതന്നെ. എനിക്കും അത്രയേ ഉള്ളൂ.

കുഞ്ഞിക്കു കാര്യം മുഴുവൻ മനസ്സിലായി. ശങ്കരന്റെ പെങ്ങൾക്ക് അവൻ തന്നെ കല്യാണം കഴിക്കുന്നതു ഇഷ്ടമല്ല. കല്യാണിയെ കഴിക്കേണമെന്നാണ് അവളുടെ ഇഷ്ടം. അവൾ ഒന്നും മിണ്ടാതെ അവിടെനിന്ന് ഇറങ്ങി. സ്വന്തം പുരയിൽ പോയി ഒരു ദിക്കിൽ കിടന്നു. അന്നു രാത്രി അവൾക്ക് ഉറക്കംവന്നില്ല. തന്റെ സഹോദരിക്കു വേണ്ടി അവൾ സ്വന്തം സുഖം കൂടി അഗണ്യമാക്കി പലതും ചെയ്തു, കല്യാണിക്കുവേണ്ടിത്തന്നെയായിരുന്നു അവൾ ജീവിച്ചിരുന്നത്. ഇപ്പോൾ ആ സഹോദരി തന്നെ, അവളുടെ അറിവോടുകൂടിയല്ലെങ്കിലും തന്റെ ഭാഗ്യത്തിനും തനിക്കും മദ്ധ്യത്തിൽ നില്ക്കുന്നു. ശങ്കരന്റെ പണം കണ്ടിട്ടല്ല മറ്റൊരു ഭർത്താവിനെ കിട്ടാതിരിക്കുമെന്നു ഭയപ്പെട്ടിട്ടുമല്ല. അവനെ അവൾ സർവ്വാത്മനാ ഭർത്താവായി മനസ്സുകൊണ്ടു വരിച്ചുപോയി. ഇനി തന്റെ സഹോദരിക്കുവേണ്ടിട്ടു പോലും കൈവെടിയുന്നതു പ്രാണസങ്കടമായി തോന്നി.

ഈ അവസരത്തിൽ ചതിയോ വഞ്ചനയോ കളവോകളങ്കമോ എന്താണെന്ന് അറിയാത്ത, ഈ പരിശുദ്ധമായ വനകുസുമം എന്തുചെയ്യും? ശങ്കരൻ തന്റെ പ്രാണതുല്യയായ സഹോദരിയെയല്ല മറ്റൊരു സ്ത്രീയെ കല്യാണം കഴിക്കേണമെന്നാണ് അവന്റെ പെങ്ങൾക്ക് അഭിലാഷമെങ്കിൽ വിദ്യ പലതും ഉണ്ടായിരുന്നു.

*****

പിറ്റേദിവസം രാവിലെ കല്യാണി അത്യന്തം വ്യസനാക്രാന്തയായി വിലപിച്ചുകൊണ്ടു താമരക്കാട്ടിൽ ഓടിച്ചെന്നു. മാധവിയമ്മ എഴുന്നേറ്റു മുഖം കഴുകിക്കൊണ്ടിരിക്കുമ്പോഴാണ് കല്യാണിയുടെ വരവ് അവർ അത്യന്തം പരിഭ്രമിച്ചു. സംഗതി അന്വേഷിച്ചു കല്യാണി ഗൽഗദാക്ഷരത്തിൽ തന്റെ ജ്യേഷ്ഠത്തിയെ കാണാനില്ലെന്നു പറഞ്ഞു.

**മാധവി:** ജ്യേഷ്ഠത്തിയെ കാണാനില്ലെന്നോ? എവിടെ പോയി? എപ്പോഴാണ് കാണാതെയായത്?

**കല്യാണി:** ഞാൻ രാവിലെ എഴുന്നേറ്റു നോക്കുമ്പോൾ അവരെ കണ്ടില്ല. വാതിൽ ചാരീട്ടെ ഉള്ളൂ അവർ പുറത്തെങ്ങാൻ ഉണ്ടാകുമെന്നു വിചാരിച്ചു, ഞാൻ വിളിച്ചുനോക്കി. എവിടെയും കാണ്മാനില്ല.

**മാധവി:** അതിനു നീ എന്തിനിങ്ങനെ കരയുന്നു? അവൾ അങ്ങേ വീട്ടിലോ മറ്റോ പോയിട്ടുണ്ടാകും. ഉടനെ വരും നിയെന്തിനു കരയുന്നു?

**കല്യാണി:** അങ്ങനെ പോക, ഒരിക്കലും പതിവില്ല. അവർ എഴുന്നേറ്റു എന്നെ വിളിച്ച് വിളക്കു കത്തിച്ചു വെച്ചേ പുറത്തിറങ്ങുകയുള്ളൂ. എവിടെ പോകുമ്പോഴും എന്നെ ഒന്നിച്ചു കൂട്ടുകയോ എന്നോടു ചോദിക്കുകയോ ചെയ്യും. അയ്യോ! ജ്യേഷ്ഠത്തിക്ക് എന്തോ ആപത്തു വന്നു.

ഈ സംഭാഷണവും കരച്ചിലും ഒക്കെ കേട്ടപ്പോൾ വീട്ടിലുള്ളവരൊക്കെ അവരുടെ സമീപത്തെത്തി. ശങ്കരനും എത്തി. എല്ലാവരുംകൂടി കുഞ്ഞിയെ അന്വേഷിച്ചു. ദേശക്കാരൊക്കെ ഒന്ന് ഉണർന്നുവശായി. സർവ്വരും കുഞ്ഞിയെ അന്വേഷിച്ചു കുളത്തിലും കിണറ്റിലും വീട്ടിലും കാട്ടിലും ഒക്കെ അന്വേഷിച്ചു. പന്ത്രണ്ടു മണിയാകുന്നതു വരെ അന്വേഷിച്ചു. ഒരു വിവരവും ഇല്ല. ഒടുവിൽ ഒരാൾ കുഞ്ഞി കിടന്ന പായ ചെന്നു നോക്കിയപ്പോൾ അതിൽ ഒരു കഷണം കടലാസ്സു കണ്ടു. എടുത്തു നോക്കിയപ്പോൾ അതു മാധവിഅമ്മയ്ക്കു ഒരു എഴുത്താണെന്നു കണ്ടു അതിന്റെ താല്പര്യം ശങ്കരന്റെ സഹോദരിയുടെ നിശ്ചയം താൻ അറിഞ്ഞിരിക്കുന്നുവെന്നും അതിനനുസരിച്ചു നടക്കുന്നതിനും തന്റെ സഹോദരിയെ ഓർത്തു താൻ പൂർണ്ണമനസ്സാലെ സമ്മതിക്കുന്നുവെന്നും നിർഭാഗ്യവശാൽ ശങ്കരനെ താൻ മനസ്സുകൊണ്ടു ഭർത്താവായി വരിച്ചുപോയെന്നും അയാൾ മറ്റൊരു സ്ത്രീയെ തന്റെ പ്രാണതുല്യയായ സഹോദരിയെപോലും കല്യാണം കഴിക്കുന്നതു കണ്ടുകൊണ്ടിരിക്കാൻ താൻ ശക്തയല്ലെന്നും, കല്യാണിയെ മാധവി അമ്മ സ്വന്തം പുത്രിയെപ്പോലെ വിചാരിച്ചുകൊള്ളണമെന്നും, താൻ കഷ്ടിച്ചു സമ്പാദിച്ച 50 ഉറുപ്പിക കല്യാണിയുടെ വിവാഹയടിന്തിരത്തിന്റെ ചെലവിലേക്കായി താൻ പെട്ടിയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അതെടുത്ത് ഉപയോഗിച്ചുകൊള്ളണമെന്നും ആയിരുന്നു. കത്തിന്റെ ഒടുവിൽ താൻ വല്ല ആത്മഹത്യയോ മറ്റോ ചെയ്തുകളയുമെന്ന് ആരും ശങ്കിക്കരുതെന്നും കുറെ കൊല്ലം കഴിഞ്ഞു തന്റെ മനോവ്യഥയ്ക്ക് പൊറുതികിട്ടിയാൽ എല്ലാവരെയും വന്നു കാണുമെന്നുകൂടി എഴുതിയിരുന്നു.

അങ്ങനെയാണ് ആ "വനകസുമം" ദൃഷ്ടിയിൽനിന്നു മറഞ്ഞത് എന്തൊരു നിർവ്യാജമായ സഹോദരീസ്നേഹം! എന്തൊരു മാഹാത്മ്യമുള്ള യോഗം!!

> 'ആരും കാണാതെ പാരിച്ചഴകടയ നിറ-
> ത്തോടു വൻകാട്ടുതന്നിൽ
> ചേരും കാറ്റിൽ സുഗന്ധം കളവതിനുളവാ-
> കുന്നു പൂവിന്നനേകം."

ഭാഷാപോഷിണി, 1090 ചിങ്ങം–കന്നി.

— 9 —

# കൊലയോ ആത്മഗതിയോ?

രാമറ്നമ്പ്യാരെ രണ്ടുദിവസമായി കാണാതിരുന്നതിൽ പാപശ്ശേരിദേശത്തുള്ള നിവാസികൾക്കുണ്ടായിരുന്ന പരിഭ്രമം, അദ്ദേഹത്തിന്റെ ശവം സമീപത്തുള്ള ഒരു പുഴയിൽ കണ്ടെത്തുകയും അവിടെ നിന്നെടുത്തു സ്വന്തം വീട്ടിലേക്കു കൊണ്ടുപോകുകയും ചെയ്തിട്ടുണ്ടെന്നറിഞ്ഞപ്പോൾ പതിന്മടങ്ങല്ല, നൂറുമടങ്ങു വർദ്ധിച്ചു. രാമറ്നമ്പ്യാരെ ആ പ്രദേശക്കാരൊക്കെ വളരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. സത്യവാനും സന്മാർഗ്ഗിയും പരോപകാരിയും ആയിരുന്നതിനാൽ നമ്പ്യാർക്ക് ശത്രുക്കൾ ആരും ഇല്ലെന്നായിരുന്നു പരക്കെ വിശ്വാസം. അദ്ദേഹം ഒരു കുട്ടിയെപ്പോലും ദ്രോഹിക്കയില്ല. വല്ലവരും കോപിച്ചു മറുത്തു പറഞ്ഞെങ്കിൽ ഒന്നും മിണ്ടാതെ പൊയ്ക്കളയും വല്ലവരെയും ദുഷിക്കുന്നതു കേട്ടാൽ ചെവിയും പൊത്തി നടന്നുകളയുകയും ചെയ്യും. ചെറുപ്പത്തിൽത്തന്നെ നമ്പ്യാരു് വലിയൊരു സ്വാഭിമാനിയായിരുന്നു. വീട്ടിൽനിന്നു വല്ലവരും അല്പം മുഷിഞ്ഞു സംസാരിച്ചുവെങ്കിൽ സഹിക്കാൻ പാടില്ലാത്ത സങ്കടം അനുഭവിക്കുന്നതായി പ്രത്യക്ഷപ്പെടുത്തി ദുഃഖിച്ചു കരയും. പണത്തിന്റെ കാര്യത്തിൽ അയാൾ വളരെ കൃത്യമുള്ള മനുഷ്യനാണ്. യാതൊരാളോടും കടമായി ഒരു പൈ പോലും വാങ്ങുക പതിവില്ല. തറവാട്ടിൽ വലിയ മുതലൊന്നും ഉണ്ടായിരുന്നില്ല. എന്നല്ല ഒരു സാധു കുടുംബക്കാരനാണ്. രണ്ടു സഹോദരിമാരും അഞ്ചു മരുമക്കളും ഉണ്ട് അവർക്കുപുറമെ, ഭാര്യയേയും നാലുമക്കളേയും പോറ്റേണ്ടുന്ന ഭാരവും തന്റെ തലയിൽത്തന്നെ ആയിരുന്നു. കുറെയൊക്കെ ഇംഗ്ലീഷുപഠിച്ചിട്ടുണ്ട്. നല്ല കൈയക്ഷരമാണ്. ഉൾനാട്ടിൽ ഒരു മുൻസിപ്പുകോടതിയിൽ പകർപ്പുഗുമസ്തനായ നിലയിൽ പത്തിരുപതുറുപ്പിക മാസത്തിൽ വരവുണ്ടായിരുന്നു. അതുകൊണ്ട് ഒരു വിധം കഴിഞ്ഞുപോരികയാണ്.

ആപ്പീസ്സിലേക്ക് കല്പനയ്ക്ക് എഴുതാതെയും ആരോടും ഒന്നും പറയാതെയും എവിടെയോ ഇറങ്ങിപ്പോയിരുന്ന നമ്പ്യാർ അന്നും പിറ്റേദിവസവും വീട്ടിൽ മടങ്ങിയെത്താതിരുന്നപ്പോൾത്തന്നെ, വീട്ടിലുള്ളവരൊക്കെ വളരെ പരിഭ്രമിച്ചു വശായിരുന്നു. പെങ്ങന്മാരും മരുമക്കളും ഭാര്യയും മക്കളും പിന്നെ കണ്ടതു് അദ്ദേഹത്തിന്റെ ജീർണ്ണിച്ച ശവമായിരുന്നു. അപ്പോൾ വീട്ടിലുണ്ടായിരുന്ന അലയും മുറയും നാട്ടുകാരുടെ ഇടയിലുണ്ടായിരുന്ന പരിഭ്രമവും ഇന്നവിധമാണെന്നു വിവരിക്കയെക്കാൾ ഊഹിക്കുകയാണ് എളുപ്പം.

ഉടനെ അധികാരിയും തുടർന്നുകൊണ്ടുതന്നെ പോലീസ്സുകാരും എത്തിയെന്നു പറയേണ്ടതില്ലല്ലൊ. കാലിന്നു വലിയൊരു കല്ലുകെട്ടി വെള്ളത്തിൽ ആണ്ടുകിടക്കുന്ന നിലയിലാണ് ശവം കണ്ടെത്തിയതു്. ഏതായാലും ആത്മഗതിയല്ലെന്നായിരുന്നു സബ്ബിൻസ്പെക്ടരുടെ അഭിപ്രായം. അധികാരിയും വ്യസനപൂർവ്വം അതിനോടു യോജിച്ചു. ഇതുകേട്ടപ്പോൾ അവിടെ വന്നുകൂടിയ അനവധി ജനങ്ങളിൽ ഓരോരുത്തരായി സാവധാനത്തിൽ വിട്ടുപിരിഞ്ഞുതുടങ്ങി. സബ്ബിൻസ്പെക്ടർ സാധാരണക്കാരനല്ല. വല്ല സംഗതിയും ഉണ്ടാക്കി വലവരോടും വല്ലതും തട്ടിപ്പറിക്കാതെ മൂപ്പർക്ക് ഒരുദിവസമെങ്കിലും ഉറക്കിടുകയില്ല. ഈ മരണം സംഗതിയാക്കി ആ പ്രദേശത്തുള്ള പലരെയും സംശയം പറഞ്ഞു കുറെ സമ്പാദിക്കണമെന്ന് ഇൻസ്പെക്ടരും അധികാരിയും ഉറച്ചുകഴിഞ്ഞിരിക്കുന്നു.

മരിച്ച നമ്പ്യാർ യാതൊരു കത്തും എഴുതിവെച്ചിട്ടില്ല. ആത്മഗതിക്ക് ഒരുങ്ങുന്ന ആൾ അങ്ങനെ വല്ലതും ചെയ്യാതിരിക്കയില്ല. എന്നല്ല ശരീരത്തിന്മേൽ ചിലപരിക്കുകളും കാണ്മാനുണ്ട്. അവ മത്സ്യങ്ങൾ ചെയ്തതാണെന്നു സംശയിക്കുവാൻ വഴിയില്ല. ഇങ്ങനെയൊക്കെയായിരുന്നു കൊലപാതകത്തെ സ്ഥിരപ്പെടുത്താൻ സബ്ബിൻസ്പെക്ടരുടെ ന്യായം. ഇനി ശവം ഡാക്ടരുടെ പരിശോധനയ്ക്കു കൊണ്ടുപോകണം. എല്ലാം ഡാക്ടരുടെ സർട്ടിഫിക്കറ്റിനെ ആശ്രയിച്ചിരിക്കുന്നു. അദ്ദേഹത്തിന്നു വല്ലതും കൊടുത്താൽ കുറെ സമാധാനത്തിന്നു വകയുണ്ടാകും.

ചുരുക്കിപ്പറയാം വീട്ടിലെ സ്ത്രീകളുടെ കഴുത്തിലും കാതിലും ഉള്ളവയൊക്കെ അഴിച്ച് സബ്ബിൻസ്പെക്ടർക്കും അധികാരിക്കും അവരുടെ മുഖേന ഡാക്ടർക്കും കൊടുക്കേണ്ടിവന്നു. സാധുകുടുംബം! ഈ വിധം ഒരു അനർത്ഥം അവർക്കിനി വരാനില്ല.

*****

ശവം ആസ്പത്രിയിലേക്ക് എടുത്തുകൊണ്ടുപോയ ഉടനെ ആ ദേശത്തിലെ ഒരു പ്രമാണിയായ കോമപ്പൻനായർക്ക് മദിരാശിയിൽനിന്നു ഗോപാലൻനമ്പ്യാരുടെ ഒരു കമ്പി കിട്ടി. രാമറ്നമ്പ്യാരും മരിച്ച രാമറ്നമ്പ്യാരുടെ കാരണവരുടെ മകനും, അദ്ദേഹത്തിന്റെ ഒരു വിശ്വസ്തമിത്രവും ആണ്. ഈ കമ്പി കിട്ടിയപ്പോൾ ജനങ്ങളുടെയിടയിൽ പല സംശയത്തിനും സംഗതിയായി. ഓരോരുത്തർ സരസ്വതീകടാക്ഷം പോലെ അതിനെ പലവിധത്തിലും വ്യഖ്യാനിച്ചു. ഡാക്ടരുടെ അഭിപ്രായം ആത്മഗതിയാണെന്നായിരുന്നു. ഇതിനു സത്യമോ അതല്ല വേറെ വല്ലതുമോ കാരണമെന്ന് ഈശ്വരനറിയാം. ശവം സംസ്കരിക്കുന്നതിനു മുമ്പുതന്നെ രാമറ്നമ്പ്യാരുടെ സ്ഥിതിയെപ്പറ്റി കോമപ്പൻനായർ, ഗോപലൻനമ്പ്യാർക്കു കമ്പി അയച്ചു. പിറ്റേദിവസം ഗോപാലൻ നമ്പ്യാർ മദിരാശിയിൽനിന്നു എത്തി. അദ്ദേഹത്തെ കാണ്മാൻ റെയിൽവേ ആഫീസിൽതന്നെ അനവധി ജനങ്ങൾ കൂടിയിരുന്നു. കമ്പി കിട്ടിയയുടനെ അദ്ദേഹം പുറപ്പെടാതിരിക്കയില്ലെന്നു പലരും വിശ്വസിച്ചിരുന്നു. തന്റെ മച്ചുനനും പ്രാണസ്നേഹിതനുമായിരുന്ന രാമറ്നമ്പ്യാരുടെ ഈ അപമൃത്യുവെപ്പറ്റി അദ്ദേഹം അത്യന്തം ദുഃഖിച്ചുവെന്നു പറയേണ്ടതില്ലല്ലോ. നാട്ടുകാരോടു വിവരമൊക്കെ അന്വേഷിച്ചറിഞ്ഞശേഷം, അദ്ദേഹം രാമറ്നമ്പ്യാരുടെ വീട്ടിൽ പോയി. താൻ മരിച്ച നമ്പ്യാരുടെ വിവരമറിവാൻ കമ്പി അയച്ചതിന്റെ കാരണമെന്താണെന്നു പലരും ചോദിച്ചതിന്, “അതൊക്കെ ഞാൻ ക്രമേണ പറഞ്ഞുതരാം” എന്നേ മറുപടി പറഞ്ഞുള്ളു. തന്റെ മച്ചുനന്റെ വീട്ടിലെത്തിയപ്പോൾ, പോലീസുകാർക്കും അധികാരിക്കും കൈക്കൂലി കൊടുത്ത വിവരം അറിഞ്ഞ് അത്യന്തം കോപിക്കുകയും ആത്മഗതിയാണെന്നു ശരിയായി തെളിയിക്കത്തക്ക രേഖ തന്റെ കൈവശമുണ്ടെന്നു പറഞ്ഞ കീശയിൽനിന്ന് ഒരു കത്തെടുത്തു വായിക്കുകയും ചെയ്തു. കത്ത് രാമറ്നമ്പ്യാരു് എഴുതിയതായിരുന്നു. ഇതാണു കത്ത്:-

എന്റെ പ്രാണസ്നേഹിതനായ നിങ്ങൾ ഈ കത്തു വായിക്കുമ്പോൾ അസാമാന്യമായി ദുഃഖിക്കുകയും പരിഭ്രമിക്കുകയും ചെയ്യുമെന്നു എനിക്കു വിശ്വാസമുണ്ട്. ആ വിധം ഒരു മനോവേദന നിങ്ങൾക്ക് അനുഭവമാക്കാൻ സംഗീതവന്നതിൽ ഞാൻ വ്യസനിക്കുന്നു. അധികം വളച്ചു പിടിക്കാതെ കാര്യം പറയാം. എന്റെ മരുമക്കളുടെ താലികെട്ടടിയന്തിരം കേവലം അനാവശ്യമാണെന്നും നിരർത്ഥകമാണെന്നും മാത്രമല്ല അതിന്റെ ഉത്ഭവത്തെപ്പറ്റി ആലോചിച്ചാൽ അതിനെ ഇപ്പോഴും ആദരിക്കുന്നവർ ലജ്ജിക്കേണ്ടതാണെന്നുമാണ് നമ്മുടെ രണ്ടുപേരുടെയും അഭിപ്രായവും വിശ്വാസവുമെന്നു ഞാൻ പറയേണ്ടതില്ല. എങ്കിലും എന്റെ സഹോദരിമാരുടെയും വിശേഷിച്ച് അന്നു ജീവനോടുകൂടിയുണ്ടായിരുന്ന മുത്തശ്ശിയുടെയും നിർബ്ബന്ധപ്രകാരം ആ താലികെട്ടുകല്യാണം ഞാൻ നിർവ്വഹിക്കേണ്ടിവന്നു. പുരുഷന്മാരായ നമ്മൾ എത്രതന്നെ പരിഷ്കാരികളായാലും സ്ത്രീകളുടെ അഭിപ്രായത്തിനും നിർബ്ബന്ധത്തിനും എതിരായി പ്രവർത്തിക്കാൻ നമ്മൾക്കു സാധിക്കാത്തതു് എത്ര കഷ്ടമാമാണ്! അതുകൊണ്ട് വല്ലപരിഷ്കാരവും നമ്മുടെയിടയിൽ വരുത്താൻ ആഗ്രഹമുണ്ടെങ്കിൽ ഒന്നാമതു സ്ത്രീകളെ ശരിയായി വിദ്യാഭ്യാസം ചെയ്യിക്കേണ്ടതു അത്യാവശ്യമാണ് അതിനു പണ്ഡിതന്മാരാണെന്നു പറഞ്ഞുനടക്കുന്ന ചില കീചകന്മാരൊക്കൊണ്ടു നിവൃത്തിയില്ലാതെയാണല്ലോ വന്നിരിക്കുന്നതു്. സ്ത്രീകളെ വെറും മൃഗങ്ങളുടെ നിലയിൽ നിറുത്തിയല്ലാതെ അവരുടെ കീചകവൃത്തിക്കു സൗകര്യമില്ലെന്നു ധരിച്ചുവെച്ചിരിക്കുന്ന ആ വങ്കന്മാരാണ് നമ്മുടെ നാട്ടിനും സമുദായത്തിനും ശത്രുക്കളായിത്തീർന്നിരിക്കുന്നതെന്നു മറക്കരുതു്. അതെല്ലാം ഇരിക്കട്ടെ അന്നു താലികെട്ടുകല്യാണത്തിന് എന്റെ കൈവശം പണമില്ലാതിരുന്നതിനാൽ ഞാൻ പലിശക്കുറുപ്പോട് ഇരുനൂറുറുപ്പിക കടംവാങ്ങിയിരുന്നു. എന്റെ ജീവകാലത്തു ഞാൻ കടം വാങ്ങിയതു്, അതു ഒന്നാമത്തെ പ്രാവശ്യമാണ് ഇപ്പോൾ മുതലും പലിശയും കൂടി 425 ക. ആയിരിക്കുന്നുപോലും! അത് അഞ്ചുദിവസത്തിനുള്ളിൽ കൊടുത്തുവീട്ടിയില്ലെങ്കിൽ അവൻ അന്യായം കൊടുക്കുമെന്നു കാണിച്ച് ഒരു രജിസ്റ്റർനോട്ടീസ്സ് അയച്ചിരിക്കുന്നു. എനിക്ക് ഈ അവമാനം സഹിച്ചുകൂടാ, 425 ക. പോയിട്ട് 425 പൈ. എന്റെ കൈവശത്തിലില്ല. അതുകൊണ്ട് പലിശക്കുറുപ്പ് അന്യായംകൊടുത്തു വിധിയാക്കി എന്റെ വീട് ജപ്തിയാക്കുന്നതിനുമുമ്പ് ഞാൻ എന്റെ ഈ ദേഹം ഉപേക്ഷിക്കുന്നതാണ്. നിങ്ങൾക്ക് ഈ കത്തു കിട്ടുന്നതിനു മുമ്പു ഞാൻ അതു ചെയ്യും. എന്റെ മരുമക്കളേയും കുട്ടികളേയും നിങ്ങളുടെ കൈവശം ഏല്പിക്കുന്നു.

ഇത്രത്തോളം വായിച്ചശേഷം ഗോപാലൻനമ്പ്യാരുടെ തൊണ്ട ഇടറി ശേഷം വായിക്കാൻ സാധിക്കാതെ പൊട്ടിക്കരഞ്ഞു. അവിടെ കൂടിയിരുന്നവരൊക്കെ കരഞ്ഞു. അകായിൽനിന്നു ഭാര്യയും പെങ്ങന്മാരും അലമുറയായി അയ്യൊ ഈ വിവരം എന്നോടു പറഞ്ഞിരുന്നുവെങ്കിൽ ഞാൻ കൊടുക്കുമായിരുന്നുവല്ലൊ പണം, ഇതിന്ന് ഈ കഠിനകൈ ചെയ്യേണ്ടതുണ്ടായിരുന്നുവോ? എന്നും മറ്റും ഓരോരുത്തർ പറഞ്ഞുതുടങ്ങി. കത്തിന്റെശേഷം ഭാഗത്തിൽ തന്റെ കുട്ടികളിൽ ഓരോരുത്തരെ ഏതേതു പ്രവൃത്തിയിലാണ് ഏർപ്പെടുത്തേണ്ടതെന്നും മറ്റും വിവരിച്ചിരുന്നു. അത് നമ്പ്യാർ വായിച്ചില്ല. വളരെ നേരം കഴിഞ്ഞശേഷം അവിടെ കൂടിയവരോടായിട്ട് ഗോപലൻ നമ്പ്യാർ ഇങ്ങനെ പറഞ്ഞു:-

ഈ ഒരു സംഭവം നമുക്കാകെ ഒരു പാഠമായിരിക്കാൻ ഈശ്വരൻ തന്നെ വരുത്തിക്കൂട്ടിയതാണ്. മനുഷ്യൻ വല്ല തെറ്റും ചെയ്തുപോയാൽ ദേവപ്രീതിക്കുവേണ്ടി അവർക്ക് ഏറ്റവും വിലയേറിയ ജീവനെയോ സാധനത്തെയോ യാഗമായി അർപ്പിക്കുന്ന പതിവ് പണ്ടുണ്ടായിരുന്നു. ഇപ്പഴും ക്ഷേത്രങ്ങളിൽ നാം വഴിപാടു കഴിക്കുന്നതു് ആ സമ്പ്രദായത്തിന്റെ അവശിഷ്ടമാണ്. ആട്ട്, കോഴി മുതലായവയെ ചിലർ ഇപ്പഴും ബലികഴിക്കുന്നുണ്ടല്ലോ. ഈ മരിച്ച മാന്യനെ നമ്മളൊക്കെക്കൂടി ബലികഴിച്ചതാണ്. കേവലം നിന്ദ്യമായും നിരർത്ഥകമായും ഉള്ള താലികെട്ടുകല്യാണം കഴിച്ചു നമ്മുടെ സ്വത്തിന്ന് നാശവും നല്ല പേരിന്ന് കളങ്കവും, അപവാദവും വരുത്തുന്ന ഭോഷത്വത്തിനു വേണ്ടി ഈ മഹാനെ ബലികഴിക്കയാണ് ചെയ്തതു്. ഇങ്ങനെ എത്ര കുടുംബങ്ങൾ സങ്കടപ്പെടുവാൻ സംഗതിയാകുന്നു. രാമറ്നമ്പ്യാരെപ്പോലെ മഹാശുദ്ധഹൃദയന്മാരായ ജനങ്ങൾ വളരെ ദുർല്ലഭമാകയാലാണ് ഈ വിധം ആത്മഹതി നിത്യം സംഭവിച്ചുകേൾക്കാത്തതു്. അല്ലാത്തവർ കടവും വലിച്ചു തലയിലാക്കി, അതിന്റെ ഒഴിച്ചുകൂടാത്ത ഫലമായി പലവിധ കഷ്ടനഷ്ടങ്ങളും അനുഭവിക്കുന്നു. ചിലർ അതുനിമിത്തം കള്ളന്മാരും വഞ്ചകന്മാരും ആയിത്തീരാൻ സംഗതിവരുന്നു. അവയൊക്കെ നമ്മുടെ ഭോഷത്വത്തിനുവേണ്ടി നാം ചെയ്യുന്ന യാഗങ്ങളാണ്. എന്നാൽ ഇപ്പോൾ സംഭവിച്ചതിൽ പരം ഭയങ്കരമായ ഒരു ബലിയെപ്പറ്റി അറിവാൻ എനിക്കു സംഗതിവന്നിട്ടില്ല. എന്താണ് ഈ താലികെട്ട്? ബ്രാഹ്മണർ വിവാഹത്തിന്നല്ലാതെ താലി കെട്ടുന്നുണ്ടോ? അവരുടെ ഭർത്താക്കന്മാരല്ലാതെ താലികെട്ടുന്നുണ്ടോ? ഭർത്താവു മരിച്ചാൽ താലിക്ക് ഭംഗംവന്നു എന്ന് അവർ പറയുന്നു. താലിയും വിവാഹവും തമ്മിൽ അത്രമേൽ സംബന്ധമുണ്ട്. ആ നിലയിൽ നമ്മളുടെ താലികെട്ടിന്റെ അർത്ഥമെന്താണ്? പരദേശങ്ങളിൽ ദേവദാസികളായിത്തീരുന്നവർക്കേ ഈ വിധം താലികെട്ടു നടപ്പുള്ളു. ഇതിലധികം ഞാൻ പറയേണ്ടുന്ന ആവശ്യമില്ല. താലികെട്ടുസമ്പ്രദായം കൊണ്ട് നമുക്കു സംഭവിക്കുന്ന പരിഹാസത്തിനു അടിസ്ഥാനമുണ്ടെന്നു നിങ്ങൾക്കിപ്പോൾ മനസ്സിലായില്ലെ? ലോകത്തിൽ ഏറ്റവും മര്യാദയിൽ നടക്കുന്ന സമുദായങ്ങളോട് അണുവും താണുകൊടുക്കാത്ത വിധത്തിൽ നമ്മൾ ആചരിച്ചുകൊണ്ടിരിക്കെ അതിന്നു വിപരീതമായ നടപടിയെ സൂചിപ്പിക്കുന്ന ഈ ഒരു ചിഹ്നം നാം കൈവിടാതെയിരിക്കുന്നതു് എന്തുകൊണ്ടാണ്? നമ്മുടെ ആലോചനയില്ലായ്മ. നമ്മുടെ ഭോഷത്വം അതിന്റെ ഫലം ഇതാ നാം അനുഭവിച്ചു. നമ്മുടെ ഇടയിൽ ഏറ്റവും യോഗ്യനായ ഒരാളെ നാം ബലിയായി അർപ്പിച്ചു. ആ മാന്യബന്ധുവിന്റെ സ്മരണയായി ഞാൻ ഇനിമേലാൽ എനിക്കധികാരമുള്ള പെൺകുട്ടികൾക്ക് ഈ താലികെട്ടുകാല്യാണം കഴിക്കയില്ലെന്നു നിങ്ങളുടെ മുമ്പാകെ സത്യംചെയ്യുന്നു.

ഇതു കേട്ടപ്പോൾ അവിടെ ഉണ്ടായിരുന്നവരിൽ പലരും ഗോപാലൻ നമ്പ്യാരുടെ പ്രതിജ്ഞയ്ക്കനുസരിച്ചു പ്രതിജ്ഞചെയ്തു. അങ്ങനെയാണ് പാപശ്ശേരിദേശത്ത് താലികെട്ടുകല്യാണം കേവലം നിന്നുപോയതു്.

സമുദായദീപിക, 1091 വൃശ്ചികം .

# 10

## രതിഭായി

മദിരാശിയിൽ പരീക്ഷയ്ക്കു പഠിക്കാനായി താമസിച്ചിരുന്ന കാലങ്ങളെ പിന്നീട്ടു പല അവസരങ്ങളിലും ഓർത്തു സന്തോഷിക്കാത്തവർ ആരും ഉണ്ടായിരിക്കയില്ല. പല സങ്കടങ്ങളും ബുദ്ധിമുട്ടുകളും ആ അവസരങ്ങളിൽ അനുഭവമാകുന്നതാണ്, നേരുതന്നെ എന്നാൽ ആവക സങ്കടങ്ങളേയും ബുദ്ധിമുട്ടുകളേയും കുറിച്ചുപോലും പിന്നീടാലോചിക്കുന്നതിൽ പ്രത്യേകരസമുണ്ട്. ഞാൻ താമസിച്ചിരുന്ന വീട്ടിൽ വേറെയും അഞ്ചുപേരുണ്ടായിരുന്നു. ഒക്കെ വിദ്യാർത്ഥികളാണ്. അതിലൊന്ന് എം. ബി. സി. എം. എന്ന വൈദ്യപരീക്ഷയ്ക്കു പഠിക്കുന്നുണ്ടായിരുന്ന രാമൻമേനോനാണ്. അദ്ദേഹം ഇപ്പോൾ വലിയ ഡാക്ടരായിപ്പോയി നല്ല പേരും വളരെ പണവും സമ്പാദിച്ചു. ഞങ്ങൾ രണ്ടുപേരും അന്നേ വളരെ സ്നേഹത്തിലാണ്. കോളേജിൽ ഒഴിവുള്ളപ്പോഴൊക്കെ ഒന്നിച്ചുതന്നെയാണു കഴിക്കാറ്.

മദിരാശിയിൽ താമസിച്ചിരുന്നവർക്കൊ, സന്ധ്യകഴിഞ്ഞ് രാത്രിയിലത്തെ ഊണുകാലമാകുമ്പോൾ, തെരുവിൽകൂടി ചില ഭിക്ഷക്കൾ പാട്ടുപാടിക്കൊണ്ട്, ഓരോ വീട്ടിന്റെ മുൻഭാഗത്തു ചെന്നു ഭക്ഷണത്തിന് അപേക്ഷിക്കുന്ന സമ്പ്രദായം ഓർമ്മയുണ്ടാകുമല്ലോ. ഇതിൽ ചില നല്ല പാട്ടുകാരും ഉണ്ടാകും. ചിലർ സ്ത്രീകളായിരിക്കും. ഒരുദിവസം രാത്രി ഊണുകഴിഞ്ഞ്, ഞാനും മേനോനും വെണ്മാടത്തിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാവിക്കൊണ്ടിരിക്കയായിരുന്നു. നല്ല നിലാവുണ്ട് അപ്പോൾ തെരുവിൽ ഒരു പാട്ടു കേട്ടു. ഈ പാട്ട് മേനോനെ ബലാൽ ആകർഷിച്ചു. ഉടനെ അദ്ദേഹം എന്നോട്: കേട്ടില്ലെ, ആ പാട്ടു കേട്ടില്ലേ? നാം ദിവസേന കേൾക്കാത്ത ഒരു സ്വരമാണല്ലോ. ഒരു പെൺകുട്ടിയെന്നു തോന്നുന്നു എന്നു പറഞ്ഞു. ഞാൻ ശ്രദ്ധിച്ചു നല്ല സ്വരം നല്ല സ്വരമെന്നു വെറുതെ പറഞ്ഞു പോയാൽ പോരാ—ഇത്ര നല്ല സ്വരം അതിനു മുൻപും അതിനുശേഷവും ഞാൻ അധികംകേട്ടിട്ടില്ല. അധികം കേട്ടിട്ടില്ലെന്ന്, വിവാഹമൊക്കെ കഴിഞ്ഞ്, നിത്യമെന്നപോലെ, എന്റെ പ്രിയതമയുടെ സംഗീതപാടവം ആസ്വാദിക്കാൻ ഇടയായതിന്റെ ശേഷമായതുകൊണ്ടു പറകയാണ്. എന്റെ വിവാഹിത്തിന്റെ മുമ്പായിരുന്നു ഈ വിവരം ഞാൻ എഴുതിയിരുന്നതെങ്കിൽ "ഒരിക്കലും കേട്ടിട്ടില്ല" എന്നുതന്നെ പറയുമായിരുന്നു. ഏതായാലും.

> ...കണ്ഠരീതിയാൽ
> പ്രാണസൗഖ്യമരുളും സജീവിയാം
> വീണതന്നെ...

ഒന്നു കാണണമെന്നു വിചാരിച്ച് മേനോനും ഞാനും താഴത്തിറങ്ങി. ഭിക്ഷതെണ്ടി പാട്ടുപാടി പാടുപെടുന്ന ഒരു പെൺകുട്ടിതന്നെ വസ്ത്രങ്ങൾ കീറിയും, ദാരിദ്ര്യത്തിന്റെ ഒന്നാംസാക്ഷിയായും കാരുണ്യത്തിനുള്ള ബലമായ ശുപാർശയായും, ആ സാധുകുട്ടിയെ ശീതാതപാദികളിൽനിന്നു രക്ഷിക്കുന്ന ഏകമിത്രമായും, അതിന്റെ ശരീരത്തെ ചുറ്റിപ്പറ്റിയിരിക്കുന്നുണ്ട്. പക്ഷേ, ഇപ്പോഴത്തെ കഷ്ടസ്ഥിതിക്ക് കേവലം അനുകൂലിക്കാത്ത മുഖശ്രീയാണുള്ളത്. മുഖത്തിന്റെ ആകൃതിയും, ലക്ഷണവും ഭംഗിയും ശരീരത്തിന്റെ വർണ്ണവും ഒക്കെക്കൂടി കാണുകയും കണ്ഠത്തിൽനിന്ന അനായാസേന പുറപ്പെടുന്ന മധുരശബ്ദം കേൾക്കയുംചെയ്തപ്പോൾ അവൾ ജനനാത്തന്നെ ഒരു ഭിക്ഷക്കാരിയല്ലെന്ന് എനിക്കും മേനോനും ഏകസമയത്തു തോന്നി അങ്ങനെയാണല്ലോ.

> "മിന്നുകില്ലി ശരദഭ്രശാതയായ
> ഖിന്നയാകിലുമഹോ തടില്ലതാ,"

ഞങ്ങൾ ആ കുട്ടിയെ വീട്ടിലേയ്ക്കു ക്ഷണിച്ചു. ബാല്യക്കാരനെ വിളിച്ച് അവൾക്കു ഭക്ഷണംകൊടുക്കാൻ പറഞ്ഞു. അവൾ ഭക്ഷണസാധനങ്ങൾ സ്വീകരിച്ചിട്ട്, ഒരക്ഷരം മിണ്ടാതെ ഞങ്ങളുടെ മുഖത്തു കൃതജ്ഞതാസൂചകമായി ഒന്നു നോക്കി. ആ നോട്ടത്തിൽ അന്തർഭവിച്ച സങ്കടവും, കൃതജ്ഞതയും, ലജ്ജയും, സന്തോഷവും ഒക്കെക്കൂടി കണ്ടപ്പോൾ തള്ളയെപ്പിരിഞ്ഞ ഒരു മാൻകിടാവിനു ഭക്ഷിക്കാൻ അല്പം പുല്ലോ മറ്റോ നാം വച്ചുകാണിക്കുമ്പോൾ ആ സാധുമൃഗം നോക്കാറുള്ള നോട്ടമാണ് എനിക്ക് ഓർമ്മവന്നത്. അവിടെത്തന്നെ ഇരുന്നു ഭക്ഷിച്ചോളാൻ ഞങ്ങൾ പറഞ്ഞുവെങ്കിലും, "ജ്യേഷ്ഠത്തിക്കുകൂടി കൊണ്ടുപോകണം" എന്നു തമിഴിൽ പറഞ്ഞ് അതൊക്കെ വസ്ത്രത്തിൽ കെട്ടിത്തുടങ്ങി. അപ്പോൾ മേനോൻ: "നിനക്കൊരു ജ്യേഷ്ഠത്തിയുമുണ്ടോ കുട്ടീ?"

**കുട്ടി:** ഉണ്ട്, ഒരു ജ്യേഷ്ഠത്തിയേയുള്ളൂ.

**മേനോൻ:** നിനക്ക് അമ്മയും അച്ഛനും ഇല്ലേ?

ഈ ചോദ്യം കേട്ടപ്പോൾ കുട്ടി തലതാഴ്ത്തി കുറേനേരം മിണ്ടാതിരുന്നശേഷം, ഇല്ല, എന്നു പതുക്കെ പറഞ്ഞു. എനിക്കു മനസ്സിൽ വല്ലാത്ത ഒരു വികാരമുണ്ടായി. അതിന്റെ സ്വഭാവമെങ്ങനെയാണെന്നു ചോദിച്ചാൽ, മറ്റൊരാൾ സഹിക്കുന്ന കഠിനസങ്കടം കാണുമ്പോഴുള്ള വ്യഥയോടുകൂടി, അതിൽനിന്ന് അയാളെ രക്ഷിക്കാൻ ശ്രമിക്കണമെന്നുള്ള ഒരാഗ്രഹവും, അതിനുള്ള അസാദ്ധ്യതയും ഓർത്തുള്ള ബുദ്ധിക്ഷയവും ഒക്കെക്കൂടി ഒരു തീയുണ്ടയായി നെഞ്ചിൽ കിടന്നു വിലങ്ങിക്കൊണ്ട് ഉടനെ മൂർച്ഛിച്ചേക്കുമോ എന്നു ഭയമുണ്ടാക്കുന്ന ഒരു വികാരമാണെന്നു സമഷ്ടിയായി പറയാം.

ഞങ്ങൾ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ശേഷം നാലു സ്നേഹിതന്മാരും അടുത്തുവന്നു.

എല്ലാവരും ഓരോ ചോദ്യങ്ങൾ ചോദിച്ചുതുടങ്ങി. ആകപ്പാടെ കുട്ടിയുടെ പേര് രതിഭായി എന്നാണെന്നും അവളും ജ്യേഷ്ഠത്തി മനോന്മണിഭായിയും സിങ്കാരവേലുപ്പിള്ളത്തെരുവിൽ 6-ആം നമ്പർ വീട്ടിലാണു താമസമെന്നും, അച്ഛനും അമ്മയും വേറെ കുടുംബങ്ങളൊന്നും ഇല്ലെന്നും, ഭിക്ഷതെണ്ടിയാണു കാലക്ഷേപമെന്നും മനസ്സിലായി.

അന്നു തുടങ്ങി, ദിവസംതോറും വീട്ടിൽ വന്നു ഭക്ഷണം വാങ്ങിപ്പോകാൻ ഞങ്ങൾ ചെയ്ത ഏർപ്പാടനുസരിച്ച്, അവൾ ചെയ്തുപോന്നു. ഞങ്ങൾക്ക് അവസരമുള്ളപ്പോഴൊക്കെ അവളെക്കൊണ്ട് ഓരോ പാട്ടുപാടിക്കാറുണ്ടായിരുന്നു. അങ്ങനെ ഒരു മാസംകഴിഞ്ഞു. പിന്നെ നാലഞ്ചു ദിവസം രതിഭായിയെ കണ്ടില്ല. എന്താണു വരാത്തതെന്നു ഞങ്ങൾ ആലോചിച്ചു. വല്ല സുഖക്കേടും ആയിരിക്കാമെന്നു സംശയിച്ചു. ഒരു ദിവസം മേനോൻ എന്നോടിങ്ങനെ പറഞ്ഞു.

നമ്പ്യാരെ, നാം ആ കുട്ടിയെ ഒന്നന്വേഷിക്കണം ഇന്നു വൈകുന്നേരം ചെന്നു നോക്കുകയല്ലേ?

**ഞാൻ:** അങ്ങനെയാവട്ടെ. സധുക്കുട്ടിയ്ക്കു വല്ല ആപത്തും വന്നിരിക്കുമോ?

അന്നു വൈകുന്നേരം മേനോനും ഞാനും ചവിട്ടുവണ്ടിയിൽ കയറി സിങ്കാരവേലുപ്പിള്ളത്തെരുവിലേക്കു പോയി. ആറാം നമ്പർ ഒരു ചെറിയ വീടാണെങ്കിലും രണ്ടു തട്ടുള്ളതാണ്. മേലെ തട്ടിന്റെ വാതിൽ തുറന്നുകാണുകയാൽ ഞങ്ങൾ കോണിപ്പടി കയറിച്ചെന്നു. കോണിയുടെ മുകളിൽ എത്തി വടികൊണ്ടു മേനോൻ സാവധാനത്തിൽ ഒച്ച ഉണ്ടാക്കിയപ്പോൾ ഒരാൾ വന്നു ഞങ്ങളോടു വിവരം അന്വേഷിച്ചു. രതിഭായിയെപ്പറ്റി ഞങ്ങൾ അന്വേഷിച്ചപ്പോൾ അവളും ജ്യേഷ്ഠത്തിയും താഴത്തെ തട്ടിലാണു താമസമെന്നും, മനോന്മണിഭായിയ്ക്ക് അത്യന്തം സുഖക്കേടാണെന്നും പറഞ്ഞു. ഞങ്ങൾ താമസിക്കാതെ താഴെ ഇറങ്ങിച്ചെന്നു. രണ്ടുമിനിട്ടു കഴിഞ്ഞപ്പോൾ ഞങ്ങൾ ആ സഹോദരിമാരുടെ മുറിയിലെത്തി. കിടക്കാനും, ഭക്ഷിക്കാനും പാകംചെയ്വാനും ഒരു മുറിയേ ഉള്ളൂ. അതിൽ ഒരു ഭാഗത്തു ഒരടുപ്പും അതിനു സമീപം ചില മൺപാത്രങ്ങളും ഒന്നുരണ്ടു പിഞ്ഞാണങ്ങളും ഉണ്ട്. മറ്റൊരു ഭാഗത്ത് ഏകദേശം പതിനെട്ടു വയസ്സു പ്രായമുള്ള ഒരു പെണ്ണ് കീറിപ്പാറിയ ചില വസ്ത്രങ്ങൾ പുതച്ചുകൊണ്ടു കിടക്കുന്നു. അടുക്കൽ രതിഭായി ഇരുന്ന് ഒരു കീറിയ വസ്ത്രം തുന്നി നന്നാക്കുകയാണ് കിടക്കുന്ന സ്ത്രീ വളരെ മെലിഞ്ഞുവിളറി, അത്യന്തം ദീനസ്ഥിതിയിലായിരുന്നു. രോഗംകൊണ്ട് അത്യന്തം പരിതാപകരമായ നിലയിലാണെങ്കിലും, നല്ല ആകൃതിയിലുള്ള നെറ്റിയും മൂക്കും ആരുടെ ശ്രദ്ധയേയും ആകർഷിക്കും. സുഖസ്ഥിതിയിൽ അതിസുന്ദരിയായിരിക്കണമെന്ന് പറവാൻ യഥാർത്ഥ സൗന്ദര്യം കണ്ടറിവാൻ ശേഷിയുള്ളവർക്കൊന്നും പ്രയാസമില്ല. ഞങ്ങളെക്കണ്ട ഉടനെ രതിഭായി എഴുന്നേറ്റ് മനോഹരമായ മന്ദഹാസത്തോടുകൂടി ഇതാണ് എന്റെ ജ്യേഷ്ഠത്തി ഇവർക്ക സുഖക്കേടാണ എന്നു പറഞ്ഞു. പറഞ്ഞുതീർന്നതോടുകൂടി, മുഖത്തുണ്ടായിരുന്ന മന്ദഹാസവും പിമ്പാടി. രതിഭായിയ്ക്ക് എട്ടുവയസ്സുമാത്രമേ പ്രായമുള്ളൂ. ഇത്ര ചെറുപ്പത്തിൽത്തന്നെ ഇങ്ങനെയുള്ള മനോവികാരങ്ങൾ പ്രത്യക്ഷപ്പെടത്തക്ക ഉൾബോധം സിദ്ധിച്ചത് ആശ്ചര്യം! ഞങ്ങൾ ആരാണെന്നറിവാൻ, രോഗത്തിൽ കടക്കുന്ന ആ സ്ത്രീയ്ക്ക് ആഗ്രഹമുള്ളതുപോലെ അവൾ രതിഭായിയെ ഒന്നു നോക്കി. കുട്ടി ജ്യേഷ്ഠത്തിയുടെ അടുക്കൽ ചെന്നു സ്വകാര്യം എന്തോപറഞ്ഞു മനോന്മണിഭായി ഞങ്ങളെ നോക്കി പുഞ്ചിരിയിട്ടു.

മേനോൻ അടുത്തുചെന്നിട്ട്, നിങ്ങൾക്ക് എന്താണു സുഖക്കേട് എന്നു ചോദിച്ചു. ഇതിനു മനോന്മണി വളരെ സാവധാനത്തിൽ അവൾക്കു പനിയാണു, സുഖക്കേടേന്നു പറഞ്ഞു.

**ഞാൻ:** "ഇദ്ദേഹം ഡാക്ടരാണ് നിങ്ങളെ ഒന്നു പരിശോധിക്കട്ടെയോ?

ഇതു കേട്ടപ്പോൾ ആ നിർഭാഗ്യവതി കിടന്നടിക്കിൽ നിന്ന് എഴുന്നേൽക്കാൻ ഭാവിച്ചു. അവിടെത്തന്നെ കിടക്കാൻ മേനോൻ ആംഗ്യം കാണിച്ചു. അതു കണ്ടപ്പോൾ.

> "സ്ഫുടതരാതിഥ്യമാമുതൽകൊണ്ടു നീ
> ഇടരൊലാ മമ സൽക്രിയയിങ്ങനെ."

എന്നു ശകുന്തളയോടു ദുഷ്യന്തൻ പറഞ്ഞത് എനിക്കു ഓർമ്മ വന്നു. രണ്ടുപേരുടെയും മനോവികാരങ്ങൾക്കു മാത്രമേ വ്യത്യാസമുണ്ടായിരുന്നുള്ളൂ.

മേനോൻ സ്ത്രീയെ പരിശോധിച്ചശേഷം ഇംഗ്ലീഷിൽ എന്നോടു ഇങ്ങനെ പറഞ്ഞു.

സാധുസ്ത്രീ ക്ഷയമാണു കൈകടന്നുപോയി. പനിയുണ്ട്. കാലിനും കൈക്കും നീരുമുണ്ട് ഒരാഴ്ചയിലധികം ജീവിക്കുമെന്നു തോന്നുന്നില്ല.

**ഞാൻ:** കഷ്ടം! മഹാകഷ്ടം! നാം ഇവിടെ ചെയ്യേണ്ടതായിട്ടൊന്നുമില്ലേ? ഊകട്ടി എന്തു ചെയ്യും?

**മേനോ:** ഒരുകപ്പി "ലംകോ" വാങ്ങികൊടുക്കണം, മരുന്നുകൊണ്ടൊന്നും പ്രയോജനമില്ല.

ഞാൻ ഉടനെ പോയി അടുത്ത ഷാപ്പിൽനിന്നും ഒരു കപ്പി "ലംകോ" എന്ന മാംസത്തും, ഒരു കപ്പി വൈനും, ഒരു ടിൻ ബാർലിയും വാങ്ങിക്കൊണ്ടുവന്നു. അവയും 2 ക.യും മേനോൻ രതിഭായികൈവശം കൊടുത്തു. അവയെക്കൊണ്ടു ചെയ്യേണ്ടതൊക്കെ ഉപദേശിച്ചു അന്നരാത്രി ഒരു നേരിയ കമ്പിളി വാങ്ങി ഞങ്ങളുടെ ബാല്യക്കാരന്റെ വശം അവിടെ അയച്ചുകൊടുത്തു. ഞങ്ങൾ പിറ്റേ ദിവസം രാവിലെ രണ്ടാമതും ചെന്നു. വേറെയും ചില സാമാനങ്ങളും ഒരുറുപ്പികയും കൊടുത്തു. ഇങ്ങനെ നാലഞ്ചു ദിവസം കഴിഞ്ഞു.

ഒരു ഞായറാഴ്ച രാവിലെ എഴുന്നേറ്റു മുഖം കഴുകുമ്പോൾ ആരോ വാതിലിനു മുട്ടുന്നതു കേട്ടു. ബാല്യക്കാരനെ വിളിച്ച് ആരാണെന്നു നോക്കാൻ പറഞ്ഞു രതിഭായിയാണ്. സാധുകുട്ടി വിക്കിവിക്കി കരഞ്ഞുകൊണ്ടു അകത്തുവന്നു. എനിക്ക് ഉടനെ കാര്യം മനസ്സിലായി. മനോന്മണി കഴിഞ്ഞുപോയി. മേനോൻ അതിരാവിലെ എഴുന്നേറ്റ് ആശുപത്രിയിലേക്കു പോയിരിക്കയായിരുന്നു. ഞാനും ഞങ്ങളുടെ ഒന്നിച്ചു താമസിക്കുന്നുണ്ടായിരുന്നവരിൽ രണ്ടുപേരും കൂടി ഉടനെ പുറത്തിറങ്ങി. ഒരു വണ്ടി വരുത്തി, രതിയെക്കൂടി അതിൽ കയറ്റി അവളുടെ വീട്ടിൽ ചെന്നു.

സമീപവാസികളിൽ ചിലരൊക്കെ അപ്പോഴും അവിടെ ഉണ്ടായിരുന്നു. ഞങ്ങൾ അഞ്ചു ഉറുപ്പിക ശവസംസ്കാരത്തിലേയ്ക്കുള്ള ചിലവിലെക്കായി കൊടുത്തു. എല്ലാം ഭംഗിയായി നടത്താൻ ശട്ടംകെട്ടി. ശവസംസ്കാരം കഴിഞ്ഞാൽ രതിയെ തക്കതായ ഒരു സ്ഥലത്താക്കണമെന്നു ഞങ്ങൾ തീർച്ചയാക്കി. അതൊക്കെ മേനോനുമായി ആലോചിച്ചു ചെയ്യേണ്ടതാണ്. തൽക്കാലം ആ വീട്ടിൽ തന്നെ മേലേതട്ടിൽ താമസിക്കുന്നവരുടെകൂടെ താമസിക്കാൻ ഏർപ്പാടുകൾചെയ്തു ഞങ്ങൾ പോയി.

മേനോൻ വന്നു വിവരം അറിഞ്ഞപ്പോൾ, അദ്ദേഹം വളരെ വ്യസനിച്ചു എന്നുള്ളത് പറയേണ്ടതില്ലല്ലോ. രതിയിൽ അദ്ദേഹത്തിനു പ്രത്യേകമൊരു വാത്സല്യമുണ്ടായിരുന്നു. വൈകുന്നേരം ഞങ്ങൾ രതി പാർക്കുന്ന സ്ഥലത്തു ചെന്നു മുറി പൂട്ടിക്കിടക്കുന്നു. ശവസംസ്കാരമൊക്കെ കഴിഞ്ഞു. മേലേത്തട്ടിൽ താമസിക്കുന്നവരോടു രതിയെപ്പറ്റി അന്വേഷിച്ചപ്പോൾ ശവസംസ്കാരം കഴിഞ്ഞശേഷം അവളെ അവർ കണ്ടിരുന്നില്ലെന്നു പറഞ്ഞു. ഞങ്ങളൊക്കെ അവളെക്കുറിച്ചു വളരെവ്യസനിച്ചു.

അന്നു പല ദിക്കിലും അന്വേഷിച്ചു കണ്ടില്ല. പിറ്റേദിവസവും അന്വേഷിച്ചു ഒരു ദിക്കിലും കണ്ടില്ല ഒരാഴ്ചയോളം ഞങ്ങൾ ആവുന്നതൊക്കെ ശ്രമിച്ചിട്ടും രതിയെപ്പറ്റി ഒരു വിവരവും കിട്ടിയില്ല. ക്രമേണ ഞങ്ങളൊക്കെ അവളെ മറന്നുവെന്നുതന്നെ പറയാം. അങ്ങിനെയാണല്ലോ മനുഷ്യപ്രകൃതി എങ്കിലും മേനോന് അവളെക്കുറിച്ചുത്യന്തം വ്യസനമുണ്ടെന്നും സ്വന്തം ഒരു കുട്ടിയെങ്ങാനാണ് ആ വിധം സംഭവിച്ചിരുന്നതെങ്കിലെന്നപോലെ ഹൃദയത്തോടുകൂടിയ വേദന അദ്ദേഹത്തിനു അനുഭവമായിട്ടുണ്ടെന്നും, ഞങ്ങളൊക്കെ മനസ്സിലാക്കി.

## II

പത്തുകൊല്ലം കഴിഞ്ഞു ഡാക്ടർ രാമൻമേനോൻ എം. ബി. സി. എം മദിരായിൽ ഒരു മരുന്നഷാപ്പ് ഏർപ്പെടുത്തി ചികിത്സ നടത്തിത്തുടങ്ങിയിട്ടു എട്ടു കൊല്ലമായി ഞങ്ങളൊക്കെ ഓരോ ഉദ്യോഗം ഭരിച്ചു. പലരാജ്യത്തും പോകേണ്ടിവന്നു. രതിയുടെ ജ്യേഷ്ഠത്തി കാലകർമ്മം പ്രാപിക്കയും, രതി എവിടെയോ എങ്ങിനെയോ പോകയും ചെയ്കിട്ട് പത്തുകൊല്ലം കഴിഞ്ഞശേഷം, ഒരു ഡിസംബർമാസത്തിൽ ഞാൻ മദിരാശിയിൽ പോയി ഡാക്ടർ മേനോന്റെ അതിഥിയായി താമസിക്കയായിരുന്നു. ഡാക്ടർ മേനോനു മദിരാശിയിൽ നല്ല ചികിത്സ ഉണ്ട്. മാസത്തിൽ നാനൂറ് അഞ്ഞൂറു ഉറുപ്പിക കിട്ടും. അദ്ദേഹത്തിന്റെ മരുന്നഷാപ്പോടു സമ്പന്ധിച്ചുതന്നെ രോഗികളെ താമസിപ്പിച്ചു ചികിത്സിക്കാൻ ഒരു ഏർപ്പാടുണ്ട്. അതിൽ നിത്യം പത്തും പതിനഞ്ചും രോഗികൾ ഉണ്ടാവും.

ക്രിസ്തുമസകാലത്തു മദിരാശിയിലുള്ള വിനോദങ്ങൾക്കും നേരമ്പോക്കിനും കണക്കില്ല. അക്കാലത്താണ് "പാർക്കുഫേയർ". ഞാനും ഡാക്ടർ മേനോനും "പാർക്കുഫേയർ" കാണാൻപോയി. അന്നു പാർക്കിൽ ഒരഗ്നിബാധയുണ്ടായി നാലഞ്ചുപേർ മരിക്കുകയും വളരെ പേർക്കു കഠിനമായി പൊള്ളുകയും ചെയ്തിരുന്നു. തീപൊള്ളിയവരിൽ കുറേപ്പേരെ ജനറൽ ആശുപത്രിയിൽ കൊണ്ടുപോകയും രണ്ടാളെ ഡാക്ടർ മേനോന്റെ ആശുപത്രിയിൽ കൊണ്ടു വരികയും ചെയ്തു. ഈ രണ്ടുപേരിൽ ഒന്നൊരു സ്ത്രീയാണ്. ആ സ്ത്രീക്കു കഠിനമായി പൊള്ളിയിരിക്കുന്നു. ആശുപത്രിയിൽ കൊണ്ടുവരുമ്പോൾ ഓർമ്മയില്ല. ഡാക്ടർ മേനോൻ വേണ്ടുന്ന പരിശോധനകൾ കഴിച്ചശേഷം. ആ സാധുസ്ത്രീ ജീവിക്കുന്നകാര്യം പ്രയാസമാണെന്നു അഭിപ്രായപ്പെട്ടു. മറ്റേതൊരു കുട്ടിയായിരുന്നു. അതിനെ വല്ലവിധത്തിലും ജീവിപ്പിക്കാമെന്നു മേനോൻ ധൈര്യം പറഞ്ഞു മൂർച്ഛിച്ചുകിടക്കുന്ന ആ സാധുസ്ത്രീയുടെ ഊരും പേരും ഒന്നും അറിയായ്കയാൽ അവളുടെ തല്ലാലസ്ഥിതിയെപ്പറ്റി ആർക്കാണ് അറിവുകൊടുക്കേണ്ടതെന്നറിയാതെ ഞങ്ങൾ വളരെ വിഷമിച്ചു. സ്ത്രീയ്ക്കൊരു മുപ്പത്തഞ്ചു വയസ്സ് പ്രായമുണ്ടായിരിക്കും. ഒരു ബ്രാഹ്മണസ്ത്രീയാണെന്നും വിധവയല്ലെന്നും അല്ലാതെ അവളെപ്പറ്റി മറ്റൊരു കാര്യവും അറിയാൻ തൽക്കാലം സാധിച്ചില്ല. അവൾക്ക് ഓർമ്മ വരാനുള്ള ചില പ്രയോഗങ്ങൾ മേനോൻ ചെയ്തശേഷം ഒരുമണിക്കൂർ കഴിഞ്ഞപ്പോൾ, ബോധംവന്ന്, കണ്ണുതുറന്നു നാലുപാടും നോക്കി, അയ്യോ അയ്യോ. മനോന്മണി, രതി, രതി, മനോന്മണി, നിങ്ങളെവിടെ? എന്നിങ്ങനെ പുലമ്പിക്കൊണ്ടിരുന്നു. രതി! മനോന്മണി! ഈ പേരുകൾ പണ്ടെപ്പഴോ കേട്ടിട്ടുള്ളപ്രകാരം എനിക്കുതോന്നി. പത്തുകൊല്ലം മുമ്പു കഴിഞ്ഞ ആ കഥ കേവലം എന്റെ മനസ്സിൽനിന്നു മറഞ്ഞുപോയിരുന്നില്ലെങ്കിലും, കുട്ടികളുടെ പേരുകൾ എനിക്കു നല്ല ഓർമ്മയുണ്ടായിരുന്നില്ല. മേനോനു അങ്ങനെയല്ല. രതിയും മനോന്മണിയും അദ്ദേഹത്തിന്റെ തലയിൽ ഒരു ഭാഗം പിടിച്ചിരുന്നു. ബലത്തിൽ പിടിച്ചിരുന്നു. തലയിൽ എന്നേ ഞാൻ പറയുന്നുള്ളൂ. ഹൃദയത്തിൽ എന്നു പറയാൻ എനിക്ക് അധികാരമില്ല. ആ കുട്ടികളുടെ പേരുകേട്ടു ഉടനെ അദ്ദേഹം സ്ത്രീയുടെ അടുത്തുചെന്നിട്ട്, എന്തായിരുന്നു? നിങ്ങൾ രതിയേയും, മനോന്മണിയേയും അറിയുമോ? എന്നു ചോദിച്ചു. ഇതിന് ആ സ്ത്രീ യാതൊരു ഉത്തരവും പറയാതെ, കുറേനേരം അദ്ദേഹത്തിന്റെ മുഖത്തുതന്നെ തുറിച്ചു നോക്കിക്കൊണ്ടിരുന്നു. ഒടുക്കം, സാവധാനത്തിൽ ഇങ്ങനെ ചോദിച്ചു:-നിങ്ങളാരാണ്? ഞാനെവിടെയാണ്?

**മേനോൻ:** ഞാനൊരു ഡാക്ടരാണ്. നിങ്ങൾക്കു തീപൊള്ളിയതിനാൽ എന്റെ ആസ്പത്രിയിൽ എടുത്തുകൊണ്ടുവന്നിരിക്കയാണ്.

**സ്ത്രീ:** അയ്യോ! എന്റെ ശരീരം മുഴുവൻ പുകയുന്നല്ലോ. ഇതെന്താണ്, എന്റെ കയ്യിന്മേൽ?

**മേനോൻ:** അതു പഞ്ഞിയാണ്. ഒരു മരുന്നുവച്ചതാണ്. പൊള്ളിയ സ്ഥലത്തൊക്കെ അങ്ങനെ മരുന്നുവച്ചിട്ടുണ്ട്. നിങ്ങൾ എഴുന്നേൽക്കരുത്. നിങ്ങളുടെ പേരെന്താണ്? നിങ്ങളുടെ വിവരത്തെപ്പറ്റി ഞാൻ ആരെയാണ് അറിയിക്കേണ്ടത്?

**സ്ത്രീ:** ആരെ അറിയിക്കാൻ! എനിക്ക് ആരുമേയില്ല. ആ കുട്ടികളെ ഒരുനോക്കു കണ്ട്, മാപ്പിനപേക്ഷിച്ച്, മരിച്ചാൽമതി.

**മേനോൻ:** നിങ്ങൾ കുട്ടികളുടെ അമ്മയാണോ?

**സ്ത്രീ:** അമ്മയല്ല. അവരുടെ അച്ഛന്റെ ഭാര്യയാണ്. ഞാൻ അവരോടു വലിയ കഠിനക്കൈ പ്രവർത്തിച്ചു. ഞാൻ ഇനി ജീവിക്കുമെന്നു തോന്നുന്നില്ല. ഞാൻ ചെയ്ത പാപത്തിനു മതിയായ ശിക്ഷതന്നെയാണു അനുഭവിക്കുന്നത്.

**മേനോൻ:** നിങ്ങൾ എന്തു പാപമാണു ചെയ്തത്? ഞങ്ങളോടു പറയാൻ വിരോധമില്ലെങ്കിൽ, പറയാം.

**സ്ത്രീ:** ഞാൻ പറയാം, എനിക്കു പറയാതെ നിവൃത്തിയില്ല. മരിക്കുന്നതിനു മുമ്പ് എന്റെ പാപം ഒരാളോടു പറഞ്ഞാൽ എന്റെ മനസ്സിനു കുറേ സുഖമുണ്ടാകും. എന്റെ തല അല്പം പൊന്തിച്ചുവയ്ക്കുവിൻ. എനിക്കു നല്ലവണ്ണം സംസാരിക്കുവാൻ വയ്യാ.

മേനോൻ ഒരു തലയണയെടുത്ത് ആ സ്ത്രീയുടെ തലയ്ക്കു ചുവടെ വച്ചു. ഞങ്ങൾ രണ്ടുപേരും ഓരോ കസേരയിൽ കട്ടിലിന്റെ രണ്ടുഭാഗത്തും ഇരുന്നു.

സ്ത്രീ അവരുടെ കഥ പറഞ്ഞുതുടങ്ങി:-

എന്റെ പേര് അബലാമണിയെന്നാണ്. എന്നെ ഉത്തുക്കുടിയിലെ ഒരു വ്യാപാരിയാണു വിവാഹം കഴിച്ചത്. അദ്ദേഹത്തിന്റെ ആദ്യത്തെ ഭാര്യ മരിച്ചശേഷമാണ് എന്നെ വിവാഹംചെയ്തത്. അദ്ദേഹം ഒരു മലയാളിശൂദ്രനാണ്. വളരെക്കാലം ഉത്തുക്കുടിയിൽ താമസിച്ച് പേരും കോലവും മാറ്റി, ആ ദേശക്കാരനായിത്തീർന്നു. ഞാനൊരു ബ്രാഹ്മണവിധവയായിരുന്നു. ആജീവനാന്തം കഷ്ടപ്പെടുന്നതിനേക്കാൾ, ജാതി ഉപേക്ഷിച്ച്, ഒരു യോഗ്യന്റെ ഭാര്യയായിരിക്കയാണു നല്ലതെന്ന് എനിക്കു തോന്നി. അങ്ങനെയാണു ഞാൻ അദ്ദേഹത്തിന്റെ ഭാര്യയാകാൻ അനുകൂലിച്ചത്. അദ്ദേഹത്തിന്റെ ആദ്യത്തെ ഭാര്യയിൽ ഉണ്ടായിരുന്ന രണ്ടു മക്കളായിരുന്നു രതിയും മനോന്മണിയും. ആ കുട്ടികളുടെ അമ്മ ഒരു നായിഡുസ്ത്രീയാണെന്നു ഞാൻ കേട്ടിട്ടുണ്ട്. എന്നെ വിവാഹം കഴിച്ചതിനശേഷം, അദ്ദേഹം തന്റെ കുട്ടികളോടു കാണിക്കുന്ന വാത്സല്യം എനിക്കത്ര സമ്മതമായില്ല. ഞാൻ അദ്ദേഹത്തെ പ്രാണനെപ്പോലെ കരുതി സ്നേഹിച്ചിരുന്നു. അദ്ദേഹമാകട്ടെ, എന്നെക്കാൾ കുട്ടികളെയാണു സ്നേഹിക്കുന്നതെന്നും, അത് അയാൾക്കു പ്രഥമഭാര്യയിൽ ഉണ്ടായിരുന്ന പ്രണയത്തിന്റെ ഫലമാണെന്നും, ഞാൻ വിചാരിച്ചു. എനിക്ക് അസൂയ ജനിച്ചു. അതു ക്രമേണ വർദ്ധിച്ച്, ഞാൻ ആ സാധുകുട്ടികളെപ്പറ്റി പല ദൂഷ്യവും അവരുടെ അച്ഛനോടു പറഞ്ഞു. ആദ്യം, അദ്ദേഹം അവയൊന്നും ശ്രദ്ധിച്ചില്ല. നിത്യം ഇറ്റിവീഴുന്ന വെള്ളംകൊണ്ടു കഴിഞ്ഞുപോകാത്ത കഠിനകല്ലുകളുണ്ടോ? എന്റെ ദുഷ്ടി ഫലിച്ചുതുടങ്ങി. എന്റെ ഭർത്താവിനു മക്കളിൽ സ്നേഹം കുറഞ്ഞുതുടങ്ങി. ഞാൻ വിടാതെ പലതും പറഞ്ഞും പ്രവർത്തിച്ചും തുടങ്ങി. അതൊക്കെ ഇന്നതാണെന്നു വിവരിക്കാൻ പ്രയാസം. രണ്ടാമത്തെ അമ്മയുടെ ദുർന്നയങ്ങളെ അറിയുന്നവർക്കൊക്കെ അവ എളുപ്പത്തിൽ ഊഹിക്കാം. എന്തിനു പറയുന്നു, കുട്ടികളോട് അവരുടെ അച്ഛനു ദേഷ്യമായി. അതുവരെ സ്വർഗ്ഗീയകന്യകകളെപ്പോലെ നിർദ്ദോഷികളും നിരപരാധിനികളുമാണെന്നു വിചാരിച്ച കുട്ടികൾ, വെറും രാക്ഷസികളാണെന്ന് അവരുടെ അച്ഛൻ ധരിച്ചു. ഈ കുട്ടികളെ പുറത്താക്കിക്കളവാൻ ഞങ്ങൾ തീർച്ചയാക്കി. എന്റെ ഭർത്താവിനു മൂന്നു വലിയ പത്തേമാരികൾ ഉണ്ടായിരുന്നു. അവയിൽ സാമാനങ്ങൾ കയറ്റിക്കൊണ്ടുപോകമ്പോൾ അതിൽ അദ്ദേഹവും ഞാനും കുട്ടികളുംകൂടി കയറിപ്പോകാൻ തീർച്ചയാക്കി. ഞങ്ങൾ മദിരാശി തുറമുഖത്തെത്തി, നാലുപേരും ഒരു തോണിയിൽ കയറി കരയ്ക്കുപോയി, അവിടെ കുറേ നേരം നഗരത്തിൽ നടന്നശേഷം. ഉപായത്തിൽ കുട്ടികളെ വിട്ട്, ഞങ്ങൾ തോണിയിൽ കയറി പത്തേമാരിയിൽ പോയി. കുട്ടികളില്ലാതെ ചെന്നതുകൊണ്ടു പത്തേമാരിയിലെ പ്രവൃത്തിക്കാർ പലതും സംശയിക്കയും, എന്നെ ചിലർ കഠിനമായ ദേഷ്യത്തോടെ നോക്കുകയും ചെയ്തു. ആ നോട്ടങ്ങൾ ഇന്നും എന്റെ മനസ്സിൽ ശരംതറയ്ക്കുന്നതുപോലെ വേദനപ്പെടുത്തുന്നുണ്ട്. ഹാ! സാധുകുട്ടികൾ! ഞങ്ങളെ കാണാതെ എങ്ങനെ കഴിച്ചിരിക്കുമെന്നുള്ളത്, എനിക്കു വിചാരിക്കുവാൻപോലും സാധിക്കുന്നില്ല. എന്റെ ഭർത്താവിനു കഠിനമായ വ്യസനമുണ്ടായി. എന്നോടു പിന്നെ സന്തോഷത്തോടുകൂടി സംസാരിക്കപോലും ചെയ്യിതിരുന്നില്ല. ഞങ്ങൾ പത്തേമാരിയിൽ നാലു ദിവസം സഞ്ചരിച്ചു. അഞ്ചാംദിവസം കഠിനമായ കാറ്റും കോളും ഉണ്ടായി. പത്തേമാരി ഒരു പാറയ്ക്കടിച്ചുപൊളിഞ്ഞു. ഞാൻ വെള്ളത്തിൽ വീണതും, ഓർമ്മയില്ലാതായതും, ഒന്നിച്ചുകഴിഞ്ഞിരിക്കുന്നു. പിന്നെ എനിക്കു ബോധം വന്നപ്പോൾ, ഞാൻ ഒരു വീട്ടിൽ ഒരു കട്ടിലിന്മേൽ കിടക്കുന്നതും, ചിലരെന്നെ ശുശ്രൂഷിക്കുന്നതും കണ്ടു. അതൊരു ആശുപത്രിയായിരുന്നു എന്നു പിന്നീടു ഞാനറിഞ്ഞു. ഞാൻ എന്റെ ഭർത്താവിനെപ്പറ്റി അന്വേഷിച്ചതിൽ ആർക്കും വിവരമില്ലെന്നു പറഞ്ഞു. ഞാൻ, എന്റെ പണ്ടങ്ങൾ വിറ്റ്, കരവഴിയായി ഉത്തുക്കുടിയിൽ എത്തി, ഞങ്ങളുടെ വീട്ടിൽ ചെന്നു. ഭർത്താവ് അവിടെ എത്തിയിട്ടില്ലെന്നു കണ്ടു. ഞാൻ പിന്നെ എന്റെ സാമാനങ്ങളും മറ്റും വിറ്റ്, കുറേക്കാലം അവിടെത്തന്നെ താമസിച്ചു. ഭർത്താവിന്റെ ബാക്കിയുള്ള പത്തേമാരികളും മറ്റും ആരോ കൈവശപ്പെടുത്തി. ഭർത്താവു വെള്ളത്തിൽ മരിച്ചുപോയിരിക്കാമെന്നു ഞാൻ സംശയിച്ചു. അഥവാ അദ്ദേഹം രക്ഷപ്പെടുകയും എന്നെ ഉപേക്ഷിച്ചു കുട്ടികളുടെ അടുക്കെ പോകയും ചെയ്തിരിക്കാം. ഞാൻ ദേശസഞ്ചാരത്തിനു പുറപ്പെട്ടു. കുട്ടികളോടു ഞാൻ ചെയ്ത തെറ്റിനെപ്പറ്റി ആലോചിച്ചു പശ്ചാത്തപിച്ചു. ഒടുവിൽ മദിരാശിയിൽ എത്തി. കഷ്ടകാലത്തിന് ഇന്ന് ഈ അപകടത്തിൽപ്പെട്ടു. വെള്ളത്തിൽനിന്നു രക്ഷപ്പെട്ടു തീയിൽ മരിക്കാനാണ് എന്റെ യോഗം. പ്രകൃതിയിലെ ശക്തികൾതന്നെ എന്നോടു പ്രതിക്രിയ ചെയ്യുന്നതായിരിക്കാം. ഞാൻ ചെയ്ത പാപത്തിന് ഇതു വലിയ കഠിനമായ ശിക്ഷയല്ല.

സ്ത്രീയുടെ ഈ കഥ കേട്ടപ്പോൾ ഞാനും ഡാക്ടർ മേനോനും ഇടിതട്ടിയ മരംപോലെ നിശ്ചലന്മാരായി ഇരുന്നുപോയി. രതിയേയും മനോന്മണിയേയുംപറ്റി ഞങ്ങൾ അറിഞ്ഞ വിവരം മേനോൻ ആ സ്ത്രീയെ ധരിപ്പിച്ചു. അവൾക്ക് അതുകേട്ടപ്പോളുണ്ടായ മനോവേദന കണ്ടപ്പോൾ, അവളെ ഈ അന്ത്യകാലത്തു ആ വിവരം അറിയിക്കേണ്ടില്ലായിരുന്നുവെന്ന് എനിക്കു തോന്നി.

ഞാനും മേനോനും അദ്ദേഹത്തിന്റെ മുറിയിൽ പോയി രതിയെപ്പറ്റി പലതും പറഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു:-

"അല്ല നമ്പ്യരെ നാം ഇന്നുരാത്രി എന്താണു ചെയ്യു? എനിക്ക് ആ സ്ത്രീയുടെ കഥ കേട്ടതിൽപ്പിന്നെ മനസ്സിനു കേവലം സ്വസ്ഥതയില്ലാതായിരിക്കുന്നു. വല്ല വിനോദത്തിലും ഏർപ്പെടണം."

**ഞാൻ:** നാടകം കാണാൻ പോകാം, പുതിയ നാടകമല്ലേ? വളരെ നന്നെന്നാണ് എല്ലാവരും പറയുന്നത്.

**മേനോൻ:** ശരി അതുകൊള്ളാം. നിങ്ങൾ ഒരുങ്ങിക്കൊൾവിൻ. ഞാൻ 9 മണിക്കു മടങ്ങിവരാം. ഇങ്ങനെ പറഞ്ഞ് അദ്ദേഹം തന്റെ ചികിത്സയിലുള്ള ചില രോഗികളെ കാണ്മാൻ പോയി.

ബാലാമണി മുതലായ പ്രസിദ്ധ നടികളുടെ നാടകങ്ങൾ കണ്ടിട്ടുള്ള പലരോടും മദിരാശിയിലെ നാടകങ്ങളെക്കുറിച്ചു വിവരിക്കേണ്ട ആവശ്യമില്ല. അങ്ങനെയുള്ള ഒരു നാടകം കാണാൻ പോകാനാണ് ഞങ്ങൾ തീർച്ചയാക്കിയത്. തൃശ്ശിനാപ്പള്ളിയിൽനിന്ന് ഒരു പുതിയ നാടകസംഘം വന്നിരിക്കയാണ്. അതിൽ നാലഞ്ചു സ്ത്രീകളുണ്ട്. ഒരു സ്ത്രീ വിശേഷിച്ചും, അല്പകാലത്തിനുള്ളിൽ വളരെ പ്രസിദ്ധയായ നടിയായിത്തീർന്നിരിക്കുകയാണ്. അവളുടെ ആട്ടവും പാട്ടും, നിത്യം രാത്രി അനേകം ജനങ്ങളെ ആകർഷിക്കുന്നുണ്ട്.

ഒൻപതുമണിക്ക് കൃത്യമായി ഡാക്ടർ മടങ്ങിവന്നു. ഞങ്ങൾ കളികാണ്മാൻ പോയി.

ഞങ്ങൾ രണ്ടുപേരും ഓരോ റിസർവ്വ് ടിക്കറ്റു വാങ്ങി രംഗത്തിനടുത്തുള്ള രണ്ടു കസാലകളിൽ ഇരുന്നു. ഒമ്പതരമണിക്കു കൃത്യമായി കർട്ടൻ പൊന്തി. സരസ്വതിയുടെ വേഷമായിരുന്നു ഒന്നാമത്തേത്. ഒരു വീണയുമായി ഒരു സ്ത്രീ ഒരു കസാലയിൽ ഇരുന്നു പാടിത്തുടങ്ങി. പാട്ടു കേട്ടു ഉടനെതന്നെ മേനോൻ അല്പം ബദ്ധപ്പെട്ടുകൊണ്ട് എന്നോട് ഏതാണ് ആ സ്ത്രീ?, എന്നു ചോദിച്ചു. ആരറിഞ്ഞു, എന്നുമാത്രം ഞാൻ മറുപടി പറഞ്ഞു. മേനോൻ പിന്നെയും, ഛെ! നിങ്ങൾക്കു മനസ്സിലാകുന്നില്ലെ! രതീഭായി അല്ലെ അത്, എന്നു ചോദിച്ചു.

**ഞാൻ:** നിങ്ങൾ എന്തൊക്കെയാണു പറയുന്നത്? ഈ നോട്ടീസ് നോക്കരുതോ? ഇതിൽ വേഷക്കാരുടെ പേരു പറഞ്ഞിട്ടുണ്ടല്ലോ. സരസ്വതി: മോഹിനീഭായി; അവൾതന്നെയാണ് ദമയന്തിയുടെ വേഷവും.

**മേനോൻ:** പേരു മാറ്റിക്കൂടേ? നോക്കൂ, നോക്കൂ, അവൾ നമ്മെത്തന്നെ നോക്കുന്നു. അവളുടെ മുഖസ്വഭാവം പകരുന്നുണ്ട്; നിശ്ചയം.

**ഞാൻ:** നിങ്ങൾക്കു ഭ്രാന്തായിപ്പോയി. അവൾ നമ്മെ നോക്കുന്നതുപോലെ, സർവ്വരേയും നോക്കുന്നുണ്ട്.

ഞങ്ങളിങ്ങനെ പറഞ്ഞുകൊണ്ടിരിക്കെ, ഗാലറിയിന്മേൽനിന്ന് ഒരു ശബ്ദം കേട്ടു ഈ വേഷക്കാരത്തി പാടുന്ന പാട്ടുതന്നെ ഒരാൾ ഗാലറിയിന്മേൽനിന്ന പാടുന്നു. ഒരു ഭ്രാന്തനായിരിക്കണം. സർവ്വരും അങ്ങോട്ടു തിരിഞ്ഞു നോക്കുകയും, ചിലർ അവനെ വിലക്കുകയും, ചിലർ ശ്രൂ. ശ്രൂ എന്നും, ശ്രൂമ്മായിരി, ശ്രൂമ്മായിരി, എന്നും പറഞ്ഞുകൊണ്ടിരുന്നു. മോഹിനീഭായി പാട്ടുനിറുത്തി, ഗാലറിയിൽതന്നെ നോക്കിക്കൊണ്ടിരുന്നു. പാടിയ കിഴവൻ ചാടിയെഴുന്നേറ്റ് രംഗത്തിലേയ്ക്കു ഓടിവന്നു. ചിലരവനെ തടഞ്ഞു താടിയും മുടിയും വളർത്തി ഒരു സന്യാസിയെപ്പോലുള്ള ഒരു കിഴവൻ. രതി, രതി, എന്റെ മക്കളേ, എന്നു വിളിച്ചുകൊണ്ട് രംഗത്തേയ്ക്ക് ഓടിക്കയറി. മോഹിനീഭായിയും അച്ഛാ, അച്ഛാ എന്നു വിളിച്ച് അദ്ദേഹത്തെ സ്വീകരിപ്പാൻ ഭാവിച്ചു. ഉടനെ കർട്ടൻ വീണു. പിന്നെയുണ്ടായ തിക്കും തിരക്കും, സംസാരവും പറവാനില്ല. കിഴവനെ ഒരാൾ വന്ന് അണിയറയിലേക്കു കൂട്ടിക്കൊണ്ടുപോയി.

ഉടനെ കളിയുടെ മാനേജർ സ്റ്റേജിന്മേൽ കയറിനിന്ന് ഇങ്ങിനെ പറഞ്ഞു:

എല്ലാവരും യഥാസ്ഥാനത്തു ഇരിക്കാൻ ഞാൻ അപേക്ഷിക്കുന്നു. ഞങ്ങളുടെ പ്രധാന വേഷക്കാരിയുടെ അച്ഛൻ സ്വരാജ്യം വിട്ടുപോയി വളരെക്കഴിഞ്ഞു, ഇന്നു മടങ്ങിവന്നതാണ്. അദ്ദേഹം മരിച്ചുപോയിരിക്കുമെന്നു മകളും, മകൾ മരിച്ചുപോയിരിക്കാമെന്ന് അയാളും വിചാരിച്ചിരുന്നു. ഇന്നാണ് അവർ യാദൃശ്ചികമായി കണ്ടുമുട്ടിയത്. അതാണ് ഈ ബഹളത്തിനു കാരണം. അതും ഞങ്ങളുടെ ഇന്നത്തെ നാടകത്തിലെ ഏറ്റവും രസകരമായ ഒരു കഥാഭാഗമാണെന്നു സ്വാഗതംചെയ്തു നിങ്ങളൊക്കെ ക്ഷമിക്കാനപേക്ഷ. കളി മുറയ്ക്കു നടക്കുന്നതാണ്.

കളി മുറയ്ക്കു നടന്നു. അന്നത്തെ നളചരിതത്തിലെ ദമയന്തി പൂർവ്വാധികം നന്നായിരുന്നുവെന്നാണ് പണ്ട് ആ യോഗക്കാരുടെ കളി കണ്ടവരുടെ അഭിപ്രായം. കളികഴിഞ്ഞ് എല്ലാവരും പോയി. ഞാനും ഡാക്ടരും അവിടെ കുറേ താമസിച്ചു. ഞങ്ങളുടെ ആവശ്യപ്രകാരം മാനേജർ രതിയേയും അവളുടെ അച്ഛനേയും ഞങ്ങളുടെ അടുക്കൽ കൂട്ടിക്കൊണ്ടുവന്നു. രതിയെ കണ്ട ഉടനെ മേനോൻ നിങ്ങൾ അന്ന് എവിടെ പൊയ്ക്കളഞ്ഞു? ഞങ്ങൾ അന്വേഷിച്ചു കണ്ടില്ലല്ലോ എന്നു ചോദിച്ചതിന് അവൾ ഇങ്ങനെ മറുപടി പറഞ്ഞു: ജ്യേഷ്ഠത്തി മരിച്ച വ്യസനം നിമിത്തം എന്താണു ചെയ്യേണ്ടതെന്നറിയാതെ ഞാൻ തനിയെ കടലോരത്തു നടന്നു. കടലിൽ ചാടി മരിക്കണമെന്നുകൂടി എനിക്കൊരാഗ്രഹം ഉണ്ടായിരുന്നിരിക്കണം. അവിടെ തനിച്ച് ഇരിക്കുമ്പോൾ ഈ നാടകസംഘക്കാർ കപ്പലിലേക്കു കയറാൻ പോകയാണ്. അതിലെ പ്രധാനവേഷക്കാരിയായ യമുനാമണി, എന്നെ കണ്ടപ്പോൾ എന്റെ അടുക്കൽ വന്നു പല വിവരങ്ങളും ചോദിച്ചു. എനിക്ക് അവരുടെ ഒന്നിച്ചു പോകാൻ ഇഷ്ടമുണ്ടെന്നറിഞ്ഞു. അവർ എന്നെയും ഒന്നിച്ചു കൂട്ടി. അല്പദിവസം കഴിഞ്ഞപ്പോൾ, യദൃശ്ചയാ എന്റെ പാട്ടുകേൾക്കാനിടയാകയും ഞാൻ നല്ല പാട്ടുകാരിയാകുമെന്ന് ആ സ്ത്രീ പറയുകയും എന്നെ പാട്ടു പഠിപ്പിക്കയും, പിന്നെ നാടകത്തിൽ വേഷം കെട്ടിക്കയും ചെയ്തു. എന്റെ പാട്ടും ആട്ടവും ജനങ്ങൾക്കു വളരെ ബോധിച്ചു. യമുനാമണി എന്നെ അവരുടെ മകളെപ്പോലെ രക്ഷിച്ചുപോന്നു. ഞങ്ങൾ പല ദിക്കിലും സഞ്ചരിച്ചു. ഞാൻ ഒരുകാലം എന്റെ അച്ഛനെ കാണുമെന്ന്, എന്റെ മനസ്സിൽ തോന്നിക്കൊണ്ടിരുന്നു. അതുകൊണ്ട് കളിയുള്ള ദിവസങ്ങളിലൊക്കെ ഞാൻ ആദ്യം സരസ്വതിയുടെ വേഷം കെട്ടിയാൽ പാടുന്നത്, അച്ഛൻ എന്നെ ചെറുപ്പത്തിൽ പഠിപ്പിച്ച പാട്ടായിരുന്നു അത് അച്ഛൻതന്നെ ഉണ്ടാക്കിയതാണ്. അതു കേട്ടാൽ അച്ഛൻ എന്നെ അറിയാതിരിക്കയില്ലെന്നും എനിക്കറിയാം. അങ്ങനെതന്നെ ഇന്നു ഫലമായല്ലൊ.

അവൾ ഇത്രയും പറഞ്ഞശേഷം, അവളുടെ അച്ഛൻ: അതേ മക്കളെ, ഞാൻ അങ്ങനെതന്നെയാണു നിന്നെ മനസ്സിലാക്കിയത്. നിന്നെ ഏഴുവയസ്സിൽ കണ്ടതല്ലേ? അന്നു നീ ചെറിയ ഒരു തയ്യായിരുന്നു. ഇന്നു വലിയ വല്ലിയായി. ഇങ്ങനെ പറഞ്ഞു ഞങ്ങളോടായിട്ട്: നിങ്ങൾ എങ്ങനെ ഇവളെ അറിയാനിടയായി? എന്നു ചോദിച്ചു. മേനോൻ കഥയൊക്കെ ചുരുക്കത്തിൽ പറഞ്ഞു. മനോന്മണിയുടെ ചരിത്രത്തെപ്പറ്റി പറയുമ്പോൾ ആ വൃദ്ധൻ പൊട്ടിക്കരഞ്ഞുതുടങ്ങി. ഒടുക്കം മേനോൻ, നിങ്ങളുടെ പത്തേമാരി ഉടഞ്ഞ കഥവരെ ഞങ്ങൾ അറിയും. അതിൽ പിന്നെ നിങ്ങൾ എവിടെയായിരുന്നു?

**കിഴവൻ:** പത്തേമാരി ഉടഞ്ഞതോ? ആ വിവരം നിങ്ങളോടാരു പറഞ്ഞു?

**മേനോൻ:** അതൊക്കെ പിന്നെ പറയാം.

**കിഴവൻ:** ഞാൻ അവളെക്കണ്ടില്ല. ചത്തുപൊയെന്നു വിചാരിച്ചു. അതുകൊണ്ട് എനിക്ക് അധികം വ്യസനമുണ്ടായില്ല. ഞാൻ ദേശാടനത്തിനു പുറപ്പെട്ടു. എന്റെ മക്കളെ കാണാൻ പല ദിക്കിലും സഞ്ചരിച്ചു. അങ്ങനെ ഒടുവിൽ ഇവിടെ എത്തിയതാണ്. മദിരാശിയിൽ ഞാൻ പലപ്പോഴും വന്ന് പലരോടും ചോദിക്കയും, പല ദിക്കിലും അന്വേഷിക്കയും ചെയ്തിട്ടുണ്ട്.

**മേനോൻ:** നിങ്ങൾ പറഞ്ഞ, അവൾ ചത്തിട്ടില്ല; ചാവാറായിരിക്കുന്നു.

**കിഴവൻ:** എവിടെയുണ്ട്?

**രതി:** ആരാണച്ഛാ?

**കിഴവൻ:** നിന്റെ അമ്മ—അമ്മയെന്നു നീ വിളിച്ചുപോന്നവൾ.

**രതി:** അയ്യോ! അമ്മ എവിടെ?

ഞാൻ വിവരമെല്ലാം സാവധാനത്തിൽ പറഞ്ഞു. ഞാനും മേനോനും, കിഴവനേയും രതീഭായിയേയും പിറ്റേ ദിവസം രാവിലെ ഡാക്ടരുടെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി. അവർ വരുന്ന വിവരം ആ സ്ത്രീ അറിഞ്ഞിരുന്നില്ല. അവരെ കണ്ടയുടനെ സ്ത്രീയ്ക്കുണ്ടായ മനോവികാരം പറഞ്ഞറിയിക്കാൻ പ്രയാസം. അവളുടെ മരണം കുറേക്കൂടി വേഗത്തിലാക്കുന്നതിന് അതുതന്നെ മതിയായിരുന്നു എങ്കിലും, ആ സാധുസ്ത്രീ, അവളുടെ അപരാധത്തെ ഏറ്റുപറഞ്ഞ്, രതിയോടും അവളുടെ അച്ഛനോടും ക്ഷമായാചനം ചെയ്തശേഷമേ മരിച്ചുള്ളൂ എന്നുള്ളത്, വലിയ ആശ്വാസം തന്നെ.

രതിയും അച്ഛനും ഡാക്ടരുടെ വീട്ടിൽതന്നെ താമസിച്ചു. നാടകസംഘത്തിൽനിന്നും അവൾ വിട്ടു. ഞാൻ നാലഞ്ചുദിവസം കഴിഞ്ഞ്, എന്റെ പ്രവൃത്തിസ്ഥലത്തേയ്ക്കു മടങ്ങിപ്പോകുന്നതിനു മുമ്പ്, രതിയുടെ അച്ഛന്റെ പൂർവ്വചരിതം മനസ്സിലാക്കിയിരുന്നു.

## III

അദ്ദേഹം വടക്കേമലയാളത്തിലെ ഒരു നായരാണ്. സാമാന്യം നല്ല തറവാട്ടിലെ ഒരു അനന്തരവനായിരുന്നു. കാരണവരോടു പിണങ്ങി, രാജ്യംവിട്ടു പോയതാണ്. നല്ല സംഗീതജ്ഞനായിരുന്നതിനാൽ കഴിച്ചിലിനു ബുദ്ധിമുട്ടുണ്ടായിരുന്നില്ല. മദിരാശിയിൽവച്ച് ഒരു നായിഡുസ്ത്രീയെ ഭാര്യയാക്കി, അവളോടുകൂടി ഉത്തുക്കുടിയിൽ പോയി, അവളുടെ കുറേ പണംകൊണ്ടു കച്ചവടംതുടങ്ങുകയാണു ചെയ്തത്. ആ സ്ത്രീയിൽ രണ്ടു പെൺകുട്ടികൾ ജനിച്ചു. രതിയെ പ്രസവിച്ചയുടനെ ആ സ്ത്രീ മരിച്ചുപോയിരുന്നു. പിന്നീടുള്ള കഥയൊക്കെ വായനക്കാർ അറിയുമല്ലോ.

## IV

രണ്ടുകൊല്ലം കഴിഞ്ഞശേഷമാണ്, പിന്നെ ഞാൻ ഡാക്ടർ മേനോനെ കാണാൻ പോയത്. ഞാൻ ചെന്ന് അദ്ദേഹത്തിന്റെ മുറിയിൽ ഒരു കസാലയിൽ ഇരുന്നയുടനെ, മേനോൻ അകത്തുനിന്നു കനകക്കട്ടപോലെയുള്ള ഒരു കുട്ടിയെ എടുത്തുകൊണ്ടുവന്ന് എന്റെ മടിയിൽവച്ചു. ഞാൻ അദ്ദേഹത്തിന്റെ മുഖത്തൊന്നു നോക്കി—അപ്പോൾ അദ്ദേഹം—അതെ, സംശയിക്കാനെന്താ? രതിയുടേയും എന്റേയും കുട്ടിതന്നെ, എന്നു പറഞ്ഞു.

**ഞാൻ:** ഇതിന്റെ പേരെന്താണ്?

**മേനോൻ:** ചന്ദ്രശേഖരൻ.

**ഞാൻ:** എന്ത്? എന്റെ പേരോ?

**മേനോൻ:** അതെ, ഞങ്ങളുടെ ചരിത്രത്തിൽ നിങ്ങൾ അഭിനയിക്കാൻ ഇടയായ ഭാഗത്തിന്റെ സ്മാരകമാണത്.

ഞാൻ മടങ്ങിപ്പോരുന്നതിനു തലേദിവസം മേനോനോട്, എന്താ മേനോനെ, രാജ്യത്തൊന്നും പോകുന്നില്ലേ? കുടുംബങ്ങളെയൊന്നും കാണുന്നില്ലേ? എന്നു ചോദിച്ചു. അതിന് അദ്ദേഹം അല്പനേരം ഒന്നും മിണ്ടാതിരുന്നതിനു ശേഷം സാവധാനത്തിൽ പറഞ്ഞ മറുപടി ഇതായിരുന്നു—

ആട്ടെ പോകാം, വിവാഹബിൽ പാസ്സാവട്ടെ.

ഭാഷാപോഷിണി, 1087 ധനു-മകരം

## 11

# ഒരു തീവണ്ടിയപകടം

1924-ാം കൊല്ലത്തിലാണ്—“മലയാള വിവാഹദായനിയമം” എന്നൊരു നിയമം മദിരാശി നിയമനിർമ്മാണസഭക്കാർ ഉണ്ടാക്കി നടപ്പിൽ വരുത്തിക്കഴിഞ്ഞിരിക്കുന്നു. ആ നിയമമനുസരിച്ച വളരെ വിവാഹങ്ങളും നടന്നുകഴിഞ്ഞിരിക്കുന്നു. മലയാളികൾക്കു സ്ഥിരമായ വിവാഹസമ്പ്രദായം ഇല്ലെന്നുള്ളതൊക്കെ വെറും ചരിത്രപ്രസിദ്ധമായിത്തീർന്നു. വസ്ത്രം മാറുംപോലെ എളുപ്പത്തിലും വേഗത്തിലും ഭാര്യമാരെ ഉപേക്ഷിക്കാനോ, ഭർത്താക്കന്മാരെ ഉപേക്ഷിക്കാനോ രണ്ടും നിവൃത്തിയില്ലാത്ത നിലയിലായി. അങ്ങിനെയുള്ള കാലം ഒരു ദിവസം വൈകുന്നേരം, പത്മനാഭൻ എന്നു പേരായ ഒരു യുവാവ് കടപ്പുറത്ത് പൂഴിയിൽ തനിയെ ഇരിക്കുന്നു. ആരെയോ കാത്തിരിക്കയാണെന്നും എന്തോ സംഗതിവശാൽ മനസ്സിൽ വലുതായ ചില ക്ഷോഭങ്ങളൊക്കെയുണ്ടെന്നും കാണുന്നവർക്കു തോന്നും. അല്പനേരം കഴിഞ്ഞപ്പോൾ പത്മനാഭൻ എഴുന്നേറ്റ് ഒരു പുഞ്ചിരിയോടുകൂടി അടുത്തുവരുന്ന ഒരാളെ എതിരേല്ക്കാൻ അഞ്ചാറടി നടന്നു. അയാൾ അടുത്തെത്തിയ ഉടനെ പത്മനാഭൻ ഇങ്ങനെ പറഞ്ഞു: “മുഖം കണ്ടിട്ടു കാര്യംസാധിച്ചപോലെ തോന്നുന്നുണ്ടല്ലോ!” “സാധിക്കാതെ മാധവൻ മടങ്ങുമോ?” മാധവൻ പത്മനാഭന്റെ ഒരു വിശ്വസ്തമിത്രമാണ്. അയാൾ പിന്നെയും പറഞ്ഞുതുടങ്ങി.

“എന്തൊക്കെ ബുദ്ധിമുട്ട് സഹിച്ചുവെന്നറിഞ്ഞോ. നിനക്കല്ല, മറ്റുവല്ലവർക്കുംവേണ്ടിയാണെങ്കിൽ, ഞാൻ ഒരിക്കലും ഇത്ര ബുദ്ധിമുട്ടുകയില്ലായിരുന്നു. മി: നാരായണനും കാര്യം അശേഷം ഇഷ്ടമില്ല, മറ്റൊന്നുമല്ല നിനക്ക് ഇനിയും സ്ഥിരമായ ഒരു ഉദ്യോഗം കിട്ടീട്ടില്ല പിന്നെ ബർമ്മയിലേക്കും മറ്റും പോകുമ്പോൾ ആ കുട്ടിയേയും കെട്ടിവലിച്ചുകൊണ്ടുപോകുന്നതു കഷ്ടമല്ലെ? കണ്ണെത്താത്ത ദിക്ക്. അവിടെവച്ചു വല്ല സുഖക്കേടുമുണ്ടായാൽ എന്തുചെയ്യും? എന്നുംമറ്റമാണ് അയാളുടെ ന്യായം!”

**പത്മനാഭൻ:** ബർമ്മയിൽ എത്രമലയാളികളുണ്ട്? കുടുംബങ്ങളോടുകൂടി താമസിക്കുന്നവർതന്നെ വളരെയുണ്ട്.

**മാധവൻ:** അവർക്കൊക്കെ സ്ഥിരമായ ഉദ്യോഗവും നല്ല ശമ്പളവും ഇല്ലേ?

**പത്മനാഭൻ:** ഞാൻ അവിടെ എത്തേണ്ടുന്ന താമസം, എനിക്ക് എഴുപത്തഞ്ച് ഉറുപ്പിക ശമ്പളത്തിന്മേൽ ഒരു ഉദ്യോഗം കിട്ടും. ഇന്നലെയും മിസ്റ്റർ രാഘവന്റെ എഴുത്തുണ്ടായിരുന്നു. അതുപോട്ടെ, നീ എന്താ സാധിച്ചുവെന്നു പറഞ്ഞത്.

**മാധവൻ:** ഞാൻ ഒടുവിൽ ലക്ഷ്മിഅമ്മയുടെ സേവപിടിച്ചു. അവരെക്കൊണ്ടു മിസ്റ്റർ നാരായണനോടു പറയിച്ചു. ഒടുവിൽ ഒരുവിധം സമ്മതമായിരിക്കുന്നു. നീ ബർമ്മയിൽപോയി ഉദ്യോഗംകിട്ടി, ഒരുകൊല്ലം കഴിഞ്ഞു മടങ്ങിവന്നിട്ടു, കല്യാണം കഴിച്ചാൽ പോരെ?

**പത്മനാഭൻ:** എന്നാൽ ഇത്രയൊക്കെ ബുദ്ധിമുട്ടേണ്ടിയിരുന്നോ കല്യാണംകഴിയട്ടെ. പക്ഷേ, ഞാൻ അവളെ ബർമ്മയിലേക്ക് കൂട്ടുന്നില്ല. അവിടെപ്പോയി ഉദ്യോഗംകിട്ടിയതിനുശേഷം മടങ്ങിവന്നു കൂട്ടിക്കൊണ്ടു പോയിക്കൊള്ളാം.

അങ്ങിനെയാണ് ഒടുവിൽ തീർച്ചയാക്കിയത്. പത്മനാഭൻ ഒരു മരുമക്കത്തായ തറവാട്ടിലെ ഒരു അനന്തരവനാണ്. കുറെയൊക്കെ ഇംഗ്ലീഷുപഠിച്ചതിനുശേഷം ഒരു കച്ചവടക്കമ്പനിയുടെ ഏജന്റായി പലദിക്കിലും സഞ്ചരിച്ച്, സാമാനങ്ങൾ വിലയ്ക്കുവാങ്ങാൻ ആളുകളെ അന്വേഷിക്കുന്ന ഉദ്യോഗത്തിൽ പ്രവേശിച്ചു സഞ്ചാരത്തിൽ ഒരിക്കൽ ഒരു വീട്ടിൽ കുറെ ഉണ്ടുതാമസിക്കാനിടയായി. ആ വീട്ടിലെ കാരണവൻ, നാരായണൻ ‘എന്നയാൾ, ഒരു ഗവർമ്മെന്റാഫീസിലെ ക്ലാർക്കാണ്. താമസിക്കുന്ന വീടും അതിനോടുചേർന്ന പറമ്പും കൊല്ലത്തിൽ 1000 പറ നെല്ല് പാട്ടമുള്ള ഒരു പാടവും തറവാട്ടുവക സ്വത്തായിട്ടുണ്ട്. അദ്ദേഹത്തിന്റെ മരുമകളായ സുമിത്ര എന്ന കുട്ടിയെ തനിക്കു വിവാഹം കഴിക്കണമെന്ന് ആഗ്രഹമായി. തന്റെ സ്നേഹിതനായ മാധവന്റെ സേവപിടിച്ച് ശുപാർശചെയ്യിച്ചു, വിവാഹകാര്യം തീർച്ചപ്പെടുത്തി.

പെൺകുട്ടികൾ എങ്ങിനെയെങ്കിലും ഒരു വഴിക്കു പോയാൽ മതിയെന്നേ ചിലർക്കുള്ളൂ. മകൾക്കോ മരുമകൾക്കോ ഭർത്താക്കന്മാരെ തിരഞ്ഞെടുക്കുന്നകാര്യത്തിൽ “വളരെയൊന്നും നോക്കേണ്ടതില്ല” എന്നായിരിക്കുന്നു പലരുടേയും അഭിപ്രായം. പത്മനാഭൻ സുമിത്രയെ കല്യാണം കഴിച്ചു ഒന്നുരണ്ടു മാസം കഴിഞ്ഞു ബർമ്മയിലേക്കുപോയി, ആദ്യം കുറച്ചുദിവസം എഴുത്തുകളൊക്കെ വന്നുകൊണ്ടിരുന്നുവെങ്കിലും, പിന്നെ വിവരമൊന്നും ഇല്ലാതായി. കൊല്ലം ഒന്നുകഴിഞ്ഞു. ഒരുദിവസം വൈകുന്നേരം സുമിത്ര “കേരളഭാസ്കരൻ” എന്ന പത്രം വായിച്ചുകൊണ്ടിരിക്കയായിരുന്നു. പെട്ടെന്ന് അവൾ “അയ്യോ” എന്നു പറഞ്ഞു് പത്രം താഴെയിട്ടു കരഞ്ഞുതുടങ്ങി. ഉടനെ അവളുടെ അമ്മ ഓടി വിവരം ചോദിച്ചപ്പോൾ സുമിത്ര പത്രമെടുത്തു അതിലെ ഒരു വർത്തമാനം കാണിച്ചുകൊടുത്തു. ആ സ്ത്രീ ഇങ്ങനെ വായിച്ചു. ബർമ്മക്കത്ത്—മാണ്ഡലയിൽ ഒരു വലിയ വ്യാപാരക്കമ്പനിക്കാരുടെ കീഴിൽ ഒരു ഉദ്യോഗസ്ഥനായിരുന്ന പത്മനാഭൻ എന്ന ഒരു മലയാളി, നടപ്പുദീനത്താൽ മരിച്ചുപോയ വിവരം ഇവിടെയുള്ള മലയാളികൾക്ക് വളരെ സങ്കടകരമായിത്തീർന്നിരിക്കുന്നു. ഇദ്ദേഹം സ്വരാജ്യത്തുപോയി തന്റെ ഭാര്യയേയും മറ്റും കൂട്ടിക്കൊണ്ടു വരുവാൻ രണ്ടുമാസത്തെ അവധിവാങ്ങിയ പിറ്റേദിവസമാണ് ഈ വ്യസനകരമായ സംഭവമുണ്ടായത്.

പത്മനാഭൻ മരിച്ചവിവരം പത്രത്തിൽ വായിച്ച് ആറുമാസം കഴിഞ്ഞശേഷം, ശ്രീധരൻ എന്നു പേരായ ഒരു റെയിൽവേ അപ്പോത്തിക്കിരി സുമിത്രയുടെ വീട്ടിനുസമീപം താമസമാക്കി. അദ്ദേഹത്തിന്റെ ഭാര്യ മരിച്ചുപോയിരിക്കുന്നു. ആ ഒരു സംഗതികൊണ്ടുതന്നെ വിധവയായ സുമിത്രയിൽ അനുതാപവും ക്രമേണ അനുരാഗവും ഉണ്ടായി. പിന്നെ അവരന്യോന്യമുണ്ടായ സല്ലാപാദിരസങ്ങൾ വിവരിക്കാൻ ഒരു വലിയ നോവലോ മറ്റോ എഴുതേണ്ടിവരും. ചുരുക്കിപ്പറയാം. ശ്രീധരൻ സുമിത്രയെ കല്യാണം കഴിക്കാൻ തീർച്ചയാക്കി. കല്യാണത്തിന് ഇനി ഒരാഴ്ചയേ ഉള്ളൂ. ഒരു രാത്രി അപ്പോത്തിക്കിരി തന്റെ മുറിയിൽ കിടന്നുറങ്ങിക്കൊണ്ടിരിക്കെ വാതിലിന് ആരോ ഉച്ചത്തിൽ മുട്ടുന്നതുകേട്ടു. അപ്പോത്തിക്കിരി ഞെട്ടി എഴുന്നേറ്റ്, ആരത്? എന്നു ചോദിച്ചു.

വാതിൽ തുറക്കിൻ, വേഗം. ലോക്കൽവണ്ടി സ്റ്റേഷനടുക്കെവെച്ചു ഗുഡ്സുമായി മുട്ടി തകരാറായിരിക്കുന്നു.

ഇതു കേട്ടപ്പോൾ അപ്പോത്തിക്കിരി വേഗം എഴുന്നേറ്റു വാതിൽ തുറന്നു വിവരം ചോദിച്ചപ്പോൾ,—നിന്നു വരുന്ന ലോക്കൽവണ്ടി അബദ്ധത്തിൽ ലൈൻ മാറിപ്പോയെന്നും ഒരു ഗുഡ്സുവണ്ടിയുമായി മുട്ടിപ്പോയെന്നും വളരെ ആളുകൾക്ക് അപകടമുണ്ടെന്നും കേട്ട്, ഉടനെ അദ്ദേഹം പുറപ്പെട്ടു, സ്ഥലത്തെത്തി. അവിടെയുള്ള സ്ഥിതി വർണ്ണിക്കാൻ പ്രയാസം. ഭാഗ്യവശാൽ ആർക്കും ജീവനാശം നേരിട്ടിരുന്നില്ലെങ്കിലും, വളരെപ്പേർക്കു മുറിവുകളും ഉടവുകളും തട്ടിയിരിക്കുന്നു. അവർക്കു വേണ്ടുന്ന സഹായം ചെയ്‌വാൻ പലരും ചെന്നുചേർന്നിരുന്ന ഓരോരുത്തരുടെ മുറിവുകൾ കെട്ടിയും മരുന്നുകൾ വെച്ചും കൊണ്ടിരുന്ന അപ്പോത്തിക്കിരിയുടെ അടുക്കൽ ഒരുവൻ ഓടിവന്നിട്ട് “ബോധമില്ല” എന്നു പറഞ്ഞു. അപ്പോത്തിക്കിരി അവിടേയ്ക്കോടി. ആ മനുഷ്യനെയെടുത്ത്, ഒരു മുറിയിൽ കിടത്തി പരിശോധിച്ചപ്പോൾ, കാലിന്റെ തുടയ്ക്ക് ഒരു മുറിവുണ്ടെന്നും രക്തം ധാരാളം വാർന്നുപോയിരുന്നതിനാലാണു ബോധക്ഷയമുണ്ടായതെന്നും മനസ്സിലായി. രക്തംനിർത്തി, മുറിവു കെട്ടി, ബോധംവരുത്തേണ്ടതിനുള്ള ചില പ്രയോഗങ്ങൾ ചെയ്തു. കുറെ ബോധംവന്നശേഷം, സ്റ്റേഷനിലെ ഒരു മുറിയിൽ കൊണ്ടുപോയി കിടത്തി. മറ്റുള്ള രോഗികൾക്കൊക്കെ ആവശ്യമുള്ള ചികിത്സകളൊക്കെ ചെയ്ത് അപ്പോത്തിക്കിരി വീട്ടിലേയ്ക്കു മടങ്ങുമ്പോൾ നേരം പുലർന്നിരുന്നു. അന്നുച്ചയ്ക്ക് അപ്പോത്തിക്കിരി സ്റ്റേഷനിൽ ചെന്നു രോഗിയെ നോക്കി. അപ്പോൾ അദ്ദേഹത്തിന് മുറിവുകൊണ്ടുണ്ടായിരുന്ന സുഖക്കേടല്ലാതെ മറ്റു വിശേഷിച്ചൊന്നും ഉണ്ടായിരുന്നില്ല. മുറിവുതന്നെയും സാരമില്ലെന്നുവേണം പറവാൻ. അപ്പോത്തിക്കിരിയെ കണ്ടപ്പോൾ അദ്ദേഹം വളരെ വന്ദനം പറകയും, എപ്പോൾ തനിക്കു സഞ്ചരിക്കുമാറാകുമെന്നു ചോദിക്കയുംചെയ്തു. രണ്ടുദിവസത്തിനുള്ളിൽ സഞ്ചരിക്കാറാവുമെന്ന്, അപ്പോത്തിക്കിരി പറഞ്ഞു. അവർ തീവണ്ടിയപകടത്തെപ്പറ്റി പിന്നെയും പലതും പറഞ്ഞുകൊണ്ടിരിക്കെ സ്റ്റേഷൻമാസ്റ്റർ മുറിയിൽ കടന്നുചെന്നു. അദ്ദേഹം ചെറുപ്പക്കാരനായ ഒരു യൂറോപ്യനായിരുന്നു. സ്റ്റേഷൻമാസ്റ്റർ അപ്പോത്തിക്കിരിയെ കണ്ടപ്പോൾ വിവാഹത്തെപ്പറ്റി പലതും പറഞ്ഞു പരിഹസിച്ചുതുടങ്ങി. അവർ പലതും അങ്ങനെ സംസാരിച്ചുകൊണ്ടിരിക്കെ രോഗിയെപ്പറ്റി അധികവിവരം അന്വേഷിച്ചു. അപ്പോൾ അദ്ദേഹം, രണ്ടുകൊല്ലംമുമ്പ് ബർമ്മയിലേക്കു പോയിരുന്ന പത്മനാഭനാണെന്നു പറഞ്ഞു. പത്മനാഭനെപ്പറ്റിയും, അയാൾ സുമിത്രയെ വിവാഹംചെയ്തതിനെപ്പറ്റിയും അപ്പോത്തിക്കിരി കേട്ടിരുന്നു. പത്മനാഭനാണ് അതെന്നും അയാളെയാണു താൻ മരണത്തിൽനിന്നു രക്ഷിച്ചതെന്നും അറിഞ്ഞപ്പോൾ ശ്രീധരൻ അപ്പോത്തിക്കിരിയ്ക്കും മുഖംവിളറി. പണ്ടത്തെക്കാലമാണെങ്കിൽ ഇതുസാരമില്ലായിരുന്നു. സ്ത്രീയ്ക്ക് പുരുഷനെയോ, പുരുഷനു സ്ത്രീയെയോ ഇഷ്ടംപോലെ ഉപേക്ഷിക്കാം. പുതിയ നിയമപ്രകാരം ന്യായമായ വിവാഹത്തിൽനിന്നു മോചിക്കപ്പെട്ട ഒരു സ്ത്രീയെയല്ലാതെ മറ്റൊരാൾക്കു വിവാഹംചെയ്യാൻ പാടില്ല. താൻ അഞ്ചാറുദിവസം കഴിഞ്ഞാൽ കല്യാണം കഴിക്കാൻ പോകുന്നത് മറ്റൊരാളുടെ ഭാര്യയെയാണോ? ഇതെന്തൊരപവാദം! എന്തൊരു കഷ്ടം! ഇങ്ങനെ ആലോചിച്ചുകൊണ്ടിരിക്കെയാണ് പത്മനാഭൻ ചത്തുപോയിരുന്ന വിവരം തന്റെ ഓർമ്മയിൽ വന്നത്. ഉടനെ ഇങ്ങനെ ചോദിച്ചു: നിങ്ങളെപ്പറ്റി എന്തോ പത്രങ്ങളിൽ കണ്ടിരുന്നുവല്ലോ.

**പത്മനാഭൻ:** ശരി; ഞാൻ മരിച്ചുപോയെന്നല്ലേ? അതുവെറും വെടിയായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.

**അപ്പോത്തിക്കിരി:** അതല്ല ഞാൻ ചോദിച്ചത്. അങ്ങനെ ഒരു വെടി പത്രത്തിൽ പരസ്യംചെയ്‌വാൻ എന്തായിരുന്നു സംഗതി?

**പത്മനാഭൻ:** അതൊക്കെ പറയാമെന്നുവെച്ചാൽ വളരെയുണ്ട് ഞാൻ സാവകാശത്തിൽ പറഞ്ഞുതരാം.

**അപ്പോത്തിക്കിരി:** നിങ്ങൾ, ഭാര്യയ്ക്കും വീട്ടിലുള്ളവർക്കും എന്തുകൊണ്ടു് ഇതുവരെ കത്തയച്ചില്ല? നിങ്ങളെപ്പറ്റി സുമിത്ര എത്ര വ്യസനിച്ചു!

**പത്മനാഭൻ:** സാധുസ്ത്രീ! ഞാൻ അവളെ ചതിച്ചു. ഞാൻ മടങ്ങിവരാൻ വിചാരിച്ചിരുന്നില്ല. ബർമ്മയിൽ ഞാൻ പണക്കാരത്തിയായ ഒരു സ്ത്രീയെ കല്യാണംകഴിച്ചു. അതിൽപിന്നെ വലിയ കുഴക്കിലായി. ഒടുവിൽ അവൾ എന്നെ ഉപേക്ഷിച്ച് മറ്റൊരുവന്റെ ഒന്നിച്ച് ഇന്ത്യയിൽ വന്നുകളഞ്ഞു. അതിൽപിന്നെ ഞാൻ മടങ്ങി സുമിത്രയെ കണ്ടു് വിവരം പറഞ്ഞു് ക്ഷമായാചനംചെയ്‌വാൻ വന്നിരിക്കയാണ്.

അതുവരെ രോഗിയുടെ അടുക്കൽ നിന്നുകൊണ്ടിരുന്ന അപ്പോത്തിക്കിരി ഒരു കസാലയിൽ ഇരുന്നു. കൈകൊണ്ടു തലയുടെ രണ്ടുഭാഗവും അമർത്തിക്കൊണ്ട് കുറേനേരം ഇരുന്നശേഷം, യാതൊന്നും പറയാതെ എഴുന്നേറ്റുപോയി.

ഇവൻ പറയുന്നതു കളവായിരിക്കുമെന്നും, ഇവൻ പത്മനാഭൻ ആയിരിക്കയില്ലെന്നും അപ്പോത്തിക്കിരി സംശയിക്കുകയും, ഏതായാലും വിവരം മിസ്റ്റർ നാരായണനെ അറിയിക്കാമെന്നു തീർച്ചയാക്കുകയുംചെയ്തു. അയാളുടെ കച്ചേരി സ്റ്റേഷനിൽ നിന്നു നാലുനാഴിക അകലെയായിരുന്നു. അവിടെയെത്തി അദ്ദേഹത്തെ കണ്ടു വിവരം അറിയിച്ചപ്പോൾ അദ്ദേഹം വളരെ പരിഭ്രമിക്കുകയും വ്യസനിക്കുകയുംചെയ്തു. രണ്ടുപേരും താമസിക്കാതെ സ്റ്റേഷനിലേയ്ക്കു ചെന്നു. മുറിയിൽ നോക്കിയപ്പോൾ പത്മനാഭനെ കണ്ടില്ല. സ്റ്റേഷൻമാസ്റ്ററോട് അന്വേഷിച്ചപ്പോൾ അദ്ദേഹം മദിരാശിയിലേയ്ക്കു വണ്ടികയറിപ്പോയെന്നും പോകുമ്പോൾ അപ്പോത്തിക്കിരിക്കു കൊടുക്കാൻ ഒരു കത്തുതന്നെ ഏല്പിച്ചിട്ടുണ്ടെന്നും പറഞ്ഞു്, ഒരു കത്തു കൊടുത്തു, കത്ത് ഇതായിരുന്നു:

ശ്രീ

നിങ്ങൾ സുമിത്രയെ കല്യാണം കഴിക്കാൻ വേണ്ടുന്ന ഏർപ്പാടുകളൊക്കെ ചെയ്ത വിവരം, പത്മനാഭൻ പറഞ്ഞറിഞ്ഞു. ഈ അവസരത്തിൽ ഞാൻ ഇവിടെയെത്തി നിങ്ങൾക്കു മനസ്സിനു കുണ്ഠിതമുണ്ടാക്കാൻ സംഗതിയായതിനെപ്പറ്റി വ്യസനിക്കുന്നു. എന്റെ ജീവനെ രക്ഷിച്ചതു നിങ്ങളാണ്. നിങ്ങൾക്കു വല്ല പ്രതിഫലവും തരേണ്ടത് എന്റെ കടമയാണ്. എനിക്കു മറ്റൊന്നും സാധിക്കയില്ല: ഇങ്ങോട്ടു മടങ്ങിവരാത്തവണ്ണം ഇന്നു തന്നെ ബർമ്മയ്ക്കു മടങ്ങിപ്പോകയാണ്. നിങ്ങൾക്കു സർവ്വ അഭ്യുദയവും ഞാൻ ആശംസിക്കുന്നു.

എന്ന്, പത്മനാഭൻ.

കത്തു വായിച്ചശേഷം അപ്പോത്തിക്കിരി ഇങ്ങനെ ചിന്തിച്ചു:—ആവൂ. ഭാഗ്യം! ഏതായാലും ഇതുകൊണ്ടായില്ലല്ലോ. അവർ തമ്മിലുള്ള ഈ വിവാഹബന്ധം വേർവിടുവിക്കണം. അതിനു കോടതിയിൽ ഒരു ഹർജി കൊടുക്കണം. ആറുമാസത്തിനകം എതിർകക്ഷി, ഹർജിക്കുവിരോധമൊന്നും പറഞ്ഞില്ലെങ്കിൽ വിവാഹം വേർപെട്ടതായി വിചാരിക്കും, എന്നാണല്ലൊ നിയമം, കഷ്ടം! നമ്മുടെ കാരണോന്മാരുടെ നടപടികളായിരുന്നു നല്ലതെന്നു തോന്നുന്നു.

സുമിത്രയുടെ കല്യാണം എന്തോ സംഗതിവശാൽ നീട്ടിവെച്ചിരിക്കുന്നു എന്ന് നാട്ടിലൊക്കെ വർത്തമാനമായി. ആറുമാസം കഴിഞ്ഞശേഷമാണ് പിന്നെ ആ അടിയന്തിരം നടന്നത്. പുതിയ പുതിയ നിയമം കൊണ്ട് പുതിയ പുതിയ ബുദ്ധിമുട്ട്.

“മിതവാദി”, 1089 മകരം.

## 12

# ഡോക്ടർ രക്ഷപ്പെട്ടത്

പത്തുപതിനഞ്ച് കൊല്ലങ്ങൾക്കുമുമ്പ് തിരുവനന്തപുരത്തെ നായർപട്ടാളംപോലെ മലബാറിൽ കണ്ണൂർ എന്ന സ്ഥലത്ത് ഒരു മാപ്പിളപ്പട്ടാളം ഉണ്ടായിരുന്നു. ബ്രൈറ്റ് എന്ന ഒരു യൂറോപ്യനായിരുന്നു ഈ പട്ടാളത്തിലെ നായകൻ. അദ്ദേഹത്തിനു നാട്ടുകാരുടെ സമ്പ്രദായങ്ങളൊന്നും നിശ്ചയമില്ലാത്തതിനാൽ നല്ല ശരീരമുള്ളവരെ അവരുടെ സ്ഥിതികളൊന്നും നോക്കാതെ പട്ടാളത്തിൽ ചേർത്തിരുന്നു. അതുകൊണ്ട് അക്രമികളായ പലരും ഈ പട്ടാളത്തിൽ സ്ഥലംപിടിക്കുകയുണ്ടായി. അടുത്തുള്ള കാവുകളിലും മറ്റും ചില ആഘോഷങ്ങളുണ്ടാകുമ്പോൾ ഈ പട്ടാളത്തിലെ ചിലർ ഒത്തുചേർന്ന് അവിടെ ചെന്ന് ലഹളയുണ്ടാക്കുക പതിവാണ്. ഒരിക്കൽ പട്ടാളത്തിലെ നായകനായ ബ്രൈറ്റ്, എന്തോ വിരോധമായി ഇവരോടു പ്രവർത്തിച്ചതുകൊണ്ട് അദ്ദേഹത്തെ ഇവർ എല്ലാവരുംകൂടി എതിർത്തു. ഉടനെതന്നെ ബ്രിട്ടിഷുഗവർമ്മെന്റിൽനിന്ന് ഈ പട്ടാളത്തെ പിരിച്ചയയ്ക്കുകയുംചെയ്തു. ഈ പട്ടാളത്തിലെ ഒരു ഡോക്ടരായിരുന്നു മിസ്റ്റർ അപ്പുണ്ണിമേനോൻ. ഇദ്ദേഹത്തിന്റെ അമ്മാവന്മാരും ജ്യേഷ്ഠന്മാരും വലിയ പരീക്ഷകൾ പാസ്സായി നല്ല ഉദ്യോഗങ്ങളിൽ ഇരിക്കുന്നുണ്ട്. അപ്പുണ്ണിമേനോൻ ബാല്യകാലത്തിൽ പഠിപ്പിൽ ശ്രദ്ധവയ്ക്കാതെ ഓരോ രസികത്തരങ്ങളിൽ ഏർപ്പെട്ടിരുന്നു. ആയതുകൊണ്ട് മെട്രിക്കുലേഷൻക്ലാസ്സിൽ ചെന്നുചേരുന്നതിനു പത്തൊൻപതുകൊല്ലത്തോളം വേണ്ടിവന്നു. അവിടെനിന്നു കയറിപ്പോകുന്നത് അത്ര സുസാദ്ധ്യമല്ലെന്നു കാണുകയാലാണ് മിസ്റ്റർ മേനോൻ ഡാക്ടർ പരീക്ഷയ്ക്കു പഠിക്കാൻ പോയത്. രണ്ടുമൂന്നുകൊല്ലംകൊണ്ട് ഏതോ ചില ചെറിയപരീക്ഷകൾ പാസ്സായി നാട്ടിലേയ്ക്കു തിരിച്ചുവന്നു. നാട്ടിൽ വന്നിട്ട് മൂന്നുനാലുകൊല്ലത്തേയ്ക്ക് യാതൊരു ജോലിയും കിട്ടിയില്ല. അങ്ങിനെയിരിക്കുമ്പോൾ ഇളയമ്മാവന്റെ ശുപാർശയാൽ മേനോനെ മാപ്പിളപ്പട്ടാളത്തിൽ ഒരു ഡാക്ടരായി നിയമിച്ചു. വീട്ടിലെ കാരണവർക്ക് മേനോൻ ഈ ജോലിയിൽ പ്രവേശിച്ചത് അത്ര പിടിച്ചില്ല. “അപ്പു! നീ ഇത്ര നിസ്സാരമായ ശമ്പളത്തിനുവേണ്ടി ഈ ജോലിക്കു പോകണ്ടാ. എനിക്കു വളരെ വയസ്സായി. അതുകൊണ്ട് നീ വീട്ടുകാര്യമന്വേഷിച്ച് എന്നെ സഹായിച്ചാൽമതി. അതുമല്ല, ഈ പട്ടാളത്തിലെ മാപ്പിളമാർ വലിയ പോക്കിരികളാണ്. കുറേദിവസങ്ങൾക്കുമുമ്പ് കണ്ണൻശിരസ്തദാരുടെ രണ്ടുമൂന്നു പശുക്കളെ മേഞ്ഞുനിന്ന സ്ഥലത്തുനിന്ന്, ഇവർ പിടിച്ചുകൊണ്ടുപോയി. അതുപോലെ, നീ അവരോടു വല്ലതും അപ്രിയം കാണിച്ചാൽ ഇവിടത്തെ കാളകളെയും പശുക്കളെയും കണികാണാൻകൂടി തരികയില്ല. അതുകൊണ്ട് നീ ഇതിനൊന്നും പോകണ്ട” എന്ന് ഒരിക്കൽ അദ്ദേഹം മേനോനോട് ഉപദേശിക്കയുണ്ടായി. എങ്കിലും വീട്ടുകാര്യം നോക്കുന്നതിനുള്ള ബുദ്ധിമുട്ടും അവസ്ഥക്കുറവും മറ്റും ഓർത്താണ് മിസ്റ്റർ മേനോൻ എഴുപതു രൂപാ ശമ്പളത്തിൽ ഈ ജോലിയിൽ പ്രവേശിച്ചത്. കുറേനാൾ കഴിഞ്ഞപ്പോൾ രാമൻ എന്ന ഒരു നായർയുവാവ് മേനോന്റെ അടുക്കൽ വന്നുകൂടി. ഈയാൾ അഞ്ചാംക്ലാസ്സുവരെയേ പഠിച്ചിട്ടുള്ളൂ. അപ്പുണ്ണിമേനോന്റെകൂടെ നിന്നാൽ ഒന്നുരണ്ടുകൊല്ലംകൊണ്ട് മരുന്നുകളുടെ പേരും മറ്റും മനസ്സിലാക്കി വല്ല ആസ്പത്രിയിലും ഒരു കമ്പൗണ്ടറായി ചാടിവീഴാമെന്നാണ് രാമൻ നിശ്ചയിച്ചിരുന്നത്. രാമൻ ഒരു ഭേദമായനിലയിൽ വന്നേക്കുമെന്ന് മേനോനും വിചാരിച്ചിരുന്നു.

ആയിടയ്ക്കു ഒരു തങ്ങൾ കണ്ണൂരിൽ വരികയുണ്ടായി. അദ്ദേഹത്തിന്റെ മുതുകിൽ ഒരു വലിയ കുരു വന്നു. ചില ഉപായചികിത്സകൾ ചെയ്തതിൽ കുരു ഭേദമാകുന്നില്ലെന്നുകണ്ട്, ഒരു ഡാക്ടറെ വരുത്തണമെന്നു ചില പ്രധാനികൾ അഭിപ്രായപ്പെട്ടു. അപ്പുണ്ണിമേനോനായാൽ അധികം സംഖ്യ കൊടുക്കേണ്ടിവരികയില്ലെന്നും അതുകൊണ്ട് അദ്ദേഹത്തെ വരുത്തുകയാണ് നല്ലതെന്നും ചിലർ പറഞ്ഞു. അതിനെ എല്ലാവരും സമ്മതിച്ചു. ഉടനെതന്നെ അപ്പുണ്ണിമേനോന്റെ വീട്ടിലേയ്ക്കു ഒരു വണ്ടി അയച്ചു. അപ്പുണ്ണിമേനോൻ പട്ടാളത്തിൽപോയി തിരിയെ വന്ന് ഉടുപ്പഴിക്കുമ്പോഴാണു ഒരു ചെറുപ്പക്കാരൻ, കണ്ണൂരിലെ ഒരു പ്രധാനകച്ചവടക്കാരന്റെ കത്തും കൊണ്ടു വന്നത്. തങ്ങളെ ചികിത്സിക്കുന്നതിനായി അദ്ദേഹം താമസിക്കുന്ന പള്ളിയിലേയ്ക്കു മേനോൻ വേഗം ചെല്ലണമെന്നായിരുന്നു കത്തിന്റെ സാരം. സമയം നാലുമണിയായിരുന്നു മേനോൻ ഉടനെ തന്റെ വാല്യക്കാരനെ വിളിച്ച് കാപ്പിയുണ്ടാക്കാൻ പറഞ്ഞു. പിന്നീട് അദ്ദേഹം ചില കരുക്കളും മരുന്നുകളും മറ്റും ഒരു ചെറിയ സഞ്ചിയിൽ എടുത്തുവച്ച് പോകുന്നതിനൊരുങ്ങി. തന്നെ സാധാരണയാരും ചികിത്സിക്കാൻ വിളിക്കാത്തതുകൊണ്ടാണ് മിസ്റ്റർ മേനോൻ ഇത്ര ജാഗ്രതയായി ഒരുങ്ങുന്നത്. ഒരു അരമണിക്കൂർ കഴിഞ്ഞപ്പോഴേയ്ക്കു വാല്യക്കാരൻ കാപ്പിയും പലഹാരവും മേശമേൽ കൊണ്ടുവന്നുവെച്ചു. മേനോൻ വേഗത്തിൽ വന്ന് കാപ്പിയെടുത്തു കുടിച്ചു. ഒരു കവിൾ ഇറക്കിയ ഉടനെ ഛർദ്ദിച്ച്, പാത്രം താഴെയിട്ടു. അടുത്തുനിന്നിരുന്ന വാല്യക്കാരൻ “അയ്യോ” എന്നു വിളിച്ചുകൊണ്ട് മേനോനെ ശുശ്രൂഷിക്കാനായി അടുത്തു. “നായെ നീ എന്നെ കൊല്ലാനായി കാപ്പിയിൽ വിഷംകലക്കിയോ?” എന്നു പറഞ്ഞു് മേനോൻ മേശയുടെ അരുകിൽ കിടന്നിരുന്ന ഒരു സോഡാക്കുപ്പിയെടുത്ത് അവന്റെ മുതുകിൽ ഒന്നു കൊടുത്തു. അവൻ “അയ്യൊ” എന്നു നിലവിളിച്ചുകൊണ്ട് അടുക്കളയിലേക്ക് ഓടിപ്പോയി. മേനോൻ കോപത്തോടുകൂടി തന്റെ ഉടുപ്പുമുറിയിൽ കയറി ഇംഗ്ലീഷുമാതിരിയിൽ ഉടുപ്പം ധരിച്ച് പുറത്തേക്കു വന്നു. ഉടനെതന്നെ തന്റെ സ്വന്തം കമ്പൗണ്ടർ രാമനെയും വിളിച്ച്, പടിവാതുക്കൽ തയ്യാറായി നിന്നിരുന്ന വണ്ടിയിൽ കയറി യാത്രയാകുകയും ചെയ്തു. നമ്മുടെ മേനോന്റെ മേശമേലുണ്ടായിരുന്ന സാമാനങ്ങൾ ഛർദ്ദികൊണ്ട് വൃത്തികേടാകുന്നതിനും, വാല്യക്കാരന്റെ പുറത്ത് ഒരുഭാഗത്തുള്ള മാംസം സമനിരപ്പിൽനിന്ന് പൊങ്ങുന്നതിനും ഉണ്ടായ കാരണം മറ്റൊന്നുമല്ല. വാല്യക്കാരന്റെ തരക്കേടു തന്നെയാണ്. മേനോൻ അവനോട് കാപ്പിയുണ്ടാക്കാൻ പറഞ്ഞപ്പോൾ അവിടെ കാപ്പിപ്പൊടി തീർന്നുപോയിരിക്കുന്നു. രണ്ടാമത് പൊടിച്ച് കാപ്പി ശരിയാക്കുമ്പോഴേക്ക് സമയമധികമാകുമല്ലോ എന്നു വിചാരിച്ച് അടുത്തുള്ള പീടികയിൽനിന്ന് അരയണയ്ക്കു കാപ്പിപ്പൊടി വാങ്ങി. ഈ വാല്യക്കാരൻ വലിയ പൊടിവലിക്കാരനാണ്. യജമാനനെ പറ്റിച്ചെടുക്കുന്ന പൈസ മുഴുവനും പൊടിക്കും സിഗററിനുമായി ചിലവിടും. കാപ്പിപ്പൊടി വാങ്ങിയതോടുകൂടി ഒരണയ്ക്കു മദ്രാസ് പൊടിയും ഇവൻ വാങ്ങി. ഈ രണ്ടു പൊതികളും തന്റെ മുറിയിലുള്ള അലമാരിയിൽ വെച്ചിരുന്നു. വെള്ളം തിളച്ചതിനുശേഷം കാപ്പിപ്പൊടിയെടുക്കുന്നതിനു വന്നു. കഷ്ടകാലശക്തിയാൽ പൊടി മാറിപ്പോയി. കാപ്പിപ്പൊടിക്കുപകരം പുകയിലപ്പൊടികൊണ്ടാണ് ഇയാൾ കാപ്പിയുണ്ടാക്കിയത്. അതുകൊണ്ടാണ് മിസ്റ്റർ മേനോൻ കാപ്പിയുംകൂടി കുടിക്കാതെ, ശകുനവും തെറ്റി, ബദ്ധപ്പെട്ട് തങ്ങളെ ചികിത്സിക്കാൻ പോയത്. തങ്ങൾ താമസിക്കുന്ന സ്ഥലത്ത് ചെന്നപ്പോൾ, സമയം ആറുമണിയായി. അകത്തും പുറത്തുമായി ഒരായിരം മാപ്പിളമാരോളമുണ്ട്. മേനോൻ വണ്ടിയിൽനിന്ന് ഇറങ്ങിയ ഉടനെ എഴുത്തുകൊടുത്തയച്ച കച്ചവടക്കാരൻ വന്ന് കൈകൊടുത്ത് തങ്ങൾ കിടക്കുന്ന മാളികയുടെ മുകളിലേക്ക് കൂട്ടിക്കൊണ്ടുപോയി. രാമനും പുറകേയുണ്ടായിരുന്നു. അയാൾ മുറിയിലേയ്ക്കു കടക്കാൻ ശ്രമിച്ചപ്പോൾ ചിലർ തടുത്തു. ഉടനെ മേനോൻ “അതു നമ്മുടെ കമ്പൗണ്ടറാണ്. അയാളും ഇങ്ങോട്ടു വരട്ടെ” എന്നു പറഞ്ഞു. അതുകൊണ്ട് രാമനും ആ മുറിയിൽ പ്രവേശനം ലഭിച്ചു. മുറിയുടെ നടുവിൽ ഇട്ടിരിക്കുന്നതും ഭംഗിയായി അലങ്കരിച്ചതുമായ ഒരു കട്ടിലിലാണു തങ്ങൾ കിടക്കുന്നത്. പ്രധാനികളായ ചിലർ ചുറ്റുമിട്ടിരിക്കുന്ന കസാലകളിൽ ഇരിക്കുന്നുണ്ട്. മിസ്റ്റർ മേനോനും അവരുടെ അപേക്ഷയനുസരിച്ചു കട്ടിലിനോടടുത്തുള്ള ഒരു കസാലയിൽ ഇരുന്നു. ആ മുറി സാമാന്യം വിസ്താരമുള്ള ഒന്നാണ്, മുറിയുടെ നടുവിൽ ഒരു വലിയ ചിമ്മിണിവിളക്കു തൂക്കീട്ടുണ്ട്. ഒരു പഴയ മണിയല്ലാതെ ചുവരിൽ വേറെ ഒന്നും ഉണ്ടായിരുന്നില്ല. ആ മണിയുടെ ചില്ല് കുറെ പോയിട്ടുണ്ട്. സൂചികളും മറ്റും തുരുമ്പുപിടിച്ച് മുകൾഭാഗം പാറ്റ മുതലായ പ്രാണികളുടെ അവയവങ്ങളാൽ നിറഞ്ഞിരിക്കുന്നു. കണ്ടാൽ പൊതുവായി വയ്ക്കപ്പെടുന്ന സാധനങ്ങൾ ഈമാതിരിയിലേ കാണാൻ കഴിയൂ എന്ന് ആർക്കും മനസ്സിലാകും. ഒരു പത്തുമിനിറ്റു കഴിഞ്ഞപ്പോൾ തങ്ങൾ എഴുന്നേറ്റിരുന്നു. മുൻപറഞ്ഞ കച്ചവടക്കാരൻ തങ്ങളെ ഡോക്ടരുമായി പരിചയപ്പെടുത്തി. കുരു കീറാതെ ഭേദപ്പെടുന്ന കാര്യം പ്രയാസമാണെന്നു ഡോക്ടർ അഭിപ്രായപ്പെട്ടു. കീറുമ്പോൾ വളരെ വേദന സഹിക്കണമല്ലോ എന്നു വിചാരിച്ചു തങ്ങൾ ആദ്യം അതിനനുകൂലിച്ചില്ല. ബോധംകെടുത്തികീറുകയാണെങ്കിൽ വേദന അറിയുകയില്ലെന്നും മറ്റും ഡാക്ടർ പറഞ്ഞപ്പോൾ തങ്ങൾ ഒരു വിധം സമ്മതിച്ചു. ശസ്ത്രക്രിയസമയത്തു മുറിയിൽ ആരും പാടില്ലെന്നും എല്ലാവരും പുറത്തുപോകണമെന്നും ഡാക്ടർ പറഞ്ഞു. ഇതുകേട്ട് എല്ലാവരും മുറിയിൽനിന്നു പുറത്തുകടന്നു താഴത്തേയ്ക്കു ഇറങ്ങിപ്പോകുകയുംചെയ്തു. ഉടനെ ഡാക്ടർ വാതിൽ ബലമായി ബന്ധിച്ച്, കുരു കീറുന്നതിനുള്ള വട്ടമായി. വിളക്ക് ഒന്നുകൂടി തെളിക്കാൻ രാമനോടു പറഞ്ഞു. പിന്നീട് അദ്ദേഹം വാച്ചെടുത്തു രാമന്റെ കൈയിൽ കൊടുത്തു. ഇപ്പോൾ മണി ഏഴടിച്ച് അഞ്ചുമിനിറ്റായിരിക്കുന്നു. മൂന്നുമിനിറ്റുനേരം ഈ കുപ്പി മൂക്കിനുനേരെ വെച്ചുകൊണ്ടിരിക്കണം. മൂന്നുമിനിറ്റു കഴിയുമ്പോൾ കുപ്പി എടുക്കണം. പിന്നീട് പത്തുമിനിറ്റുകൂടി കഴിയുമ്പോൾ, അതായത് ഏഴടിച്ചു പതിനെട്ടുമിനിറ്റാകുമ്പോൾ എന്നെ അറിയിക്കണം. ഇത്രയുംപറഞ്ഞു് ഒരു ചെറിയ കുപ്പി രാമന്റെ കൈയിൽ കൊടുത്തു. രാമൻ ആ കുപ്പി തങ്ങളുടെ മൂക്കിനുനേരെ വെച്ചു. ഉടനേതന്നെ, ഡാക്ടർ മൂർച്ചയുള്ള ശസ്ത്രമെടുത്തു ജോലിക്കാരംഭിച്ചു. രാമൻ വാച്ചുനോക്കേണ്ടതിനു പകരം ശസ്ത്രക്രിയയാണു നോക്കിക്കൊണ്ടിരുന്നത്. യജമാനൻ ഈ ചെയ്യുന്നതെല്ലാം കണ്ടുപഠിച്ചാലേ നാലുപൈസ സമ്പാദിക്കാനാവൂ. അല്ലെങ്കിൽ എപ്പോഴും വല്ലവരുടേയും പുറകിൽ സഞ്ചിയും തൂക്കിക്കൊണ്ടു നടക്കേണ്ടിവരും എന്നുംമറ്റുമുള്ള മനോരാജ്യങ്ങളിലാണ് ഇയാൾ ലയിച്ചിരിക്കുന്നത്. മിനിറ്റു മൂന്നുകഴിഞ്ഞു, അഞ്ചായി, ആറായി. എന്നിട്ടും രാമൻ വാച്ചുനോക്കാനുള്ള ഭാവമില്ല. കുറേനേരം കഴിഞ്ഞപ്പോൾ രോഗിയുടെ മൂക്കിനുനേരെവെച്ചിരുന്ന കുപ്പി എടുത്തിട്ടില്ലെന്നു ഡാക്ടർ കണ്ടു. അദ്ദേഹം ബദ്ധപ്പെട്ടു കുപ്പി തട്ടിക്കളഞ്ഞു. പരിഭ്രമത്തോടുകൂടി വേറൊരു കുപ്പി മൂക്കിൽ മണപ്പിച്ചു. എന്നിട്ടും തങ്ങൾ അനങ്ങുന്നില്ല. അദ്ദേഹത്തിന്റെ കഥകഴിഞ്ഞിരിക്കുന്നു. ഡാക്ടർ കുറേനേരത്തേക്ക് ഒന്നും മിണ്ടിയില്ല. പിന്നീട് വളരെ പതുക്കെ ഇങ്ങനെ പറഞ്ഞു: ഇനി എങ്ങനെയെങ്കിലും ഇവിടെനിന്നു രക്ഷപ്പെടണം. മാപ്പിളമാർ അറിഞ്ഞാൽ നമ്മെ വെറുതേവിടുകയില്ല. പട്ടാളത്തിൽ ചെന്നു ചേർന്നാൽ നാം രക്ഷപ്പെട്ടു. അതുകൊണ്ടു നീ ഇവിടെനിന്നു വേഗം പൊയ്ക്കോളൂ. നിന്നോടു വല്ലവരും ചോദിച്ചാൽ ഒരു മരുന്നെടുത്തുകൊണ്ടുവരാൻ പോകുകയാണെന്നു പറഞ്ഞാൽ മതി. ഞാൻ കഴിയുമെങ്കിൽ ഇവിടെനിന്നു രക്ഷപ്പെടാൻ നോക്കാം. ഇങ്ങനെ പറഞ്ഞ്, അദ്ദേഹം വാതിൽ മെല്ലെ തുറന്നു രാമനെ പുറത്താക്കി, വാതിൽ വീണ്ടും അടച്ചു. കോണിവഴിയായി ഇറങ്ങിവരുന്ന ആൾ ഡാക്ടരായിരിക്കുമെന്നു വിചാരിച്ചു മാപ്പിളമാരെല്ലാവരുംകൂടി തിക്കിത്തിരക്കി വന്നു. എന്താ. സുഖോണ്ടോ, സുഖോണ്ടോ? എന്നു ചോദിച്ചുതുടങ്ങി. നല്ല സുഖമുണ്ട്. യജമാനൻ ഒരു മരുന്നെടുക്കാൻ മറന്നുപോയി. ഞാനതെടുക്കാൻ പോകയാണ് എന്നുപറഞ്ഞുകൊണ്ട് രാമൻ വേഗത്തിൽ പുറത്തേക്കു പോയി. അയാൾ അങ്ങിനെ രക്ഷപ്പെട്ടു. ഡാക്ടർ അപ്പുണ്ണിമേനോന്റെ ഗോഷ്ടികൾ ഈ സമയത്ത് ഒന്നു കാണേണ്ടതുതന്നെയാണ്. കുറെനേരം അനങ്ങാതെ ഇരുന്നശേഷം കൂട്ടിൽ കിടക്കുന്ന മൃഗത്തിനെപ്പോലെ അദ്ദേഹം മുറിയിൽ ധൃതിയായി നടന്നുതുടങ്ങി. രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗം പലതും ആലോചിച്ചു. ഒന്നുംതന്നെ അദ്ദേഹത്തിനു ബോദ്ധ്യമായില്ല. നമ്മുടെ പഴയ മണി അതിന്റെ വാർദ്ധക്യദശയിലുള്ള മന്ദഗതികൊണ്ടോ എന്തോ—ഒരു സെക്കന്റാകുമ്പോൾ ഡാക്ടരുടെ നെഞ്ചിൽ പത്തുപ്രാവശ്യം പിടയ്ക്കും. ആ മണിയുടെ ഇഴഞ്ഞ ശബ്ദമല്ലാതെ മുറിയിൽ വേറെ യാതൊന്നും കേൾക്കാനില്ല. മണി ഇപ്പോൾ കുറെ ഉറക്കെ ശബ്ദിക്കുന്നുണ്ടെന്നുകൂടി മേനോനു തോന്നി. കുറേക്കഴിഞ്ഞ് അദ്ദേഹം ധൈര്യമവലംബിച്ച്, ഒരു ജനൽതുറന്നു. മുറിയിലുള്ള വെളിച്ചം ജനൽവഴിയായി മുറ്റത്തേയ്ക്കു പതിച്ചപ്പോൾ താഴെയുള്ളവരെല്ലാവരുംകൂടി ജനലിന്റെ ചുവട്ടിൽ വന്നു. എന്താ വേണ്ടത്? എന്നു ചോദിച്ചുതുടങ്ങി. ഇപ്പോൾ ഒന്നും വേണ്ട. മരുന്നുകൊണ്ടുവരാൻപോയ ആൾ ഇതുവരെ വന്നില്ലല്ലോ എന്നു പറഞ്ഞുകൊണ്ട് ഡാക്ടർ വീണ്ടും ജനൽ അടച്ചു. ഒരഞ്ചുമിനിട്ടുകൂടി കഴിഞ്ഞ ഉടനെ അദ്ദേഹം വാതിൽ തുറന്നു പുറത്തുവന്നു. പുറത്തു കടന്ന ഉടനെ ഓടാമ്പൽ വലിച്ചിട്ടു വാതിൽ ദൃഢമായി ബന്ധിച്ചു. കോണിവഴിയായി അദ്ദേഹം താഴെയിറങ്ങിയ ഉടനെ എല്ലാവരും അദ്ദേഹത്തിന്റെ ചുറ്റും കൂടി. മേനോന്റെ പരിചയക്കാരനായ കച്ചവടക്കാരൻ വന്ന് എന്താ സാറേ! എങ്ങിനെയിരിക്കുന്നു എന്നു ചോദിച്ചു. സാരമില്ല നല്ല സുഖമുണ്ട്. കമ്പൗണ്ടർക്കു മരുന്നിന്റെ പേർ നല്ല നിശ്ചയമില്ലാത്തതുകൊണ്ടാണ് അയാൾ വരാൻ ഇത്ര താമസിക്കുന്നത്. ഞാൻ പോയി വേഗത്തിൽ എടുത്തു കൊണ്ടുവന്നേയ്ക്കാം എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം പടിയ്ക്കലേക്കു നടന്നു. അസ്സൻ! വേഗം വണ്ടികെട്ടിക്കൊണ്ടുവാ എന്ന് ഒരു പ്രമാണി ആജ്ഞാപിച്ചു. രണ്ടുമിനിറ്റുകൊണ്ടു വണ്ടിക്കാരൻ വണ്ടികെട്ടിക്കഴിഞ്ഞു. താൻ വരുന്നതുവരെ, വാതിൽ തുറന്നു രോഗിയെ ബുദ്ധിമുട്ടിക്കരുതെന്നും മറ്റും ചട്ടംകെട്ടി, മേനോൻ വണ്ടിയിൽ കയറി. വണ്ടിക്കാരൻ അതിവേഗത്തിൽ കുതിരയെ ഓടിച്ചു. കുറേ ദൂരം ചെന്നപ്പോൾ, മരുന്നുപെട്ടി പട്ടാളത്തിലുള്ള കൂടാരത്തിലാണെന്നും അതുകൊണ്ടു വണ്ടി അങ്ങോട്ടു കൊണ്ടു പോയാൽ മതിയെന്നും മേനോൻ വണ്ടിക്കാരനോടു പറഞ്ഞു. അവൻ അതനുസരിച്ചു വണ്ടി പട്ടാളത്തിലേക്കോടിച്ചു. അവിടെ ചെന്നയുടനെ മേനോൻ വണ്ടിക്കാരനോടു തിരിച്ചുപൊയ്ക്കൊള്ളാൻ പറഞ്ഞു. ഏമാൻ വരുന്നില്ലേ? എന്ന് അവൻ ചോദിച്ചു. ഞാൻ വേറെ വണ്ടിയിൽ വരാമെന്നു നീ അവിടെപ്പോയി പറയൂ എന്നു പറഞ്ഞുകൊണ്ട്, അദ്ദേഹം കൂടാരത്തിനകത്തേയ്ക്കു പോയി. മിസ്റ്റർ ബ്രെയിറ്റിനെ കണ്ടു കാര്യമെല്ലാം പറഞ്ഞു. അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ച് അൻപതു പട്ടാളക്കാർ മേനോന്റെ വീട്ടുകാവലിനായി പോയി. ഒരുമണിക്കൂർ കഴിഞ്ഞപ്പോൾ, പത്തുമുന്നൂറു മാപ്പിളമാർ, തങ്ങൾ മരിച്ചവിവരമറിഞ്ഞ്, ലഹളയ്ക്കായി പള്ളിയിൽനിന്നിറങ്ങി. അവർ നേരെ മേനോന്റെ വീട്ടിലേക്കാണു തിരിച്ചത്. അടുത്തെത്തിയപ്പോൾ ഡാക്ടരുടെ പടിക്കൽ പട്ടാളക്കാർ തോക്കുംപിടിച്ചു നില്ക്കുന്നത് അവർ കണ്ടു. ഡോക്ടർ നേരത്തേ, പുകയിലവെള്ളം കാപ്പിയാണെന്നു വിചാരിച്ചു കുടിച്ചുപോയിരുന്നു. ഇപ്പോൾ തീരെ സുഖമില്ലാതെ കിടപ്പാണെന്നു വേലക്കാരൻ പറഞ്ഞു. അവന്റെ വാക്കു കേട്ടതുകൊണ്ടോ, പട്ടാളക്കാരെ കണ്ടതുകൊണ്ടോ, എന്തോ, എല്ലാവരും മടങ്ങി.

“മിതവാദി” മാസിക, (1091 ചിങ്ങം)

# — 13 —

# ഒരു നരിയെ കൊന്ന വെടി

രഘു, വാസു, കിട്ടു. ഈ മൂന്നു സഹോദരന്മാർക്കും "ശിക്കാർ" നായാട്ടു മുതലായ വിനോദങ്ങളിൽ ഉള്ള വാസനയും സാമർത്ഥ്യവും പാരമ്പര്യമാണ്. അവരുടെ മച്ചുനനും, സ്യാലനും ആയ സുകുമാരനും ഈ വാസനാസാമർത്ഥ്യങ്ങൾ അവകാശപ്പെട്ടിരുന്നു. ഈ നാലുപേരുംകൂടി ഒരു ഞായറാഴ്ച നായാട്ടിനു പോകാൻ ഏർപ്പാടുചെയ്തു ശനിയാഴ്ച വൈകുന്നേരം അവർ സംഗതിവശാൽ എന്നെ കണ്ടുമുട്ടി. എന്നേയും നായാട്ടിനു ക്ഷണിച്ചു. നായാട്ടിനെപ്പറ്റി പറഞ്ഞുകേട്ടതല്ലാതെ, അതെങ്ങിനെയാണെന്ന് എന്റെ ജീവിതകാലത്ത് ഞാൻ കണ്ടിരുന്നില്ല. അതൊന്ന് അനുഭവിച്ചറിയേണമെന്ന് എന്റെ മനസ്സിൽ ഏറ്റവുംഗൂഢമായ ഒരു കോണിൽ ചെറിയ ഒരാഗ്രഹം കുടികൊണ്ടിരുന്നു എന്നുള്ളത് നേരാണ്. പക്ഷേ, നരി, പന്നി മുതലായ ക്രൂരമൃഗങ്ങളെ നായാടുമ്പോൾ ഉണ്ടാകാറുള്ള അപകടങ്ങളെപ്പറ്റി ഞാൻ പലതും പറഞ്ഞുകേട്ടതിനാലും, പറങ്ങോടൻനായരുടെ തല ആവക അപകടങ്ങളുടെ സ്വഭാവത്തെ വിളംബരപ്പെടുത്തുന്ന ഒരു മാതൃകയായി എന്റെ മനസ്സിൽ പതിഞ്ഞുകിടന്നിരുന്നതിനാലും. മേൽപ്പറഞ്ഞ ആഗ്രഹത്തെ അതു കിടന്നിരുന്ന കോണിൽനിന്ന് അനക്കാതെയിരിക്കയാണ് മേലാലുള്ള സുഖജീവിതത്തിന് അനുകൂലമായ പ്രവൃത്തിയെന്ന് ഞാൻ വിശ്വസിച്ചു കഴികയായിരുന്നു. ഒരിക്കൽ ഒരു നരി കടിച്ചും മാന്തിയും ഉണ്ടായ മുറിവുകൾ പറ്റിയിരുന്ന പറങ്ങോടൻനായരുടെ തല, അശ്വിനിദേവകൾ ഉണ്ടാക്കിയ കേശപോഷണതൈലംതന്നെ ധാരചെയ്താലും ഒരു രോമംപോലും ഇനി പുതുതായി മുളയ്ക്കാൻ നിവൃത്തിയില്ലാത്തവിധം, കലകൾനിറഞ്ഞു, പർവ്വതങ്ങളേയും താഴ്വരകളേയും ഉയർത്തിയും താഴ്ത്തിയും കാണിക്കുന്ന ഭൂഗോളപടംപോലെ സ്ഥിതിചെയ്യുന്നത്, ഒരിക്കലെങ്കിലും കാണ്മവാൻ സംഗതിവന്നവരാരും നരിനായാട്ടിൽ ഭ്രമിക്കുവാൻ ഇടയില്ല. അതുകൊണ്ടു നായാട്ടിന്റെ അനുഭവം ഉണ്ടാകുവാൻവേണ്ടി പക്ഷേ, ഒരു ജന്മംകൂടി ജനിക്കേണ്ടിവന്നാലും, മൂക്കുകടിക്കുന്ന വല്ല കരടിയുടെയും വായിൽചെന്നു ചാടുന്നത് അത്രവളരെ സുഖകരമായി തോന്നുകയില്ലെന്നു വിശ്വസിച്ച്, ഞാൻ കള്ളി ആരോടും പറയാതെ അടങ്ങിയിരിക്കുകയായിരുന്നു.

അഥവാ, കഴിഞ്ഞ ഏതോ ജന്മത്തിൽ ഒരു പറങ്ങോടൻനായരായിരുന്നതുകൊണ്ടാണ് ഈ മൃഗയാവിരക്തിയുണ്ടായതെന്നും ഊഹിക്കാമല്ലോ. ഇങ്ങനെയൊക്കെയാണെങ്കിലും, സ്നേഹിതന്മാർ ക്ഷണിച്ചപ്പോൾ നായാട്ടെന്നും വിനോദമെന്നും മാത്രമല്ലാതെ നരിയെന്നും പന്നിയെന്നും അശേഷം ആലോചിക്കാതെ, ഞാൻ കൂടി വരാമെന്നു വളരെ ഉത്സാഹത്തോടും, സന്തോഷത്തോടും ഉറപ്പായി വാഗ്ദാനം ചെയ്തു.

എന്നാൽ, ഇന്നു രാത്രി ഞങ്ങളുടെ വീട്ടിൽ ഉറങ്ങാം; കാലത്തു മൂന്നുമണിക്ക് എഴുന്നേറ്റു പോകേണ്ടതല്ലേയെന്ന്, രഘു പറഞ്ഞു. ഉടനെതന്നെ, ഊണും അവിടെയാകാം, എന്നു സുകു ക്ഷണിച്ചു. ഞാൻ രണ്ടിനും സമ്മതിച്ചു. ഞങ്ങൾ സമീപവാസികളാണ്. ഞാൻ ക്ഷണത്തിൽ പോയി വീട്ടിൽ വിവരം അറിയിച്ചുവന്നേക്കാമെന്നു പറഞ്ഞു വീട്ടിലേക്ക് നടന്നു. അവിടെ എത്തി എന്റെ ഉദ്യമത്തെപ്പറ്റി ഭാര്യയോടു പറഞ്ഞശേഷം, അവളുടെ മറുപടി കേട്ടപ്പോഴാണ്, പറങ്ങോടൻനായരുടെ തല ഓർമ്മവന്നത്.

അല്ല. നായാട്ടിനോ? നിങ്ങളോ? നിങ്ങൾക്ക് അറിയോ നരിയേയും പന്നിയേയും വെടിവയ്ക്കാൻ? എന്നുള്ള ഭാര്യയുടെ ചോദ്യത്തിൽ അടങ്ങിയ രണ്ടു മൃഗങ്ങളുടെ പേരുകൾ കേട്ട ഉടനെ വയറ്റിൽ എന്തോ ഒരു തീജ്ജ്വാല ഉണ്ടായതുപോലെ ഒരനുഭവം ഉണ്ടായി. അതുതന്നെ നെഞ്ചിലും വ്യാപിച്ചു. എന്നിട്ടും ധൈര്യം വിട്ടില്ല. സ്ത്രീകളുടെ വാക്ക് നിസ്സാരമാക്കുന്ന നിലയിൽ, ഞാൻ ചിലതൊക്കെ പറഞ്ഞു. ഏതായാലും സുകുമാരൻകൂടി ഉണ്ടെന്നു കേട്ടപ്പോൾ, വൈഷമ്യത്തിലൊന്നും കൊണ്ടുപോയി തലയിടാൻ സംഗതിയില്ലെന്ന് എന്റെ പത്നി സമ്മതിച്ചു.

ഞാൻ ക്ഷണത്തിൽ പുറപ്പെട്ട്, സ്നേഹിതന്മാരുടെ വീട്ടിലെത്തി. കൂട്ടർ ശീട്ടുകളി ആരംഭിച്ചിരിക്കുന്നു. ഞാനും ചേർന്നു. എന്നിൽ സാധാരണ കാണാറുള്ള ആഹ്ലാദത്തിന്റെ അഭാവം, സമർത്ഥനായ സുകുമാരന്റെ മനസ്സിനെ ക്ഷണത്തിൽ ആകർഷിച്ചു. നായാട്ടിന്റെ സ്വഭാവത്തെപ്പറ്റിയും തോക്കുകാർ, മരത്തിന്മേൽ "പറം" അല്ലെങ്കിൽ "മച്ചാൻ" കെട്ടി ഇരിക്കുന്നതിനെക്കുറിച്ചും, അവിടെ യാതൊരുവിധം അപകടത്തിനും സംഗതിയില്ലെന്നും, ആപത്തു വരുന്നതു ചില വിഡ്ഢികൾ ദുർധൈര്യംകൊണ്ടു താഴത്തിറങ്ങി വന്യമൃഗങ്ങളുടെ നേരിട്ടുചെല്ലുന്നതുനിമിത്തമാണെന്നും മറ്റും എന്നെ ധൈര്യപ്പെടുത്തുവാനാണെങ്കിലും, ആ നാട്യമേ പുറത്തു കാണിക്കാതെ, സുകുമാരൻ വിസ്തരിച്ചു പറഞ്ഞുതുടങ്ങി. അതിന്റെ ഉദ്ദേശം ഞാൻ ക്ഷണത്തിൽ ധരിക്കയും, സ്നേഹിതനെ മനസ്സുകൊണ്ടു ബഹുമാനിക്കയും ചെയ്തുവെങ്കിലും, അവയൊക്കെ ഞാൻ ധാരാളം അറിയുന്ന സംഗതികളാണെന്നു ഞാനും നടിക്കയും ഇടയ്ക്കിടെ അതിനെ ബലപ്പെടുത്തുന്ന പില അഭിപ്രായങ്ങൾ ആലോചിച്ചു പുറപ്പെടുവിക്കയും ചെയ്തു. ഊണിന് അന്നു നല്ല സുഖമുണ്ടായില്ല: വിശപ്പില്ലാത്തതുകൊണ്ടല്ല; തൊണ്ടയിൽനിന്നു ഭക്ഷണം സുഗമമായി താഴോട്ടിറങ്ങായ്കകൊണ്ട് നെഞ്ചിൽ എന്തോ ഒരു പിടിത്തം. ധാരാളം വെള്ളം കുടിച്ചു ഉറക്കത്തിനും ഉണ്ടായില്ല സുഖം. കണ്ണു ചിമ്മിപ്പോയെങ്കിൽ പറങ്ങോടൻനായരുടെ തല സ്വപ്നം കാണുകയായി.

എന്താണു വിദ്യ! രാവിലെയായാൽ വയറ്റിനു നല്ല സുഖം പോരെന്നു പറഞ്ഞു് ഒഴിഞ്ഞാലോ? അയ്യോ! അതു പറ്റുകയില്ല. ശേഷം മൂന്നുപേരും പക്ഷേ, വിശ്വസിച്ചാലും സുകുമാരനു കാര്യം മനസ്സിലാകും. മറ്റാരോടും പറഞ്ഞില്ലെങ്കിലും അയാളുടെ മനസ്സിൽ ഞാനൊരു വെറും ഭീരുവാണെന്ന് ഉറപ്പിക്കും. അതുകൊണ്ടു വരുന്നതു വരട്ടെ വിധിവിഹിതമേവനും ലംഘിച്ചുകൂടുമോ? എന്റെ തലവിധി നരിയുടെ വായിൽ തലകൊണ്ടിടണം എന്നാണെങ്കിൽ ആർക്ക്, എങ്ങനെ, അല്ലെന്നാക്കാൻ സാധിക്കും? മരിക്കുന്നതിലല്ല ഖേദം; തല പറങ്ങോടൻനായരുടെ തലപോലെ ആയിത്തീർന്നുവെങ്കിൽ, പിന്നെ ജീവിച്ചിട്ടെന്താണ്? ഇങ്ങനെ പലതും ആലോചിച്ച്, മനസ്സിൽ വാദപ്രതിവാദങ്ങൾ നടത്തിയും, തിരിഞ്ഞും മറിഞ്ഞും കിടന്നും, വളരെനേരം കഴിഞ്ഞു. തലയ്ക്കുമീതെ വച്ചിരുന്ന ഘടികാരം മണിക്കൂർ കഴിയുന്നതു കുറിക്കുവാൻ പുറപ്പെടുവിക്കുന്ന ശബ്ദം മാത്രമല്ല, അതിന്റെ ടിക്, ടിക് ശബ്ദംപോലും എനിക്കു നല്ലവണ്ണം കേൾക്കാമായിരുന്നു. മനസ്സിലെ ഭയവും ഉറക്കത്തിന്റെ ശക്തിയും തമ്മിൽ ഇങ്ങനെ വളരെനേരം ബലാബലങ്ങൾ പരീക്ഷിച്ചശേഷം, ഒടുവിൽ ഉറക്കം ജയിച്ചു. ഞാൻ അല്പം ഉറങ്ങിപ്പോയി. അപ്പോഴേയ്ക്കും കേട്ടു, ഘടികാരത്തിന്റെ 'എലാറം' കറ, കറ എന്നു ശബ്ദിക്കുന്നു. അതുവരെ വളരെ മനസ്സമാധാനത്തോടുകൂടി ഗാഢനിദ്രയണഞ്ഞിരുന്ന ചങ്ങാതിമാർ ചാടിയെഴുന്നേറ്റ്, എന്നെ വിളിച്ചു. സത്രാജിത്തിനു സ്യമന്തകം മണി വീണ്ടും കൊണ്ടുവന്നുകൊടുത്ത ശ്രീകൃഷ്ണഭഗവാനെ ഗാഢമായി സ്മരിച്ചുകൊണ്ട്, ഞാനും എഴുന്നേറ്റു.

ഭക്ഷണസാധനങ്ങളും തോക്കിന്റെ തിരകളും മറ്റും ഒരുക്കിവച്ചിരുന്നവയെ ഒരു ഭൃത്യനെക്കൊണ്ടെടുപ്പിച്ച്, ഞങ്ങൾ ഓരോരുത്തർ ഓരോ ഇരട്ടക്കുഴൽ തോക്കും താങ്ങി പുറപ്പെട്ടു. മുറ്റത്തിറങ്ങിയപ്പോൾ ആകായിൽനിന്ന്, സുകുമാരന്റെ ഭാര്യയാണെന്നു തോന്നുന്നു, ഇതാ കാട്ടുമുയലിനെ കിട്ടിയാൽ ഉടനേ ഇങ്ങോട്ടെത്തിക്കണേ; സാധിച്ചെങ്കിൽ ജീവനോടുകൂടി പിടിക്കുവാൻ നോക്കണം, എന്നു പറഞ്ഞു.

ആവൂ, എനിക്കു വലിയ ഒരു ആശ്വാസമായി. ഇക്കൂട്ടർ മുയലിനെ വെടിവയ്ക്കാനാണു പോകുന്നത്. നരിയുടേയും പന്നിയുടേയും കഥയൊക്കെ എന്റെ വെറും ഊഹമായിരുന്നു എന്നുവിചാരിച്ച് ഞാൻ വലിയൊരുദീർഘശ്വാസംകഴിച്ചു. ഈ ആശ്വാസം രണ്ടു മിനിട്ടുനേരം എന്റെ മനസ്സിൽ കുടികൊൾവാൻ വാസു അനുവദിച്ചില്ല. അയാൾ മെല്ലെ ഇങ്ങനെ പറഞ്ഞു: ഞങ്ങൾ മുയലിനെ വെടിവയ്ക്കുവാൻ പോകയാണെന്നാണു സ്ത്രീകൾ വിചാരിച്ചിരിക്കുന്നത്. നരിയെ വെടിവയ്ക്കുവാനാണെന്ന് അറിഞ്ഞിരുന്നുവെങ്കിൽ ഇവിടുന്നു പടിയിറങ്ങാൻ അമ്മ നമ്മളെ അനുവദിക്കില്ല.

ഹതവിധി! എനിക്കു പിന്നെയും ഒരു അസ്വാസ്ഥ്യം തുടങ്ങി. വഴിയിൽ സ്നേഹിതന്മാർ പല നേരമ്പോക്കുകളും പറയുന്നുണ്ട്. ഞാൻ യാതൊന്നും കേൾക്കുന്നില്ല; കേട്ടതൊന്നും മനസ്സിലാകുന്നില്ല; മനസ്സിലായ ഫലിതങ്ങളെക്കുറിച്ചു ചിരിക്കുവാനും കഴിയുന്നില്ല; ചിരിച്ചെങ്കിൽത്തന്നെ വായല്ലാതെ, ഹൃദയം അതിൽ പങ്കുകൊള്ളുന്നില്ല.

സൂര്യൻ ഉദയഗിരിയിലെത്തി. ഞങ്ങൾ ഒരു കാട്ടിന്റെ സമീപത്തും എത്തി. അവിടെ ഞങ്ങളുടെ വരവും കാത്തു വാസുവിന്റെ കീഴിലുള്ള രണ്ടു പോലീസ് കാൺസ്റ്റബിൾമാർ നില്ക്കുന്നുണ്ടായിരുന്നു. ഇൻസ്പെക്ടരെ കണ്ടയുടനെ അവർ, ശരീരത്തിലെ മാംസപേശികളെയൊക്ക നേരെ നിറുത്തി, സല്യൂട്ടുചെയ്തു. അവരോട് വാസു, കാടു തെളിക്കുന്നവർ എത്തിയോ? എന്നു ചോദിച്ചു.

ഇതാ, അവരൊക്കെ തയാർ എന്നു പറഞ്ഞു, അവരെ വിളിക്കുവാൻവേണ്ടി കാൺസ്റ്റബിൾമാർ അല്പം ദൂരത്തേയ്ക്കു നടന്നുപോയി. അതിനിടയ്ക്കു ഞങ്ങൾ അവിടെയിരുന്നു, കുറെ കാപ്പിയും പലഹാരവും മറ്റും കഴിച്ചു. ചുരുക്കിപ്പറയാം, സൂര്യൻ നല്ലവണ്ണം പ്രകാശിച്ചു. ഞങ്ങൾ കാട്ടിൽ കയറി, ചെറിയൊരു തോട്ടിന്റെ വക്കിൽ എത്തിയപ്പോൾ അവിടെയാണ് ഒരു കടുവയുള്ളതെന്ന് ഒരാൾ പറഞ്ഞു. വലിയൊരു മരത്തിന്മേൽ കെട്ടിയുണ്ടാക്കിയ "പറം" ചൂണ്ടിക്കാണിച്ച്, നിങ്ങൾ ഇതിന്മേൽ കയറി ഇരുന്നുകൊൾവിൻ, എന്നു വാസു എന്നോടു പറഞ്ഞു ഒരു പശുവിനു കഷ്ടിച്ചു നടന്നുപോകുവാൻ മാത്രം വിസ്താരമുള്ള ഒരു വഴിയുടെ അടുക്കലാണ് ആ "പറം." അതിനു അല്പം ദൂരത്തായി, മറ്റൊരു പറം ഉണ്ടായിരുന്നതിനെ ചൂണ്ടിക്കാണിച്ചുകൊണ്ട്, അതിന്മേൽ ഞാൻ ഇരിക്കാം, എന്നു സുകുമാരൻ പറഞ്ഞു. കിട്ടു എന്റെ അടുക്കൽ വന്നു പുറത്തു തട്ടിക്കൊണ്ട്, എന്താ പേടിയുണ്ടോ? ഒന്നും പേടിക്കുവാൻ ഇല്ല സൂക്ഷിച്ച് ഇരുന്നുകൊൾവിൻ. വല്ല മൃഗത്തെയും നല്ല ലാക്കിൽ കണ്ടെങ്കിൽമാത്രം വെടിവച്ചാൽ മതി, എന്ന് ഇംഗ്ലീഷിൽ പറഞ്ഞു, വളരെ പ്രോത്സാഹജനകമായ വിധത്തിൽ മനോഹരമായി ഒന്നു മന്ദഹസിച്ചു. ഞാനും ഒരു പച്ചച്ചിരി ചിരിച്ചു. മൃഗത്തിനു വെടികൊണ്ടാലും ഇല്ലെങ്കിലും, ഞങ്ങളൊക്കെ മടങ്ങി ഇവിടെയെത്തുന്നതുവരെ താഴത്തിറങ്ങരുത്, എന്നു രഘുവും പറഞ്ഞു.

അതു വലിയൊരു മരമായിരുന്നു. താഴത്തുനിന്നു രണ്ടുവാര ഉയരത്തിൽ അതിന്റെ വലിയൊരു കൊമ്പുവെട്ടിയെടുത്ത സ്ഥലം ചാണക്കല്ലുപോലെ പരന്നു മൃദുവായിരുന്നു. ഞാൻ ഒരു വിധത്തിൽ മരത്തിന്മേൽ കയറി. ഇരിക്കാൻ നല്ല സുഖമുള്ള "പറം" ഒരു പക്ഷേ, ഉറങ്ങിപ്പോയെങ്കിൽ ഉരുണ്ടു താഴെ വീണുപോകാൻ സംഗതിയില്ല. ഞാൻ അവിടെ കയറിയിരിപ്പായി. തോക്കിൽ രണ്ടു തിരകൾ നിറച്ചു. കാലുകൾ നീട്ടി തോക്കിന്റെ കുഴലുകൾ കാലിന്റെ മദ്ധ്യത്തിലാക്കിപ്പിടിച്ചു. സുകുമാരൻ മറ്റേ പറത്തിന്മേലും കയറി ഇരുന്നു. ഞങ്ങൾക്കുതമ്മിൽ കാണാം. സുകു കുറെ അടയ്ക്കാക്കഷണം വായിൽ ഇട്ടു ചവച്ചും ഇറക്കിയും കൊണ്ട് യാതൊരു കൂസലും ഇല്ലാതെ അവിടെ ഇരിക്കുന്നതു കണ്ടപ്പോൾ, എനിക്ക് അസൂയതോന്നി. കൂട്ടരൊക്കെ കാട്ടിലേക്കു കയറി. സ്നേഹിതന്മാരൊക്കെ ഓരോ പറത്തിന്മേൽ കയറി ഇരുന്നിരിക്കണം. വളരെ നേരത്തേയ്ക്കു യാതൊരു ശബ്ദവും ഇല്ല.

ഞാൻ പഠിച്ച ഈശ്വരസ്തുതികളും, സ്തോത്രങ്ങളും ഉരുവിട്ടുകൊണ്ടിരുന്നു.

അതാ ഭയങ്കരമായ ഒരു ശബ്ദം! കൈകൊട്ടും ആർപ്പുവിളിയും, ടിന്നിന്നു മുട്ടുന്ന ശബ്ദവും കേട്ടുതുടങ്ങി. ഞാൻ സ്തോത്രം ചൊല്ലുന്നതും മറുകിത്തുടങ്ങി. കുറേനേരം കഴിഞ്ഞു പെട്ടെന്നു താഴോട്ടുനോക്കിയപ്പോൾ കണ്ട കാഴ്ച എന്തുപറയുന്നു! വലത്തുകയ്യും ഇടത്തുകാലും അല്പം മുമ്പോട്ടുവച്ച്, ആരാണീ ധിക്കാരികൾ, എന്നു ചോദ്യംചോദിക്കുമ്പോഴുള്ള പ്രകൃതിയെ അഭിനയിക്കുന്ന നോട്ടങ്ങളോടുകൂടെ, വാലിന്റെ അഗ്രംമാത്രം ചലിപ്പിച്ചുകൊണ്ടു നില്ക്കുന്നു: ഒരു വ്യാഘ്രം. എന്റെ വയറ്റിൽ പൊക്കിളിന്റെ അടുക്കെയായി, പെട്ടെന്നൊരു വിദ്യുച്ഛക്തി പ്രകാശിച്ചപോലെ ഒരനുഭവമുണ്ടായി. പുറത്തു നടുവെല്ലിൽകൂടെ ഒരു പുഴു ഇഴഞ്ഞുകയറുന്നുണ്ടെന്നു തോന്നി. വിവേകാനന്ദസ്വാമിയെ ഒരവസരത്തിൽ ശ്രീരാമകൃഷ്ണപരമഹംസൻ തൊട്ടപ്പോൾ, എല്ലാവൃക്ഷങ്ങളും ഭവനങ്ങളും, എന്നുവേണ്ട സർവ്വചരാചരങ്ങളും കീഴ്മേൽ മറിഞ്ഞു് അന്തർദ്ധാനം ചെയ്ത്, രണ്ടാമതും പൂർവ്വസ്ഥിതിയിൽ ആയതുപോലെ സ്വാമിക്ക് ഒരനുഭവമുണ്ടായിരുന്നതായി പറഞ്ഞുകേട്ടിട്ടുണ്ട്. ഏകദേശം അതുപോലെയുള്ള ഒരനുഭവം എനിക്ക് ഈ അവസരത്തിൽ ഉണ്ടായി. ഭക്തിക്കും ഭയത്തിനും തമ്മിൽ ഉള്ള സാമ്യം, ആ വാക്കുകളുടെ ആദ്യവർണ്ണങ്ങളിൽ മാത്രമല്ലെന്ന് എനിക്കു തോന്നി. എന്റെ പരിഭ്രമത്തിൽനിന്നു ഞാൻ അല്പം നിവൃത്തനായയുടനെ, സുകുമാരനെ ഒന്നു നോക്കി. അയാൾ തോക്കെടുത്തു സൂത്രംപിടിക്കുവാൻ ഭാവിക്കയാണെന്നു കണ്ടയുടനെ എന്റെ തോക്കിന്റെ കാഞ്ചികൾ രണ്ടും ഞാനറിയാതെ എന്റെ വിരലുകൾ പൊക്കി. തോക്കെടുത്തു സൂത്രം നോക്കാൻ കൈയുടെ വിറയൽ അല്പം ശമിക്കട്ടെ എന്നു വിചാരിച്ചുതീരുന്നതിനു മുൻപിൽ, കാഞ്ചികൾ വീണു വെടിപൊട്ടി. ഞാൻ പിന്നോട്ടു ചാഞ്ഞുവീണു; തോക്കു കൈയിൽനിന്നു താഴത്തും വീണു. അല്പനേരം മൂർച്ഛിച്ചുവോ എന്നൊരു ശങ്ക അടുക്കരുത്, അടുക്കരുത് എന്നു സുകുമാരൻ വിളിച്ചുപറയുന്നതു കേട്ടു. ഞാൻ നിവർന്നിരുന്ന്, താഴോട്ടു നോക്കുവാൻ ഒരുവിധം ധൈര്യപ്പെട്ടു. നരി വെടികൊണ്ടു വീണുരുളുന്നു. എനിക്കുണ്ടായ ആശ്വാസവും സന്തോഷവും അഭിമാനവും ധീരതയും ഒന്നും പറവാനില്ല. അടുക്കരുത്, അടുക്കരുത്, എന്നു ഞാനും—നിലവിളിച്ചു. അടുക്കാതിരിക്കാനുള്ള അവസരമൊക്കെ കഴിഞ്ഞിരുന്നു. അതുകൊണ്ടായിരിക്കണം എന്റെ നിലവിളി കേട്ടപ്പോൾ സുകുമാരൻ പൊട്ടിച്ചിരിച്ചത്. നരി അനങ്ങാതെ കേവലം മൃതപ്രായനായി കിടക്കുന്നു. സുകുമാരൻ മരത്തിൽനിന്ന് ഇറങ്ങാൻ ഭാവിക്കുന്നുണ്ടെന്നു കണ്ടപ്പോൾ ഞാൻ, ഇതാ ഇറങ്ങരുത്—രഘു പറഞ്ഞിട്ടില്ലേ? എന്നു നിലവിളിച്ചു പറഞ്ഞു. സുകുമാരൻ എന്നെ സന്തോഷിപ്പിക്കാനായിരിക്കാം അവിടെത്തന്നെ ഇരുന്നു. അതിൽപിന്നെ ഉച്ചത്തിൽ, നരിയാണ്, ചത്തിരിക്കുന്നു, അടുക്കാം, എന്ന് അദ്ദേഹം പറഞ്ഞു. മൂന്നുനാലു മിനിട്ടുകഴിഞ്ഞു. കാടുതെളിക്കാൻ എർപ്പെട്ടിരുന്ന ചിലർ ചാടിയെത്തി. അതിലൊരു ധിക്കാരി, ഇതാരുടേതാണു തോക്കു താഴത്തു? എന്നു ചോദിച്ചു. ഞാൻ ഇതിനു മറുപടി പറയാതെ മിഴിച്ചുനിൽക്കുന്നതു കണ്ടപ്പോൾ, അതു മരത്തിന്മേൽനിന്ന് ഇറങ്ങാൻ സാധിക്കാത്തതിനാൽ അയാൾ താഴത്തിട്ടതാണ്—എന്നു സുകു പറഞ്ഞു. ഞാനും സുകുവും താഴത്തിറങ്ങി. ഉടനെ സ്നേഹിതന്മാർ മൂന്നുപേരും ചാടിയെത്തി. എന്നെ എല്ലാവരും അഭിനന്ദിച്ചു.

നരിക്കു വെടി എവിടെയാണു നോക്കിയപ്പോൾ വലത്തുചെവിയുടെ താഴത്താണെന്നു കണ്ടു. എന്റെ 'പറം' നരിയുടെ ഇടത്തുഭാഗത്താണല്ലോ എന്നു ഞാൻ ഉടനെ ഓർമ്മിച്ചു. ഞാൻ സുകുമാരന്റെ മുഖത്തു ശ്രദ്ധമായൊന്നു നോക്കി.

> പലനിലയിലും പലപ്രകാരവും
> പലനാളും കാത്ത...

സുകുമാരൻ ഉടനെ, കാട്ടിൽനിന്നിറങ്ങിവന്ന്, ഈ നരി രണ്ടാമതു മടങ്ങാനാണു ഭാവിച്ചത്, അപ്പോഴാണ് ഇയാളുടെ വെടി എന്നുപറഞ്ഞ്, എന്നെ ഒന്നു കടാക്ഷിച്ചു. നരിയെ കെട്ടിയെടുത്ത് എല്ലാവരും പുറപ്പെടുമ്പോൾ, ഞാൻ കയറി ഇരുന്ന മരത്തിനിടയിൽ ചാണക്കല്ലുപോലെ ഉണ്ടായിരുന്നതായി പറഞ്ഞ സ്ഥലം, സുകുമാരൻ എന്നെ സ്വകാര്യം ചൂണ്ടിക്കാണിച്ചുതന്നു. അവിടെ രണ്ട് ഉണ്ടകൾ തറച്ച ദ്വാരങ്ങൾ നല്ലവണ്ണം കാണാമായിരുന്നു നരി ചത്തത് സുകുമാരന്റെ വെടിക്കായിരുന്നുവെന്നു ഇനി പറയേണ്ടതില്ലല്ലോ. പക്ഷേ, ഞാൻ ഇന്നും വലിയ നരിനായാട്ടുകാരനായിട്ടാണ് അറിയപ്പെടുന്നത്.

ഭാഷാപോഷിണി, 1094 മകരം.

## 14

# കൃഷ്ണാകുമാരി[1]

മീവാർരാജ്യത്തിലെ രാജാവായിരുന്ന ഭീമസിംഹന്റെ മകളായിരുന്നു കൃഷ്ണാകുമാരി. ചരിത്രപ്രസിദ്ധയായിരുന്ന പത്മിനീരാജ്ഞിയുടെ ഭർത്താവായിരുന്ന ഭീമസിംഹനല്ല; അദ്ദേഹത്തിനുശേഷം, വളരെക്കൊല്ലം കഴിഞ്ഞതിൽപിന്നെ, രാജ്യഭാരം ചെയ്തിരുന്ന ഒരു രാജാവ്. ഈ രാജാവിന്റെ കാലത്ത് മീവാർരാജ്യത്തിന്റെ ഐശ്വര്യം വളരെ കുറഞ്ഞുപോയിരുന്നു. ഒരുകാലത്ത് രാജപുത്താനയിൽ ഏറ്റവും പ്രഭുത്വവും മാഹാത്മ്യവും ഉണ്ടായിരുന്ന രാജ്യമായി ശോഭിച്ച നിലയിൽ നിന്ന് മീവാർ അധഃപതിച്ച കാലത്തായിരുന്നു ഈ രാജാവ് അവിടെ വാണിരുന്നത്. മഹാരാഷ്ട്രകാരുടെ ശക്തി വളരെ വർദ്ധിച്ച്, സിൻഡ്യ, ഹോൾക്കാർ എന്നീ രാജാക്കന്മാരിൽ അതുകാലത്ത് പ്രാബല്യം പ്രാപിച്ച ആളുടെ ശാസനയ്ക്ക് മീവാർ കീഴടങ്ങേണ്ടിവന്നു. അങ്ങിനെയുള്ള കാലത്താണ് ഈ കഥ ആരംഭിക്കുന്നത്.

മീവാറിലെ രാജകുമാരി ശൈശവത്തിൽതന്നെ മഹാസുന്ദരിയാണെന്നു ശ്രുതിപ്പെട്ടിരുന്നു. സൗന്ദര്യത്തിൽ അവരോടു തുല്യയായി ആരും അക്കാലത്തുണ്ടായിരുന്നില്ല. പത്മിനീരാജ്ഞിയും സൗന്ദര്യത്തിനു ശ്രുതിപ്പെട്ടവരായിരുന്നുവല്ലോ. എന്നാൽ കൃഷ്ണാകുമാരി, സൗന്ദര്യത്തിൽ പത്മിനിയേയും ജയിച്ചു. സൗന്ദര്യം സ്ത്രീകൾക്ക് ഗുണത്തിനും നാശത്തിനും മതിയല്ലോ.

കൃഷ്ണാകുമാരിയെ ജനങ്ങൾ "രാജപുത്താനയിലെ കുസുമം" എന്നു വിളിച്ചുപോന്നു. കൊല്ലങ്ങൾ കഴിയുന്നതനുസരിച്ച് ഈ കുസുമം വികസിച്ചുതുടങ്ങുകയും അതിന്റെ സ്വാഭാവികമായ സൗകുമാര്യത്തെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു. അതോടുകൂടി സ്വഭാവമെന്ന സൗരഭ്യവും ചേർന്നുകൂടി. പുത്രിക്ക് വിവാഹകാലം വന്നുവെന്നു പിതാവ് കണ്ടു. മാർവാർ രാജവംശത്തിലെ രാജകുമാരന് കൃഷ്ണായെ വിവഹം ചെയ്തുകൊടുക്കുവാൻ വേണ്ടുന്ന ആലോചനകൾ നടത്തി. ഏർപ്പാടുകളൊക്കെ ഏകദേശം പൂർത്തിയായി. എന്നാൽ,—അനുഭവിക്കാനുള്ള കാലം അടുത്തെത്തിയെന്നു വിചാരിച്ചുളവാകുന്ന ആനന്ദത്തെ ഏതെല്ലാം വിധത്തിലാണ്, "എന്നാൽ" എന്ന വാക്കുകൊണ്ട് തുടങ്ങുന്ന വിവരണത്താൽ നിശ്ശേഷം നശിപ്പിക്കുവാൻ ചരിത്രകാരന്മാർക്കും കവികൾക്കും സംഗതിവന്നത്!—എന്നാൽ വിവാഹകാര്യം നടക്കുന്നതിനുമുമ്പിൽ രാജകുമാരൻ കാലധർമ്മം പ്രാപിച്ചുപോയി, കഷ്ടം!

കൃഷ്ണായ്ക്കു മറ്റൊരു ഭർത്താവിനെ ആലോചിക്കേണ്ടിവന്നു. ഭീമസിംഹൻ, തന്റെ മകളെ ജയപ്പൂരിലെ ജഗത്സിംഹൻ എന്ന രാജകുമാരന് വിവാഹംചെയ്തു കൊടുക്കുവാൻ തീർച്ചയാക്കി. ജയപ്പൂരിൽനിന്നു രാജപ്രതിനിധികൾ, അനവധി കാഴ്ചദ്രവ്യങ്ങളോടുകൂടി വിവാഹകാര്യം തീർച്ചപ്പെടുത്തുവാൻ മീവാറിൽ വന്നു. "ലഗ്നകപത്രം" എഴുതുവാനുള്ള ഏർപ്പാടുകളൊക്കെ ചെയ്തു. ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ തടസ്സമില്ലാതെ നടന്നുകൊണ്ടിരുന്നു. എന്നാൽ—പിന്നെയും മറ്റൊരു "എന്നാൽ."

മാർവാറിലെ തീപ്പെട്ട രാജകുമാരന്റെ അടുത്ത ഒരു അവകാശിയായ മാനസിംഹൻ, ജോധ്പ്പൂർരാജ്യം കൈവശപ്പെടുത്തി അവിടുത്തെ രാജാവായി സിംഹാസനാരോഹണം ചെയ്തു ഉടനെ അദ്ദേഹം ചെയ്തത്, കൃഷ്ണായെ തനിക്കു വിവാഹംചെയ്തുകിട്ടേണം എന്നു ഭീമസിംഹനോട് ആവശ്യപ്പെടുകയായിരുന്നു. കഴിഞ്ഞുപോയ രാജാവിനു കൃഷ്ണായെ വിവാഹം ചെയ്തുകൊടുക്കുവാൻ മിക്കവാറും തീർച്ചയാക്കിയതാണ്; ആ രാജാവിന്റെ പിൻതുടർച്ചാവകാശിയായി താനാണു സിംഹാസനാരോഹണം ചെയ്തിരിക്കുന്നത്; അതുകൊണ്ടു കൃഷ്ണായെ തന്റെ രാജ്ഞിയായും ലഭിക്കേണ്ടതാണ്—ഇതായിരുന്നു മാനസിംഹന്റെ ന്യായം. ഈ അവസരത്തിൽ ഗ്വാളിയോറിലെ സിൻഡ്യാമഹാരാജാവ് സൈന്യസമേതം മീവാറിൽ പാർത്തുവരികയായിരുന്നു. അദ്ദേഹം മാനസിംഹന്റെ മിത്രവും ജഗത്സിംഹന്റെ ശത്രുവുമായിരുന്നു. ജയപ്പൂരിലെ രാജപ്രതിനിധികളെ ഉടനെ മടക്കിയയച്ച്, രാജപുത്രിയെ മാർവാറിലെ പുതിയ രാജാവിനു വിവാഹം ചെയ്തുകൊടുക്കണമെന്ന് അദ്ദേഹം ഭീമസിംഹനെ അറിയിച്ചു. ഐശ്വര്യവും ശക്തിയും ക്ഷയിച്ച ഈ കാലത്ത് സിൻഡ്യയുടെ കല്പനയ്ക്കു വിപരീതമായി പ്രവർത്തിച്ചാൽ തന്റെ രാജ്യവും വസ്തുക്കളും എന്നുവേണ്ട തന്റെ ജീവൻ പോലും അദ്ദേഹം നശിപ്പിക്കാൻ സംഗതിയുണ്ടെന്നു ഭീമസിംഹൻ ഭയപ്പെട്ടു. അത്യന്തം കുണ്ഠിതത്തോടുകൂടി ജയപ്പൂരിലെ രാജപ്രതിനിധികളെ അദ്ദേഹം മടക്കി അയച്ചു.

ജഗത്സിംഹന് ഇത് അത്യന്തം അവമാനകരമായി തോന്നിയതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. അദ്ദേഹം ഉടനെ വലിയ ഒരു സൈന്യത്തെ ശേഖരിച്ചു. അത്രവലിയ ഒരു സൈന്യം അടുത്തകാലത്തൊന്നും അവിടങ്ങളിൽ ആരും കണ്ടിരുന്നില്ല. സൈന്യത്തോടുകൂടി ജഗത്സിംഹൻ മീവാറിലേക്കു പുറപ്പെട്ടിരിക്കുന്നുവെന്നറിഞ്ഞപ്പോൾ മാനസിംഹനും വലിയൊരു സൈന്യത്തെ ഒരുക്കി അവിടത്തേക്കു പുറപ്പെട്ടു. സിൻഡ്യ മാനസിംഹനെ സഹായിക്കാനും ഒരുങ്ങി. ആകപ്പാടെ മീവാർരാജ്യം വലിയൊരു യുദ്ധഭൂമിയായി പരിണമിച്ചു. ശത്രുസൈന്യങ്ങൾ തമ്മിൽ പിണങ്ങുന്നതിലിടയ്ക്ക് മീവാർരാജ്യം ശൂന്യമായിത്തീരുമെന്നു പലരും ഭയപ്പെട്ടു. ഇത്ര ഭയങ്കരമായ ഒരു ആപത്ത് ആ രാജ്യത്തിന് ഇതിനുമുമ്പുണ്ടായിരുന്നില്ല സർവ്വദിക്കിലും കൊലയും കൊള്ളയുമല്ലാതെ മറ്റൊന്നില്ല. ജനങ്ങളൊക്കെ അപായത്തിൽപെട്ടു സദാ പരിഭ്രമിച്ചുകൊണ്ടിരുന്നു.

ഇങ്ങനെ രാജ്യം നശിച്ചുതുടങ്ങുന്നുവെന്നും അതിനുകാരണം കൃഷ്ണായാണെന്നും കണ്ടപ്പോൾ, തൽക്കാലസ്ഥിതിയെ ഭേദപ്പെടുത്താൻ പെട്ടെന്ന് ആവശ്യമുള്ള ഉപായങ്ങളെ മാത്രം ആലോചിച്ചു ശീലിച്ച മന്ത്രിമാരും പ്രഭുക്കന്മാരും, ആപത്തിനു കാരണമായ സൗന്ദര്യാതിരേകം വഹിച്ചുകൊണ്ടിരിക്കുന്ന കുമാരിയെ സംഹരിച്ചു രാജ്യത്തെ രക്ഷിക്കേണമെന്നു രാജാവോടു പറഞ്ഞു. ഇതു കേട്ടപ്പോൾ രാജാവിനുണ്ടായ കുണ്ഠിതത്തെ എങ്ങനെ വിവരിക്കാം? ലോകൈകസുന്ദരിയായ പുത്രിയെ കൊലചെയ്യിക്കാനോ? എത്ര കഠിനം, എത്ര നിർദ്ദയം, എത്ര സന്താപജനകം! ഒരു സ്ത്രീ നിമിത്തം രാജ്യത്തിനും രാജ്യത്തിലെ നിവാസികൾക്കും അത്യാപത്തു വരുന്നതിനെ രാജാവു കണ്ടുകൊണ്ടിരിക്കയോ? രാജാവിന്റെ ധർമ്മവും പിതാവിന്റെ വാത്സല്യവും തമ്മിൽ കുറേനേരം ശണ്ഠകഴിഞ്ഞശേഷം, ഒടുവിൽ പുത്രസ്നേഹത്തെ ഹൃദയത്തിൽ ഒതുക്കിവെച്ച്, കൃഷ്ണായെ സംഹരിച്ചുകൊൾവാൻ നാവുകൊണ്ട് അനുമതി നൽകി. രണ്ടുമൂന്നാളുകളൊഴികെ ആരും ഇത് അറിയരുതെന്നു പ്രത്യേകം ചട്ടംകെട്ടി. ഏതായാലും ഈ കഠിനകൃത്യത്തെ ആർ നടത്തും? നിർദ്ദോഷിണിയായ ഒരു പെൺകുട്ടിയെ ആർ കൊലപ്പെടുത്തും? ഒരു മഹാസുന്ദരിയെ ഏതു കൈകൾ വെട്ടിക്കൊല്ലും? ഈ കഠിനകൃത്യം ചെയ്ത് ഉദയപ്പൂരിന്റെ ബഹുമതിയെ പാലിക്കണമെന്ന് മീവാർരാജവംശത്തിലെ അംഗങ്ങളിൽവെച്ചു മാന്യനായ ദൗലത്ത് സിംഹനോട് മന്ത്രിമാർ അപേക്ഷിച്ചു. അതുകേട്ടപ്പോൾ തന്നെ ഞെട്ടിവിറച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു:

"ഹാ കഷ്ടം! ഭയങ്കരം! ഈവിധം കല്പിക്കാൻ തോന്നിയ നാവ് നശിച്ചില്ലെ? എന്റെ രാജഭക്തിയെ നിലനിർത്തേണ്ടതു് ഈ കർമ്മംചെയ്തിട്ടാണെങ്കിൽ, ആ രാജഭക്തി ദഹിച്ചു ഭസ്മമായിത്തീരട്ടെ." അതിൽ പിന്നെ, രാജാവിന്റെ പിതാവിന് മറ്റൊരു പത്നിയിൽ ജനിച്ചിരുന്ന യൗവ്വനദാസൻ എന്ന ആളോട് ആവശ്യപ്പെട്ടു. അദ്ദേഹം വളരെയൊക്കെ മടക്കംപറഞ്ഞുവെങ്കിലും ഒടുവിൽ സമ്മതിച്ചു.

യൗവ്വനദാസൻ രാജകുമാരിയെ തന്റെ അടുക്കൽ വരാൻ ക്ഷണിച്ചു. ആ സുന്ദരി ക്ഷണം ചെന്ന് അദ്ദേഹത്തിന്റെ അടുക്കൽ നിന്നിട്ട് മനോഹരമായ മന്ദഹാസത്തോടുകൂടി, ഇളയച്ഛൻ എന്തിനാണ് എന്നെ വിളിച്ചത് എന്ന് ഏറ്റവും മാധുര്യമുള്ള സ്വരത്തിൽ ചോദിച്ചു. യൗവ്വനദാസൻ കൃഷ്ണായുടെ മുഖത്ത് കണ്ണു പറിക്കാതെ നോക്കി. നിഷ്കളങ്കയായി, മനോഹരയായി, കമനീയമായ എന്തൊരു മുഖപങ്കജം! അത് ഒരുനോക്കു കണ്ടാൽ മതി, ദൈവികമായ പരമാനന്ദം തനിയെ അനുഭവമാകും. യൗവ്വനദാസന്റെ ഹൃദയം ഉരുകി, കണ്ണിൽ വെള്ളം നിറഞ്ഞു, ശരീരം വിറച്ചു. വസ്ത്രത്തിൽ ഒളിച്ചുവച്ചിരുന്ന കഠാരം, ക്ലിങ്ങ് എന്ന ഒച്ചയോടുകൂടി താഴത്തു വെള്ളക്കല്ലിന്മേൽ വീണു.

കൃഷ്ണാകുമാരി ഭയപരവശയായി ഗൾഗദാക്ഷരത്തിൽ അയ്യോ, അയ്യോ, ഇതെന്താണ്, ഇളയച്ഛാ, നിങ്ങളെന്തിന് ഇങ്ങനെ ഭയപ്പെട്ടു വിറയ്ക്കുന്നു? ആ കഠാരം എന്തിന്? എന്നു ചോദിച്ചു. യൗവ്വനദാസൻ, ഹൃദയത്തിൽ വല്ല അസ്ത്രവും തറച്ചതു പറിച്ചെടുക്കുമ്പോളുണ്ടാകുന്ന കഠിനവേദനയോടുകൂടി അയ്യോ, ദേവി, നീ എന്നോടതു ചോദിക്കരുത്, ഞാൻ ജീവനില്ലാത്ത ഒരു കല്ല്, ഹൃദയമില്ലാത്ത ഒരു പാപി, വെറും ഒരു രാക്ഷസൻ! ആ കഠാരമോ? അത് എന്തിനാണെന്നു പറയട്ടെയോ,—ഹാ, കഷ്ടം! അത് നിന്നെ കൊല്ലുവാൻവേണ്ടി ഞാൻ കൊണ്ടുവന്നതാണ്. എന്നു പറഞ്ഞു.

രാജകുമാരി, അത്ഭുതപാരവശ്യത്തോടുകൂടി യൗവ്വനദാസനെ നോക്കി, ഇങ്ങനെ ചോദിച്ചു; എന്നെ കൊല്ലുവാനോ? ഈ കഠാരമോ?—നിങ്ങളോ അതു ചെയ്‌വാൻ! എന്താണ് ഇളയച്ഛാ കാരണം? ഞാൻ അതിനുതക്ക തെറ്റ് എന്തുചെയ്തു?

യൗവ്വനദാസൻ: നീ മീവാർരാജ്യത്തിന്റെ നാശത്തിനു കാരണമായിത്തീർന്നു. നീ നിമിത്തമാണ് നമ്മുടെ പ്രിയപ്പെട്ട രാജ്യം ഈ കഷ്ടസ്ഥിതിയിലായത്. നിന്നെ പത്നിയാക്കാനുള്ള ആഗ്രഹത്തോടുകൂടിയാണ് ജയപ്പൂരിലെ രാജാവു വന്നത്. മാർവാറിലെ രാജാവും അതേ ഉദ്ദേശ്യത്തോടുകൂടി വന്നു. സിൻഡ്യ അദ്ദേഹത്തെ സഹായിക്കാനും വന്നു. അവരൊക്കെകൂടി ഇതാ മീവാർ നശിപ്പിക്കുന്നു. അവരെ എതിർത്തുനിൽക്കാൻ നമ്മുടെ മഹാരാജാവിനു ശക്തിയില്ല. രാജ്യത്തെ രക്ഷിക്കാൻ മറ്റു യാതൊരു മാർഗ്ഗവും കാണായ്കയാൽ, തന്റെ മന്ത്രിമാരുടെ ഉപദേശമനുസരിച്ച്, ഈ പൈശാചികകൃത്യം ചെയ്‌വാൻ നിശ്ചയിച്ചു.

കൃഷ്ണാകുമാരി ഇതു കേട്ടപ്പോൾ മന്ദഹസിക്കുകയാണ് ചെയ്തത്. ആ പുഞ്ചിരികൊണ്ട് അവളുടെ മുഖം വികസിച്ചു ചെന്താമരപ്പൂപോലെ ശോഭിച്ചു. രാജകുമാരി ഇങ്ങനെ പറഞ്ഞു: അത്രയേ ഉള്ളോ? അതിനാണോ ഇത്രയൊക്കെ ബഹളംകൂട്ടുന്നത്? ഞാനോ വെറുമൊരു നിസ്സാരജീവി. എന്റെ മരണംകൊണ്ട് മീവാർരാജ്യത്തിന്റെ അനർത്ഥം തീരുമെങ്കിൽ നിങ്ങളെന്തിനമടിക്കുന്നു? വരിൻ, ആ കഠാരം എടുക്കുവിൻ! ഇതാ എന്റെ മാർവിടം.

ഈ വാക്കുകൾ കേട്ട് അത്ഭുതപ്പെട്ട്, യൗവ്വനദാസൻ താൻ അറിയാതെ രണ്ടുമൂന്നടികൾ പിന്നോട്ടു നടന്നു—ഇല്ല ദേവി, ഒരിക്കലുമില്ല. മീവാർ നശിക്കട്ടെ, സർവ്വവും നശിക്കട്ടെ, ഞാൻ ഇതു ചെയ്യയോ! ഇജ്ജന്മമില്ല. ഞാൻ ഇതിന് ആളാകയില്ല എന്നു പറഞ്ഞു.

**കൃഷ്ണാ:** ആകട്ടെ, നിങ്ങൾ ചെയ്യയില്ലെങ്കിൽ ഞാൻ തന്നെ ഈ കഠാരം എന്റെ മാർവ്വിൽ തറപ്പിക്കും. സ്വരാജ്യത്തിന്റെ ക്ഷേമത്തിനുവേണ്ടി പ്രാണത്യാഗംചെയ്യുന്നതിന് മീവാറിലെ ഒരു തരുണി ഒരിക്കലും മടിക്കരുത്.

ഇങ്ങനെ പറഞ്ഞ് ആ ധീര കഠാരം കയ്യിലെടുത്തു. ഉടനെ യൗവ്വനദാസൻ കടന്നുചെന്ന് ആയുധം അവരുടെ കയ്യിൽനിന്നു പിടിച്ചെടുത്ത്, ഇങ്ങനെ പറഞ്ഞു: ചെയ്യരുത്. ഈ അവസരത്തിൽ ചെയ്യരുത്. എന്റെ മുമ്പിൽ വച്ചു പാടില്ല. അല്പം ക്ഷമിക്കു. ഞാൻ രാജാവിനെ ചെന്നു കാണട്ടെ. തിരുമനസ്സുകൊണ്ടു കല്പിക്കുന്നതിന്നനുസരിച്ച് ചെയ്തുകൊൾക. അവിടുത്തെ കല്പനയില്ലാതെ യാതൊരു സാഹസവും പ്രവർത്തിക്കരുത്.

യൗവ്വനദാസൻ ആ മുറിയിൽനിന്നു ബദ്ധപ്പെട്ടു പോയി. രാജകുമാരി സാവധാനത്തിൽ തന്റെ അമ്മയുടെ മുറിക്കകത്തേക്കും പോയി. രഹസ്യം പരസ്യമായി. രാജകുമാരി വിഷംതിന്നു മരിക്കാൻ ഒരുങ്ങിയിരിക്കുന്നുവെന്ന് സർവ്വരും അറിഞ്ഞുവശായി.

രാജ്ഞി ഈ വർത്തമാനം കേട്ടു വ്യസനം നിമിത്തം ചിത്തഭ്രമം ഉണ്ടായവരെപ്പോലെ അലമുറകൂട്ടി. പിന്നെ മൂർച്ഛിച്ചു നിലത്തു പതിക്കുകയും ചെയ്തു. രാജകോവിലകത്തുള്ള മറ്റു സ്ത്രീകൾ കൃഷ്ണായെ ചുറ്റിവളഞ്ഞും ചിലർ അവരെ കെട്ടിപ്പിടിച്ചും അവരവരുടെ സങ്കടവും കോപവും പ്രദർശിപ്പിച്ചുതുടങ്ങി. ചിലർ ദീർഘശ്വാസമിട്ടു, ചിലർ വിക്കിവിക്കിക്കരഞ്ഞു. ചിലർ ഉറക്കെ അലമുറകൂട്ടി, പല്ലുകടിച്ചും കൈതിരുമ്മിയും ചിലർ ഉറക്കെ കോപിച്ചു പറഞ്ഞു. വേറെ ചിലർ ഒന്നും വിശ്വസിക്കാൻ കഴിയാതെ സ്തംഭിച്ചുനിന്നു. മറ്റു ചിലർ ഈശ്വരനാമം ജപിച്ചു തുടങ്ങി. ഇവയൊക്കെ കണ്ടപ്പോൾ കൃഷ്ണാ സാവധാനത്തിൽ ഇങ്ങനെ പറഞ്ഞു. "എത്ര ലജ്ജാവഹം! ഇതെന്താണ് നിങ്ങളൊക്കെ കാട്ടിക്കൂട്ടുന്നത്! മീവാറിലെ ഏതൊരു സ്ത്രീയാണ് സ്വരാജ്യത്തിന്റെ ഗുണത്തിനുവേണ്ടി മരിക്കാത്തത്! അതിന്നാണോ നിങ്ങളൊക്കെ ഈ അലമുറ കൂട്ടുന്നത്? ഛീ. നിസ്സാരം! നിങ്ങളുടെ ഈ ഭീരുത്വം കാണുമ്പോൾ ഞാൻതന്നെ ലജ്ജിക്കുന്നു. സ്വന്തം മാനത്തെ രക്ഷിക്കേണ്ടതിനുവേണ്ടി രജപുത്രസ്ത്രീകൾ കൈകൾ കോർത്തുപിടിച്ചുകൊണ്ട്, മന്ദഹാസത്തോടുകൂടി, അനേകം പേർ ഒന്നിച്ചു തീയിൽ ചാടി ആത്മത്യാഗം ചെയ്തിരുന്നത് നിങ്ങളുടെ ഓർമ്മയിലില്ലേ? വാളും കൈയിലെടുത്തു നൃത്തംചെയ്തുകൊണ്ട് പോർക്കളത്തിലിറങ്ങി സ്വരാജ്യത്തിനുവേണ്ടി മരിച്ച സ്ത്രീകളെ നിങ്ങൾ മറന്നുകഴിഞ്ഞുവോ? നിങ്ങളും രജപുത്രസ്ത്രീകളല്ലയോ? അന്തഃപുരത്തിനു പുറത്തു രജപുത്രനെന്ന പേരിനെ അർഹിക്കുന്ന ഒരു പുരുഷനും ഇല്ലാതായിരിക്കുന്നു. ഉണ്ടായിരുന്നുവെങ്കിൽ ഈ രാജ്യം ഈ സങ്കടസ്ഥിതിയിൽ ആകുന്നതല്ലയിരുന്നു. അന്തഃപുരത്തിലെങ്കിലും മാതൃരാജ്യത്തിനുവേണ്ടി സ്വന്തം ജീവനെ ബലികഴിക്കാൻ മടിയില്ലാത്ത ഒരുത്തി ഉണ്ടാകേണ്ടതല്ലയോ? മീവാർരാജ്യം അത്രമേൽ അധഃപതിച്ചുപോയോ? നിസ്സാരം, നിസ്സാരം. കരയാതിരിക്കുവിൻ. സന്തോഷത്തോടുകൂടി ചിരിച്ചുകൊണ്ട് എന്നെ പോകാൻ അനുവദിക്കുവിൻ. ചുറ്റുമുള്ളവർ സന്തോഷിച്ച് അഹങ്കരിക്കുന്നതിനിടയിൽ സ്വരാജ്യത്തിനുവേണ്ടി ആത്മത്യാഗം ചെയ്‌വാൻ ഒരു രജപുത്രസ്ത്രീക്കു സംഗതിവരുത്തുവിൻ.

സ്ത്രീകൾ അലമുറ നിർത്തി. കൃഷ്ണായുടെ വാക്കുകൾ കേട്ടിട്ട് അവരൊക്കെ ലജ്ജിച്ചുപോയിരിക്കണം. ഒരു രജപുത്രസ്ത്രീ, മാതൃരാജ്യത്തെ രക്ഷിക്കാൻവേണ്ടി മരിക്കാൻ ഭാവിക്കുന്ന അവസരത്തിൽ കരയുന്നത് അനുചിതമാണെന്ന് അവർക്ക് തോന്നിയിരിക്കണം.

കൃഷ്ണാ പിന്നെ, തന്റെ മാതാവ് സന്താപസാഗരത്തിൽ മുങ്ങിക്കിടക്കുന്ന സ്ഥലത്തു ചെന്നു. അമ്മയുടെ തല സാവധാനത്തിൽ പൊക്കിയെടുത്തു മടിയിൽവെച്ച് ഇങ്ങനെ പറഞ്ഞു: അമ്മേ, എഴുന്നേല്ക്കുവിൻ. ഇതാ നിങ്ങളുടെ കൃഷ്ണാ, കണ്ണുതുറന്ന് എന്നെ ഒന്നു നോക്കുവിൻ. ഞാൻ ഇഹലോകവാസം വെടിയാൻപോകുന്നു. ഇനി എന്നെ നിങ്ങൾ കാണുകയില്ല.

ശ്രീരാമൻ വനവാസത്തിനു പുറപ്പെട്ടപ്പോൾ കൗസല്യ എങ്ങിനെയോ, അങ്ങനെയും, അഭിമന്യു യുദ്ധത്തിൽ മരിച്ച വർത്തമാനം കേട്ടപ്പോൾ സുഭദ്ര എങ്ങിനെയോ, അങ്ങനെയും കണ്ണുനീരിൽ മുഴുകിക്കിടന്ന രാജ്ഞി, എഴുന്നേറ്റു മകളെ കെട്ടിപ്പിടിച്ചു മാറോടണച്ചു, ബലമായി അവിടെത്തന്നെ നിർത്താൻ ശ്രമിച്ചു. പുത്രി അമ്മയുടെ പിടിയിൽനിന്നു തെറ്റിത്തെറിച്ച്, അല്പം മാറിനിന്ന്, അവരെ സമാധാനപ്പെടുത്താൻ ഇങ്ങനെ പറഞ്ഞു:

"അമ്മേ! നിങ്ങൾ വീരമാതാവല്ലയോ? നിങ്ങൾ ധീരന്മാരുടെ വംശത്തിൽ ജനിച്ചവരല്ലയോ? സാധാരണ ഒരു സ്ത്രീയെപ്പോലെ ഇങ്ങനെ ചാപല്യം കാണിക്കുന്നതു നിങ്ങൾക്കു പറ്റിയതാണോ? നമ്മൾ രജപുത്രസ്ത്രീകളല്ലയോ? നമ്മൾ മരിക്കാനല്ലയോ ജനിച്ചത്? ചെറുപ്പത്തിൽതന്നെ മരിച്ചെന്നുവരാം, യുദ്ധത്തിൽ മരിച്ചെന്നു വരാം, അഗ്നിയാൽ മരിച്ചെന്നുവരാം വിഷംതിന്നു മരിച്ചെന്നുവരാം, കഠാരംകൊണ്ടു മരിച്ചെന്നുവരാം—വല്ലവിധത്തിലും നമ്മൾ മരിക്കേണ്ടവരാണ്. മരണത്തിൽനിന്നു വല്ലവർക്കും രക്ഷപ്പെടാൻ കഴിയുമോ? ജീവദശയിൽ സങ്കടങ്ങളനുഭവിക്കാനുള്ള കാലത്തെ ഞാൻ കുറയ്ക്കുന്നതിൽ നിങ്ങളെന്തിനു വ്യസനിക്കുന്നു? ദീർഘായുസ്സ് അനുഭവിച്ച് വാർദ്ധക്യം തികഞ്ഞു മരിക്കാൻ നമ്മളിൽ എത്രപേർക്കു സാധിക്കും? ഇത്രകാലത്തോളമെങ്കിലും ജീവിക്കാൻ അനുവദിച്ചതിന് ഞാൻ അച്ഛനോടു നന്ദിയുള്ളവളായിരിക്കേണ്ടതാണ്. തുർക്കികൾ വന്നു നമ്മളുടെ കോട്ട പിടിച്ചിരുന്നുവെങ്കിൽ നമ്മളൊക്കെ ഒന്നിച്ചുചേർന്നു ജോഹർ എന്ന കർമ്മം ചെയ്യേണ്ടിയിരുന്നില്ലേ? നമ്മളുടെ കുലദേവതയായ കാളി കല്പിച്ചിരുന്നുവെങ്കിൽ നമ്മളൊക്കെ ആയുധം ധരിച്ചു യുദ്ധക്കളത്തിൽ ഇറങ്ങി പോരാടി മരിക്കേണ്ടിവരികയില്ലേ? എന്റെ ഭർത്താവ് വീരസ്വർഗ്ഗം പ്രാപിച്ചെങ്കിൽ ഞാൻ ഉടനടി ചാടി സതീധർമ്മം പരിപാലിക്കേണ്ടിവരികയില്ലേ? ആ അവസരങ്ങളിൽ എന്റെ അമ്മയായ നിങ്ങൾ എന്നെ അനുഗ്രഹിക്കുകയും എന്റെ ആത്മാവിനു നിത്യശാന്തി ആശംസിക്കുകയും ചെയ്യുന്നതിനു പകരം ഇപ്രകാരം കിടന്നു കരയുകയായിരുന്നുവോ ചെയ്യുക? ആ വക മരണങ്ങളോടു താരതമ്യപ്പെടുത്തിയാൽ ഇപ്പോൾ ഞാൻ അനുഭവിക്കാൻപോകുന്ന മരണം എത്ര ശ്രേഷ്ഠതരം! മീവാർരാജ്യം മുഴവനും നശിക്കാൻപോകുന്നു. അവിടുത്തെ നിസ്സാരയായ ഒരു സ്ത്രീയുടെ മരണംകൊണ്ട് ആ ആപത്തു നിരാകരിക്കാം, എന്നു വന്നിരിക്കുന്നു. ആവിധം മരണം ഒരു രജപുത്രസ്ത്രീയ്ക്ക് വെറും ഒരു ലീലയല്ലേ? നമ്മളുടെ ജീവകാലംതന്നെ ഒരു കളിയാണ്, കളിച്ചുകൊണ്ട് ഇഹലോകത്തെ നാം ഉപേക്ഷിച്ചു പോകുകയും ചെയ്യുന്നു. പിന്നെ എന്തിനാണമ്മേ നിങ്ങൾ ഇങ്ങനെ കരയുന്നത്? എഴുന്നേല്ക്കുവിൻ! എന്നെ അനുഗ്രഹിക്കുവിൻ, നിങ്ങളുടെ പ്രിയപ്പെട്ട രാജ്യത്തിന്റെ ഗുണത്തിനുവേണ്ടി മരിക്കുവാൻ സന്തോഷത്തോടുകൂടി അനുവദിക്കുവിൻ."

രാജ്ഞി ഇതൊക്കെ കേട്ടശേഷം കണ്ണുനീർ തുടച്ച്, ഇങ്ങനെ പറഞ്ഞു: അയ്യോ മകളെ, കരയുവാൻ എനിക്കു കാരണമില്ലയോ? തക്കതായ കാരണമില്ലയോ? മീവാർ രാജ്യത്തിന്റെ ശോച്യാവസ്ഥയെ ഓർത്താണു ഞാൻ കരയുന്നത്. സ്വരാജ്യത്തെ രക്ഷിക്കാൻ രജപുത്രരിൽ ആരും മുന്നോട്ടു വരാനില്ലാത്തതിനെ ഓർത്താണു ഞാൻ കരയുന്നത്. ശത്രുവിനുനേരെ ഓങ്ങാൻ ഒരു വാൾ ഉറയിൽനിന്ന് ഊരേണ്ടതിനു ത്രാണിയുള്ള ഒരു രജപുത്രൻ ഇല്ലാത്തതിനെ ഓർത്താണ് ഞാൻ കരയുന്നത്. വലതുകൈ പൊക്കി, ഒരു സഖാവിനെ മാടിവിളിച്ചു യുദ്ധത്തിനിറങ്ങാൻ ഒരു പുരുഷൻ ഇല്ലാത്തതിനെ ഓർത്താണു ഞാൻ കരയുന്നത്—മീവാറിന്റെ കഥ അസ്തമിച്ചു. ശത്രുക്കൾ രാജ്യത്തു സർവ്വവിധ നാശങ്ങളും ചെയ്യുന്നതിലിടയ്ക്ക് രജപുത്രർ ഒളിച്ചിരിക്കയാണു ചെയ്യുന്നത്. മീവാർ നശിച്ചു. ഹാ, അതിന്റെ ഭരതവാക്യം ചൊല്ലിക്കഴിഞ്ഞു. ഇവിടുത്തെ സന്താനങ്ങൾ, സ്വരാജ്യത്തിന്റെ പേർ വഹിക്കാൻപോലും യോഗ്യരല്ലാതായിരിക്കുന്നു. അവർ മാതൃരാജ്യത്തിന്ന് അപമാനം വരുത്തുന്നവരായിട്ടാണ് തീർന്നിരിക്കുന്നത്. ബാപ്പാസിംഹൻ, സമരർശിസിംഹൻ, സാംഗസിംഹൻ, പ്രതാപസിംഹൻ, രാജസിംഹൻ എന്നിവർ ജനിച്ച രാജ്യമല്ലേ ഇത്? അവരൊക്കെ എത്ര ധീരന്മാരായിരുന്നു! ഇപ്പോഴത്തെ പുരുഷന്മാർ സ്ത്രീകളെക്കാൾ കഷ്ടം! ഇപ്പോൾ രാജ്യത്തെ രക്ഷിക്കാൻ മറ്റു യാതൊരു മാർഗ്ഗവും ഇല്ലെന്നു കണ്ടപ്പോൾ നിർദ്ദോഷിണിയായ ഒരു തരുണിയെ ബലി കഴിക്കുന്നു. ഇതൊക്കെ ഓർത്താൽ എനിക്കു കരയുവാൻ തക്ക കാരണമില്ലയോ മകളേ?

തന്റെ മാതാവു പറഞ്ഞതൊക്കെ സത്യമാണെന്നു കൃഷ്ണാ സമ്മതിച്ചുവെങ്കിലും, ഈ അവസരത്തിൽ ആപത്തൊഴിക്കാൻ താൻ മരിക്കാതെ നിവൃത്തിയില്ലെന്നു പറഞ്ഞു ധരിപ്പിച്ചു ഒടുവിൽ അമ്മയുടെ അനുഗ്രഹത്തെ യാചിച്ചപ്പോൾ ആ വീരമാതാവ് ഇങ്ങനെ പറഞ്ഞു:

എന്നാൽ നീ പൊയ്ക്കൊ, എന്റെ അനുഗ്രഹത്തോടുകൂടി നീ പോയി പ്രാണത്യാഗംചെയ്തു സന്തോഷത്തോടുകൂടി വൈകുണ്ഠത്തെ പ്രാപിച്ചുകൊൾക. സന്താപമെന്താണെന്നറിയാത്ത ദേവകളോടൊന്നിച്ച് അവിടെ നിത്യശാന്തി അനുഭവിച്ചുകൊൾക. നിന്റെ പരിശുദ്ധമായ ജീവനെ ബലിയായി അർപ്പിച്ചതുകൊണ്ട് മീവാറിലെ സർവ്വപാപങ്ങളും നശിക്കുമാറാകട്ടെ.

അല്പനേരം കഴിഞ്ഞപ്പോൾ, തോഴി, വിഷംനിറച്ചപാനപാത്രം കൊണ്ടുവന്നു. കൃഷ്ണാ അതുമെടുത്തു തന്റെ മുറിയ്ക്കകത്തു പോയി തന്റെ രജതാസനത്തിൽ ചെന്നിരുന്നു. കുലദേവതയെ ഹൃദയപൂർവ്വം സ്മരിച്ചുകൊണ്ട്, സ്വർഗ്ഗീയമായ നിഷ്കളങ്കതയുടെയും അകൈതവമായ സ്വരാജ്യസ്നേഹത്തിന്റെയും ഏകോപിച്ച മൂർത്തീകരണമായ ആ സാദ്ധ്വി, നിശ്ചഞ്ചലമായ ധീരതയോടുകൂടി പാനപാത്രത്തിലെ വിഷം മുഴവൻ വായിലേയ്ക്ക് ഒഴിച്ചു. ആ വിഷമാകട്ടെ, അവളുടെ രക്തത്തിൽ വ്യാപിച്ചില്ല. മറ്റൊരു പാത്രത്തിൽ പിന്നെയും വിഷംനിറച്ചു കൊടുത്തു. അതും അവൾ കുടിച്ചു. അതും ഫലിച്ചില്ല. അഥവാ നിഷ്ഠൂരനായ യമന് അതികമനീയമായ ആ വിഗ്രഹത്തിൽ നിന്നു ജീവനെ തട്ടിപ്പറിച്ചുകൊണ്ടു പോകാനും ഈ ലോകത്തിൽ പ്രശോഭിക്കുന്ന ഏകസൗന്ദര്യധാടിയെ നഷ്ടപ്പെടുത്തുന്നതിനും വൈമനസ്യമുണ്ടായിരിക്കാം. മൂന്നാമത് ഒരു പാത്രത്തിൽ കുറേക്കൂടി ശക്തിയിൽ വിഷംകലർത്തി കൊടുത്തു. കൃഷ്ണാ, യമധർമ്മരാജാവിനെ തന്റെ സർവ്വശക്തിയോടും ധ്യാനിച്ച് അതും കുടിച്ചു. കുടിച്ചുകഴിഞ്ഞയുടനെ ശരീരത്തിന്റെ ചേതനകൾ അവസാനിച്ചു. ശ്വാസം അടങ്ങി. "രാജപുത്താനയിലെ കുസുമം" എന്നെന്നേയ്ക്കുമായി കൂമ്പിപ്പോകയുംചെയ്തു. മീവാർരാജ്യത്തെ ദഹിപ്പിച്ചുപോന്നിരുന്ന സമരാഗ്നിയും അടങ്ങി.

മിതവാദി, 1093 ചിങ്ങം.

---

1. മിസ്റ്റർ ശംഭുചന്ദ്രഭായി (ബി. എൽ.)ഇംഗ്ലീഷിൽ എഴുതിയതിനെ അടിസ്ഥാനമാക്കി എഴുതിയത്.

## 15

# അവീരാലയം[2]

“വിധവയാണോ? നിങ്ങളറിയുമോ?”

“എന്തു കഥയാണ്, നിങ്ങൾ പറയുന്നത്? ഞാൻ അറിയുമോ എന്നോ! ഞങ്ങൾ ഒരേഗ്രാമക്കാരാണു: ഞങ്ങളുടെ ഗ്രാമത്തിൽവച്ചുതന്നെയാണ് ഇവരുടെ വിവാഹം നടന്നതു്. ഇവരുടെ ഭർത്താവ് ഗോവിന്ദസ്വാമി അയ്യർ ഒരു പോലീസ് സബ് ഇൻസ്പെക്ടരായിരുന്നു, ഒരു കാറപകടത്തിൽപ്പെട്ടാണു മരിച്ചതു്.” രാമയ്യശാസ്ത്രി ഇങ്ങനെ പറഞ്ഞപ്പോൾ, സഹസ്രനാമയ്യർ പെട്ടെന്ന് എന്തോ ഓർമ്മവന്നതുപോലെ, “ഗോവിന്ദസ്വാമി അയ്യർ! ഗോവിന്ദാസ്വാമിഅയ്യർ! സബ്ബിൻസ്പെക്ടർ! മലപ്പുറത്തുവച്ച് ഒരു കാറപകടത്തിൽപ്പെട്ടു മരിച്ചുപോയ അദ്ദേഹമോ?” എന്നു ചോദിച്ചു.

“അതേ, ആ ഗോവിന്ദസ്വാമിഅയ്യർ തന്നെ. നിങ്ങൾ അറിയുമോ?”

“മരിച്ചശേഷം അറിഞ്ഞു: അദ്ദേഹത്തെ മുൻപ് പരിചയമുണ്ടായിരുന്നില്ല. ശവമാണ് ഞാൻ ഒന്നാമതു് കണ്ടതു്. അന്നു ഞാൻ മലപ്പുറത്തുണ്ടായിരുന്നു. ഒരു ബ്രാഹ്മണയുവാവ് കാറപകടത്തിൽ പെട്ടിരിക്കുന്നുവെന്നറിഞ്ഞപ്പോൾ, ഞാനും അവിടുത്തെ ഒരു ഹോട്ടൽക്കാരൻ ശ്രുപ്പ അയ്യരും, വേറൊരാളും— അയാളുടെ പേർ നല്ല ഓർമ്മയില്ല, ഞങ്ങൾ ഒരു കാറിൽ കയറി സംഭവസ്ഥലത്തു ചെന്നു. ഞങ്ങളൊക്കെത്തന്നെയാണ് അദ്ദേഹത്തിന്റെ അച്ഛനു കമ്പിയയച്ചതും, ശവം ഒരു ബസ്സിൽ കയറ്റി ആലത്തുരേയ്ക്കയച്ചതും. സാധു, ഗോവിന്ദസ്വാമി! അയാളുടെ വിധവയാണ് അല്ലേ? നാരായണയ്യരുടെ സ്ഥിതിയെന്താണ്? പഴയ ആചാരക്കാരനായിരിക്കാം.

“ഒരിയ്ക്കലുമല്ല, നിങ്ങൾ കാണുന്നില്ലേ, മകളുടെ തലമുടി വെട്ടുകയോ മറ്റോ ചെയ്തിട്ടുണ്ടോ? മീനാക്ഷിയെന്നാണു പേർ. മീനാക്ഷിയെക്കണ്ടാൽ വിധവയാണെന്നു തോന്നുന്നുണ്ടോ?”

ഇവർ ഇത്രയും പറഞ്ഞപ്പൊഴേയ്ക്കും സദ്യയ്ക്കുള്ള അവസരമായി. മറ്റുള്ളവരോടുകൂടി അവരും സദ്യയിലേർപ്പെട്ടു. സഹസ്രനാമയ്യർക്ക് അന്ന് ഊണുകഴിപ്പാൻ തന്നെ നല്ല മനസ്സുണ്ടായില്ല. ഭക്ഷണസാധനങ്ങളെ വയറങ്ങു സ്വീകരിക്കുന്നില്ലെന്നോ, നെഞ്ഞിൽ എന്തോ തടസ്സമുള്ളതിനാൽ ഒന്നുമങ്ങ് ഇറങ്ങുന്നില്ലെന്നോ; വിശപ്പുതന്നെ ഇല്ലെന്നോ തോന്നി. ഊണുകഴിച്ചതായി ഒരുവിധം കാട്ടികൂട്ടി, എഴുന്നേറ്റു.

സഹസ്രനാമയ്യർ ഒരു ഡിസ്ട്രിക്ട് രജിസ്ട്രാരാണ് നല്ല സമ്പാദ്യവുമുണ്ടു്. വലിയ പരിഷ്ക്കാരിയാണ്. അദ്ദേഹത്തിന്റെ ഭാര്യ കാലധർമ്മംപ്രാപിച്ചിട്ട് അഞ്ചുകൊല്ലമായി. മക്കളില്ല. വീണ്ടും വിവാഹംകഴിക്കാൻ അച്ഛനമ്മമാർ വളരെ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നുവെങ്കിലും ഇതുവരെ ഓരോ കാരണങ്ങൾ പറഞ്ഞ് ഒഴിയുകയാണു ചെയ്തതു്. എട്ടൊമ്പതു വയസ്സുള്ള ഏതെങ്കിലും ഒരു പെൺകിടാവിനെ വിവാഹംകഴിക്കുന്നതിന് അദ്ദേഹത്തിന് അശേഷം ഇഷ്ടമുണ്ടായിരുന്നില്ല. എന്നല്ല, അങ്ങനെ ചെയ്യുന്നതു്, തന്നെസ്സംബന്ധിച്ചു മാനസികമായും പെൺകിടാവിനെ സംബന്ധിച്ചു ശാരീരികമായും, സ്വവർഗ്ഗത്തെസ്സംബന്ധിച്ചു സാമുദായികമായും ചെയ്യുന്ന ദോഷവും അധർമ്മവുമാണെന്ന് അദ്ദേഹത്തിനു ദൃഢമായ അഭിപ്രായമുണ്ടായിരുന്നു. സമുദായപരിഷ്ക്കാരേച്ഛുവായിരുന്നതിനാൽ ഒരു വിധവയെ വിവാഹം കഴിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അതിനുള്ള പ്രയാസം അല്പമായിരുന്നില്ല. സ്വസമുദായത്തിലെ വിധവമാർ പുനർവിവാഹത്തിന് അനർഹരെന്നും അങ്ങനെ ചെയ്യുന്നതു് അശാസ്ത്രീയവും അധാർമ്മികവുമാണെന്നു രക്ഷിതാക്കൾക്കു ദൃഢമായ വിശ്വാസമുണ്ടെന്നും ലോകത്തു വിളംബരപ്പെടുത്തത്തക്കവണ്ണം, ആ വിധവമാരിൽ അധികംപേരും ആകൃതിയാലും അലങ്കാരത്താലും ആകർഷണീയരാവാൻ പാടില്ലാത്ത വിധം അലങ്കോലപ്പെടുത്തപ്പെട്ടിരിക്കയാണ്. ഇതിനെപ്പറ്റി സഹസ്രനാമയ്യർ ഇങ്ങനെ ചിന്തിച്ചു:

രാജ്യത്തു കുറ്റംചെയ്തവരെ തടവിലിട്ടടയ്ക്കാറുണ്ടു്. തടവുമുറി ഉറപ്പുള്ള ചുവരുകളാലും ഇരുമ്പഴികളാലും ബന്ധിക്കപ്പെട്ടിരിക്കുന്നു. ആ ബന്ധനസ്ഥർക്കു്, വാർഡർമാരുടെ സമ്മതമോ ആനുകൂല്യമോ ഇല്ലാതെ യാതൊന്നും ചെയ്വാൻ സ്വാതന്ത്ര്യമില്ല. അവരെങ്ങാൻ തടവുചാടി സ്വാതന്ത്ര്യം പ്രാപിച്ചെങ്കിൽ, വീണ്ടും പിടിച്ചുകൊണ്ട് അധികശിക്ഷ അനുഭവിക്കേണ്ടിവരും. ബ്രാഹ്മണവിധവമാർ അനുഭവിക്കുന്ന തടവുമുറിയുടെ ചുവരും ഇരുമ്പഴികളും അവർക്കു കാണ്മാൻ സാധിക്കുന്നില്ല. ജാത്യാചാരനിഷ്ഠുരതയാലാണ് അവർ ആവരണം ചെയ്യപ്പെട്ടിരിക്കുന്നതു്. പ്രകൃതിയും ഈ ആചാരവും തമ്മിൽ തടവുകാരുടെ ഹൃദയത്തിൽവെച്ചു മത്സരിച്ചുകൊണ്ടിരിക്കുന്നു അതിന്റെ ഫലമായി വല്ലവരും പ്രകൃതിയുടെ ശാസനയെ സ്വീകരിച്ചു തടവുചാടി സ്വാതന്ത്ര്യം പ്രാപിച്ചാൽ അവരെ വീണ്ടും ഈ തടവിലേയ്ക്കു സ്വീകരിക്കയില്ലെന്നുള്ളതാണു വ്യത്യാസം. പോയവർ പോയതുതന്നെ. ഇങ്ങനെ എത്ര വിധവമാർ സ്വന്തം കുറ്റത്താലല്ല, സ്വന്തം ദോഷംകൊണ്ടല്ല, നിരപരാധികളായി നിർദ്ദോഷകളായ നിലയിൽ ഭൂലോകകാരാഗാരമല്ല, ഭൂലോകനരകം അനുഭവിക്കുന്നു! ബുദ്ധിമാന്മാരായി, വിദ്വാന്മാരായി, ലോകതത്വങ്ങൾ ഗ്രഹിച്ചവരായി, സർവ്വസമുദായങ്ങളേയും നേർവഴിക്കു നടത്താനുള്ളവരായ ബ്രാഹ്മണർ എത്ര ശതവർഷങ്ങളായി സ്വന്തംസഹോദരികളേയും മക്കളേയും ഇങ്ങനെ നരകദുഃഖം അനുഭവിപ്പിക്കുന്നു. എത്ര തരുണികൾ വഞ്ചികികളും ഭ്രഷ്ടകളുമായിത്തീരുന്നു. ഈ ആചാരത്തെ നശിപ്പിക്കാനുള്ള സദുദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്നവരെ എത്രപേർ പഴിക്കുന്നു; അതിനുവേണ്ടി ഉണ്ടാക്കപ്പെടുന്ന രാജനിയമങ്ങളെ എത്രപേർ പരസ്യമായി എതിർക്കുന്നു; എന്നെപ്പോലെയുള്ള ചിലർ ഈ ദുരാചാരത്തെ നിഷേധിച്ചു പ്രവർത്തിച്ചില്ലയോ? എന്തുകൊണ്ട് എനിക്കും അങ്ങനെ ചെയ്തുകൂടാ?

നാരായണയ്യരുടെ ഇളയ മകളുടെ വിവാഹത്തിനു വന്നുചേർന്നവരിൽ ഒരാളായിരുന്നു സഹസ്രനാമയ്യർ. അവിടെവച്ച് അദ്ദേഹം നാരായണയ്യരുടെ മൂത്തമകളായ മീനാക്ഷിയെ കാണാനിടയായി. അവളുടെ സൗന്ദര്യവും മുഖലക്ഷണവും അദ്ദേഹത്തെ ആകർഷിച്ചു. വല്ലവരുടെയും ഭാര്യയായിരിക്കുമെന്നു വിശ്വസിച്ച്, തന്റെ വിചാരം ഉള്ളിൽ അടക്കിയതല്ലാതെ അതിനെപ്പറ്റി ആരോടും ഒന്നും പറഞ്ഞില്ല. അങ്ങനെയിരിക്കുമ്പോഴാണ് രാമയ്യശാസ്ത്രീയുമായി മേൽപ്രകാരം സംഭാഷണം നടന്നതു്.

“കാക്കയും വന്നു, പനമ്പഴവും വീണു.” എന്ന ആക്കത്തോടുകൂടി മീനാക്ഷിയെ വിവാഹംചെയ്വാൻ സഹസ്രനാമയ്യർ മനസ്സിൽ ഉറച്ചു.

ബ്രാഹ്മണസ്ത്രീകളിൽതന്നെ ചിലർ വൈധവ്യദുഃഖം ആജീവനാന്തം മതനിബന്ധനയായി, പുണ്യം കാംക്ഷിച്ച്, ഹൃദയപൂർവ്വം അനുഭവിച്ചു കാലംകഴിക്കാറുണ്ടു്. മീനാക്ഷിയും അങ്ങിനെയുള്ള ഒരു സ്ത്രീയാണെങ്കിലോ? അതുകൊണ്ട് അവളുടെ ആഗ്രഹം എന്താണെന്ന് ഒന്നാമതു് അറിയണമെന്നും അതു് അന്യസഹായംകൂടാതെ അറിയണമെന്നും തീർച്ചയാക്കി. സഹസ്രനാമയ്യർ അവൾക്ക് ഒരു കത്തെഴുതി. ഭാഗ്യവശാൽ അതു് അവളുടെ കയ്യിൽതന്നെ കൊടുപ്പാൻ അദ്ദേഹത്തിനു സാധിച്ചു. തന്നെപ്പറ്റിയുള്ള വിവരങ്ങളും തന്റെ ആഗ്രഹവും നിശ്ചയവും വളരെ മര്യാദയിൽ എഴുതിയതിനുശേഷം അവൾക്ക് ആ കാര്യം ഇഷ്ടമാണെങ്കിൽ, പിറ്റേദിവസം നടക്കാനിരിക്കുന്ന വിവാഹച്ചടങ്ങിൽ മറ്റു സ്ത്രീകളൊന്നിച്ച് അവൾ സംബന്ധിക്കുമ്പോൾ മുടിയിൽ ഒരു പുഷ്പം ചൂടിയിരിക്കണമെന്നും, അങ്ങിനെ ചെയ്തെങ്കിൽ അവൾക്ക് വിവാഹം സമ്മതമാണെന്നു താൻ ധരിക്കുമെന്നും, ചെയ്തില്ലെങ്കിൽ സമ്മതമല്ലെന്നാണ് അർത്ഥമെന്നു കരുതുമെന്നും എഴുതിയിരുന്നു.

മീനാക്ഷി എഴുത്തുവാങ്ങി; ഒന്നു പരിഭ്രമിച്ചു; അദ്ദേഹത്തിന്റെ മുഖത്തൊന്നു നോക്കി, അകത്തേയ്ക്കു പോകയും ചെയ്തു.

പിറ്റേദിവസം സഹസ്രനാമയ്യർ വളരെ ഉൽക്കണ്ഠയോടുകൂടി സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കെ മീനാക്ഷി മറ്റു സ്ത്രീകളോടൊന്നിച്ചു പന്തലിൽ ഇറങ്ങിവന്നു. മുടിയിൽ പൂവില്ല; ഹതവിധി! വിവാഹത്തിലെ മറ്റു ചടങ്ങുകൾ കഴിയുന്നതുവരെ കാത്തിരിക്കാതെ സഹസ്രനാമയ്യർ അന്നുതന്നെ വിടവാങ്ങി സ്വരാജ്യത്തേയ്ക്കു പോയി.

മീനാക്ഷി വിവാഹത്തിനു അനുകൂലയായിരുന്നില്ലേ? നിശ്ചയമായും അനുകൂലയാകുമായിരുന്നു. പിറ്റേദിവസം അവൾ മുടിയിൽ പുഷ്പംചൂടി തന്റെ അനുമതിയെ കാമുകനെ അറിയിക്കുമായിരുന്നു. എന്നാൽ ഒരാൾക്ക് ദൗർഭാഗ്യം ഏതെല്ലാം വിധത്തിൽ അനുഭവമാകാം! ആ ദൗർഭാഗ്യംതന്നെ മറ്റുള്ളവർക്കു ഭാഗ്യമായും കലാശിച്ചുകൂടെയോ? മീനാക്ഷിക്ക് അക്ഷരാഭ്യാസം സിദ്ധിച്ചിരുന്നില്ല; അവൾക്ക് ആ എഴുത്തു വായിക്കാൻ സാധിച്ചില്ല. മറ്റു വല്ലവരെക്കൊണ്ടും എഴുത്തുവായിപ്പിക്കാൻ അവൾ ഇഷ്ടപ്പെട്ടില്ല, ധൈര്യപ്പെട്ടില്ല. ആ വിധവ അപവാദത്തെ ഭയപ്പെട്ടു. എഴുത്തു ഭദ്രമായി ഒരു പെട്ടിയിൽ സൂക്ഷിച്ചുവെച്ചു. താൻ അന്നുമുതൽ എഴുത്തുപഠിക്കാൻ ആരംഭിക്കുകയും എഴുത്തുപഠിച്ചു താൻതന്നെ ആ കത്ത് വായിക്കുമെന്ന് തീർച്ചയാക്കുകയും ചെയ്തു.

ദിവസങ്ങൾ കഴിഞ്ഞു; മാസങ്ങൾ കഴിഞ്ഞു; അതിലിടയ്ക്കു സഹസ്രനാമയ്യർ മറ്റൊരു വിധവയെ വിവാഹം ചെയ്തു. ഒരുദിവസം മീനാക്ഷി കത്തെടുത്തു വായിച്ചു വിവരം അറിഞ്ഞു. അല്പനേരം സ്തംഭിച്ചിരുന്നു. പിന്നെ ധാരധാരയായി കണ്ണുനീർ ഒഴകി.

വൈധവ്യം അനുഭവിച്ച് ആശയ്ക്കുള്ള എല്ലാ വഴികളും മുട്ടി, ഒരേ നിശ്ചയത്തിൽ മനസ്സുറപ്പിച്ചു ചിത്തത്തിനു ദൃഢതസംഭവിച്ച ആ സാദ്ധ്വി, ഈ പശ്ചാത്താപാവസരത്തിൽ, തന്റെ സമുദായത്തേയും അതിലെ ആചാരങ്ങളെയും തന്നെപ്പോലെ നിത്യദുഃഖം അനുഭവിക്കുന്ന സഹോദരിമാരെയും ഓർത്തു. ബ്രാഹ്മണവിധവമാരിൽ, ഈവിധം പശ്ചാത്താപത്തിനു കാരണമാകുന്നവരുടെ സംഖ്യ തന്നാൽ കഴിയുംവിധം ചുരുക്കുവാൻ വേണ്ടതു ചെയ്യണമെന്ന് മീനാക്ഷി ഉറച്ചു. അവൾ ഉത്സാഹിച്ചു പഠിച്ചു; അച്ഛനെ നിർബന്ധിച്ച് ഒരുവിധത്തിൽ അദ്ദേഹത്തിന്റെ അനുമതിവാങ്ങി ഒരു വിദ്യാലയത്തിൽ ചേർന്നു. വഴിക്കു വഴിയായി സ്കൂൾഫൈനൽ, ഇന്റർമീഡിയറ്റ്, ബി. ഏ. എന്നീ പരീക്ഷകൾ ജയിച്ചു. ബ്രാഹ്മണരുടെയും അല്ലാത്തവരുടെയും ഇടയിൽ ചെന്നു വിധവമാരെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടതിന് ഒരു ശാല ഏർപ്പെടുത്തുവാൻ ധനം അഭ്യർത്ഥിച്ചു. ഉദ്ദേശശുദ്ധിയോടുകൂടിച്ചെയ്ത ആ അഭ്യർത്ഥന പ്രതീക്ഷിച്ചതിലും അധികം ഫലപ്രദമായി.

അതിലിടയ്ക്കു അവൾ ഒരു ധീരകൃത്യം ചെയ്തു. അങ്ങനെ ധനമഭ്യർത്ഥിച്ചു നടക്കുന്നതിനിടയിൽ, പെൻഷൻപറ്റി ഭാര്യാപുത്രരൊന്നിച്ചു സഹസ്രനാമയ്യർ പാർത്തിരുന്ന വീട്ടിൽ കയറിച്ചെന്നു. താൻ ആരാണെന്നും, ആ കത്തിന്റെ വിവരവും അതിനുശേഷമുള്ള കഥകളും തന്റെ ഉദ്ദേശവും യാതൊരു മടിയും ചഞ്ചലതയും ഇല്ലാതെ നല്ല ഇംഗ്ലീഷിൽ വാശ്ധാടിയോടുകൂടി അദ്ദേഹത്തെ അറിയിച്ചു. അത്ഭുതപരതന്ത്രനായ ആ മാന്യൻ യാതൊരു മറുപടിയും പറയാതെ അകത്തുപോയി ഒരു കടലാസ് എടുത്തുകൊണ്ടുവന്ന്, ആ വിദുഷിയുടെ കയ്യിൽ കൊടുത്ത്, “ഇതു വായിച്ചുഗ്രഹിക്കാൻ ഇപ്പോൾ അറിയാമല്ലോ” എന്നുമാത്രം പറഞ്ഞു. അതു് 15,000ക-യുടെ ഒരു ചെക്കായിരുന്നു.

മീനാക്ഷിയമ്മാൾ ഏർപ്പെടുത്തി അതിഭംഗിയിൽ നടത്തിവരുന്ന ശാലയുടെ പേരാണ് ‘അവീരാലയം’ എന്നതു്. അതിൽ ഇപ്പോൾ 237 വിധവമാർ പാർത്തു വിദ്യാഭ്യാസംചെയ്തുവരുന്നു.

മാതൃഭൂമി ആഴ്ചപ്പതിപ്പ്—1104 മേടം.

---

2. ഇതു് ഒരു യഥാർത്ഥസംഭവത്തെ അടിസ്ഥാനമാക്കി എഴുതിയതാകുന്നു. കഥാപാത്രങ്ങളുടേയും മറ്റും പേരുകൾ ഭേദപ്പെടുത്തുകയും സംഭവവിവരണത്തിനായി കഥാരചനയ്ക്ക് ആവശ്യപ്പെട്ട രീതി ഉപയോഗിക്കുകയും ചെയ്തിരിക്കുന്നു.

മൂർക്കോത്തു കുമാരൻ പത്രാധിപർ, പത്രലേഖകൻ, വിമർശകൻ, കവി, കഥാകൃത്ത്, ജീവചരിത്രപ്രണേതാവ്, വാഗ്മി എന്നിങ്ങനെ പല നിലകളിൽ അദ്ദേഹം സമാർജ്ജിച്ചിരുന്ന സ്ഥാനം ആരെയും ആശ്ചര്യപരതന്ത്രരാക്കുന്നതും ആർക്കും അസൂയാവഹവുമായിരുന്നു...അത്ര അനാഡംബരമായ ഭാഷയിൽ അത്ര അർത്ഥബഹുലങ്ങളായ ആശയങ്ങൾ അടക്കിഗദ്യമെഴുതുവാൻ പ്രാഗത്ഭ്യമുള്ള സാഹിത്യനായകന്മാർ കേരളത്തിൽ വേറെയുണ്ടോ എന്നു സംശയമാണ്.

(ഉള്ളൂർ)

മലയാളത്തിൽ ഒന്നാമത്തെ ചെറുകഥയെഴുതിയതു മി. കുമാരനല്ലേ എന്നുപോലും സംശയമുണ്ട്. ആ ചെറുകഥകളും മറ്റു പ്രബന്ധങ്ങളും ശേഖരിച്ച് പ്രത്യേകം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചാൽ അത്... ഒരു ഉത്തമ കൃത്യമയിരിക്കും.

(ഏ. ഡി. ഹരിശർമ്മ)

# മൂർക്കോത്തു കുമാരൻ



കേരളത്തിൽ നിന്നുള്ള ഒരു എഴുത്തുകാരനും സാമൂഹികപരിഷ്കർത്താവും ആണ് മൂർക്കോത്ത് കുമാരൻ (1874–1941). മലയാളത്തിലെ ആദ്യകാല ചെറുകഥാകൃത്തുകളിലൊരാളായ മൂർക്കോത്ത് കുമാരൻ ലളിതവും പ്രസന്നവുമായ ഗദ്യശൈലി മലയാളത്തിൽ അവതരിപ്പിച്ച എഴുത്തുകാരനായിരുന്നു. അധ്യാപകൻ, സാംസ്കാരിക നായകൻ എന്നീ നിലകളിലും അദ്ദേഹം പ്രസിദ്ധനായിരുന്നു.

മലബാർ പ്രദേശത്ത് ശ്രീനാരായണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിൽ അർപ്പണബോധത്തോടെ പ്രവർത്തിച്ചു.

## ജീവിതരേഖ

മൂർക്കോത്തു കുമാരൻ വടക്കേമലബാറിലെ പ്രസിദ്ധമായ മൂർക്കോത്തു കുടുംബത്തിൽ 1874 മെയ് 23-ന് ജനിച്ചു. പിതാവ്–മൂർക്കോത്ത് വലിയ രാമുണ്ണി, മാതാവ്–പരപ്പുറത്തു കുഞ്ചിരുത. കുമാരന്റെ ആറാമത്തെ വയസ്സിൽ അമ്മയും എട്ടാമത്തെ വയസ്സിൽ അച്ഛനും മരിച്ചു. അച്ഛന്റെ തറവാട്ടിലാണ് കുമാരൻ വളർന്നത്. തലശ്ശേരി, മദ്രാസ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. സ്വന്തമായി മിതവാദി എന്നൊരു മാസിക നടത്തി. ചെറുകഥാകാരൻ, നിരൂപകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. വിവിധ സ്കൂളുകളിലും കോളേജുകളിലും അദ്ധ്യാപകനായി ജോലി ചെയ്തു. 1941 ജൂൺ 25-ന് 67-ആം വയസ്സിൽ അദ്ദേഹം അന്തരിച്ചു.

എസ്. എൻ. ഡി. പി. യോഗത്തിന്റെ രണ്ടാമത്തെ ജനറൽ സെക്രട്ടറി ആയിരുന്നു, എന്നാൽ ജഡ്ജ് ആയി നിയമനം കിട്ടിയതിനാൽ അധികം കാലം ഈ സ്ഥാനത്ത് ഇദ്ദേഹത്തിന് തുടരുവാനായില്ല. ഗുരുദേവന്റെ പ്രതിമ, തലശ്ശേരി ജഗന്നാഥക്ഷേത്ര സന്നിധിയിൽ സ്ഥാപിക്കാൻ മുൻകൈയെടുത്തതും ആദ്യത്തെ ജീവചരിത്ര ഗ്രന്ഥം രചിച്ചതും ആയിരുന്നു. കേരളസഞ്ചാരി, ഗജകേസരി, മിതവാദി, സമുദായദീപിക, കേരളചിന്താമണി, സരസ്വതി, വിദ്യാലയം, ആത്മപോഷിണി, പ്രതിഭ, ധർമം, ദീപം, സത്യവാദി, കഠോരകുഠാരം എന്നീ പത്രങ്ങളുടെ പത്രാധിപരായിരുന്നു. കുമാരനാശാന്റെ വീണപൂവ് മിതവാദിയിൽ പ്രസിദ്ധീകരിച്ചത് മൂർക്കോത്ത് കുമാരൻ പത്രാധിപരായിരുന്നപ്പോഴാണ്. ഒ. ചന്തുമേനോൻ, കേസരി വേങ്ങയിൽ നായനാർ, ഗുണ്ടർട്ട് എന്നിവരുടെ ജീവചരിത്രം എഴുതിയിട്ടുണ്ട്.

യശോദയാണ് കുമാരന്റെ ഭാര്യ. മാധ്യമപ്രവർത്തകനായിരുന്ന മൂർക്കോത്ത് കുഞ്ഞപ്പ, നയതന്ത്രവിദഗ്ധനും ഭാരതീയ വായുസേനയിലെ പൈലറ്റുമായിരുന്ന മൂർക്കോത്ത് രാമുണ്ണി, മൂർക്കോത്ത് ശ്രീനിവാസൻ എന്നിവരാണ് മക്കൾ.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014